


കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത്
വികസന രേഖ



കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്




ഒൻപതാം പദ്ധതി ജനകീയ പദ്ധതി
അധികാരം ജനങ്ങളിലേയ്ക്ക്

വികസന റിപ്പോർട്ട്



''നിഷ്ക്രീയത്വം നിങ്ങളെ അലട്ടുമ്പോൾ... നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും ദരിദ്രനും ദുർബലനുമായ മനുഷ്യന്റെ മുഖം മനസ്സിൽ സൂക്ഷിച്ചു കൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്ന പദ്ധതി അയാളെ ഏതെങ്കിലും തരത്തിൽ സഹായിക്കുമോയെന്ന് സ്വയം ചോദിക്കുക. അത് നിമിത്തം അയാൾ എന്തെങ്കിലും നേടുമോ? സ്വന്തം ജീവിതത്തിന്റെയും വിധിയുടെയും മേലുള്ള നിയന്ത്രണം അയാൾക്ക് അതു തിരിച്ച് നൽകുമോ? നമ്മുടെ പദ്ധതികളും പരിപാടികളും അർത്ഥവത്താകാൻ ഈ പരിശോധനയ്ക്കു മാത്രമേ കഴിയൂ''

– ഗാന്ധിജി



കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭൂപടം

എഡിറ്റോറിയൽ


അഡ്വ. അക്കാമ്മ ജോസഫ്
ബേബി തൊണ്ടാംകുഴി
റ്റി.ആർ. ഗോവിന്ദൻകുട്ടിനായർ
സിബി. മാണി
ദേവസ്യാ ചാക്കോ
ത്രേസ്യാമ്മ സെബാസ്റ്റ്യൻ
പൊന്നച്ചൻ സെബാസ്റ്റ്യൻ
ഇ.ഡി. മുരളീദാസ്
ശ്യാമള ലക്ഷ്മണൻ
പ്രൊഫ. പി.ജെ. ജോസഫ്
പ്രൊഫ. ഫ്രാൻസിസ് ദേവസ്യ
വി.സി. വർക്കി
എം.എം. മാണി
ജയ്സൺ ചാക്കോ
മോഹൻ ഡി. വള്ളോപ്പള്ളി – (വി.ഇ.ഒ)

ടൈപ്പ് സെറ്റിംഗ്: കമ്പ്യൂട്ടർ ചേമ്പർ, കോട്ടയം – 1
പേജ് ലേ ഔട്ട്: റാണി ജോൺ, കമ്പ്യൂട്ടർ ചേമ്പർ, കോട്ടയം
കവർ ഡിസൈൻ: ശ്രീധർ, കുറവിലങ്ങാട്
പ്രിൻറിംഗ്: ലേണേഴ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോട്ടയം


കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി




അഡ്വ.അക്കാമ്മ ജോസഫ് (പ്രസിഡൻറ്)




ബേബി തൊണ്ടാംകുഴി
വൈസ് പ്രസിഡൻറ്




റ്റി.ആർ. ഗോവിന്ദൻകുട്ടിനായർ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ




ഇ.ഡി. മുരളിദാസ്
മെമ്പർ. വാർഡ് - 2



ത്രേസ്യാമ്മ സെബാസ്റ്റ്യൻ
മെമ്പർ. വാർഡ് - 4



സിബി മാണി
മെമ്പർ. വാർഡ് - 5



ദേവസ്യ ചാക്കോ
മെമ്പർ. വാർഡ് - 7




പൊന്നച്ചൻ സെബാസ്റ്റ്യൻ
മെമ്പർ. വാർഡ് - 8



ശ്യാമളാ ലക്ഷ്മണൻ
മെമ്പർ. വാർഡ് - 9


കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിനെ പ്രതിനിധീകരിയ്ക്കുന്ന ഇതര ജനപ്രതിനിധികൾ




ശ്രീ. രമേശ് ചെന്നിത്തല (ലോകസഭാ പ്രതിനിധി)



ശ്രീ. ജോണി പനങ്കുഴ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)



ശ്രീ. എം.സി. കുര്യാക്കോസ് (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്)



ശ്രീ. സണ്ണി തെക്കേടം (ജില്ലാ പഞ്ചായത്ത് മെമ്പർ)



അഡ്വ. മോൻസ് ജോസഫ് (നിയമസഭാ പ്രതിനിധി)



പ്രസിഡന്റിന്റെ പേജ്

ഒരു വാക്ക്

ഒൻപതാം പഞ്ചവത്സരപദ്ധതിയിലൂടെ അധികാരം ജനങ്ങളിലേയ്ക്ക് എന്ന ആശയം ഇതാ നമുക്കടുത്തെത്തി നിൽക്കുന്നു. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന ഗാന്ധിയൻ ദർശനത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ടു പ്രവർത്തികമാക്കുവാൻ നാം തുനിയുന്ന, നമ്മൾ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഇക്കഴിഞ്ഞ വിശേഷാൽ ഗ്രാമസഭകളിൽ ഞാനും നിങ്ങളും നിങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികളും ചേർന്ന് തയ്യാറാക്കിയിട്ടുള്ളവയാണ്. വളരെയേറെ പ്രതീക്ഷകളോടെ, ചാരിതാർത്ഥ്യബോധത്തോടെ ഈ നാടിന്റെ സമഗ്ര വികസനത്തിനുവേണ്ടി നമ്മൾ തിരഞ്ഞെടുത്ത ഈ പദ്ധതികളുടെ പൂർത്തീകരണം സായത്തമാക്കിയാൽ നമ്മൾ കൃതാർത്ഥരായി.

ഒരുപാടു കഷ്ടപ്പാടുകളുടെയും, അന്വേഷണങ്ങളുടെയും പരിണിതഫലമായി നമ്മുടെ നാടിന്റെ പിൻതലമുറയിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടവും അതുവഴി നമുക്കു കണ്ടെടുക്കുവാനായ കുറെ ചരിത്രസത്യങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ വികസനരേഖയിൽ നാമിന്നു കാണുന്ന ഗ്രാമ പഞ്ചായത്തിന് ഒരു രൂപവും ഭാവവും കൈവരുത്തുവാൻ ഒരു പിടി മഹാരഥന്മാരുടെ പ്രയത്നങ്ങളുടെയും തീവ്രയത്നങ്ങളുടെയും കഥ പറയുവാനുണ്ട് എന്നു നമുക്കു മനസ്സിലാക്കുവാനാകും.

കാൽ നൂറ്റാണ്ടു മുമ്പ് നാം കണ്ട കുറവിലങ്ങാട് എന്ന നിഷ്കളങ്കഗ്രാമത്തിന് ഒരു ചെറിയ പട്ടണത്തിന്റെ വർണ്ണപ്പകിട്ട് കൈവന്നു എങ്കിലും കുറവിലങ്ങാട് പഞ്ചായത്തിന് എല്ലാ തലത്തിലും സമ്പൂർണ്ണവികസനം എന്ന വിദൂരസ്വപ്നം ഒരു പരിധിവരെ യാഥാർത്ഥ്യമാക്കുവാനുള്ള യാത്രയിലാണ് നാം. അംബര ചുംബികളായ കെട്ടിടങ്ങൾ പണിതീർത്തതുകൊണ്ട് മാത്രം ഗ്രാമത്തിന്റെ വികസനം പൂർണ്ണമാവുന്നില്ല. എല്ലാ തുറകളിലും വികസനത്തിന്റെ കൈത്തിരി കത്തിക്കുവാനുള്ള പ്രയാണം ഒൻപതാം പഞ്ചവത്സരപദ്ധതിയിലൂടെ അർത്ഥപൂർണ്ണമാക്കി, നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുന്ന ആ സുന്ദരനാളുകളിലേയ്ക്കുള്ള സഞ്ചാരത്തിൽ വിജയം കൈവരിക്കുവാൻ നമുക്കു സാധിച്ചാൽ നാം ധന്യരായി. ഇന്നിന്റെ വിശപ്പിനെ അടക്കുവാൻ പാടുപെടുന്ന പട്ടിണിപ്പാവങ്ങളുടെയും, തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെയും ദൈന്യത കുറവിലങ്ങാടിന്റെ വേദനാജനകമായ ഒറ്റൊരു മുഖമാണ്. മണ്ണിനോടു പടവെട്ടി മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകർ നമ്മുടെ അഭിമാനമാണ്. വേദനകളുടെയും യാതനകളുടെയും, പരാതികളുടെയും ഇടയിൽ നിന്നുകൊണ്ട് സമത്വസുന്ദരമായ ഒരു നാടിനു വേണ്ടി നമുക്കു പൊരുതാം.

ഈ വികസന റിപ്പോർട്ടിന്റെ നിർമ്മാണ പ്രക്രിയയിൽ എന്നോടൊത്തു സഹകരിച്ച ജില്ലാതലപരിശീലകരായ എന്റെ സഹപ്രവർത്തകരായ പഞ്ചായത്തംഗങ്ങളെയും ഇവിടെ വിവിധ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും പ്രേമയുടെ ചെപ്പിലേക്ക് ഒരെത്തിനോട്ടത്തിന് എന്നെ സഹായിച്ച ഇവിടുത്തെ കാരണവന്മാരെയും നന്ദിപൂർവ്വം സ്മരിക്കട്ടെ.

ഒൻപതാം പഞ്ചവത്സരപദ്ധതിയിലൂടെ ജനകീയാസൂത്രണം പൂർണ്ണമായി നടപ്പിലാക്കുവാൻ യത്നിക്കുന്ന ഈ വേളയിൽ കുറവിലങ്ങാടിനെ കുറവില്ലാ – നാടാക്കാനുള്ള ഈ ഉദ്യമത്തിൽ നമുക്കൊരുമിച്ച് നീങ്ങാം.

നിങ്ങളുടെ വിശ്വസ്തവിധേയ

അഡ്വ. അക്കാമ്മ ജോസഫ്

(പ്രസിഡൻറ്)

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

കുറവിലങ്ങാട്

01.01.1997

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൺവീനർ -റ്റി. ആർ.ഗോവിന്ദൻ കുട്ടിനായർ,

I ആമുഖം

പ്രൊ.ഫ. പി. ജെ. ജോസഫ് പരിയാനി

II ചരിത്രം

അഡ്വ. അക്കാമ്മ ജോസഫ് ശ്രീ. പി.ഡി. പോൾ എം.എസ്. ജോസ്
പ്രാഫ.ജോർജ്ജ് ജോൺ നിധീരി റ്റി.ആർ. ഗോവിന്ദൻകുട്ടിനായർ റ്റി.എം. ജോർജ്
വി.കെ. മാത്യു പി.ഒ. വർക്കി

III ഭൂപ്രകൃതി പഠനം

ബേബി തണ്ടാംകുഴി സി.റ്റി. മാത്യു കെ.ജെ. സെബാറ്റ്യൻ സിബി മാണി
ഇ.ഡി. മുരളീദാസ് പൊന്നച്ചൻ സെബാസ്റ്റ്യൻ ദേവസ്യ ചാക്കോ ശിവദാസ് വിജയകുമാർ

1. **കൃഷി ജലസേചനം**
   എം.എം. മാണി മഞ്ഞപ്പള്ളിൽ ഒ.ഡി. കുര്യൻ ഓലിക്കൽ സിബി മാണി
2. **മൃഗസംരക്ഷണം**
   ത്രേസ്യാമ്മ സെബാസ്റ്റ്യൻ കണ്ണന്തറ. കെ.സി. രമേശൻ വി.സി. ജോർജ്
3. **വിദ്യാഭ്യാസം**
   പ്രൊഫ. പി.ജെ. ജോസഫ് എമ്മാനുവൽ മുട്ടപ്പള്ളിൽ
4. **കുടിവെള്ളം പൊതുജനാരോഗ്യം**
   സിബി മാണി സുഗുണൻ
5. **വ്യവസായം**
   പൊന്നച്ചൻ സെബാസ്റ്റ്യൻ പി.ഒ. വർക്കി
6. **ഗതാഗതം**
   ബേബി തണ്ടാംകുഴി ജയ്സൺ ചാക്കോ
7. **ഭവന നിർമാണം സാമൂഹികക്ഷേമം**
   റ്റി. ആർ ഗോവിന്ദൻ കുട്ടിനായർ ശിവദാസ് മോഹൻ ഡി വള്ളോപ്പള്ളി
8. **സംസ്ക്കാരം**
   പ്രൊഫ. ഫ്രാൻസിസ് ദേവസ്യ രവികുമാർ
9. **വനിതാ ക്ഷേമം**
   ശ്യാമള ലക്ഷ്മണൻ ജൂലിയറ്റ് ജോസഫ്
10. **സഹകരണം**
    വി.സി. വർക്കി, സദാനന്ദ ശങ്കർ പി.സി. കുര്യൻ
11. **പട്ടികജാതി പട്ടികവർഗ്ഗം**
    ഇ.ഡി. മുരളീദാസ്, എം. ഇ. ശിവൻ
12. **വിഭവ സമാഹരണം**
    ദേവസ്യ ചാക്കോ ഉലഹന്നൻ മങ്ങാട്

ജില്ലാതല പരിശീലകർ

1. പ്രൊഫ. പി.ജെ. ജോസഫ് പരിയാനി
2. പ്രൊഫ. ഫ്രാൻസിസ് ദേവസ്യ പറമുണ്ട
3. എം.എം. മാണി മഞ്ഞപ്പള്ളിൽ
4. വി.സി. വർക്കി വടക്കേടത്ത്
5. ജയ്സൺ ചാക്കോ കല്ലുവെട്ടാംകുഴി

താളുകൾ മറിക്കുമ്പോൾ

ആമുഖം 15


സാമൂഹിക സാംസ്ക്കാരിക ചരിത്രം 22

ഭൂപ്രകൃതി 27

സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും 31
മൃഗസംരക്ഷണവും 47
വിദ്യാഭ്യാസം 57
കുടിവെള്ളം പൊതുജനാരോഗ്യം 62
വ്യവസായം 74
ഗതാഗതം, ഊർജ്ജം മാർക്കറ്റ് 79
പാർപ്പിടവും സാമൂഹ്യ ക്ഷേമവും 94
സാസ്ക്കാരിക രംഗം 100
വനിതാ ക്ഷേമം 106
സഹകരണ രംഗം 111
പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം 114
വിഭവ സമാഹരണം 118

മുൻ പ്രസിഡൻറുമാർ




വി.യു. ഉതുപ്പ് വെള്ളായിപ്പറമ്പിൽ (പ്രഥമ പ്രസിഡൻറ്)



കെ.ജെ. പൈലി
കൊന്നക്കൽ



വി.കെ. കുര്യൻ
വെള്ളായിപ്പറമ്പിൽ



റ്റി.ഡി. ദേവസ്യ
താഴത്തേൽ



പി.ഡി.പോൾ
പാറേക്കുന്നേൽ



വി.കെ. മാത്യു
വെള്ളായിപ്പറമ്പിൽ



ജോണി
പനങ്കുഴ

ആദരാഞ്ജലി

അന്തരിച്ച ശ്രീ. വി.യു ഉതുപ്പ്, ശ്രീ. കെ.ജെ. പൈലി,
ശ്രീ.വി.കെ.കുര്യൻ, ശ്രീ.റ്റി.ഡി. ദേവസ്യ
എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

1 ആമുഖം

ഭാരതമൊരു കാർഷിക രാജ്യമാണ്. കർഷകരിൽ ഏറിയ പങ്കും ഗ്രാമങ്ങളിൽ താമസ്സിക്കുന്നവരാണ്ഗ്രാമങ്ങളുടെ വികസനമാണ് രാഷ്ട്രത്തിന്റെ വികസനമെന്ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിശ്വസിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമസ്വരാജ് എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചത്. എന്നാൽ നിർഭാഗ്യം എന്നു പറയട്ടെ സ്വാതന്ത്യം ലഭിച്ച് അര നൂറ്റാണ്ടു പിന്നിട്ടിട്ടും ഈ ആശയം പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഭാരതം ഗ്രാമങ്ങളിലൂടെ ജീവിക്കുന്നു എന്ന ഗാന്ധിയൻ ദർശനം സാഷാത്ക്കരിക്കുന്നതിനു വേണ്ടിയുള്ള ആദ്യ ചുവടു വയ്പാണ് 94-ലെ 73ഉം74ഉം ഭരണ ഘടനാ ഭേദഗതികൾ. ഈ ഭേദഗതികളിലൂടെ ഇന്ത്യയിൽ പഞ്ചായത്ത് രാജ് സംവിധാനത്തിന് ഭരണ ഘടനാപരമായ സംരക്ഷണം ലഭിക്കുകയും പഞ്ചായത്തു രാജ് സംവിധാനം ശക്തിപ്പെടുകയും ചെയ്തു. ഇന്ത്യൻ ജനസംഖ്യയുടെ 70% വരുന്ന കർഷകർ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ സമഗ്രമായ വികസനം സാദ്ധ്യമാകൂ എന്നുള്ളത് നമുക്ക് വൈകിയാണെങ്കിലും ബോധ്യപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴി തുറക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തെപ്പറ്റി നാം ചിന്തിച്ചു തുടങ്ങിയത് . ഒരു പുത്തൻ സംരഭമെന്നോണം കേരളസർക്കാരും ആസൂത്രണബോർഡും ചേർന്നാണ് ഈ പ്രസ്ഥാനത്തിന് രൂം കൊടുത്തത്.

ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴേതട്ടിൽ നിന്നു ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടി എല്ലാ വിഭാഗം ജനങ്ങളും സഹർഷം സ്വാഗതം ചെയ്തു വരുന്നു.

അധികാര വികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തീകമാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി അഞ്ചു ഘട്ടങ്ങളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തുടനീളം ഗ്രാമസഭകളും കൺവെൻഷനുകളും വിളിച്ച് ചേർത്ത് അവയെ ആധാരമാക്കി വികസന സെമിനാറുകൾ സംഘടിപ്പിച്ച് ചർച്ച ചെയ്ത് വിഷയാടിസ്ഥാനത്തിൽ രൂപം നല്കിയിട്ടുള്ള വികസന പരിപാടികളെ സ്കീമുകളാക്കി മാറ്റുന്ന പ്രക്രീയയും ആരംഭിച്ചു കഴിഞ്ഞു. ഓരോ പ്രദേശത്തും ഇന്നു. നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനം അവലോകനം ചെയ്തു പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്നുമുള്ള കർമ്മ സമിതിക്കു നാം രൂപം കൊടുത്തു കഴിഞ്ഞു.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഒൻപതു വാർഡുകളിലെ ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയും ജനങ്ങൾ അവരുടെ പ്രശ്നങ്ങളും പരാതികളും ഉന്നയിക്കുകയും അതോടൊപ്പം ചില പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രശ്നങ്ങളൊക്കെ പൂർണ്ണമായി പരിഹരിക്കാനാവുമോയെന്ന് ഉറപ്പു പറയുവാൻ സാധിക്കുകയില്ല. ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും മുൻഗണനാക്രമത്തിൽ പരിഹരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തു പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	–	കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	–	കുറവിലങ്ങാട്
ബ്ലോക്ക് പഞ്ചായത്ത്	–	ഉഴവൂർ
അസംബ്ളി മണ്ഡലം	–	കടുത്തുരുത്തി
താലൂക്ക്	–	മീനച്ചിൽ
അതിരുകൾ	–	വടക്ക്-ഞീഴൂർ, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തുകൾ കിഴക്ക്-മരങ്ങാട്ടുപള്ളി, കടപ്ളാമറ്റം പഞ്ചായത്തുകൾ.തെക്ക്-കാണക്കാരി ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ്-മാഞ്ഞൂർ, കടുത്തുരുത്തി ഗ്രാമപഞ്ചായത്തുകൾ
വിസ്തീർണ്ണം	–	17.57ച.കി.മി
ജനസംഖ്യ		17355(1991-സെൻസസ് പ്രകാരം)
സ്ത്രീകൾ	–	8755
പുരുഷന്മാർ	–	8600
ജനസാന്ദ്രത		988
വാർഡുകൾ	–	9

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

വാർഡ്	സ്ത്രീകൾ	പുരുഷന്മാർ	ആകെ
I	58	329	387
II	72	224	296
III	54	272	326
IV	51	242	293
V	120	260	380
VI	90	120	210
VII	60	280	340
VIII	78	298	376
IX	84	180	264

നിലവിലുള്ള റിസർവേഷൻ വാർഡുകൾ

പട്ടികജാതി സംവരണം	–	II-ാം വാർഡ്
വനിതാ സംഭരണം	-	IV -ാം വാർഡ്
	-	VI -ാം വാർഡ്
	-	IX-ാം വാർഡ്

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

1. അഡ്വ.അക്കാമ്മ ജോസഫ്(പ്രസിഡണ്ട്)
2. ശ്രി.ബേബി തൊണ്ടാംകുഴി(വൈ.പ്രസിഡണ്ട്)
3. ശ്രി. റ്റി.ആർ. ഗോവിന്ദൻകുട്ടിനായർ (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
4. ശ്രി.സിബി മാണി
5. ശ്രീമതി.ത്രേസ്യാമ്മ സെബാസ്റ്റ്യൻ
6. ശ്രി.ദേവസ്യ ചാക്കോ
7. ശ്രി.ഇ.ഡി.മുരളി ദാസ്
8. ശ്രി. പൊന്നച്ചൻ സെബാസ്റ്റ്യൻ
9. ശ്രീമതി. ശ്യാമളാ ലക്ഷ്മണൻ
11. പി.ജെ. ആൻറണി (പഞ്ചാ.സെക്രട്ടറി)

ഭരണപരമായ ചരിത്രം

1953 ജൂലൈ 31ന് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അധികാരം ഏറ്റെടുത്തു. ആദ്യത്തെ പ്രസിഡണ്ട് ശ്രി.വി.യു. ഉതുപ്പ് വെള്ളായിപറമ്പിലാണ്. അന്നത്തെ പഞ്ചായത്താഫീസ് പ്രവർത്തനം ആരംഭിച്ചത് ശ്രി. വി.യു. ഉതുപ്പു വക എം.സി. റോഡു സൈഡിലുള്ള കെട്ടിടത്തിലായിരുനടന്നു. അന്നു പഞ്ചായത്തിൽ ഏഴു വാർഡുകളായിരുന്നു. ഇപ്പോൾ കാണക്കാരി പഞ്ചായത്തിൻെറ അധീനതയിലുള്ള കുളത്തൂർ കരയുടെ കുറെ ഭാഗം അന്ന് ഈ പഞ്ചായത്തിൻെറ അധീനതയിലായിരുന്നു. അതു പോലെ തന്നെ നമ്മുടെ പഞ്ചായത്തിൻെറ അധീനതയിലുള്ള കാളികാവ് കരയുടെ കുറെ ഭാഗം ഇലയ്ക്കാട് പഞ്ചായത്തിൻെറ അധീനതയിലായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്തു സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ശ്രി. പി.കെ. രാഘവൻ പുളിനില്ക്കും തടത്തിൽ
2. ശ്രി. വർക്കി മത്തായി നസുശേരിൽ
3. ശ്രി. വി.യു. ഉതുപ്പ് വെള്ളായിപറമ്പിൽ
4. ശ്രി. കുര്യൻ ദേവസ്യ ആറാക്കൽ
5. ശ്രി. വി.ജെ. ആൻഡ്രൂസ് പാട്ടാശേരിൽ
6. കെ.ജെ. പൈലി കൊന്നക്കൽ
7. ഉലഹന്നാൻ മണലോടി

ശ്രി ഉലഹന്നാൻ മണലോടി കുറവിലങ്ങാട്ടു നിന്നും സ്ഥലം വിറ്റ് മലബാറിനു പോയപ്പോൾ പഞ്ചായത്തു മെമ്പർ സ്ഥാനം രാജിവയ്ക്കുകയും, പിന്നീട് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രി. റ്റി.റ്റി. കുര്യൻ തെക്കും വേലി ൽ പഞ്ചായത്തു മെമ്പറാവുകയും ചെയ്തു.

എം.സി.റോഡുസൈഡിൽ കേളേജു ജംഗ്ഷനിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പഞ്ചായത്താഫീസ് പിന്നീട് ഹോസ്പിറ്റൽ ജംഗ്ഷനിൽ വെള്ളായിപ്പറമ്പിൽ ദിവ്യശ്രി. മാണി ജോസഫ് കത്തനാർ സൗജന്യമായി തന്ന സ്ഥലത്ത് കെട്ടിടം പണിത് 1972-വരെ പ്രവർത്തനം നടത്തുകയും പിന്നീട് കുറവിലങ്ങാട് വടക്കേക വലയിൽ പണി തീർത്ത ബഹുനില കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റകയും ചെയ്തു.

പഞ്ചായത്തിൻെറ പ്രഥമ യോഗ തീരുമാനം

കുറവിലങ്ങാട് പഞ്ചായത്ത് മെമ്പർമാരുടെ ഒരു യോഗം 1953 ആഗസ്റ്റ് മാസം 7ന് പകൽ മൂന്നുമണിക്ക് പഞ്ചായത്താഫീസിൽ വച്ച് സ്ഥിരം പ്രസിഡണ്ടിൻെറ അധ്യഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

ശ്രി.വി.യു.ഉതുപ്പ്,ഉലഹന്നാൻ വി.മണലോടി, കെ.ജെ. പൈലി, വർക്കി മത്തായി നമ്പൂശേരി, പി..ആൻഡ്രൂസ്.

പഞ്ചായത്ത് ഉത്ഘാടനവും പഞ്ചായത്ത് രാജ് വാരം ആഘോഷിക്കുന്നതിനെയും സംബന്ധിച്ചായിരുന്നു. ചർച്ചകൾ നടന്നത്.

പഞ്ചായത്ത് ഉത്ഘാടനം വിപുലമായ തോതിൽ നടത്തേണ്ടതാണെന്നും അതിന് പൊതുജന സഹകരണം ആവശ്യമാകയാൽ ഉടൻതന്നെ പഞ്ചായത്തതിർത്തിയിൽപ്പെട്ട പൊതുജനങ്ങളുടെ ഒരു യോഗം 10തീയതിക്ക് കൂടത്തക്കവണ്ണം നോട്ടീസ് കൊടുക്കുന്നതിന് തീരുമാനിച്ചു.

പഞ്ചായത്ത് ആഫീസിന്റെ ആവശ്യതതിലേക്ക് ലില്ലി സ്റ്റോഴ്സ് കെട്ടിടത്തിന്റെ മുകളിലത്തെ നില ഒരു കൊല്ലത്തേക്ക് വാടകകൂടാതെ കൊടുത്തിരിക്കുന്നതായി പ്രസിഡണ്ട് പ്രസ്താവിച്ചു. ഇന്നുമുതൽ ഓഫീസായി പ്രസ്തുത കെട്ടിടം ഉപയോഗിക്കേണ്ടതാണെന്ന് നിശ്ചയിച്ചു. യോഗം ഏകദേശം അഞ്ചു മണിയോടുകൂടി പര്യവസാനിച്ചു.

പഞ്ചായത്തു പ്രസിഡണ്ടുമാർ

പേര്	ഭരണകാലം
ശ്രീ.വി.യു. ഉതുപ്പ് വെള്ളായിപറമ്പിൽ	1953
ശ്രി.കെ.ജെ.പൈലി കൊന്നക്കൽ	
ശ്രി.വി.കെ.കുര്യൻ	1963 - 1979
ശ്രി.റ്റി.ഡി.ദേവസ്യ താഴത്തേൽ	1979 - 1984
അഡ്മിനിട്രേറ്റീവ് ഭരണം.	1984 - 1987
ശ്രി.പി.ഡി. പോൾ പാറക്കുന്നേൽ	1988 - 1993
ശ്രി.വി.കെ.മാത്യു വെള്ളായിപ്പറമ്പിൽ	1991 - 1993
ശ്രി.പി. ഡി.പോൾ പാറക്കുന്നേൽ	1993 - 1994
ശ്രി. ജോണി പനങ്കുഴ	1994 - 1995
അഡ്വ. അക്കാമ്മ ജോസഫ്.	1995

പഴയകാല ഭരണ സമിതികളുടെ പേര് വിവരം

1953 ഭരണസമിതി

ശ്രി. വി.യു. ഉതുപ്പ് വെള്ളായിപറമ്പിൽ പ്രസിഡൻറ്

ശ്രി.കെ,ജെ. പൈലി കൊന്നക്കൽ വൈസ് പ്രസിഡന്റെ്

ശ്രി. കുര്യൻ ദേവസ്യ ആറാക്കൽ

ശ്രി. വി.ആർ. ആൻഡ്രൂസ്

ശ്രി.ഉലഹന്നാൻ മണലോടി

ശ്രി. പികെ. രാഘവൻ പുളിനിൽക്കും തടത്തിൽ

ശ്രി. വർക്കി മത്തായി നമ്പൂശേരി

ശ്രീ. ഉലഹന്നാൻ മണലോടിക്കുശേഷം T.T.കുര്യൻ തെക്കും വേലി പഞ്ചായത്തുമെമ്പർ ആകുകയും ഇടക്കാലത്തു കുറച്ചുനാൾ ശ്രി. കെ. പൈലി കൊന്നക്കൽ പഞ്ചായത്തു പ്രസിഡൻറാവുകയും ചെയ്തു.

20-12-1963 മുതലുള്ള ഭരണസമിതി

ശ്രീ. വി. കെ. കുര്യൻ വെള്ളായപ്പറമ്പിൽ
പ്രസിഡൻറ്.

ശ്രീ. സി.സി. ചുമ്മാർ ചിറ്റാക്കാട്ട്
വൈസ് പ്രസിഡൻറ്

ശ്രീ. എം.എം. മത്തായി

ശ്രീ. റ്റി. എൻ. നാരായണൻ നായർ

ശ്രീ. എ.എ. തോമസ്

ശ്രീ. ജെ. മാത്യു ചോലങ്ങാട്ടുശ്ശേരിൽ

ശ്രീമതി. പി. എൻ. ശാരദ വടക്കേപറച്ചാലിൽ നോമിനേറ്റഡ് വനിത അംഗമായി തെരഞ്ഞെടുത്തു. ശ്രീ. റ്റി. എൻ. നാരായണൻ നായർ മരണമടഞ്ഞതിനെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ മത്തായി ആനശ്ശേരിയെ പഞ്ചായത്ത് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.

1979 ലെ ഭരണസമിതി

ശ്രീ. റ്റി. ഡി. ദേവസ്യാ താഴത്തേൽ
പ്രസിഡൻറ്

" ജോസ് റ്റി.ഡി.നെടുപുഴത്തോട്ടം
വൈസ്പ്രസിഡൻറ്

" കുര്യൻ ഐസക് പാറ്റാനി

" വി.എൻ. വാസുദേവൻ നമ്പൂതിരി

" V.D. ജോസഫ് വട്ടംകുഴി

" C.C. ജോസഫ് ചിറ്റക്കാട്ട്

" C.T. മാത്യു ചിറത്തടം

ശ്രീമതി ജൂലിയറ്റ് ജോസഫ്

ശ്രീ. അയ്യപ്പൻ ചോഴൻ

1988 ലെ ഭരണസമിതി

ശ്രീ. പി.ഡി പോൾ പാറേക്കുന്നേൽ - പ്രസിഡൻറ്

" എൻ. ഒ. തോമസ് നിരപ്പിൽ (വൈസ്പ്രസിഡൻറ്)

" V.K. മാത്യു വെള്ളായിപറമ്പിൽ

ശ്രീമതി.എം. എസ്സ് സുശീലാമണി

ശ്രീ എം.എം. മത്തായി

" ജോണി പനങ്കുഴി

" ജോയി പൂവക്കോട്ട്

ശ്രീമതി ചിന്നമ്മ ജോർജ്

ശ്രീ. ഇ.ഡി. മുരളീദാസ്

1991-ൽ ശ്രീ P.D. പോൾ പ്രസിഡൻറ് സ്ഥാനം രാജിവയ്ക്കുകയും ശ്രീ V.K. മാത്യു വെള്ളായിപറമ്പിൽ 91-93 കാലയളവിൽ പ്രസിഡൻറാവുകയും ശ്രീ ജോയി പൂവക്കോട് വൈസ് പ്രസിഡൻറാവുകയും ചെയ്തു. 1994-95 കാലയളവിൽ ശ്രീ ജോണി പനങ്കുഴ പഞ്ചായത്ത് പ്രസിഡൻറായി.

കുറവിലങ്ങാട് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

ഭരണസംബന്ധമായ ഓഫീസുകൾ

1. ഗ്രാമപഞ്ചായത്താഫീസ്, കുറവിലങ്ങാട്
2. ബ്ലോക്ക് പഞ്ചായത്താഫീസ്
3. ബ്ലോക്ക് ഓഫീസ് ഉഴവൂർ, കോഴാ
4. വില്ലേജ് ആഫീസ്
5. റവന്യൂ ഇൻസ്പെക്ടർ ഓഫീസ്
6. A.E.O. ഓഫീസ്
7. സബ് രജിസ്ട്രി ഓഫീസ്
8. പോലീസ് സ്റ്റേഷൻ
9. എക്സൈസ് ഓഫീസ്

10. റീ സർവ്വേ ഓഫീസ്
11. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് തോട്ടുവാ, കുറവിലങ്ങാട്
12. P.W.D. റോഡ്സ് സെക്ഷൻ, ലോക്കൽ വർക്ക്സ് സെക്ഷൻ
13. M.V.I.P. ഓഫീസ്
14. ടെലിഫോൺ എക്സ്ചേഞ്ച്
15. ഇലക്ട്രിക്കൽ മേജർ സെക്ഷൻ
16. ടെലികോം സെൻറർ

അഗ്രിക്കൾച്ചറൽ ഓഫീസുകൾ

1. സ്റ്റേറ്റ് സീഡ് ഫാം. കോഴാ
2. ഡി. അഗ്രിക്കൾച്ചറൽ ഫാം കോഴാ
3. റീജിണൽ അഗ്രിക്കൾച്ചറൽ ട്രെയിനിംഗ് സെൻറർ കോഴാ
4. കൃഷി അസി. ഡയറക്ടർ ഓഫീസ് കോഴാ
5. കൃഷി ഭവൻ കോഴാ
6. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ്

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1. ദേവമാതാ കോളേജ് കുറവിലങ്ങാട്
2. സെൻറ് മേരീസ് ബോയ്സ് ഹൈസ്കൂൾ കുറവിലങ്ങാട്
3. സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ കുറവിലങ്ങാട്
4. ഡി. പോൾ ഇംഗ്ലീഷ് മിഡിയം ഹൈസ്ക്കൂൾ നസ്രത്തുഹിൽ
5. ഗവ: യു. പി സ്കൂൾ, കളത്തൂർ
6. സെൻറ് മേരീസ് ബോയ്സ് L.P.S. കുറവിലങ്ങാട്
7. സെൻറ് മേരീസ് ഗേൾസ് L.P.S. കുറവിലങ്ങാട്
8. ഹോളിക്രോസ് L.P.S. കളത്തൂർ
9. S.N. I.T.C. കാളികാവ്
10. കോ ഓപ്പറെറ്റീവ് കോളേജ്, കുറവിലങ്ങാട്

മറ്റ് സ്ഥാപനങ്ങൾ

1. നളന്ദാ ഇംഗ്ലീഷ് മിഡിയം സ്കൂൾ
2. സെൻറ് മേരീസ് സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി.
3. ഭാരതമാതാ സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി
4. വിമല സ്കൂൾ ഓഫ് നേഴ്സിംഗ്
5. ദേവമാതാ സ്കൂൾ ഓഫ് നേഴ്സിംഗ്
6. മേരി മാതാ കോളേജ്
7. സെൻറ് മേരീസ് കോളേജ്
8. ക്യൂൻ മേരീസ് കോളേജ് (B.S.S. subcentre)
9. നിർമ്മല കോളേജ്
10. ഉദയാ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
11. ദീപ്തി ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
12. പയനീർ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
13. J.B.. കമ്പ്യൂട്ടർ സെൻറർ
14. 4C കമ്പ്യൂട്ടർ സെൻറർ

ആശുപത്രികൾ

1. ഗവ: ഹോസ്പിറ്റൽ, കുറവിലങ്ങാട്
2. ഗവ: ആയുർവ്വേദ ഡിസ്പെൻസറി, കുറവിലങ്ങാട്
3. ഗവ; മൃഗാശുപത്രി, കോഴാ
4. സെൻറ് വിൻസൻറ് ഹോസ്പിറ്റൽ
5. ശുശ്രൂഷ ഹോസ്പിറ്റൽ
6. ഐ.സി.ഡി.പി. സബ്സെൻറർ തോടുവാ
7. ഫാമിലി വെൽഫയർ സെൻറർ, കാളികാവ് നസ്റത്തുഹിൽ

ഇവ കൂടാതെ പ്രൈവറ്റ് ഹോമിയോ ക്ലീനിക്കുകളും പ്രൈവറ്റ് ഡൻറൽ ക്ലീനിക്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കോ ഓപ്പറേറ്റീവ് സഹകരണസംഘങ്ങൾ

1. കുറവിലങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്.

   ഹെഡ്ഓഫീസ്, കുറവിലങ്ങാട്

   ബ്രാഞ്ചുകൾ : കുറവിലങ്ങാട്. കുര്യം, നസ്രത്തുഹിൽ

2. ഡി. കോഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച്
3. അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച്
4. കാണക്കാരി കോ ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച്
5. ദേവമാതാ കോളേജ് എംപ്ലോയീസ് കോഓപ്പ റേറ്റീവ് സൊസൈറ്റി.
6. കുറവിലങ്ങാട് ക്ഷീരോൽപാദക സഹകരണസംഘം.
7. കുര്യം ക്ഷീരോൽപാദക സഹകരണസംഘം
8. തോട്ടുവാ ക്ഷീരോൽപാദക സഹകരണ സംഘം
9. ഗാന്ധിഗ്രാം അഗ്രോ ബെയ്ഡ്സ് ഇൻഡ സ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി.
10. ഖാദി ആൻഡ് വില്ലേജ് കോ ഓപ്പറേറ്റീവ് സൊസൈറ്റി.

ബാങ്കുകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. സിൻഡിക്കേറ്റ് ബാങ്ക്
3. ഫെഡറൽ ബാങ്ക്

2 സാമൂഹിക സാംസ്കാരിക ചരിത്രം

കേരളത്തിലെ പല സ്ഥലങ്ങൾക്കും ഉള്ള വലിയ ഒരു പോരായ്മയാണല്ലോ എഴുതപ്പെട്ട ചരിത്രത്തിന്റെ അഭാവം. ഈ പോരായ്മ കുറവിലങ്ങാടിന്റെ കാര്യത്തിലും ഉണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ മുമ്പുള്ള ചരിത്രം ചുരുക്കം ചില കാര്യങ്ങളെ ഒഴിച്ചാൽ ഐതീഹങ്ങളെ മാത്രം ആസ്പദമാക്കിയുള്ളതാണ്. കുറവിലങ്ങാട് ഗ്രാമത്തിൽ അടുത്ത കാലം വരെ നിലനിന്നിരുന്ന ചില ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ, പല ഐതീഹങ്ങളിലും ചെറിയൊരു അംശമെങ്കിലും ചരിത്രം ഒളിഞ്ഞിരിക്കുന്നതായി കാണാം.

സ്ഥലനാമം

'കുറവിലങ്ങാട്' എന്ന സ്ഥലനാമത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ ഏകാഭിപ്രായമല്ല ഉള്ളത്. കൊറവേലന്മാരുടെ കാട് 'കൊറവേലനാടായി' എന്നും അത് പിന്നീട് കുറവിലങ്ങാട്' എന്നായി എന്നതാണ് ഒരഭിപ്രായം. ഈ അഭിപ്രായത്തിന് ഉപോൽബലകമായി ഏറ്റവും ആദ്യമുണ്ടായ അഞ്ചൽ മുദ്രയിൽ 'കൊറവിലങ്ങാട്' എന്നു ചേർത്തിരിക്കുന്നത് ചൂണ്ടി കാണിക്കപ്പെടുന്നു. കുറവിലനാട്' കുറവിലങ്ങാടായി എന്ന മറ്റൊരഭിപ്രായവുമുണ്ട്. ഏലക്കാടായിരുന്ന ഇലക്കാടിന് പടിഞ്ഞാറുണ്ടായിരുന്ന 'കുറവ് ഏലക്കാട്' ആണ് കുറവിലങ്ങാട് ആയതെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. എന്നാൽ നമ്മുടെ സ്ഥലനാമങ്ങളെപറ്റിയും, നമ്മുടെ ഭാഷക്ക് തമിഴുമായുള്ള ബന്ധത്തെപറ്റിയും ഗവേഷണം നടത്തുന്ന ഭാഷാപണ്ഡിതന്മാരുടെ അഭിപ്രായം മറ്റൊന്നാണ്. ഉയർന്ന പ്രദേശം എന്നർത്ഥം വരുന്ന തമിഴ് വാക്ക് 'എല്ലക്കോട്' ആണ്. ഇലക്കാട് ആയതെന്നും, ഇലക്കക്കാടിനെക്കാൾ കുറച്ചു താഴ്ന്ന പ്രദേശമായ കുറവ് എല്ലക്കോട്' എന്നതാണ് കുറവിലങ്ങാട് ആയി രൂപാന്തരപ്പെട്ടതെന്നും അവർ അഭിപ്രായപ്പെടുന്നു.

കുറവിലങ്ങാട്ട് ജനസംഖ്യയിൽ ബഹുഭൂരിപക്ഷമുള്ള ക്രൈസ്തവ സമൂഹത്തിന് ഈ നാടിന്റെ ചിത്രത്തിൽ അദ്വീയ സ്ഥാനമാണുള്ളത്. മാർത്തോമാ ശ്ലീഹായിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച പാലയൂർ ഗ്രാമീണരായ കള്ളി, കാളികാവ്, പകലോമറ്റം, ശങ്കരപുരി, എന്നീ ബ്രാഹ്മണ കുടുംബക്കാർ എ.ഡി. ആദ്യ ശതകത്തിൽ കുറവിലങ്ങാട് എത്തിചേർന്നുവെന്നും അന്ന് ഏറ്റുമാനൂർ ദേവസ്വം വകയായിരുന്ന ഈ സ്ഥലത്ത്, വീടുവച്ച് താമസിക്കുന്നതിനും കൃഷിചെയ്യുന്നതിനും ദേവസ്വത്തിൽ നിന്നും സ്ഥലം അനുവദിച്ചു കൊടിത്തിരുന്നു വെന്നും ഐതീഹമുണ്ട്. ഈ കുടുംബക്കാർ മുൻകൈയ്യെടുത്ത് എ.ഡി. 105-ൽ ഒരു ആരാധനാലയം സ്ഥാപിച്ചു എന്ന് കാത്തലിക് ഡയറക്ടറി ഓഫ് കേരളാ' എന്ന ഗ്രന്ഥത്തിൽ പറയുന്നു. ഇന്ന് പള്ളിയിരിക്കുന്ന സ്ഥാനത്ത് പള്ളിയുണ്ടാക്കിയത് എ.ഡി. 335-ൽ അതിന്റെ വെഞ്ചരിപ്പു കർമ്മം നടത്തിയത് എ.ഡി. 345-ൽ എഡേമ്പായിലെ മെത്രാനായിരുന്ന മാർ യൗസേപ്പാണെന്നും പള്ളി റിക്കാർഡുളിൽ കാണുന്നു. 'ജാതിക്ക് കർത്തവ്യന്മാരായ

ആർക്കദിയോക്കന്മാരുടെ ആസ്ഥാനം കുറവിലങ്ങാട് ആയിരുന്നു എന്നുള്ളതും പ്രഗത്ഭന്മാരായ ഗീവർഗീസ് ആർക്കദിയോക്കനും, തോമാ ആർക്കിദിയോക്കനും പറമ്പിൽ ചാണ്ടി മെത്രാനും കുറവിലങ്ങാട് പകലോമറ്റം കുടുംബക്കാരായിരുന്നു എന്നുള്ളതും പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ഏറ്റുമാനൂർ ദേവസ്വത്തിന്റെയും ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ബ്രഹ്മസ്വങ്ങളുടെയും ഇടപ്രഭുക്കന്മാരുടെയും നിർദ്ദോഷമായ സഹായ സഹകരണത്തോടെ കർഷക വർത്തക മേഖലകളിൽ നസ്രാണികൾക്ക് വളരെ പുരോഗതിയുണ്ടായി. നസ്രാണികളുടെ വിശ്വസ്തതയും കൂറും കണക്കിലെടുത്ത് നാട്ടുരാജക്കന്മാരും ഇടപ്രഭുക്കന്മാരും അവർക്ക് കരമൊഴിവായി ഭൂമിയും, കുത്തകയായി തൊഴിൽ മേഖലകളും അംഗീകാരമെന്നോണം പദവികളും നല്കിയിരുന്നു.

സമുദായ സൗഹാർദ്ധത്തിന്റെയും കൂട്ടായ്മയുടെയും ഒരുത്തമ ഉദാഹരണമായിരുന്നു ആദിമ നൂറ്റാണ്ടുകളിലെ ഈ പ്രദേശത്തെ ജനജീവിതം. ഹൈന്ദവ നസ്രാണി സമുദായങ്ങൾ തുടർന്നു വന്നിരുന്ന മതസൗഹാർദ്ധത്തിന്റെ മകുടോദാഹരണമാണ് കുറവിലങ്ങാട് മാർത്തമറിയം പള്ളിയിലെ മൂന്നു നോയമ്പ് തിരുനാളിന് ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിൽനിന്ന് ആനയെ പ്രദിക്ഷണത്തിനയക്കുകയും, ക്ഷേത്രത്തിലെ ഉത്സവത്തിന് പള്ളിയിൽനിന്നും മുത്തുകുടങ്ങൾ കൊടുത്തയക്കുകയും ചെയ്തിരുന്നു എന്നുള്ളത്.

കാലക്രമത്തിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വളരെയധികം ആളുകൾ ക്രിസ്തുമതം സ്വീകരിക്കുകയും അങ്ങനെ ദളിത് സമൂഹത്തിൽപ്പെട്ട ഒരു വിഭാഗം രൂപം കൊള്ളുകയും ചെയ്തു. എന്നാൽ അക്കാലത്ത് അവർക്ക് സമുദായത്തിലെ 'കുന്നേൽപ്പള്ളി' എന്നു പേരുള്ള ഒരു പ്രത്യേക ക്രൈസ്തവ ദേവാലയമുണ്ടായിരുന്നു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടിയാണ് ദളിതർക്കുള്ള വിവേചനം മാറ്റി പള്ളിയിൽ എല്ലാവർക്കും തുല്യസ്ഥാനം നല്കിയത്.

ഈ പഞ്ചായത്തിൽ ദളിത് വിഭാഗത്തിൽപ്പെട്ട 400 ക്രൈസ്തവ കുടുംബങ്ങൾ നിലവിലുണ്ട്. അവർ പ്രത്യേകം സംഘടനയുണ്ടാക്കി. പട്ടികജാതികാർക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും കിട്ടുന്നതിനു വേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുന്നു.

ക്രിസ്ത്യാനികളും ഹിന്ദുക്കളുമല്ലാത്ത മറ്റു മതവിഭാഗങ്ങളിൽപ്പെട്ട ആരും ഇവിടെ അധിവസിക്കുന്നില്ല. ഹിന്ദുക്കളിൽ ഏറ്റവും കൂടുതലുള്ള വിഭാഗം ഈഴവരാണ്. 1928-ൽ ശ്രീനാരായണ ഗുരു കോട്ടയം നാഗമ്പടം മഹാദേവക്ഷേത്രത്തിൽ വരികയും, S.N.D.P.യുടേ 108ശാഖകൾക്ക് സ്വന്തം കൈകൊണ്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുമുണ്ടായി. അക്കൂട്ടത്തിൽപ്പെട്ട ഒന്നാണ് കുറവിലങ്ങാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന S.N.D.P.യുടേ 104ാം-നമ്പർ കുളത്തൂർ ശാഖ. കണ്ടം ചിറയിൽ ശ്രി.കുമരി നാരായണൻ ആയിരുന്നു ഈ ശാഖയുടെ ആദ്യത്തെ പ്രസിഡണ്ട്. പറച്ചാലിൽ ശ്രി. എം.മാധവനായിരുന്നു ആദ്യത്തെ സെക്രട്ടറി. ഇദ്ദേഹം ശാഖാംഗങ്ങളിൽ ആദ്യമായി E.S.L.C.പാസായ ആളും നമ്മുടെ ഇപ്പോഴത്തെ ഉപരാഷ്ട്രപതി കെ.ആർ. നാരായണന്റെ ഗുരുവുമായിരുന്നു. കേവലം 17 കുടുംബങ്ങൾ മാത്രമുണ്ടായിരുന്ന കുളത്തൂർ ശാഖയിൽ ഇപ്പോൾ800ൽ പരം കുടുംബങ്ങൾ ഉണ്ട്. ഈ ശാഖ 9-ാം നമ്പർ വാർഡിലുള്ള ടി.കെ. മെമ്മോറിയൽ ഹാളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. ശാഖയുടെ വകയായി ശ്രീ. ബാലസുബ്രമണ്യക്ഷേത്രം, ശ്രീനാരായണ ഐ.റ്റി.സി. ആശാൻ മെമ്മോറിയൽഹാൾ, ശ്രീനാരായണസൗധം എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്.

ഒരു കാലത്ത് ഇടപ്രഭുക്കൻമാരും നാട്ടുപ്രമാണിമാരുമായിരുന്ന നായൻമാർ ഇന്ന് ജനസംഖ്യയിൽ മൂന്നാം സ്ഥാനത്താണ്. പല പുരാതനകുടുംബങ്ങളും നാമാവശേഷമായി

പ്പോയിട്ടുണ്ട് എങ്കിലും നായർ സർവ്വീസ് സൊസൈറ്റിയുടെ നാലു കരയോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കോഴാ, കുറവിലങ്ങാട്, കാളികാവ്, കളത്തൂർ എന്നീ കരയോഗങ്ങളിൽ കാളികാവ്, കോഴ എന്നീ കരയോഗങ്ങളാണ് ആദ്യം രജിസ്റ്റർ ചെയ്യപ്പെട്ടത്. 1930-ൽ ശ്രീ മന്നത്തു പത്മനാഭൻ ഈ കരയോഗങ്ങൾ സന്ദർശിച്ച് രജിസ്ട്രേഷൻ നൽകുകയുണ്ടായി കോഴ കരയോഗത്തിന് 100 കൊല്ലത്തിൻമേൽ പഴക്കമായി എന്ന് മീനച്ചിൽ താലൂക്ക് N.S.S. union ചരിത്രം എന്ന പുസ്തകത്തിൽ പ്രതിപാദിച്ചുകാണുന്നു.

ഈ പഞ്ചായത്തിലുള്ള മിക്കവാറും ബ്രാഹ്മണ കുടുംബങ്ങൾ N.S.S. മായി സഹകരിച്ചു പ്രവർത്തിക്കുന്നവരാണ്. ഒരു കാലത്ത് ജന്മികളായിരുന്നു ഇവിടുത്തെ ബ്രാഹ്മണർ, സ്വന്തമായി കൃഷി ചെയ്തും, വിവിധ മേഖലകളിൽ ഔദ്യോഗിക ഉത്തരവാദിത്വങ്ങൾ വഹിച്ചും സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തിച്ചു വരുന്നു.

മറ്റു സമുദായങ്ങളിൽ സുസംഘടിതമായ ഒരു വിഭാഗമാണ് വിശ്വകർമ്മൻ, ദശാബ്ദങ്ങൾക്കു മുമ്പ് വിശ്വകർമ്മ മഹാസഭ എന്ന പേരിൽ ഒരു സംഘടന 368-ാം നമ്പറായി റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഘടന സാമുദായിക സാംസ്ക്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.

ഹിന്ദുസമുദായത്തിലെ പല ഉപവിഭാഗങ്ങളും ഇവിടെ നൂറ്റാണ്ടുകളായി അധിവസിച്ചിരുന്നുവെങ്കിലും അവർക്ക് അക്കാലഘട്ടങ്ങളിൽ പ്രത്യേക സംഘടനകളുണ്ടായിരുന്നതായിട്ടോ, തങ്ങളുടെ ജീവിത മേകലകളിൽ എടുത്തു പറയത്തക്കവിധത്തിലുള്ള കൂട്ടായ പ്രവർത്തന രീതി ഉണ്ടായിരുന്നതായിട്ടോ വ്യക്തമായ രേഖകളില്ല. ഒരു പക്ഷേ അന്ന നിലവിലുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥിതി അവരെ അത്തരത്തിലുള്ള സംഘടിത പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുവാൻ അനുവദിച്ചിരുന്നില്ല എന്നു വേണം നമുക്ക് അനുമാനിക്കുവാൻ.

അൻപതു വർഷം മുമ്പ് സവർണ്ണ വിഭാഗങ്ങൾക്കു മാത്രമേ ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടിരുന്നുള്ളൂ. കൊല്ലവർഷം 1112ൽ ക്ഷേത്രപ്രവേശനം വിളംബരം സർക്കാർ തലത്തിൽ ഉത്തരവുമൂലം അംഗീകരിക്കപ്പെട്ടുവെങ്കിലും ഊരാഴ്മ ക്ഷേത്ര ഉടമകൾ ടി ഉത്തരവ് അംഗീകരിക്കുവാൻ തയ്യാറായില്ല. ഈ പഞ്ചായത്തിൽ കോഴാ നരസിംഗസ്വാമിക്ഷേത്രത്തിൽ വഴുതയ്ക്കാട് ശ്രീ വി.വി. നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് ആദ്യമായി അവർണ്ണർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നത്. ഇന്ന് ഈ പഞ്ചായത്തിലെ എല്ലാ ക്ഷേത്രങ്ങളിലും ജാതിവ്യത്യാസമില്ലാതെ കമ്മിറ്റികൾ രൂപീകരിച്ച് ഭരണം നടത്തി വരുന്നു.

ആദ്യത്തെ മലയാളം സ്കൂൾ

കുറവിലങ്ങാടു പഞ്ചായത്തിൽ ആദ്യത്തെ മലയാളം സ്കൂൾ ആരംഭിച്ചത് കോഴായിലുള്ള നിധിയിരീക്കൽ കുടുംബവക ആറായ്ക്കൽ കെട്ടിടത്തിലാണ്. പിന്നീട് പനച്ചിക്കത്തൊട്ടി എന്ന പുരയിടത്തിൽ സർക്കാർ പുതിയ കെട്ടിടം പണിയുകയും സ്കൂൾ അങ്ങോട്ടു മാറ്റുകയും ചെയ്തു. കാലക്രമത്തിൽ കുറവിലങ്ങാട്ടു പള്ളിവക സ്കൂൾ തുടങ്ങുകയും, കുട്ടികളുടെ അഭാവത്തിൽ കോഴായിലുള്ള സ്കൂൾ നിന്നു പോവുകയും ചെയ്തു.

ഇംഗ്ലീഷ് വിദ്യാഭ്യാസം

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു തുടക്കം കുറിച്ചത് പ്രൊട്ടസ്റ്റൻറ് മിഷനറിമാരാണ്. കോട്ടയം പഴയ സെമിനാരിയിൽ 1817-ൽ ബെയ്ലി സായിപ്പ് എന്ന മിഷനറിയാണ് ആദ്യമായി ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചത്. 1855-ൽ നിധിയിരീക്കൽ ഇട്ടിയവിരാമാപ്പിള തന്റെ മക്കൾ കൊച്ചുമാണിക്കും, പിന്നീട് പ്രസിദ്ധനായിത്തീർന്ന മാണിക്കത്തനാർ

സഹോദരങ്ങൾക്കും വേണ്ടി തറവാട്ടു വീട്ടിൽ ഗുരുകുല സമ്പ്രദായത്തിൽ ആരംഭിച്ചതാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ. ഇതിന്റെ തുടർച്ചയായി 1894-ൽ കുറവിലങ്ങാട്ടുപള്ളി വികാരിയായിരിക്കേ മാണിക്കത്തനാർ പടിപ്പുറ മാളികയിലും വാദ്യപ്പുരയിലുമായി ഇംഗ്ലീഷ് സ്കൂൾ ജനകീയമാക്കുകയുണ്ടായി. ഈ സ്കൂളിന്റെ തുടർച്ചയെന്നോണമാണ് 1964-ൽ ദേവമാതാ കോളേജ് സ്ഥാപിതമായത്. ഇംഗ്ലീഷ് സ്കൂളിന്റെ ശതാബ്ദി 1994-ൽ ആഘോഷിച്ചു.

ഭരണപരമായി തെക്കുംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം 1749-ൽ വേണാട്ടു രാജാക്കൻമാർ ആക്രമിച്ചു കീഴ്പ്പെടുത്തുകയും തിരുവതാംകൂർ രാജ്യഭരണത്തിന്റെ അധീനതയിലാക്കുകയുണ്ടായി. അക്കാലത്ത് മാമലശ്ശേരി കൈമൾ എന്ന നാടുവാഴിയുടെ അധീനതയിലായിരുന്ന ഈ പ്രദേശം കോഴാ കേന്ദ്രീകരിച്ചായിരുന്ന പഴയ കാല ഗവൺമെൻറ് സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത്. വനം വകുപ്പുവക റേഞ്ച് ആഫീസ് വെള്ളക്കാർക്കുവേണ്ടിയുള്ള മുസാവരി ബംഗ്ലാവ്, സാധാരണക്കാർക്കു വേണ്ടിയുള്ള വഴിയമ്പലം, മലയാളം പള്ളിക്കൂടം, അഞ്ചലാപ്പീസ് മുതലായ പൊതു സ്ഥാപനങ്ങൾ കോഴായിലുണ്ടായിരുന്നു. കോഴായിൽ വഴിതായിക്കാട്ട് ഇല്ലംവക കെട്ടിടത്തിലാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ അഞ്ചലാപ്പീസ് പ്രവർത്തനം ആരംഭിച്ചത്. കുന്നത്തു നാരായണൻ നായരായിരുന്ന ഇവിടുത്തെ അവസാനത്തെ അഞ്ചലാട്ടക്കാരൻ. അന്നത്തെ റേഞ്ച് ആഫീസിൽ ബ്ലോക്ക് ഡവലപ്മെൻറ് ആഫീസും, മുസാവരി ബംഗ്ലാവിൽ മൃഗാശുപത്രിയും, സത്രത്തിൽ വില്ലേജാഫീസും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

സ്വാതന്ത്ര്യസമരം

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ്കോൺഗ്രസ് നേതാക്കളായ ശ്രീ. പട്ടം താണുപിള്ള, ശ്രീ. ടി.എം. വർഗീസ്, ആനിമസ്ക്രിൻ തുടങ്ങിയ നേതാക്കൾ 1114-ൽ നമ്മുടെ പ്രദേശത്തു വരുകയും, പൊതു സ്ഥലങ്ങളിലൊന്നും യോഗം നടത്താൻ സമ്മതിക്കാതിരുന്ന അക്കാലത്ത് ശ്രീ. വി.എം. മാണി വെള്ളായിപ്പറമ്പിൽ അവർകളുടെ പുരയിടത്തിൽ പൊതുയോഗം സംഘടിപ്പിക്കുകയുണ്ടായി. ശ്രീ. വി.വി. നാരായണൻ നമ്പൂതിരി, വെള്ളായിപ്പറമ്പിൽ ശ്രീ. വി.എം.മാണി, K.T. മാണി, കാരാംവേലിൽ ഉലഹന്നൻ ചാമനാക്കലഭാരം, ചെറിയാൻ ആശാരിപ്പറമ്പിൽ, ജെ. വേമ്പന, K. ഗോവിന്ദൻ എളുക്കുന്നേൽ, K.C. കുമാർ കാരയ്ക്കൽ തുടങ്ങിയവർ നമ്മുടെ പ്രദേശത്തുള്ള ആദ്യകാല സ്വാതന്ത്ര്യസമരസേനാനികളാണ്. 1941-42 കാലഘട്ടത്തിൽ സർ സി.പി. രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ നയത്തിനെതിരായി നടന്ന പ്രക്ഷോഭണത്തെത്തുടർന്ന് ജയിൽ വിമുക്തനായി വന്ന ശ്രീ. പി.റ്റി ചാക്കോ അവർകൾക്ക്, കുറവിലങ്ങാട്ടു പള്ളിയങ്കണത്തിൽ വച്ചു നടത്തിയ സ്വീകരണയോഗം ഈ പ്രദേശത്തെ വിദ്യാഭ്യാസ അവകാശ സംരക്ഷണവുമായി സംബന്ധിച്ച് ഒരു മഹാസമ്മേളനമായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാൻ ഫ്രാൻസിസ്കോയിൽ സമ്മേളിച്ച ഐക്യനാടുസഭയിൽ ഭാരതത്തെ പ്രതിനിധീകരിച്ച പ്രതിനിധി സാ. പി.ജെ. തോമസ് നമ്മുടെ ഗ്രാമത്തിലുള്ള പാറേക്കുന്നേൽ കുടുംബാംഗമാണ്.

1953-ൽ ആദ്യത്തെ പഞ്ചായത്തു പ്രസിഡൻറായി സ്ഥാനമേറ്റ വെള്ളായിപ്പറമ്പിൽ ശ്രീ. വി.യു ഉതുപ്പ് ഈ നാടിന്റെ വികസന രംഗത്ത് വ്യ.ക്തിമുദ്ര പതിപ്പിച്ച ഒരു മഹദ്വ്യക്തിയാണ്. അതുപോലെതന്നെ പള്ളിവാർഡിൽനിന്നും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട പുളിനിൽക്കും തടത്തിൽ സ്രീ. പി.കെ രാഘവൻ അവർകളുടെ

അംഗത്വം അക്കാലത്ത് മതസൗഹാർദ്ദത്തിന്റെയും ദേശീയബോധത്തിന്റെയും പ്രതീകമായി കണക്കാക്കാവുന്നതാണ്. 16 വർഷക്കാലം പഞ്ചായത്തു പ്രസിഡൻറായും വളരെക്കാലം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായും സിൻഡിക്കേറ്റ് മെമ്പർ, സേവാദൾ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ച് ഈ നാടിന്റെ സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിൽ ശോഭിച്ച ഒരു മഹത് വ്യക്തിയായിരുന്നു. ശ്രീ. വി. കെ. കുര്യൻ.

മേൽപ്രസ്താവിച്ച സാംസ്ക്കാരിക സാമൂഹിക സാമുദായിക സംഘടനകളുടെയും വ്യക്തികളുടെയും പൊതുവായ പ്രവർത്തനത്തിന്റെ പരിണിതഫലമാണ് ഇന്നുള്ള കുറവിലങ്ങാട് ഗ്രാമപഞ്ചാത്തിന്റെ മൊത്തത്തിലുള്ള പുരോഗതി. ഈ സാംസ്ക്കാരിക തനിമയും സാമുദായിക സൗഹാർദ്ദവും കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ മുന്നോട്ടുള്ള വികസനത്തിൽ ഏറ്റവും സഹായകമാകും എന്ന് നമുക്കു പ്രതീക്ഷിക്കാം.



3 ഭൂപ്രകൃതി

ഭൂപ്രകൃതിയും വിഭവങ്ങളും

കുറവിലങ്ങാടു ഗ്രാമപഞ്ചായത്തു പ്രദേശം ഹൈലാൻറ് മേഖലയിൽ പെടുന്നു. വടക്കു കോഴാ മുതൽ 4 കിലോമീറ്റർ തെക്ക് കാളികാവുവരെ ഉദ്ദേശം 3 കിലോമീറ്റർ വീതിയിൽ എം. സി. റോഡിൻെറയും, കോഴാ വെമ്പള്ളി തോടിൻെറയും ഇരുവശങ്ങളിലായി കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയായ നാടികുന്ന്, കാക്കനാട്ടുമല, വേമ്പൻ മല, പുളിക്കക്കുന്ന്, നരിവേലിമല എന്നീ പ്രദേശങ്ങലിൽ നിന്ന് പടിഞ്ഞാറോട്ടു ചരിഞ്ഞ് കോഴാ വെമ്പള്ളിതോടു സമതലത്തിൽ നിന്നു വീണ്ടും ഉയർന്ന് പടിഞ്ഞാറെ അതിർത്തിയായ കുടുക്കമറ്റം, ചിറയ്ക്കമല, തെനം കുന്ന്, നസ്രത്തുഹിൽ, കളത്തൂർ എന്നീ ഉയർന്ന പ്രദേശങ്ങളിൽ അതിർത്തി അവസാനിക്കുന്നു.

ട്രാൻസെക്ട് : Fig 1

ഭൂപ്രകൃതി	ഉയർന്ന പീഠഭൂമി	ഉയർന്ന കുന്നിൻ പ്രദേശം	തോട്ടു സമതലം	ഉയർന്ന കുന്നിൻ പ്രദേശം	ഉയർന്ന പീഠഭൂമി
മൺതരം	വെട്ടുകല്ലു മണ്ണ്	വെട്ടുകല്ലു മണ്ണ്	എക്കൽ മണ്ണ്	വെട്ടുകല്ലു മണ്ണ്	വെട്ടുകല്ലു മണ്ണ്
സസ്യാവരണം	റബർ, തെങ്ങ്	റബർ തെങ്ങ്	നെല്ല് കൊണ്ടൽ വാഴ	റബർ ഇഞ്ചി തെങ്ങ്	റബർ ഇഞ്ചി തെങ്ങ്
പരിസ്ഥിതി പ്രശ്നങ്ങൾ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	വെള്ള പ്പൊക്കം(കൃഷിനാശം)	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്

ii)കാലാവസ്ഥ :- കേരളത്തിൻെറ പൊതുകാലാവസ്ഥയോട് അനുപൂരകമായുള്ള കാലാവസ്ഥയാണ് കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിലും അനുഭവപ്പെടുന്നത്. ജൂൺ മാസം മുതൽ ആരംഭിക്കുന്ന തെക്കു പടിഞ്ഞാറൻ മൺസൂൺ ആണ് മുഖ്യമായുള്ള മഴക്കാലം. ഒരു കാലത്തും സ്ഥിരമായി ആശ്രയിക്കാൻ കഴിയാത്ത വടക്കുകിഴക്കൻ മൺസൂൺ ഈ പഞ്ചായത്തുപ്രദേശത്ത് ഫലപ്രദമല്ല. ഈ രണ്ടു മഴക്കാലത്തും കൂടി ആകെ പ്രതിവർഷം 3137 മില്ലിമീറ്റർ മഴ ഈ പഞ്ചായത്തു പ്രദേശത്തു ലഭിക്കുന്നു. തെക്കു പടിഞ്ഞാറൻ മൺസൂണിൻെറ ആരംഭത്തോടെ ജല

നിബിഡമാകുന്ന കോഴാ – വെമ്പള്ളി തോടാണ് സമതലത്തിലെ കൃഷിയുടെ മുഖ്യ ജല സ്രോതസ്സ്, കേരളത്തിന്റെ ദിനാന്തരീക്ഷ സ്ഥിതിയുമായി സംയമനം പാലിക്കുന്ന കുറവിലങ്ങാടു പഞ്ചായത്തു പ്രദേശത്ത് ശരാശരി 28.50 സെൽഷ്യസ് ചൂടുള്ള കാലാവസ്ഥ അനുഭവപ്പെടുന്നു.

കാലാവസ്ഥ : Fig. 2

മഴക്കാലം	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തംബർ
തണുപ്പുകാലം	ഒക്ടോബർ	നവംബർ	ഡിസംബർ	ജനുവരി
വേനൽക്കാലം	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്

iii) ജല ലഭ്യത:

ശരാശരി മഴ ലഭിക്കുന്നതും, എന്നാൽ വെള്ളക്കെട്ടുണ്ടാകാത്ത വിധത്തിൽ തിരശ്ചീനവുമായ ഈ പഞ്ചായത്തു പ്രദേശം റബർ കൃഷിയ്ക്ക് അനുയുക്തമാണ്. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ വിപുലമായ രീതിയിൽ റബർകൃഷി നടന്നു വരുന്നു. എന്നാൽ സമതലത്തിലൂടെയൊഴുകുന്ന കോഴാ – വെമ്പള്ളി തോടിനെ മാത്രം ആശ്രയിച്ചു നടത്തുന്ന നെൽകൃഷിയും, ഇടവിള കൃഷിയും കാലാവസ്ഥയ്ക്കനുസൃതമാകുന്ന വരൾച്ചയും, വെള്ളപ്പൊക്കവുംമൂലം കാലാവസ്ഥയെ ആശ്രയിച്ചുള്ള ഒരു ചൂതുകളി മാത്രമായിരുക്കുന്നു.

ഉയർന്ന സമതലങ്ങളിലും, കുന്നിൻപുറങ്ങളിലും വേനൽക്കാലത്തിന്റെ ആരംഭം മുതൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ഏതെങ്കിലും വിധേന സംരക്ഷിച്ചു കുടിവെള്ളത്തിന് ആശ്രയിക്കാവുന്ന തരത്തിലുള്ള ജല സ്രോതസ്സുകൾ ഈ പ്രദേശത്ത് നിലവിലില്ല എന്നുള്ളത് ഈ പഞ്ചായത്തിന്റെ ദു:രവസ്ഥയായി നില നിൽക്കുകയാണ്.

iv) മണ്ണ് : കേരളാ ലാൻറ് റിസോഴ്സസിന്റെ റിപ്പോർട്ടു പ്രകാരം, നീർവാഴ്ച കുറഞ്ഞതും ആഴമേറിയ ചെളി – എക്കൽ നിറഞ്ഞ മണ്ണാണ് കുറവിലങ്ങാടു ഗ്രാമ പഞ്ചായത്തിലുള്ളത്.

v) ഭൂവിനിയോഗം:– പഞ്ചായത്തു പ്രദേശത്ത് ആകെയുള്ള 2376 ഹെക്ടർ ഭൂമിയിൽ 1933 ഹെക്ടർ സ്ഥലം കുന്നിൻപുറങ്ങളും ഉയർന്ന പീഠഭൂമിയും ഉൾപ്പെടുന്നതും ഫലഭൂയിഷ്ഠമായ ലാറ്ററൈറ്റ് മണ്ണോടുകൂടിയതുമായ പുരയിടങ്ങളാണ്. ഈ പുരയിടങ്ങളിൽ മുഖ്യമായും റബർ കൃഷി ചെയ്തുവരുന്നു. 603 ഹെക്ടർ വരുന്ന കോഴാ – വെമ്പള്ളി തോടു സമതലത്തിൽ നെൽകൃഷിക്ക് ആവശ്യമായ ജലദൗർലഭ്യം സംഭവിക്കുന്ന സമയങ്ങളിൽ കൊണ്ടൽകൃഷിയും നടത്തിവരുന്നു. കുറവിലങ്ങാടു ടൗണും ഗവൺമെൻറ് വക സ്ഥാപനങ്ങളും എം.സി റോഡും ഉൾപ്പെടുന്ന പൊതു ഭൂമി 137 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു.

vi) ജൈവസമ്പത്ത്

സസ്യസമ്പത്തു കൊണ്ട് സമ്പന്നമായ കുറവിലങ്ങാട് പഞ്ചായത്തു പ്രദേശം റബർ തെങ്ങ് മറ്റു മരങ്ങൾ എന്നിവ നന്നായി വളരുന്നതിന് അനുയോജ്യമായ മണ്ണായതിനാൽ പൊതുവേ ഹരിതാഭമാണ് ഈ പ്രദേശം. പക്ഷിമൃഗ സംരക്ഷണത്തിൽ തൽപരരാണ് കുറവിലങ്ങാട്ടുകാർ. പശു,ആട്,എരുമ എന്നീ വളർത്തു

മൃഗങ്ങളുടെ സംഖ്യ ഏകദേശം നാലായിരത്തോളം വരുന്നു. മൃഗസംരക്ഷണത്തിന് പ്രോത്സാഹനമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങൾ പഞ്ചായത്തിലുണ്ട്.

vii) ജനസമ്പത്ത്

1991-ലെ സെൻസസ് പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 17355


ഇതിൽ പുരുഷൻമാർ : 8600, സ്ത്രീകൾ 8755. പുരുഷൻമാരെ അപേക്ഷിച്ച് 155. സ്ത്രീകൾ കൂടുതൽ ആണ്. 1991 ലെ ജനസംഖ്യ അനുസരിച്ച് നമ്മുടെ ഗ്രാമത്തിന്റെ ജനസാന്ദ്രത 988 ആണ്.

1991 ലെ സെൻസസ് പ്രകാരം 3221 വീടുകളിലാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5 ആണ്.

വിദ്യാഭ്യാസരംഗത്ത് കോട്ടയം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ പ്രശ്നം പഞ്ചായത്തിന്റെ ഒരു നീറുന്ന പ്രശ്നമാണ്. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദം പ്രസിദ്ധമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്തുമത വിശ്വാസികളാണ്.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

1 കൃഷിയും ജലസേചനവും



കേരളത്തിലെ ഇതര ഗ്രാമങ്ങളെപ്പോലെ നമ്മുടെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തും ഒരു കാർഷിക ഗ്രാമമാണ്. മണ്ണിനോടും കല്ലിനോടും പടവെട്ടി ചെങ്കുത്തായ ഭൂമിയെ കൃഷിയോഗ്യമാക്കി. ഇവിടെ നമ്മുടെ പൂർവികന്മാർ വിളയിച്ചെടുത്ത കാർഷിക ഉല്പന്നങ്ങൾകൊണ്ട് കെട്ടിപടുത്തുയർത്തിയ ജീവിതങ്ങളും -സ്വപ്നങ്ങളും സാഷാത്ക്കരിക്കണമെങ്കിൽ ഇനിയും നാം വളർത്തിയെടുക്കേണ്ട ഒരു കാർഷിക നയം നമുക്കാവശ്യമാണ്. ചരിത്രത്തിന്റെ ഏടുകളിൽ തലമുറകളായി കൈമാറി വന്ന കുറെ ഓർമ്മകളാണ് നമ്മുടെ കാർഷിക ചരിത്രത്തിലെ അദ്ധ്യായങ്ങൾ.

അനേക നൂറ്റാണ്ടികൾ പഴക്കമുള്ള ഒരു കാർഷിക ചരിത്രമാണ് നമുക്കുള്ളത്. ആ കാലഘട്ടത്തിലെ അടിസ്ഥാന വർഗ്ഗ വിഭാഗങ്ങൾ ജന്മിയും,കുടിയാനും,കർഷക തൊഴിലാളിയുമായിരുന്നു. പാട്ട കൃഷി സമ്പ്രദായം നിലനിന്നിരുന്നു, ഭൂമിയുടെ പൂർണ്ണമായ അവകാശം ജന്മിമാരിൽ നിഷിപ്തമായിരുന്നു. പാട്ടകൃഷിക്കാരുടെ നില അതീവ ശോചനീയമായിരുന്നു. കൃഷി കെടുതികളിൽനിന്നും ഉണ്ടാകുന്ന കഷ്ട നാശങ്ങൾക്ക് അവന് ഒരു പരിരക്ഷയും ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. തെങ്ങ് കവുങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തെരുവപുല്ല്, തുടങ്ങിയ നാണ്യവിളകളും നെല്ല്, മരച്ചീനി, വാഴ, ചേമ്പ്, ചേന, കിഴങ്ങ്, കാച്ചിൽ മുതലായ ഭക്ഷ്യവിളകളുമായിരുന്നു പ്രധാന കൃഷി ഇനങ്ങൾ. മൃഗസമ്പത്ത് ജന്മിത്തത്തിന്റെയും, ആഢ്യത്തത്തിന്റെയും മുഖ മുദ്രയായിരുന്നു.

അക്കാലത്ത് യന്ത്രസാമഗ്രികൾ ഒന്നുംതന്നെ ലഭ്യമല്ലായിരുന്നു. നിലമുഴുന്നതിന് കാള,പോത്ത് എന്നിവയെ മെരുക്കി വളർത്തിയിരുന്നു. പ്രധാന വളങ്ങൾ ചാണകം, ചപ്പുചവറുകളുമായിരുന്നു. കീടനാശിനികളും,രാസവളപ്രയോഗവും നിലവിലില്ലായിരുന്നു. അന്നത്തെ സാമൂഹികവ്യവസ്ഥിതിയിൽ സാധനങ്ങളുടെ കൈമാറ്റ വ്യവസ്ഥ നിലനിന്നിരുന്നു. പണത്തിനു പകരം നെല്ലായിരുന്നു കൂലിയായി നല്കിയിരുന്നത്. പുത്തരിയൂണ് എല്ലാ കുടുംബങ്ങളിലും ആഘോഷിച്ചിരുന്നു. വിളവെടുപ്പ് ഉത്സവമായിരുന്നു. കാളകെട്ടി ഉപയോഗിക്കുന്ന ചക്കകളുപയോഗിച്ചാണ് തേങ്ങാ, എള്ള് മുതലായവ ആട്ടി എണ്ണ എടുത്തിരുന്നത്.

കാർഷികരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തികൊണ്ട് പാട്ടകുടിയായ്മ നിയമങ്ങളും ഭൂപരിഷ്കരണ നിയമങ്ങളും 1950-കളുടെ അവസാനത്തോടെ നിലവിൽ വന്നു. കേരളത്തിലെ സാമൂഹിക വ്യവസ്ഥിതിയെ ഇളക്കിമറിച്ച ഒരു മഹാസംഭവമായിരുന്നു ഇത്. കാർഷികരംഗത്ത് ഒരു പുത്തനുണർവ്വ്, ഇതോടെ കൈ വന്നു. പാട്ടക്കാരും, കുടിയാൻമാരും കൃഷി

ഭൂമിയുടെ ഉടമകളായി മാറിയതോടെ പഴയതിൽ നിന്നും വ്യത്യസ്തമായ ഒരു കാർഷിക സംസ്ക്കാരം നിലവിൽ വന്നു. കൃഷിഭൂമി കർഷകന്റേതെന്ന ഈ ആശയത്തോടെ ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങൾ നിലവിൽ വരികയും നമ്മുടെ ഗ്രാമത്തിന്റെ കാർഷികരംഗം പുരോഗതിയിലേയ്ക്കു പടിപടിയായി ഉയരാൻ തുടങ്ങുകയും ചെയ്തു. കർഷകനുൽപാദിപ്പിച്ച നാളികേരം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്ക് ന്യായവില ലഭിച്ചതും റബ്ബർകൃഷിയുടെ തുടക്കവും, ദേശീയ പഞ്ചവത്സരപദ്ധതികളുടെ ആരംഭവും കാർഷിക പുരോഗതിക്ക് ആക്കം കൂടുന്നതിന് സഹായകമായി.

പഞ്ചവത്സരപദ്ധതികൾ നിലവിൽ വന്നതോടെ കാർഷികരംഗത്തുണ്ടായ സുപ്രധാന മാറ്റമായിരുന്നു യന്ത്രവൽക്കരണം. യന്ത്രവൽക്കരണത്തിന്റെ ആവിർഭാവത്തോടെ കാർഷികരംഗത്ത് സമൂലമായ പരിവർത്തനമുണ്ടായി. രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനത്തോത് ഉയരുന്നതിനും ഒരു പരിധി വരെ സഹായകമായി. എന്നാൽ രാസവളം, കീടനാശിനി എന്നിവയുടെ അശാസ്ത്രീയമായ പ്രയോഗം മൂലം മണ്ണിന്റെ ജൈവഗുണം നഷ്ടപ്പെടുകയും കൃഷി ലാഭകരമല്ലാതായിത്തീരുകയും ചെയ്തു. ഇതിനു പരിഹാരമായി ഗവ. ഭാഗത്തു നിന്നും യാതൊരു വിധ സഹായങ്ങളും ലഭിച്ചില്ല എന്നുള്ളത് ഖേദകരം തന്നെ. കൃഷിഭവൻ മുഖേന സർക്കാരിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ തീർത്തും അപര്യാപ്തമാണെന്നു വിശേഷാൽ ഗ്രാമസഭകളിലെ ജനാഭിപ്രായം വ്യക്തമാക്കുന്നു.

മണ്ണിന്റെ ഇനവും പാടശേഖരങ്ങളുടെ വിവരവും

വാർഡുകൾ	ജലലഭ്യത	അമ്ല ക്ഷാരവസ്തു P.H. Value	മണ്ണിന്റെ ഇനം	നെൽപാടങ്ങൾ
1,6,7,8	3-20	5% - 6% വരെ	ചെമ്മണ്ണും കലർന്ന മണൽ ചെമ്മണ്ണും വെട്ടുകല്ലും	കുറവിലങ്ങാട് പാടശേഖരം
3, 5, 9	5-20	5% - 6%	1 മീറ്റർ - 2 മീറ്റർ വരെ ചെമ്മണ്ണും	കളത്തൂർ
4, 2	5 - 20	5% - 6%	അതിനു താഴെ വെട്ടുകല്ലും	പാടശേഖരം

പുറംപോക്ക് സംബന്ധിച്ച വിവരങ്ങൾ

(Ret. കുറവിലങ്ങാട് വില്ലേജ് രജിസ്റ്റർ) വിസ്തീർണ്ണം a.c.L.

റോഡ്	തോട്	കുളം	റവന്യൂ	സർക്കാർ ഭൂമി
15.17.211	55.86.152	0.89.45	0.36.309	127.91.265
			ആകെ	339.40.352

ഭൂമി വിവരങ്ങൾ

ഭൂമി	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 മേൽ
	4775.8 603	331		5718	734	700	408	1246	2320	242	45	
		63	51		.96							
	.061	955	879		898							

നെൽകൃഷി

കുറവിലങ്ങാട് പഞ്ചായത്തിലെ 80 ശതമാനത്തോളം ജനങ്ങൾ കൃഷിയെ ആശ്രയിച്ചു മാത്രം കഴിയുന്നവരാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഈ പ്രദേശത്ത് കൃഷിലാഭകരമായി നടക്കുന്നു എന്ന് പറയാൻ സാധിക്കില്ല.

നെല്ല്

കേരളീയരുടെ മുഖ്യ ആഹാരമായ അരിയുടെ ഉൽപാദനം ഇന്ന് കേരളത്തിൽ കുറഞ്ഞു വരുന്നതായി നമ്മുടെ കാർഷികചരിത്രം പരിശ്രോധിച്ചാൽ കാണാൻ കഴിയും. നമുക്കാവശ്യമായ അരിയുടെ 30% ഉൽപ്പാദനം മാത്രമേ ഇന്ന് കേരളത്തിൽ ഉള്ളൂ.

നെൽക്കൃഷിക്ക് ലാഭം കുറവായതിനാൽ കർഷകർ ഇന്ന് മറ്റു കൃഷികളിലേയ്ക്ക് ശ്രദ്ധ തിരിച്ചിരിക്കുകയാണ്. ഇന്ന് പല നെൽപ്പാടങ്ങളും നികത്തി പുരയിടങ്ങളാക്കുന്നതായോ മറ്റു കൃഷിക്കാർ ഇന്ന് ഈ മേഖലയിൽ പല പ്രതികൂല സാഹചര്യങ്ങളും തരണം ചെയ്യേണ്ടതായി വരുന്നു. ഒന്നാമത് തന്നെ ജല സേചന സൗര്യങ്ങളുടെ ദൗർലഭ്യം രബ്ബർ മരങ്ങളുടെ വർദ്ധനവു മൂലം മണ്ണിലെ ജലാംശത്തിൻെറ അളവ് കുറഞ്ഞു വരുന്നതായി പഞ്ചായത്തിലെ കിണറുകളുടെ അവസ്ഥ നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. മതിയായ തോതിൽ ജലം ലഭിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ഒരുപ്പൂക്കണ്ടങ്ങൾ ഇരുപ്പൂക്കണ്ടങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നതാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള ജല സേചന പദ്ധതികൾ ഉണ്ടായിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽകൂടി കടന്നു പോകുന്ന തരത്തിൽ പ്ലാൻ ചെയ്തിരിക്കുന്ന കനാലിൻെറ പണികൾ കർഷകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി. റൂട്ടിലുള്ള അപാകതകൾ നീക്കി സത്വരമായി പൂർത്തീകരിച്ചാൽ ജലക്ഷാമത്തിൽ നിന്ന് മോചനം കിട്ടുകയും ഈ മേഖലയിൽ തന്നെ പുതിയ ഒരുണർവ്വ് കൈവരുത്തുവാൻ സാധിക്കുകയും ചെയ്യും.

തൊഴിലാളികളെ കിട്ടാനില്ലാത്തതാണ് കർഷകർ ഇന്നഭിമുഖീകരിയ്ക്കുന്ന മുഖ്യ.പ്രശ്നം. ഒരു കാലത്ത് നെൽപാടങ്ങളിൽ കേൾക്കാറുണ്ടായിരുന്ന കൊയ്ത്തുപാട്ടും, നടീൽ പാട്ടും ഇന്ന് അപ്രത്യക്ഷമായി. 'നമ്മുടെ അദ്ധ്വാനം നമ്മുടെ മണ്ണിൽ' എന്ന ഒരു പുതിയ മുദ്രാവാക്യം നമുക്കുയർത്തേണ്ട സമയമായി.

തൊഴിലാളികളുടെ അഭാവം പോലെ തന്നെ ഈ മേഖല നേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ് രാസവളം, കീടനിശിനി എന്നിവയുടെ

അമിതമായ വിലവർദ്ധന. ഒരു കാലത്ത് ഗണ്യമായ ലാഭം കിട്ടിയിരുന്ന നെൽകൃഷിയെ ഇപ്പോൾ നമുക്കുള്ള നമ്മുടെ പാടങ്ങളിലെങ്കിലും നിലനിർത്തേണ്ടതു നമ്മുടെയാവശ്യമാണ്. വരും കാലങ്ങളിൽ നമ്മുടെ കുട്ടികൾ (എന്താണപ്പച്ചാ ഈ നെല്ല്) എന്നു ചോദിക്കുന്ന ഒരവസ്ഥ നമ്മുടെയിടയിൽ സംജാതമാകാതിരിക്കണമെങ്കിൽ ഈ മേഖലയിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

മുൻകാലങ്ങളിൽ നിലമുഴുന്നതിന് കാള, പോത്ത്, എന്നവയെ ഉപയോഗിച്ചിരുന്നു. ഇന്ന് ഉഴവുകാളകളെയും, പോത്തുകളെയും കാൺമാനേയില്ല. അതിനാൽ കർഷകനവന്റെ കൃഷിയും യഥാസമയങ്ങളിൽ ഉപയോഗയോഗ്യമായി ലഭിക്കുന്നില്ല. ഇതിനു പരിഹാരമായി കർഷകന് പഞ്ചായത്തിൽ നിന്നും ട്രാക്ടർ, ട്രില്ലർ എന്നിവ വാടകാടിസ്ഥാനത്തിൽ നൽകേണ്ടതാണ്. കൂടാതെ കൊയ്ത്തുകാരുടെയും മറ്റും കുറവു നികത്തുന്നതിന് കൊയ്ത്തുയന്ത്രം, മെനിയന്ത്രം എന്നിവയും നൽകുന്നത് നന്നായിരിക്കും. പാടശേഖരസമിതികളുടെ കൂട്ടായ പ്രവർത്തനം കാർഷിക മാന്ദ്യത്തിന് ഒരു പരിഹാരം ആകും.

വിളവിസ്തീർണ്ണവും ഉൽപാദനവും (Ref. അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	162 Ha	295.75 MT	2150 Kg
നെല്ല് (രണ്ടാം വിള)	1.62 Ha	26.5 MT	2200 Kg
മൂന്നാം വിള			

തെങ്ങ്

1960 കാലഘട്ടങ്ങൾ വരെ ഈ പഞ്ചായത്തിലെ മുഖ്യവരുമാന മാർഗ്ഗം തെങ്ങായിരുന്നു. മൊത്തം വിസ്തീർണ്ണത്തിന്റെ 30% തെങ്ങു കൃഷിയായിരുന്നു. ഇക്കാലങ്ങളിൽ ഹെക്ടർ ഒന്നിന് ശരാശരി 8000 നാളികേരം ലഭിച്ചിരുന്നു. എന്നാൽ ഇന്ന് കഥ മാറിയിട്ട് മൊത്തം ഭൂവിസ്തൃതിയുടെ 10% ഭാഗങ്ങളേ തെങ്ങു കൃഷി കാണുന്നുള്ളൂ എന്ന് കൃഷിഭവനിലെ കണക്കുകളിൽ നിന്നും മനസ്സിലാക്കുവാൻ സാധിയ്ക്കുന്നു.

തെങ്ങുകൾക്ക് ഇന്ന് വിവിധരോഗങ്ങൾ കണ്ടു വരുന്നു. മണ്ടചീയൽ, കാറ്റുവീഴ്ച, വേരുരോഗം, ചെല്ലി എന്നിവയാണ് സാധാരണയായി കണ്ടു വരുന്നത്. മതിയായ ജലസേചന സൗകര്യം ലഭിച്ചാൽ തെങ്ങിന്റെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കത്തക്ക രീതിയിൽ പുത്തൻ സംവിധാനങ്ങൾ നിലവിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. മാർഗ്ഗങ്ങൾ പഞ്ചായത്തു തലത്തിൽ ആലോചിക്കേണ്ടതാണ്. തെങ്ങു കയറുന്ന തൊഴിലാളികളെ കിട്ടാനില്ലായ്മയും ഈ മേഖല ഇന്നു നേരിടുന്ന പ്രശ്നമാണ്. തെങ്ങുകയറ്റുന്ന യന്ത്രം വാടകയ്ക്ക് കൃഷിഭവൻ വഴി നൽകുക. കേര വികസനസമിതികളുടെ പ്രവർത്തനം കുറെക്കൂടി ഊർജ്ജിതമാക്കുവാനുണ്ട്.

തെങ്ങുകൃഷി വികസനത്തിനുവേണ്ടി 5,9 വാർഡുകളിൽ അനുവദിച്ചിരിക്കുന്ന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ എത്രയും പെട്ടന്ന് പൂർത്തിയാക്കേണ്ടതാവശ്യമാണ്.

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
തെങ്ങുകൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ടോ	ബഡ് റൂട്ട്	ബ്ലീഡിംഗ് സ്റ്റെം	മറ്റുള്ളവർ	ആകെ
438 Ha	20060	54400	74460	16230	7610	5120	512	-	29472

റബ്ബർ

കുറവിലങ്ങാട് പഞ്ചായത്തിലെ ആകെയുള്ള കൃഷിസ്ഥലത്തിന്റെ 1251 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയാണ്. കർഷകരുടെ പ്രധാന വരുമാന മാർഗ്ഗം റബ്ബറായി മാറിയിരിക്കുന്നു. മറ്റു പ്രധാനപ്പെട്ട കൃഷികളിൽനിന്നെല്ലാം മാറി റബ്ബർകൃഷിയിൽ മാനമായി കർഷകർ ശ്രദ്ധാലുവായിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഏറ്റവും കൂടുതൽ സ്ഥലത്തു റബ്ബർ കൃഷിയാണ്. ശരാശരി ഒരു ഹെക്ടർ സ്ഥലത്തുനിന്നും പ്രതിവർഷം 998 Kgm പാൽ ലഭിക്കുന്നുണ്ട്. റബ്ബർ കൃഷിയുടെ ആരംഭ കാലത്ത് മുഴുവൻ കൃഷിക്കാരും റബ്ബർപാൽ ഉറക്കുകയായിരുന്നുവെങ്കിൽ ഇന്ന് റബ്ബർ പാൽ സംഭരണകേന്ദ്രങ്ങളിൽ വിൽക്കുന്നു. കുറവിലങ്ങാട് പഞ്ചായത്തിൽ ഗൈക്കോ ലിമിറ്റഡിന്റെ കീഴിലുള്ള R.P.S. കൾ പല ഭാഗത്തും പ്രവർത്തിക്കുന്നതുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട റബ്ബർഷീറ്റു ഉണ്ടാക്കുന്നതിലും ഇപ്പോൾ കർഷകൻ കൂടുതൽ ശ്രദ്ധിക്കുന്നു. സാധാരണയായി ബഡ് തൈകളാണ് കണ്ടു വരുന്നത്. പഴയകാലത്തു കോണൽ മരങ്ങൾ ആയിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ 2,3 കേന്ദ്രങ്ങളിൽ റബ്ബർ തൈ വിതരണത്തിന് റബ്ബർ നേഴ്സറികൾ നിലവിലുണ്ട്. റബ്ബർകൃഷിയെ പരിഭോഷിപ്പിക്കുന്നതിനും കൃഷിക്കാർക്ക് സബ്സിഡി മുതലായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും റബ്ബർ ബോർഡിന്റെ ഒരു ഫീൽഡ് ഓഫീസ് കുറവിലങ്ങാട്ട് പ്രവർത്തിക്കുന്നു. റബ്ബറിനെ സംബന്ധിച്ച് പ്രധാനപ്പെട്ട രോഗങ്ങൾ പട്ടച്ചീയൽ, പട്ടമരപ്പ്, ചിക്കപ്പൊട്ട് എന്നിവ പ്രധാന രോഗങ്ങളാണ്. കൂടാതെ പ്രകൃതിമാറ്റം കൂടുതലായി ബാധിക്കുന്നത് റബ്ബറിനെയാണ്.

റബ്ബർകൃഷി വിപുലമാകുന്നതോടുകൂടി നേഴ്സറി ജലദൗർലഭ്യം ഉണ്ടാകുന്നു എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ് മേൽത്തരം റബ്ബർ തൈകൾ പ്രചരിപ്പിക്കുകയും ശാസ്ത്രീയമായ വളപ്രയോഗവും ഈ രംഗത്ത് അത്യാവശ്യമാണ്. റബ്ബർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ പഞ്ചായത്തിൽ നല്ലൊരു ശതമാനമുണ്ട്. അവർക്ക് റബ്ബർബോർഡിൽ നിന്നും കൂടുതൽ സഹായങ്ങൾ ഇനിയും ലഭിക്കാനുണ്ട്. റബ്ബറിന്റെ വിലയിലുള്ള ഏറ്റക്കുറച്ചിലുകൾ കർഷകർ നേരിടുന്ന ഒരു പ്രശ്നമാണ്. റബ്ബറധിഷ്ഠിതമായ വ്യവസായ സംരംഭം ഗൈക്കോ കൂടാതെ ഇനിയും ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇവ പരിസരമലിനീകരണം ഉണ്ടാകാതെ ശ്രദ്ധിക്കുകയും വേണം.

കുരുമുളക്

ഒരു കാലത്ത് കേരളം സുഗന്ധദ്രവ്യങ്ങളുള്ള നാടായിട്ടാണ് അരിയപ്പെട്ടിരുന്നത്. അതിൽ പ്രമുഖസ്ഥാനം വഹിച്ചിരുന്നത് 'കറുത്തസ്വർണ്ണം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുരുമുളകാണ്. ഏതാനും വർഷങ്ങൾ മുമ്പുവരെ ഈ പഞ്ചായത്തിലെ ഒരു പ്രധാന ആദായമാർഗ്ഗമായിരുന്നു കുരുമുളകുകൃഷി. ദ്രുതവാട്ടം, തണ്ടുചീയൽ മുതലായ രോഗങ്ങൾ കുരുമുളകുചെടിയെ

വ്യാപകമായി ബാധിച്ചതോടെ കൃഷി നഷ്ടമായിത്തുടങ്ങി. കുരുമുളകു കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ റബ്ബർ സ്ഥാനം പിടിച്ചു. ഇപ്പോൾ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ രണ്ടരശതമാനം സ്ഥലത്തുപോലും കുരുമുളകുകൃഷിയില്ല.

സർക്കാരിൽനിന്നും കുരുമുളകുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വീണ്ടും കുരുമുളകുകൃഷിയോട് താൽപര്യം ഉണ്ടായിത്തുടങ്ങി. പുതിയ കൃഷിയിടങ്ങൾ അവിടവിടെയായി കണ്ടു തുടങ്ങിയിട്ടുണ്ട്. കുരുമുളകിന്റെ നിലവിലുള്ള വില കുറയാതിരിക്കുകയും സർക്കാരിൽനിന്നും ആവശ്യമായ പ്രോത്സാഹനം ലഭിക്കുകയും ചെയ്താൽ നമുക്കു വിദേശനാണ്യം നേടിത്തരാവുന്ന ഈ കൃഷി വളരെ ലാഭകരമായി നടത്താവുന്നതാണ്.

മരച്ചീനി

തിരുവതാംകൂർ മഹാരാജാവായിരുന്ന വിശാഖം തിരുനാൾ ആണ് നമ്മുടെ നാട്ടിൽ മരച്ചീനിക്കൃഷി നടപ്പിലാക്കിയത്. രണ്ടാം ലോകമഹായുദ്ധകാലത്ത് മരച്ചീനി ഭക്ഷിച്ചാണ് നമ്മുടെ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും പട്ടിണി മരണത്തിൽനിന്നും രക്ഷപെട്ടത്.

കുറവിലങ്ങാട് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായിരുന്ന മരച്ചീനി പത്തു മൂടു മരച്ചീനിയെങ്കിലും കൃഷിചെയ്യാത്ത ഒരു വീടു പോലും നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല. അരി ഭക്ഷണത്തേക്കാൾ ഈ ഗ്രാമം പ്രാധാന്യം കൊടുത്തിരുന്നതും മരച്ചീനിക്കു തന്നെ. എന്നാൽ റബ്ബർകൃഷി വ്യാപകമായതോടുകൂടി പണം ഉണ്ടാക്കുന്നതിനുള്ള മോഹം വർദ്ധിക്കുകയും മരച്ചീനി കൃഷി പൊതുവെ കുറയുകയും ചെയ്തു. ഇന്നു പാവപ്പെട്ടവന്റെ ആഹാരം എന്നതിനേക്കാൾ ഒരു വിശിഷ്ട ആഹാരമായി മരച്ചീനിയെ പലരും കണക്കാക്കുന്നു. പണ്ട് കാക്കപ്പു, വെള്ളറൊട്ടി, മുക്കവരൻ, വെള്ളനാമ്പൻ മുതലായവയായിരുന്നു പ്രധാന ഇനങ്ങൾ. ഇപ്പോൾ ആമ്പക്കാടൻ കോട്ടയം ചുള്ളി പത്തിനെട്ട്, മിക്സച്ചർ എന്നിവയാണ് പ്രധാനമായി കൃഷി ചെയ്യുന്നത്. മിക്സ്ച്ചർ എല്ലാക്കാലത്തും ചെയ്യാവുന്ന ഒരു സങ്കര ഇനമാണ്. മൂപ്പു കുറവായതുകൊണ്ട് കൂടുതൽ ആളുകളും ഈ ഇനം ആണ് ഇഷ്ടപ്പെടുന്നത്. ഇപ്പോൾ കപ്പക്കൃഷി ആദായകരമായി തീർന്നിട്ടുണ്ട്.

കൊക്കോ

ആധുനികകാലത്ത് ആരംഭിച്ച ഒരു കൃഷിയാണ് ഇത്. ഈ കൃഷി വളരെ ആദായകരമാണെങ്കിലും എലി, അണ്ണാൻ മുതലായ ജന്തുക്കളുടെ ഒരു പ്രധാന ഭക്ഷണമായ ഇതിന്റെ കായ് വിളയിച്ചെടുക്കുക ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിൽ ഈ പഞ്ചയത്ത് കൊക്കൊകൃഷി ഭീക്ഷണിയെ നേരിടുകയാണ്. എലിയിൽനിന്നും അണ്ണാനിൽനിന്നും കൊക്കോക്കായ സംരംക്ഷിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗം കണ്ടുപിടിച്ചില്ലെങ്കിൽ അധികം താമസിയാതെ കൃഷിക്കാർ ഈ കൃഷി ഉപേക്ഷിക്കാൻ സാദ്ധ്യതയുണ്ട്.

ഏത്തവാഴ

ഈ പഞ്ചായത്തിന്റെ കളത്തൂർ കരയിലെ ജനങ്ങളാണ് കാർഷികവൃത്തിയിൽ മുന്നിട്ടുനിൽക്കുന്നത് ഇവിടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളിൽ ഭൂരിഭാഗവും ഉൽപാദിപ്പിക്കുന്നത് അവരാണ്. ഏത്തവാഴക്കൃഷിയിലും ഈ കരയിലെ ജനങ്ങൾ തന്നെ മുമ്പന്തിയിൽ നിൽക്കുന്നു. എന്നാൽ ഈ കൃഷി ഇന്ന് ഭീക്ഷണിയെ നേരിടുകയാണ്. വാഴയുടെ തണ്ട് തുരക്കുന്ന ഒരുതരം വണ്ടും കല്ലുവാഴ എന്ന പേരിൽ വാഴയുടെ ഘടനയിൽ ഉണ്ടാകുന്ന ഒരു മാറ്റവും മൂലം വാഴക്കൃഷി പലപ്പോഴും നഷ്ടത്തിൽ കലാശിക്കുന്നു. വാഴക്കൃഷി ലാഭകരമാക്കുന്നതിന് ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

ഇഞ്ചി

രണ്ടു മൂന്നു ദശകങ്ങൾ മുമ്പു വരെ ഈ പഞ്ചായത്തിലെ കാർഷികവിളകളിൽ മുഖ്യ സ്ഥാനം ഇഞ്ചിക്കൃഷിക്കായിരുന്നു. ഇഞ്ചിക്കൃഷിയുടെ കൂടെ മറ്റു ഉപവിളകളും ധാരാളമായി ചെയ്തിരുന്നു. ഇഞ്ചിക്കണ്ടത്തിന്റെ ഒരു മൂലയിൽ പയർ, ഒരു ഭാഗത്ത് ചീനി, ഒരു ഭാഗത്ത് കൂർക്ക, ചില കണ്ടത്തിന്റേ മൂലയിൽ വെള്ളരി ഇങ്ങനെ പലതരം പച്ചക്കറികൾ ഇഞ്ചിയോടുകൂടി കൃഷി ചെയ്തിരുന്നു. അതുകൊണ്ട് അക്കാലങ്ങളിൽ ഈ പഞ്ചയത്തിൽ പച്ചക്കറിക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. വിളവുകളുടെ പരിവൃത്തിയിലും കർഷകർ ശ്രദ്ധിച്ചിരുന്ന, ഇഞ്ചിക്കാലായിൽ കപ്പയും, കപ്പക്കാലായിൽ വെള്ളാരനും തൻമൂലം മണ്ണിന്റേ വീര്യം നഷ്ടപ്പെടുത്താതെ സൂക്ഷിക്കുവാൻ കഴിഞ്ഞിരുന്നു.

എന്നാൽ ഇന്ന് സ്ഥിതി ആകെ മാറിയിരിക്കയാണ്. ഇഞ്ചിക്കൃഷി ചെയ്തിരുന്ന മിക്കവാറും സ്ഥലങ്ങൾ റബ്ബർ കൈയടക്കിയിരുന്നു. പണ്ട് ഇഞ്ചിക്കൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ 10% പോലും ഇന്ന് ഇഞ്ചികൃഷി ചെയ്യുന്നില്ല. അതുമൂലം ഈ പഞ്ചായത്തിലെ പ്രധാന നാണ്യവിള നമുക്ക് നഷ്ടമായി. അക്കൂട്ടത്തിൽത്തന്നെ പച്ചക്കറിക്ക് നമുക്ക് അന്യനാടുകളെ ആശ്രയിക്കേണ്ടി വരും.

മഞ്ഞൾ

മഞ്ഞൾക്കൃഷിയും നമ്മുടെ നാട്ടിൽ അതിവേഗം കുറഞ്ഞുവരികയാണ്. അത്യാവശ്യ ഉപയോഗങ്ങൾക്കുള്ള മഞ്ഞൾ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. വില പലപ്പോഴും കുറവാണെങ്കിലും കാര്യമായി രോഗം ബാധിക്കാവുന്ന ഒരു കൃഷിയാണം ഇത്. കൃഷിഭവനിൽ നിന്നും പ്രോത്സാഹനം നൽകുന്നതാണ്.

കുറവിലങ്ങട് പഞ്ചായത്തിലെ കൃഷിയെ സംബന്ധിച്ചുള്ള കൃഷിഭവൻ വഴിയുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

അനുബന്ധം - 3

..... ഗ്രാമപഞ്ചായത്ത്

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref : അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	162 Ha
പുരയിടം	2054.22 Ha
പുറമ്പോക്ക്	84.88 Ha
കൃഷിയോഗ്യ തരിശ്	3 Ha
കൃഷിയോഗ്യമല്ലാത്ത തരിശ്	-
ആകെ	

kuravilangadu പഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും ഉൽപാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം /Annam	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	162 Ha	295.75 NT	2150 Kg
നെല്ല്(രണ്ടാംവിള)	162 Ha	326.5 MT	2200 Kg
നെല്ല്(മൂന്നാം വിള)	-	-	-
പയർ	15 Ha	1084 MT	723 Kg
എള്ള്	7 Ha	2 MT	250 Kg
പച്ചക്കറികൾ	35.2 Ha	-	
തെങ്ങ്	438 Ha	2518780 nuts/annum	5885 nuts/Ha
വാഴ	32 Ha	260 MT	7900 kgs
മരച്ചീനി	23 Ha	1050 MT	19821 kgs.
കുരുമുളക്	62 Ha	28 MT	276 kgs.
പ്ലാവ്	-	-	
കശുമാവ്	5.5 Ha	4.5 T	823 kgs
മാവ് -	-		
റബ്ബർ	1251 Ha	1250 MT	998 kgs
കവുങ്ങ്	11 Ha	300000 nuts	226164 Nos/Ha
ഇഞ്ചി	42 Ha	165 MT	3400 kg
മഞ്ഞൾ	47 Ha	760 MT	1600 kg
കൈതച്ചക്ക	5 Ha	125 MT	5 tons

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

3.3 രാസവള - കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
	സഹകരണം കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോ	698 MT	260 lit	115 kg	702 MT	275 lit	95 kg	726 MT	281 lit	76
	സ്വകാര്യം	36 MT	218	68 kg	32 MT	242 lit	71 kg	34 MT	276 lit	64 kg

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തത്

3.8 കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ Power Sprayer			
1	2	3	4	5	6	7	8	9	10
	3	7	35	127	304	5	-	1	45

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

3.9 കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
1	എണ്ണം	3 (എണ്ണം)	4 (എണ്ണം)
	2676	741	233

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

3.5 നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	4310	410	1500
കശുമാവ്	-	-	-
കുരുമുളക്	218	1500	1300
കവുങ്ങ്	-	-	-
നെല്ല് വിത്ത്	2500 kg	-	1500 kg
ഏത്തവാഴവിത്ത്	17.50 എണ്ണം	-	4000 എണ്ണം
പച്ചക്കറിവിത്ത്	1500 എണ്ണം	1600 എണ്ണം	711 എണ്ണം
പയർവിത്ത്	-	120 kg	440 kg
ചെറുപയർ	-	480 kg	-
കൊക്കോതൈ	-	50	125
സർവ്വസുഗന്ധി	-	-	146
പഴവർഗ്ഗചെടികൾ	50	200	-

കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

3.6 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94	30 Ha	62 Ha	15 Ha	-	-	
1994-95	25 Ha	-	-	-	6	1500/-
1995-96	20 Ha	-	20 Ha	-	-	

കൃഷിവകുപ്പിൽനിന്നും കുറവിലങ്ങാട് കൃഷി ഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1. സംയോജിത നെൽ കൃഷി വികസന പദ്ധതി.

സസ്യ സംരക്ഷണ ഉപകരണങ്ങൾ , കീടനാശിനികൾ,പവർടില്ലർ, മുതലായവ സബ് സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി . 1993-94 വർഷത്തിൽ പദ്ധതി നടപ്പിലാക്കി.

1, നാപ്സാക്ക് സ്പ്രയർ 7എണ്ണം സബ്സിഡി Rs.3000

2,കീടനാശിനികൾ, 69 ലിറ്റർ "8604

3,പവ്വർടില്ലർ, 4എണ്ണം "48000

2. നെൽകൃഷിക്ക് ഉല്പാദന ബോണസ്സ്

ഒരു ഹെക്ടറിന് 250 രൂപാ എന്ന നിരക്കിൽ നെൽകൃഷിക്ക് വിരിപ്പ്, മുണ്ടകൻ എന്നീ കൃഷികൾക്ക് ഉല്പാദന ബോണസ് നല്കുന്നു. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെട്ട് റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. കോഴാ പാടശേരം, കുര്യം പാടശേരം, എന്നീ പാടശേഖരകമ്മറ്റികൾ മുഖേനയാണ് വിതരണം നടത്തുന്നത്.

3. സംയോജിത സുഗന്ധവിള വികസന പദ്ധതി

കുരുമുളക് കൃഷി വികസനം, പുന രുദ്ധാരണം എന്നീ പദ്ധതികൾക്ക് 3 വർ ഷത്തേക്ക് തുടർച്ചയായി സബ്സിഡി നല്കുക. ഇഞ്ചി,മഞ്ഞൾ വൃക്ഷ സുഗന്ധ വിളകൾ എന്നി വയുടെ കൃഷികൾക്ക് സബ്സിഡി നല്കുക എന്നി വയാണ് ഘടകങ്ങൾ

ഘടകങ്ങൾ	93-94		94-95		1995-96	
	വിസ്തൃതി	തുക	വിസ്തൃതി	തുക	വിസ്തൃതി	തുക
കുരുമുളകു പുനരുദ്ധാരണം	10Ha	35000/-	10H	13000/-	10H	16000/-
കുരുമുളക് കൃഷി ഏരിയാ ഏക്സ് പാൻഷൻ	4a	20000/-	4"	8000/-	4	800
ഇഞ്ചി കൃഷി			2എണ്ണം	2400	2എണ്ണം	24000
ഡെമോൺ സ്ട്രേഷൻ						
മഞ്ഞൾ കൃഷി വികസനം			1	825	3	2475
മഞ്ഞൾ കൃഷി വികസനം			1ഹെ	4000	3ഹെ	
ഇഞ്ചി കൃഷി വികസനം				3ഹെ		
ഇഞ്ചി കീടനാശിനി						
ഡെമോൺട്രേഷൻ			6ഹെ	6000		
സ്പെയർ					1എണ്ണം	750

4. പ്രത്യേക ഘടക പദ്ധതി

പട്ടിക ജാതിയിൽ പെട്ട കർഷകരുടെ വിക സനത്തിനായി നടീൽ വസ്തുക്കൾ രാസവളം പണിയായുധങ്ങൾ എന്നിവ വിതരണം ചെയ്തു

ക്രമ നമ്പർ	ഘടകങ്ങൾ	93-94		94-95		95-96	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
1.	തെങ്ങിൻതൈ	200	3600	250	3750	800	12000
2	കുരുമുളകുവള്ളികൾ					1300	1950
3	രാസവളം	2ടൺ	5000	1ടൺ	4000	1.8ടൺ	9000
4	പണിയായുധങ്ങൾ	50എണ്ണം					

5. ബയോഗ്യാസ് വികസന പദ്ധതി

2 ക്യൂബിക് മീറ്റർ ബയോഗ്യാസ് പ്ളാൻറ് നിർമമിക്കുന്നതിന് 2400 രൂപാ സബ്സിഡി നല്കുകയും ബയോഗ്യാസ് പ്ളാൻറ് കൃഷി വകുപ്പിൻെറ നേതൃത്വത്തിൽ നിർമ്മിക്കുകയും ചെയ്യുന്നു.

	93-94		94-95	9-96
പ്ളാൻറുകളുടെ എണ്ണം	സബ്സിഡി		സബ്സിഡി എണ്ണം	സബ്സിഡി
12Nos	Rs.28800	3		7200

6. സംയോജിത തെങ്ങുകൃഷി വികസന പദ്ധതി

1994-95മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം തെങ്ങുകൃഷിക്ക് ജലസേചനം നടത്തുന്നതിന് കിണർ കുഴിക്കുന്ന തിന് പമ്പ് സെറ്റ് സ്ഥാ പിക്കുന്നതിനും 33 1/2% സബ്സിഡി (മാക്സിമം 2500 രൂപ വരെ) നല്കുന്നു. 3മുതൽ 5 വരെ കൃഷിക്കാർ കൂട്ടായി നടത്തുന്നു.ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിക്ക് 50% സബ് സിഡി 10000 രൂപ വരെ അനുവദിക്കും.

സാമൂഹിക ജലസേചന പദ്ധതികൾക്ക് 85% വരെ സബ്സിഡി നല്കുന്നു. റോക്കർ സ്പ്രേയർ വാങ്ങുന്നതിന് 1000 രൂപയും തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് 500 രൂപയും സബ്സിഡി ലഭിക്കും. ഈ പദ്ധതിയിൻകീഴിൽ 30 സെൻറ് സ്ഥലമുള്ള പട്ടികജാതി കർഷകർക്ക് കിണർ കുഴിക്കുന്നതിന് 9000രൂപാ സബ്സിഡി ലഭിക്കുന്നു.

നിലവിലുള്ള തെങ്ങുകൾക്ക് രാസവളം 75% സബ്സിഡി നിരക്കിൽ കേരവികസന സമിതി കൾവഴി മെമ്പർ മാർക്ക് വിതരണം നടത്തുന്നു.

ഘടകങ്ങൾ	94-95		95-96		96-97	
	No	Subsidy	No	Subsidy	No	Subsidy
1. കിണർകുഴിക്കുക30	75000	30	75000	30	75000	
2. പമ്പ്സെറ്റ്	30	75000	30	75000	35	87500
3. ഗ്രൂപ്പ് ഇറിഗേഷൻ			3	30000		
4 റോക്കർ സ്പെയർ			1	1000	4	4000
5 തെങ്ങുകയറ്റയന്ത്രം					2	1000
6 പട്ടികജാതി കർഷക്ക് കിണർ			1	5000		
7 കമ്യണിറ്റി ഇറിഗേഷൻ						
8 രാസവള വിതരണം	1	4,96000				

7. വെറ്റിലക്കൊടി വികസന പദ്ധതി

93-94	94-95	95-96
Rs. 4000/-	Rs. 2430/-	4000/-

8. പച്ചക്കറി വികസന പദ്ധതി

സ്കൂൾ കുട്ടികൾക്ക് വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിന് പച്ചക്കറി വിത്തു പാക്കറ്റുകൾ നല്കുക.

പച്ചക്കറികൾ	93-94	94-95	95-96
	1500 കിറ്റുകൾ	1422 കിറ്റുകൾ	500കിറ്റുകൾ
വിദ്യാർത്ഥികൾക്ക് സമ്മാനതുക	450	450	650

9.കൊക്കോകൃഷി വികസന പദ്ധതി

	93-94	94-95	95-96
1. ജലസേനത്തിനും പമ്പുസെറ്റു സ്ഥാപിക്കുന്നതിനും	7 എണ്ണം	7000	
2.കിണർ കുഴിക്കുക	1No.	2500	
3. കൊക്കോകൃഷി പുനരുദ്ധാരണപദ്ധതി	2000	1Ha	

10.പയർ വർഗ്ഗ വികസന പദ്ധതി

പയർവിത്ത്, വെള്ളം, കീടനാശിനികൾ, എന്നിവ 75% സബ്സിഡിയിനത്തിൽ കർഷകർക്ക് വിതരണം നടത്തുന്നു.

	93-94	94-95	95-96
പയർവിത്ത്	120kg	440kg	200kg
ചെറുപയർവിത്ത്	450kg		
ഉഴുന്നുവിത്ത്	20 k.g		
കീടനാശിനി	30ഹെ	Rs.4350	20ഹെ.10ഹെ
		2900	1450

11.ഫലവർഗ്ഗ കൃഷികളുടെ വികസന പദ്ധതി

ഫലവർഗ്ഗ ചെടികൾ വിതരണം നടത്തുക സബ്സിഡി നിരക്കിൽ ഏത്തവാഴ വിത്തുകൾ കർഷകർക്ക് വിതരണം നടത്തുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു

12. യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽദാന പദ്ധതി

ഒരുലക്ഷം യുവജനങ്ങളെ ഈ പദ്ധതിയിൻ കീഴിൽ 1100 രൂപ അടച്ച് അംഗങ്ങളായി രജിസ്റ്റർ ചെയ്യുകയും അവരെ കൃഷിയും മറ്റും അനുബന്ധ മേഖലകളിലുമായി തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുക 60 വയസ്സ് പൂർത്തിയാകുമ്പോൾ 30000 രൂപ മുതൽ 60000 രൂപ വരെ ഗ്രാറ്റുവിറ്റി നൽകുകയും മാസം തോറും 1000 രൂപ വീതം പെൻഷൻ നൽകുകയും ചെയ്യും. കുറവിലങ്ങാട് പഞ്ചായത്തിൽ ഈ പദ്ധതി 93 യുവജനങ്ങളെ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1996-97 വർഷത്തെ പദ്ധതികൾ

- *1. സംയോജിത തെങ്ങുകൃഷി വികസന പദ്ധതി*

1. ജലസേചനത്തിന് കിണർ കുഴിക്കുക 30 Nos. - Rs. 75000/- as subsidy
2. പമ്പുസെറ്റ് സ്ഥാപിക്കുക 35 Nos. Rs. 57500/-
3. റോക്കർ സ്പെയർ വാങ്ങുക 4 Nos. Rs. 4000/-
4. തെങ്ങുകയറ്റയന്ത്രം 2 No. Rs. 1000/-
5. രാസവളവിതരണം 15500 തെങ്ങുകൾക്ക് -Rs. 1,24,000/- = subsidy

2. സംയോജിത സുഗന്ധവിള വികസന പദ്ധതി

1. കുരുമുളക് പുനരുദ്ധാരണം

3-ാം വർഷം	10 ഹെക്ടർ	Rs. 16,000/-
1-ാം വർഷം	5 ഹെക്ടർ	Rs. 17,500/-

2. ഇഞ്ചികൃഷി വികസനം - 1 ഹെക്ടർ - Rs. 5,000/-
3. കുരുമുളക് ഡെമോൺസ്ട്രേഷൻ 1 എണ്ണം Rs. 225/-
4. വൃക്ഷസുഗന്ധവിള 1 എണ്ണം Rs. 400/-
5. മഞ്ഞൾ സെമോൺസ്ട്രേഷൻ 1 എണ്ണം Rs. 825/-
6. മണ്ണു സംരക്ഷണം 1 ഹെക്ടർ Rs. 3000/-

3. കൊക്കോകൃഷി വികസന പദ്ധതി

കൊക്കോപുനരുദ്ധാരണപദ്ധതി 1 ഹെക്ടർ Rs. 1000/-

4. ബയോഗ്യാസ് വികസന പദ്ധതി

6. ബയോഗ്യാസ്പ്ലാൻറുകൾ Rs. 14,400/-

5. പ്രത്യേക ഘടകപദ്ധതി

രാസവളം 15 ടൺ Rs. 5000/-

പച്ചക്കറികൃഷി 10 പേർക്ക് Rs. 2500/-

6, പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിതരണം

52 കർഷകർക്ക് - Rs. 30725

7. ഓണത്തിന് ഒരു വാഴക്കുല

ഈ പദ്ധതിയിൻകീഴിൽ കുറവിലങ്ങാട് St. Mary's boy's High School ലെ 48 വിദ്യാർത്ഥികൾക്ക് 3 ഏത്തവാഴവിത്തുകൾ വീതം വിതരണം നടത്തി അവരുടെ വീട്ടുവളപ്പിൽ ശാസ്ത്രീയമായി കൃഷി ചെയ്യിച്ച് ഓണക്കാലത്ത് ഏത്തക്കുല ഉൽപാദിപ്പിക്കുക എന്നതാണ് ചെയ്യുന്നത്.

48 വിദ്യാർത്ഥികൾ - 144 വാഴവിത്ത് Rs.1440/-

8. നെൽകൃഷി ഉൽപാദന ബോണസ്

വിരിപ്പ്, മുണ്ടകൻകൃഷികൾക്ക് ഉൽപാദനബോണസ് ഒരു ഹെക്ടറിന് 250 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.

9. നടീൽ വസ്തുക്കളുടെ വിതരണം.

1. തെങ്ങിൻകൈകൾ - 1000 എണ്ണം
2. കൈരളി നെല്ലു വിത്ത് - 3350 കിലോ
3. കുരുമുളക് വള്ളികൾ - 32000 എണ്ണം

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മണ്ണൊലിപ്പ് തടയുന്നതിന് ഇടക്കയ്യാലകൾ, കാനകൾ, ചെക്ക് ഡാമുകൾ ഇവ നിർമ്മിക്കാൻ സാമ്പത്തികസഹായം നൽകുക
2. പഞ്ചായത്തുതലത്തിൽ മണ്ണു പരിശോധനാകേന്ദ്രം സ്ഥാപിക്കുക.
3. ജൈവവളങ്ങൾ ജൈവകീടനാശിനികൾ എന്നിവയുടെ ഉപയോഗത്തിന് വ്യാപകമായ പ്രചാരണവും സാമ്പത്തികസഹായവും നൽകുക.
4. അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധശേഷിയും ഉള്ള വിത്തിനങ്ങൾ കർഷകർക്ക് എത്തിക്കുക.
5. പച്ചക്കറി പഴവർഗ്ഗസംഭരണ സംസ്ക്കരണ വിതരണകേന്ദ്രം സ്ഥാപിക്കുക.

6. കാർഷികവിള മൽസരങ്ങൾ സംഘടിപ്പിക്കുക അവാർഡുകൾ നൽകുക

7. വാർഡുതലത്തിൽ കർഷകക്ലബ്ബുകൾ സ്ഥാപിക്കുക കാലാകാലങ്ങളിൽ കർഷകർക്കുള്ള ആനുകൂല്യങ്ങളും സാമ്പത്തികസഹായങ്ങളും ക്ലബ്ബുകൾ മൂലം വിതരണം ചെയ്യുക.

8. കർഷകതൊഴിലാളികൾക്ക് ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ഏർപ്പെടുത്തുക.

9. കർഷകന് പെൻഷൻ ഏർപ്പെടുത്തുക

10. കൃഷിയെ വ്യവസായമായി അംഗീകരിക്കുക

    കർഷകന് പെൻഷൻ ഏർപ്പെടുത്തുക

11. കർഷകർക്ക് ന്യായവിലയും വില സ്ഥിരതയും ഉറപ്പു വരുത്തുക.

12. അടുക്കളകൃഷിയും ഉദ്യാനകൃഷിയും പ്രോത്സാഹിപ്പിക്കുക.

13. എല്ലാ കൃഷിക്കും വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

14. കൃഷിപഠനയാത്രകൾ കർഷകർക്കുവേണ്ടി ദേശീയതലത്തിൽ നടത്തുവാൻ സംവിധാനം ഉണ്ടാക്കുക.

15. റബ്ബർ കുരുമുളക്, തെങ്ങ് കൃഷി കൂടുതൽ വ്യാപകമാക്കാൻ അവയുടെ നേഴ്സറികൾ സ്ഥാപിക്കുകയും സബ്സിഡി വിലയ്ക്കും വിതരണം ചെയ്യുകയും ചെയ്യുക.

16. കടുക്കമറ്റം മുതൽ മൂലംങ്കുഴയ്ക്കൽ വരെയും മൂലക്കുഴ മുതൽ ഞരളം കുളം വരെയും ഉള്ള തോടിന്റെ ഇരുസൈഡുകളും സംരക്ഷണ ഭിത്തി കെട്ടി നെൽകൃഷി സംരക്ഷിക്കുക.


17. മൂവാറ്റുപുഴ നദീതടജലസേചനപദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന കനാൽ കടന്നുപോകുന്ന റൂട്ടിലുള്ള അപാകതകൾ നീക്കി പണി പൂർത്തിയാക്കുക

18. കേരവികസന സമിതി വഴി കേരകർഷകർഷകർക്കുള്ള വളം, ജലസേചനത്തിനുള്ള കിണർ, മോട്ടർ എന്നിവ കൂടുതൽ സബ്സിഡിയായും കൂടുതൽ കർഷകർക്ക് കൊടുക്കുന്നതിനുള്ള ബഹുത്പദ്ധതിയാക്കുക.

19. 1-ാം വാർഡിനു തെങ്ങു കൃഷിയുടെ വികസനത്തിനുവേണ്ടി ഒരു കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

22. കർഷകർക്ക് അവരുടെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി കയ്യാലകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുക.

2 മൃഗ സംരക്ഷണം



കുറവിലങ്ങാടു പഞ്ചായത്തിലെ എല്ലാ സമ്പന്ന കുടുംബങ്ങളിലും പഴയകാലത്ത് തൊഴുത്തുനിറയെ കന്നുകാലികൾ ഉണ്ടായിരുന്നു. അക്കാലത്ത് കന്നുകാലികളുടെ എണ്ണം സമ്പന്നതയെ വിളിച്ചറിയിക്കുന്ന ഘടകമായിരുന്നു. പഴയകാലത്ത് ഭൂരിപക്ഷം വീട്ടുകാർക്ക് നെൽകൃഷി ഉണ്ടായിരുന്നു. അന്ന് നിലം ഉഴുന്നതിനുവേണ്ടി നെൽക്കൃഷി ഉള്ള വീടുകളിൽ എല്ലാം തന്നെ കാളകളെ വളർത്തിയിരുന്നു. പാൽ ഉൽപാദനത്തിന് പശു ആട് എരുമ എന്നിവയെയും, മാംസാവശ്യത്തിനായി പന്നിയെയും കോഴിയെയും വളർത്തിയിരുന്നു.

ആദ്യകാലത്ത് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി റബർകൃഷി നിലവിൽ ഇല്ലായിരുന്നതുകൊണ്ട് ധാരാളം മേച്ചിൽസ്ഥലങ്ങൾ ഉണ്ടായിരുന്നതിനാൽ വളർത്തുമൃഗങ്ങളുടെ സംരക്ഷണം ക്ലേശരഹിതവും ചിലവു കുറഞ്ഞതുമായിരുന്നു. കാലികളെ പഴയകാലത്ത് അഴിച്ചുവിട്ടു തീറ്റുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. അതുകൊണ്ടു തന്നെ കാലിത്തീറ്റയെ കാര്യമായി ആശ്രയിക്കാതെ കാലിവളർത്തൽ ലാഭകരമായി നടത്തിയിരുന്നു. പഴയകാലത്ത് മൃഗചികിത്സക്ക് കൂടുതലായും നാടൻമരുന്നുകളാണ് ഉപയോഗിച്ചിരുന്നത്. ധവളവിപ്ലവ്തിന്റെ ഫലമായി കറവ കുറഞ്ഞ നാടൻ ഇനങ്ങൾക്കു പകരം സങ്കര ഇനങ്ങൾ രംഗപ്രവേശനം ചെയ്തു.

നമ്മുടെ മൃഗസമ്പത്തു വളരെ വലുതാണെങ്കിലും ഇതിനനുസൃതമായ ഉൽപാദനം ആ മേഖലയിൽ നിന്നും ഉണ്ടാകാറില്ല. പാൽ മുട്ട മാംസം എന്നിവയുടെ കാര്യത്തിൽ നാം ഇനിയും സ്വയം പര്യാപ്തത നേടിയിട്ടില്ല. പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗം ആളുകൾ കൃഷിക്കാരാണ്. അതുകൊണ്ട്തന്നെ അവർ മൃഗസംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്നു. പഞ്ചായത്തലെ വളർത്തുമൃഗസംഖ്യയുടെ പട്ടിക താഴെ ചേർക്കുന്നു.

പശുക്കൾ നാടൻ		പശുക്കൾ സങ്കര ഇനം		പശുക്കൾ കറവയുള്ളത്	പശുക്കൾ കറവയി ല്ലാത്തത്	ആകെ പശുക്കൾ		
കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്					
521	604	1628	872	2149	1376	3525		
എരുമ കറവ് യുള്ളത്		കറവയില്ലാത്തത്		ആകെ	പോത്ത്	കാള നാടൻ	സങ്കരം	ആകെ
34		11		45	22	365	206	671
ആട്		പട്ടി						
1850		1066						

ഈ പഞ്ചായത്തിലെ ഇടത്തരം കർഷകരുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് ക്ഷീരോൽപാദനം. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തോട്ടുവ ക്ഷീരോൽപാദക സഹകരണസംഘത്തിലും കുറവിലങ്ങാട് ക്ഷീരോൽപാദകസംഘത്തിലും കുര്യം ക്ഷീരോൽപാദകസംഘത്തിലും കൂടി പ്രതിദിനം 650 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. കൂടാതെ മറ്റ് ഏജൻസികളും വഴി 500 ലിറ്റർ പാലും സംഭരിക്കുന്നുണ്ട്. ഇവിടുത്തെ ശരാശരി 50% വീടുകളിലും അവരവരുടെ ആവശ്യത്തിനുള്ള പാൽ ഉൽപാദനം നടക്കുന്നുണ്ട്.

പ്രതിദിനം 500 ലിറ്റർ പാൽ കേന്ദ്രസംഘത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്. പഞ്ചായത്തിൽ കൂടുതലായി ഇപ്പോൾ കണ്ടുവരുന്നത് സങ്കരയിനം പശുക്കളെയാണ്. കൂടാതെ പോത്ത്, കാള എരുമ ആട് എന്നീ വളർത്തുമൃഗങ്ങളും ഉണ്ട് എന്നാൽ ഇവ താരതമ്യേന കുറവാണ്. പഴയ കാലത്ത് കാളകളെ നിലം ഉഴുന്നതിനു വേണ്ടി മിക്ക വീടുകളിലും വളർത്തിയിരുന്നു. അതുപോലെ തന്നെ വണ്ടി വലിക്കുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു.

പോത്ത്: പോത്തിനെ നിലം ഉഴുന്ന ആവശ്യത്തിനും മാംസാവശ്യത്തിനും ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഇവയുടെ എണ്ണം പഴയതിലും അധികമാണ്.

എരുമ: എരുമ വളർത്തൽ താരതമ്യേന വളരെ കുറവാണ്. എരുമയെ വളർത്തുവാൻ പറ്റിയ കാലാവസ്ഥയല്ല പഞ്ചായത്തിലുള്ളത്. അതിനാൽ പഞ്ചായത്തിൽ ഇവയുടെ എണ്ണം കുറവാണ്.

ആട്: ആടു വളർത്തൽ ഇവിടുത്തെ മിക്ക വീടുകളിലും നിലവിലുണ്ട്. പാലിനും മാംസത്തിനും വേണ്ടിയാണ് അവയെ വളർത്തുന്നത്.

പന്നി: ഇവിടുത്തെ 25% വീടുകളിൽ പന്നി വളർത്തൽ സർവ്വസാധാരണമാണ്. നാടൻ പന്നികളും ശീമപന്നികളും കണ്ടുവരുന്നു. നാടൻ പന്നികളെ അപേക്ഷിച്ച് ശീമപ്പന്നി താരതമ്യേന കുറവാണ്. പന്നിവളർത്തൽ വ്യാവസായികമായി നടത്തുന്നവരുണ്ട്. കയറ്റി അയയ്ക്കുവാനും മാംസാവശ്യത്തിനുമായി ഉപയോഗിച്ചുവരുന്നു.

എന്നാൽ ഇവയെ എല്ലാം ലാഭകരമായി നടത്തുവാൻ പല പ്രതിസന്ധികളും കർഷകർ നേരിടുന്നു.

രോഗങ്ങൾ: വളർത്തുമൃഗങ്ങൾക്ക് സാധാരണയായി പലവിധ രോഗങ്ങൾ കണ്ടുവരുന്നു.

സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി
1	ദഹനസംബന്ധമായ രോഗം	1012	-	454	51	50
2.	ശ്വാസകോശസംബന്ധമായ രോഗം	68	-	28	4	-
3.	ഉദര സംബന്ധം	9	-	18	-	-
4.	തൊക്ക്രോഗം	86	-	11	2	-
5.	ധാതു ഉൽപന്നങ്ങളുടെ അഭാവം	112	-	8	2	
6.	പരാഗരോഗങ്ങൾ	840	18	78	8	
7.	പ്രത്യുൽപാദനപരമായ	244	25	-	-	-
8.	വന്ധ്യത	51	-	-	-	-
9.	അകിടുവീക്കം	91	-	11	2	-
10.	മുടന്തൻ പനി	257	-	-	-	-
11.	മറ്റു രോഗങ്ങൾ	163	-	64	-	5

സ്ഥാപനങ്ങളുടെ അഭിവൃത്തിയെ സംബന്ധിച്ച് നമുക്ക് ശാസ്ത്രീയമായി വിലയിരുത്താൻ കഴിയും.

അത്യുൽപാദനശേഷിയുള്ള നല്ലയിനം പശുക്കുട്ടികളുടെ ലഭ്യതക്കുറവ്. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനമൂലം കർഷകർക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു. ഉൽപാദിപ്പിക്കുന്ന പാലിന് ന്യായമായ വില ലഭിക്കാത്തതുമൂലം പലപ്പോഴും നഷ്ടം നേരിടുന്നു. പുൽക്കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം കുറവായതുകൊണ്ടും സ്ഥലപരിമിതികൊണ്ടും പുൽക്കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. തൻമൂലം കാലിത്തീറ്റയെ മാത്രം കർഷകർ ആശ്രയിക്കേണ്ടിവരുന്നു. രോഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭ്യമാകുന്നുണ്ടെങ്കിലും ആധുനിക ചികിത്സാവിധികളുടെ അഭാവം മൂലം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴായിലുള്ള മൃഗാശുപത്രിയും തോട്ടുവായിലുള്ള ICDP സബ് സെൻററും ഒരു പരിധിവരെ കർഷകർക്ക് ആശ്വാസം നൽകുന്നു. ആധുനികരീതിയിലുള്ള കാലിത്തൊഴുത്തുകൾ നിർമ്മിക്കുവാൻ സാധിക്കാത്തതുകൊണ്ടും ശുചിത്വം ഇല്ലായ്മ മൂലവും വളർത്തു മൃഗങ്ങൾക്ക് വളരെയധികം രോഗങ്ങൾ ഉണ്ടാകുന്നു.

വളർത്തു പക്ഷികൾ

നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും തന്നെ വിപുലമായ തോതിൽ കോഴിവളർത്തൽ നടക്കുന്നുണ്ട്. അതുപോലെതന്നെ താറാവു കൃഷിയും നടക്കുന്നു. കോഴിവളർത്തലിനെ

അപേക്ഷിച്ച് താറാവ്കൃഷി താരതമ്യേന കുറവാണ്. പഞ്ചായത്തിലെ വളർത്തു പക്ഷികളുടെ കണക്ക് താഴെ ചേർക്കുന്നു.

പൂവൻകോഴി	1129
പിടക്കോഴി	13656
മുട്ടയിടാത്തത്	2477
ആകെ കോഴികൾ	17262
താറാവ് ആൺ	36
പെൺ	153
ആകെ താറാവുകൾ	189

മുട്ടയിടുന്ന കോഴികളെ കൂടാതെ ഇറച്ചിക്കോഴി വളർത്തുന്ന നിരവധി കുടുംബങ്ങൾ വ്യവസായിക അടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. ഇറച്ചിക്കോഴി വളർത്തൽ ലാഭകരമായ ബിസിനസ്സ് ആണെങ്കിലും അപ്രതീക്ഷിതമായുണ്ടാകുന്ന വസന്തയും കോഴിത്തീറ്റയുടെ വില വർദ്ധനവും മാംസത്തിന്റെ വിലവ്യത്യാസവും മൂലം ഇത് വിപുലമായ തോതിൽ നടത്തുവാൻ സാധിക്കാതെ വരുന്നു.

കോഴി വളർത്തി മുട്ടവിൽപ്പന വ്യവസായികമായി നടത്തുന്ന ഭവനങ്ങൾ പഞ്ചായത്തിൽ ഇല്ല. ഇറച്ചി ആവശ്യത്തിനായും മുട്ട ആവശ്യത്തിനായും വളർത്തുന്നു. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവും കോഴികൾക്കുണ്ടാകുന്ന പകർച്ചവ്യാധി ദഹനസംബന്ധമായ അസുഖങ്ങൾ എന്നിവമൂലവും മുട്ടക്കോഴിവളർത്തൽ മെച്ചമാകുന്നില്ല.

താറാവുകൃഷി പഞ്ചായത്തിൽ വിപുലമായ തോതിൽ നടത്തുവാൻ പറ്റിയ സാഹചര്യം ഇല്ല. വളരെ ചുരുക്കം വീടുകളിൽ മാത്രമേ താറാവു കൃഷി നിലവിലുള്ളൂ.

പട്ടിവളർത്തൽ

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും വളർത്തുനായ്ക്കൾ ഉണ്ട്. ഇവ നാടൻ അൾസേഷ്യൻ, ടോബർമാൻ എന്നിവയും ഉണ്ട്. വീടുകളുടെ സുരക്ഷിതത്വത്തിനും ഇവ പ്രധാന പങ്ക് വഹിക്കുന്നു. ഇവയെക്കൂടാതെ ചുരുക്കം ചില വീടുകളിൽ, ഡാഷ്, ജർമ്മൻ ഷെപ്പേർഡ്, പോമറേനിയൻ എന്നീ പട്ടികളും കണ്ടുവരുന്നു.

മീൻവളർത്തൽ

മീൻ വളർത്തൽ പഞ്ചായത്തിൽ നിലവിലില്ല. വെള്ളത്തിന്റെ ദൗർലഭ്യം മൂലം മീൻ വളർത്താൻ പറ്റിയ സാഹചര്യം അല്ല. എന്നാൽ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുളങ്ങൾ നിർമ്മിച്ചാൽ മീൻ വളർത്തൽ ലാഭകരമായി നടത്താവുന്നതാണ്.

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി കോഴാ മൃഗാശുപത്രി വഴി നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

കഴിഞ്ഞ 5 വർഷങ്ങളിൽ കോഴാ മൃഗാശുപത്രി വഴി നടപ്പാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ. മൃഗാശുപത്രിയിൽകൂടി അസുഖത്തിനു കന്നുകാലികളേയും പക്ഷികളേയും ചികിത്സിക്കുകയും ഇവരുടെ ആരോഗ്യപരിപാലനത്തിന് ശ്രദ്ധിക്കുകയും ചെയ്തു. കൃത്രിമ ബീജദാനംവഴി കന്നുകാലികൾക്കും എരുമകൾക്കും കൃത്രിമബീജസങ്കലനം നടത്തുകയും അങ്ങനെ കൂടുതൽ ഉൽപാദനശേഷിയുള്ള ഉരുക്കളെ വാർത്തെടുക്കാനും സാധിച്ചു. ഇനി ഇപ്പോൾ പുതുതായി നടപ്പിലാക്കുന്ന ഭ്രൂണമാറ്റം കൂടി ഇവിടെ കിട്ടുകയാണെങ്കിൽ കുറേക്കൂടി വർഗ്ഗഗുണം ഉള്ള ജന്നസ്സിനെ ഉൽപ്പാദിപ്പിയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതിനുപുറമെ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

1. പന്നിവിതരണം

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പിഗ്പ്രീവിങ്ങ് പദ്ധതി പിഗ് ഫാറ്റണിംഗ് പദ്ധതി എന്നിവ നടപ്പിലാക്കുന്ന വഴി പിഗ്പ്രീവിംഗ് പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് അഞ്ച് പെൺപന്നിക്കുഞ്ഞുങ്ങളേയും ഒരു ആൺപന്നിയേയും പകുതി വിലയ്ക്ക് നൽകുകയാണ് ചെയ്തത്. കൂടാതെ പന്നിക്കൂട് പണിയുന്നതിനുവേണ്ടി 7000 രൂപ സബ്സിഡിയും നൽകുകയുണ്ടായി. കർഷകർക്ക് എല്ലാംകൊണ്ടും പ്രയോജനമുള്ള പദ്ധതിയാണ് ഇത്. ഇത് വരും വർഷങ്ങളിലും തുടർന്ന് നടപ്പിലാക്കേണ്ടതാണ്. അതുപോലെ പിഗ്ഫാറ്റണിംഗ് പദ്ധതി പ്രകാരം കർഷകർക്ക് രണ്ടു പന്നികളെ പകുതി വിലയ്ക്ക് വിതരണം ചെയ്യുകയുണ്ടായി. ഇവയെ വളർത്തി ഇറച്ചിയ്ക്കാവശ്യത്തിനായി ഉപയോഗിക്കാനായിരുന്നു. ഇതും തുടരണ്ട ഒരു പദ്ധതിയാണ്.

2. കോഴിവിതരണം

പകുതിവിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം കഴിഞ്ഞ വർഷങ്ങളിൽ കോഴികളെ വിതരണം ചെയ്യുകയുണ്ടായി. ഇതുമൂലം കർഷകർക്ക് കോഴിവളർത്താൻ ഉള്ള താൽപര്യം ഉണ്ടാകുകയും നമ്മുടെ നാട്ടിലെ മുട്ടുൽപാദനം കൂട്ടുകയുമായിരുന്നു ലക്ഷ്യം. പക്ഷേ ഇങ്ങനെ വിതരണ് ചെയ്യുന്ന കോഴികളിൽ ഗണ്യമായ ഒരു ഭാഗം രോഗം പിടിച്ച് നഷ്ടപ്പെടുന്നു. അതിനാൽ ഇങ്ങനെ വിതരണം ചെയ്യുന്ന കോഴികളെ ഇൻഷ്വർ ചെയ്യുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

3. ഗോരക്ഷാക്യാമ്പുകൾ

കഴിഞ്ഞ വർഷങ്ങളിൽ ഗോരക്ഷാക്യാമ്പുകൾ നടത്തുകയുണ്ടായി. ഈ ക്യാമ്പുകൊണ്ട് ഉദ്ദേശിക്കുന്നത് കൃഷിക്കാർക്ക് എല്ലാ സേവനങ്ങളും ഒരു ക്യാമ്പിൽ നൽകുക എന്നതുകൂടാതെ കൂടുതൽ ഉൽപാദനശേഷിയുള്ള ഉരുക്കളെ കണ്ടെത്തുവാനും ഇത് ഉപകരിക്കുന്നു. ഈ ക്യാമ്പിൽപ്പെട്ട കന്നുകാലികൾക്കു ബാധിക്കുന്ന പകർച്ചവ്യാധികൾക്കെതിരേ പ്രതിരോധ കുത്തിവെയ്പു നടത്തുന്നു. ഇതും തുടർന്ന് നടപ്പിലാക്കേണ്ട പദ്ധതിയാണ്.

4. വന്ധ്യതാ പരിശോധനക്യാമ്പുകൾ

എല്ലാ വർഷവും ഓരോ വന്ധ്യതാ പരിശോധനക്യാമ്പുകൾ നടത്തുകയുണ്ടായി പലപ്രാവശ്യം ബീജസങ്കലനം നടത്തുകയും ഗർഭിണികളാകാത്ത മൃഗങ്ങളേയും പ്രായപൂർത്തിയായിട്ടും മദിലക്ഷണം കാണിക്കാത്ത കിടാരികളെയും ഈ ക്യാമ്പുകളിൽ പരിശോധിച്ച് വേണ്ട ചികിത്സ നൽകുകയും ചെയ്തുട്ടും. യം ഗർഭിണിയായില്ലെങ്കിൽ അത് കർഷകന് ഒരു ഭാരിച്ച നഷ്ടത്തിൽ കലാശിക്കുന്നതാണ്. അതുകൊണ്ട് ഇത് വളരെയധികം പ്രയോദനപ്രദമാണ്. തുടർന്നും നടപ്പിലാക്കേണ്ട പദ്ധതിയാണ്.

5. പേവിഷനിർമ്മാർജ്ജനപരിപാടി

മൃഗങ്ങൾക്കു മാത്രമല്ല മനുഷ്യരിലും ഗുരുതരമായ ആഘാതങ്ങൾ ഉണ്ടാക്കുന്ന രോഗമാണ് പേവിഷബാധ. രോഗം ബാധിച്ചമൃഗങ്ങൾ കടിക്കുമ്പോൾ ഈ രോഗം മനുഷ്യർക്കും പകരുന്നു. യാതൊരുവിധ ചികിത്സയും ഇല്ല എന്നതുകൊണ്ടുതന്നെ ഈ രോഗത്തിന്റെ തീവ്രത ഏറുന്നു. ഇതിനു പ്രതിരോധമായി കുത്തിവെയ്പ് എടുക്കുക എന്നുള്ളതു മാത്രമേ മാർഗ്ഗമുള്ളൂ. അതുപോലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളേ കൂട്ടത്തോടെ നശിപ്പിക്കുകയും ചെയ്യുക. കഴിഞ്ഞ വർഷത്തിൽ പ്രതിരോധകുത്തിവെയ്പ് എടുക്കുകയുണ്ടായി. എങ്കിലും പഞ്ചായത്തിലെ മുഴുവൻ നായ്ക്കളേയും കുത്തിവെയ്ക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. രോഗത്തിന്റെ തീവ്രത ചിന്തിക്കുമ്പോൾ ലക്ഷ്യം എത്രയും നേരത്തെ സാധിക്കുന്നതാണ് നല്ലത്.

ഗ്രാമപഞ്ചായത്തുതലത്തിൽ ഗ്രാമീണ കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുവാൻ ഉതകുന്ന പദ്ധതികൾ താഴെ ചേർക്കുന്നു;

വിജ്ഞാനവ്യാപന പരിപാടികൾ:-

പഞ്ചായത്തിലെ ജനങ്ങൾ മുഴുവൻ സാക്ഷരത ആണ് എന്നത് വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾക്ക് കരുത്തേകും. ശാസ്ത്രീയ അവബോധം ഉള്ള കർഷകർക്ക് പുതിയ സാങ്കേതികവിദ്യ മനസ്സിലാക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനും വിഷമമില്ല. നൂതനസാങ്കേതിക വിദ്യകൾ ജനസാമാന്യത്തിന് എത്തിക്കുന്നത് ഈ പഞ്ചായത്തിന്റെ പ്രാഥമിക ചുമതലയായി കണക്കാക്കാം. ക്ഷീരവികസനരംഗത്തെ ശാസ്ത്രീയ കാഴ്ചപ്പാടുകളും പ്രായോഗികമായ നവീന പാതയും കാണിച്ചുകൊടുക്കേണ്ടതാണ്. യുവാക്കളായ കർഷകരെ ക്ഷീരവികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാൻ ഇതു പ്രചോദനം നൽകും. ദുർബല വിഭാഗത്തിലുള്ള ക്ഷീരകർഷകർക്ക് ഈ പരിപാടി നവീനമായ ഒരു ധൈര്യം പകരും. വനിതകളെ ആകർഷിക്കത്തക്ക വിധം സമയവും സ്ഥലവും സമീപനവും സ്വീകരിക്കേണ്ടതാണ്.

ലക്ഷ്യങ്ങൾ

ക്ഷീരോൽപാദനം ലാഭകരമാക്കുക.

ക്ഷീരോൽപാദന മേഖലയിലെ അനന്ത സാദ്ധ്യതകൾ കർഷകർക്ക് തുറന്ന് കൊടുക്കുക.

ചെറുപ്പക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക.

ക്ഷീരോൽപാദനം ശാസ്ത്രീയമാക്കുക.

വനിതകളെ ഈ മേഖലയിലെ നൂതന സാദ്ധ്യതകളിൽ ആകൃഷ്ടരാക്കുക.

ദുർബല വിഭാഗങ്ങൾക്ക് ലാഭകരമായ ഒരു തൊഴിൽ മേഖലയിലെ വാതായനങ്ങൾ തുറന്ന് കൊടുക്കുക.

1) കർഷകസമ്പർക്ക പരിപാടി

ക്ഷീര സഹകരണ സംഘം, വായനശാല, മഹിളാസമാജം തുടങ്ങിയ സ്ഥാപനങ്ങളിൽ നൂറിൽ താഴെ വരുന്ന കർഷകർക്കായി അർദ്ധദിന പരിപാടിയായി സംഘടിപ്പിക്കുന്നു. ക്ഷീര വികസനം, മൃഗസംരക്ഷണം, കൃഷി എന്നീ മേഖലയിലെ ഉദ്യോഗസ്ഥൻമാർ ചർച്ചകൾക്ക് നേതൃത്വം നൽകുന്നു. ലഘുഭക്ഷണ ചെലവുകൾക്കായി ഓരാൾക്ക് അഞ്ചു രൂപ നിരക്കിൽ അഞ്ഞൂറു രൂപയിൽ അധികരിക്കാത്ത സംഖ്യയും ഉച്ചഭാഷിണി, നോട്ടീസ് തുടങ്ങിയവയ്ക്കായി 250 രൂപയും ചേർത്ത് ആകെ എഴുനൂറ്റിഅൻപത് രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു കർഷക സമ്പർക്ക പരിപാടിയ്ക്ക് ചെലവാക്കാവുന്നതാണ്.

2) ക്ഷീരോൽപന്ന നിർമ്മാണ പ്രദർശനം

ഇരുപത്തിയഞ്ചിലധികം വരാത്ത വനിതകൾക്ക് നാടൻ ക്ഷീരോൽപന്ന നിർമ്മാണത്തിൽ താൽപര്യം ജനിപ്പിക്കുന്നതിനായി നടത്തുന്ന ഈ അർദ്ധദിന പരിശീലന പരിപാടി ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നയിക്കും. അസംസ്കൃതസാധനങ്ങൾ വാങ്ങാനും ലഘുഭക്ഷണ ചെലവുകൾക്കുമായി ഇരുനൂറ്റിഅൻപത് രൂപ ഗ്രാമപഞ്ചായത്ത് സഹായം നൽകും. ഉപകരണങ്ങൾ തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്വത്തോടെ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥൻമാർ ഒരുക്കുന്നതാണ്.

വാർഷിക പദ്ധതികൾ

1) മാതൃകാഡയറി ഫാം യൂണിറ്റ്

കാലിത്തൊഴുത്ത് നിർമ്മിച്ച രണ്ട് സങ്കരയിനം കറവപശുക്കളെ മാതൃകാപരമായി സംരക്ഷിച്ച് ക്ഷീരോൽപ്പന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതിയാണ്. പശുവളർത്തൽ ഒരു സ്വയം

തൊഴിൽ ആയി സ്വീകരിച്ചവർക്ക് ഇതിന് മുൻ ഗണന നൽകാവുന്നതാണ്: ഇപ്പോഴത്തെ ഉയർന്ന നിർമ്മാണച്ചെലവും കറവപശുക്കളുടെ വിലയും പരിഗണിച്ച് ധനസഹായത്തുക പതിനായിരം രൂപ നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് തലത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം:

നല്ല പാർപ്പിടം കറവപശുക്കളിൽ ഇരുപത് ശതമാനത്തോളം പാലുൽപാദനം വർദ്ധിപ്പിക്കാൻ സഹായിക്കും. രണ്ടു പശുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന വൃത്തിയുള്ള, ഉറപ്പുള്ള നല്ല മേൽക്കുരയും തറയുമുള്ള മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ രണ്ടായിരം രൂപ ധനസഹായം നൽകാവുന്നതാണ്. നല്ല പശുക്കൾ ഉണ്ടെങ്കിലും കാലിത്തൊഴുത്ത് നിർമ്മിക്കാൻ കഴിവില്ലാത്ത അർഹരായ കർഷകർക്ക് മുൻഗണന നൽകിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ കൂടുതൽ കർഷകരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

തീറ്റപ്പുൽകൃഷി വികസനം :

കാലിത്തീറ്റയിൽ പച്ചപ്പുല്ലിന്റെ പ്രാധാന്യം ഏറെയാണ്. പിണ്ണാക്ക്, കാലിത്തീറ്റ മിശ്രിതം എന്നിവയുടെ അനുദിനം വർദ്ധിച്ചു വരുന്ന വിലകാരണം ഇവയെ മാത്രം ആശ്രയിച്ചുള്ള കാലിവളർത്തൽ നഷ്ടമാകുന്നു. ഇന്ന് വയ്ക്കോലിനു പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെങ്ങിൻ തോട്ടങ്ങൾ, കൃഷിയ്ക്ക് അനുയോജ്യമല്ലാത്ത തരിശുഭൂമി, കനാൽതീരങ്ങൾ, കൃഷി ഭൂമിയുടെ അതിർവരമ്പുകൾ, പഞ്ചായത്ത് വക ഭൂമി എന്നിവിടങ്ങളിൽ ആ പ്രദേശത്തിന് അനുയോജ്യമായ സമ്മിശ്ര പുൽകൃഷി നടത്താവുന്നതാണ്. ഇതുവഴി കന്നുകാലികളുടെ തീറ്റച്ചിലവ് കുറച്ച് ക്ഷീരോൽപാദനം ലാഭകരമാക്കാനും, പയർ വർഗ്ഗ കൃഷികൾ വഴി മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കാനും സാദിക്കുന്നു.

പുൽപയർ മിശ്രിത കൃഷി :

ഈ പദ്ധതിപ്രകാരം കാലികൾക്കുള്ള മേൽത്തരം പുൽവിത്ത് അൻപത് ശതമാനം സബ്സിഡിയോടെ ക്ഷീര കർഷകർക്ക് വിതരണം ചെയ്തു വരുന്നു. പുൽകൃഷി ചെയ്യുന്ന കർഷകർക്ക് രാസവള ധനസഹായം ഹെക്ടറൊന്നിന് ആയിരം രൂപാ വരെ നൽകേണ്ടതാണ്.

പുൽക്കട കൃഷി

ഈ പദ്ധതിപ്രകാരം മേൽത്തരം തീറ്റപ്പുല്ലിന്റെ കടകൾ ഉപയോഗിച്ച് പുൽകൃഷി ചെയ്തു വരുന്നു. ഇത്തരത്തിൽ പുൽകൃഷി ചെയ്യുന്ന ഗുണഭോക്താക്കൾക്ക് പുൽക്കടയുടെ വിലയായി ഹെക്ടറൊന്നിന് ആയിരം രൂപയും കൂടാതെ ഹെക്ടറൊന്നിന് രാസവള സബ്സിഡിയായി ആയിരം രൂപയും നൽകാവുന്നതാണ്.

ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി

കാലിത്തീറ്റയിൽ പച്ചപ്പുല്ലിന്റെ പ്രാധാന്യം പരിഗണിച്ച് സ്വന്തമായി കൃഷി ഭൂമിയുള്ള ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും ഭൂരഹിതരായ നാമമാത്രകർഷകർക്ക് പാട്ടത്തിന് എടുത്ത സ്ഥലത്തു പുൽക്കൃഷി ചെയ്യാം. പാട്ടത്തിന് എടുക്കുന്ന സ്ഥലത്തിന് നൽകുന്നതുൾപ്പെടെ വിവിധ ഇനങ്ങളിലായി 20,000യ- രൂപ വരെ സബ്സിഡി നൽകാവുന്നതാണ്.

വൻപയർ കൃഷി :

മാംസ്യ പ്രധാനമായ വൻപയർവിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നത് വഴി തീറ്റചെലവ് കുറയ്ക്കുന്നതിനും കൃഷിയിടം ഫലഭൂയിഷ്ടിയുള്ളതാക്കിത്തീർക്കുന്നതിനും സധി

യ്ക്കുന്നു. വൻപയർ കൃഷിയ്ക്ക് ഹെക്ടറിന് അഞ്ഞൂറ് രൂപ ക്രമത്തിൽ സബ്സിഡി നൽകേണ്ടതാണ്.

ചോളകൃഷി :

അന്നജപ്രധാനവും ചുരുങ്ങിയ കാലംകൊണ്ട് വിളവ് നൽകുന്നതുമായ ചോളം വിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. ഹെക്ടറിന് 1400 രൂപ നിരക്കിൽ രാസവള ധനസഹായം നൽകേണ്ടതുണ്ട്.

പ്രത്യേക ഘടകപദ്ധതി :

പട്ടികജാതിയിലുള്ള പശുവളർത്തലിൽ താൽപര്യമുള്ള കർഷകർക്ക് കറവപശുക്കളെ വാങ്ങുന്നതിനും പശുക്കളെ വളർത്തുന്നവർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. ഈ ധനസഹായം പശുവിനെ വാങ്ങുന്നതിന് അയ്യായിരം രൂപയായും തൊഴുത്ത് നിർമ്മാണത്തിൽ 3000യ– രൂപയായും വർദ്ധിപ്പിക്കേണ്ടതുണ്ട്. അൻപത് ശതമാനം സബ്സിഡിയോടെ കാലിത്തീറ്റ മിശ്രിതം നൽകുന്നതിനും ഉള്ള നടപടികൾ ഉണ്ടാവണം.

ധാതുലവണ മിശ്രിതം:

കറവപശുക്കൾക്കും, വളരുന്ന ഉരുക്കൾക്കും ധാതുലവണങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഗുണമേന്മയേറിയ ധാതുലവണ മിശ്രിതങ്ങൾ 50% സബ്സിഡിയോടെ എല്ലാ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, ക്ഷീരസഹകരണ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്യണം. ഇത് കൂടിയ അളവിൽ വിതരണത്തിന് ലഭ്യമാക്കണം.

ജീവകപൂരിതങ്ങൾ :

ധാതുലവണം പോലെ തന്നെ ജീവകങ്ങളും ഉരുക്കൾക്ക് അത്യന്താപേക്ഷിതമാണ്. ഇതും 50% സബ്സിഡി നിരക്കിൽ കൂടിയ അളവിൽ ക്ഷിര സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ശുദ്ധമായ പാൽ ഉൽപാദന കിറ്റ് :

പോഷകമേന്മയുള്ള ഒരു ഭക്ഷണപാനീയമാണല്ലോ പാൽ. അതിന്റെ ഗുണമേന്മയും ദ്രാവകാവസ്ഥയും അത് പെട്ടെന്ന് കേടാക്കുന്നതിനും അതുപോലെ തന്നെ രോഗകാരണങ്ങൾക്കും ഇടയാക്കുന്നു. ഇതുമൂലമുണ്ടാകുന്ന അത്യാപത്ത് മുന്നിൽക്കണ്ടുകൊണ്ട് കർഷകർക്ക് തൊഴുത്ത് വൃദ്ധിയാക്കുന്നതിന് അണുനശീകരണ ലായനികളും പശുക്കളെ വൃദ്ധിയാക്കുന്നതിന് ബ്രഷും ഉൾപ്പെടെയുള്ള സാധനങ്ങളടങ്ങിയ കിറ്റ് ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ഇൻഷുറൻസ് പദ്ധതി :

ക്ഷീരകർഷകർക്ക് പെട്ടെന്നുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് കറവ പശുക്കളെ ഇൻഷ്വർ ചെയ്യേണ്ടതാവശ്യമാണ്. ഇൻഷ്വർ പ്രീമിയം കുറച്ചെങ്കിൽ മാത്രമേ കൂടുതൽ കർഷകർ ടി പദ്ധതിയിൽ ഭാഗഭാക്കാകുന്നതിനും പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനും സാധിക്കൂ. ആയതിനാൽ പഞ്ചായത്ത് തലത്തിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

കാലിത്തീറ്റ സബ്സിഡി :

ഉയർന്ന പാലുൽപാദനമുള്ള കറവ പശുക്കൾക്ക് കാലിത്തീറ്റ അനിവാര്യമാണ്. പാലിന്റെ വിലയിലുള്ള കുറവും ഉൽപാദന ചിലവിലുള്ള ദിനം പ്രതിയുള്ള വർദ്ധനയും ക്ഷീര കർഷകനെ കുറച്ചൊന്നുമല്ല തളർത്തുന്നത്. ഇതിനൊരു പരിഹാരമായി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാൽ അളക്കുന്ന അർഹരായ കർഷകർക്ക് 50% സബ്സിഡിയോടെ കാലിത്തീറ്റ ലഭ്യമാക്കിയാൽ

അവരുടെ പ്രശ്നത്തിന് പരിഹാരമാകും. ഗ്രാമ പഞ്ചായത്ത് തലത്തിൽ ഇക്കാര്യത്തിൽ പരിഗണന നൽകേണ്ടത് അത്യാവശ്യമാണ്. ഗ്രാമത്തിൽ കൃഷികൾക്ക് ജൈവവളത്തിന്റെ ആവശ്യകത കൂടിക്കൂടി വരുന്നു. അത് ഒരു പരിധിവരെ പരിഹരിക്കുന്നത് കാലിവളമാണം. കാലിവളർത്തലിന് പ്രോത്സാഹനം ലഭിച്ചാൽ നാട്ടിലെ കൃഷിയിടം കൂടുതൽ ഫലഭൂയിഷ്ടമാകും. കാർഷികോൽപാദനം കൂടുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. അതുവഴി രാസവള ഉപയോഗം ഒരു പരിധിവരെ കുറച്ചു കൊണ്ടുവരുവാനും സാധിയ്ക്കും. അങ്ങനെ നമ്മുടെ ഗ്രാമം കൂടുതൽ സമ്പൽ സമൃദ്ധിയുള്ളതാകും.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. കന്നുകാലി വളർത്തൽ, കൃഷിയ്ക്കു ജൈവവളം നൽകുന്ന ഒരു സ്രോതസ്സാവണം. ഗോവർഗ്യാസ് പ്ലാൻറുകൾ ഉണ്ടാക്കുവാനുള്ള ധനസഹായങ്ങൾ നൽകി കർഷകരെ സഹായിക്കുക.
2. കന്നുകാലിചന്ത ആരംഭിക്കണം.
3. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാനും കുറഞ്ഞവിലയ്ക്ക് നാട്ടിൽത്തന്നെ ലഭിക്കുന്നതിനും ഒരു ഫാക്ടറി ഗവ. തലത്തിൽ പഞ്ചായത്ത് മുൻകൈയെടുത്തു സ്ഥാപിയ്ക്കണം.
4. വ്യത്തി ഹീനങ്ങളായ തൊഴുത്തുകൾക്ക് പകരം ശാസ്ത്രീയമായ തൊഴുത്തുകൾ ഉണ്ടാക്കുവാനുള്ള ധനസഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കി കർഷകരെ ഏൽപ്പിക്കുക.
5. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ശാസ്ത്രീയമായ അറവുശാല രണ്ടു മൂന്നു കേന്ദ്രങ്ങളിൽ സ്ഥാപിക്കുകയും, കാലികളെ അറവിനുമുമ്പ് പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യുക.
6. ശാസ്ത്രീയമായും വ്യവസായികാടിസ്ഥാനത്തിലും, കന്നുകാലികളെ വളർത്തുകയും, കന്നുകുട്ടികളെ വീതരണം ചെയ്യുന്ന സംവിധാനം പഞ്ചായത്തു 2-3 കേന്ദ്രങ്ങളിൽ ഉണ്ടാക്കണം.
7. I.C.D.P. കേന്ദ്രം ഒരു വെറ്റനറി ആശുപത്രി ആയി ഉയർത്തി 1,6,7,8 എന്നീ വാർഡുകളിലുള്ള കർഷകർക്ക് കൂടുതൽ പ്രയോജനകരമാക്കണം.
8. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഈ കേന്ദ്രങ്ങൾ വഴി കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
9. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ എല്ലാ കാലികളെയും പരിശോധിക്കുകയും മാറാത്ത രോഗമുള്ള കാലികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കുക.
11. പഞ്ചായത്തിൽ ചില്ലിംഗ് പ്ലാൻറ് സ്ഥാപിക്കുക.
12. മുട്ടകോഴി, ഇറച്ചികോഴി, ആട്, പന്നി, മുയൽ എന്നിവയെ വ്യവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് പഞ്ചായത്തുതലത്തിൽ പരിശീലനം നൽകുകയും അതിനുവേണ്ടതായ പ്രോത്സാഹനം നൽകി കർഷകരെ രക്ഷിക്കുക.
13. പുൽകൃഷിക്കു ആവശ്യമായ വിത്തും വളവും സൗജന്യനിരക്കിൽ സന്നദ്ധ സംഘടനയുടെയും പഞ്ചായത്തിന്റെയും

മേൽനോട്ടത്തിൽ വിതരണം ചെയ്യുകയും കൃഷി നടത്തുന്നുണ്ടെന്നു ഉറപ്പാക്കുകയും ചെയ്യുക; കൃഷിക്കാവശ്യമായ ജലസേചനം നടത്തുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുക.

14. പെയ്നായ്ക്കളും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെയും നശിപ്പിക്കുക, വളർത്തു നായ്ക്കൾക്ക് ലൈസൻസ് എർപ്പെടുത്തുക.

15. മീൻ വളർത്താൻ താൽപര്യമുള്ള കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം നൽകുകയും, മീൻ വളർത്തലിനുള്ള ധനസഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുക.


16. എല്ലാ ദിവസവും പ്രവർത്തിക്കുന്ന ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

17. പഴകിയതും, ശുചിത്വമില്ലാത്തതുമായ മത്സ്യങ്ങൾ വിൽക്കുന്നതിനെ തടയുക.

18. കോഴായിലുള്ള മൃഗാശുപത്രി കെട്ടേണ്ടതിന്റെ ഇനനത്തെ ശോചനീയാവസ്ഥ പരിഹരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുക



3 വിദ്യാഭ്യാസം



സാക്ഷരതയിൽ വളരെക്കാലം മുമ്പു മുതൽക്കു തന്നെ വളരെ പുരോഗതി നേടിയിട്ടുള്ള ഒരു പ്രദേശമാണ് കുറവിലങ്ങാട്. ഈ പഞ്ചായത്തിൽ കോഴാ കരയിൽ നിധീരിക്കൻ കുടുംബവക ആരാക്കൻ കെട്ടിടത്തിലാണ് ആദ്യമായി ഒരു മലയാളം പള്ളിക്കൂടം ആരംഭിച്ചത്. പെൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു സർക്കാർ സ്കൂളാ ആയിട്ടാണ് ഇത് ആരംഭിച്ച തെങ്കിലും ആൺകുട്ടികൾക്കും കൂടി പ്രവേശനം നൽകിയിരുന്നു. 90 വയസ്സിനു മേൽ പ്രായമുള്ള വരിൽനിന്നു ലഭിച്ച വിവരങ്ങൾ അനുസരിച്ച് 105 വർഷങ്ങൾക്കു മുമ്പ് പ്രസ്തുത സ്കൂൾ ഉണ്ടായിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ആറാക്കൻ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ കുറച്ചുകാലം കഴിഞ്ഞ് പനച്ചിക്കത്തൊട്ടി എന്ന സർക്കാർ വകസ്ഥലത്ത് സ്ക്കൂൾകെട്ടിടം പണിത് അങ്ങോട്ടു മാറ്റുകയും കാലക്രമത്തിൽ കുറവിലങ്ങാട് പളളിവക സ്ക്കൂൾ ആരംഭിച്ചപ്പോൾ കുട്ടികളുടെ അഭാവത്തിൽ നിന്നു പോകുകയും ആണ് ഉണ്ടായത്. കുറവിലങ്ങാട് മലയാളം സ്കൂൾ ആരംഭിച്ച് അധികകാലം കഴിയുന്നതിനുമുമ്പു തന്നെ കളത്തൂർ ഉറുമ്പുകല്ലേൽ എന്ന സ്ഥലത്ത് ശ്രീമൂലവിലാസം എന്ന പേരിൽ ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. ആ സ്കൂളാണ് ഇന്ന് ഹോളിക്രോസ് എൽ. പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നത്. കളത്തൂർ ചെറുകരപ്പാറ എന്ന സ്ഥലത്ത് ഒരു പെൺപള്ളിക്കൂടമായി ആരംഭിച്ച ഗവ: സ്കൂൾ ആണ് ഇന്നത്തെ ഗവ: യു. പി. സ്കൂൾ.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കുറവിലങ്ങാടിന് അതിപുരാതനമായ ഒരു ചരിത്രമാണ് ഉള്ളത്. 1884-ൽ നിധീരിക്കൻ മാണിക്കത്തനാർ കുറവിലങ്ങാട് പള്ളി വികാരിയായിരിക്കുമ്പോൾ പള്ളി മേടയിൽ ആരംഭിച്ച ഇംഗ്ലീഷ് സ്കൂളിന്റെ തുടർച്ചയാണ് 1994-ൽ ശതാബ്ദി ആഘോഷിച്ച കുറവിലങ്ങാട് സെൻറ് മേരീസ് ബോയ്സ് ഹൈസ്കൂൾ. ദശകങ്ങൾക്കു മുമ്പ് കുറവിലങ്ങാട് കന്യാസ്ത്രീമഠം വകയായി ആരംഭിച്ച പെൺപള്ളിക്കൂടമാണ് ഇന്ന് സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂളായി വളർന്നത്. വളരെ പൗരാണികത്വം അവകാശപ്പെടാൻ ഇല്ലെങ്കിലും 30 വർഷത്തിൽപ്പരം പഴക്കമുള്ളതും S.S.L.C. യ്ക്ക് 100% വിജയം തുടർച്ചയായി കൈവരിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു അംഗീകൃത ഇംഗ്ലീഷ് മീഡിം വിദ്യാലയമാണ് ഡി. പോൾ. ഇംഗ്ലീഷ് മീഡിയം സ്കൂൾ ഈ പഞ്ചായത്തിൽ ഉള്ള സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂളുകളെ സംബന്ധിച്ച പൊതുവിവരങ്ങൾ :

നമ്പർ	സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സെൻറ്മേരീസ് L.P.B. സ്കൂൾ കുറവിലങ്ങാട്	260	"	260	8	"	8
2.	സെൻറ് മേരീസ് L.P.G. സ്കൂൾ കുറവിലങ്ങാട്	"	315	315	"	8	8
3.	ഹോളിക്രോസ് L.P. സ്കൂൾ, കളത്തൂർ	53	51	104	1	2	3
4.	ഗവ : യു. പി. സ്കൂൾ, കളത്തൂർ	120	86	206	3	5	8
5.	സെൻറ് മേരീസ് ബോയിസ് ഹൈസ്ക്കൂൾ; കുറവിലങ്ങാട്	597	"	597	23	"	23
6.	സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കുറവിലങ്ങാട്	"	1085	1085	"	35	35
7.	ഡി. പോൾ ഇംഗ്ലീഷ് മിഡിയം സ്കൂൾ നസ്രത്ത്ഹിൽ (അംഗീകൃതം)	685	546	1231	10	17	27
	ആകെ	1715	2083	3798	45	67	112

പ്രൈമറിവിഭാഗത്തിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ ആകെ			SC/ST		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സെൻറ്മേരീസ് L.P.B. സ്കൂൾ, കുറവിലങ്ങാട്	260	"	260	13		13
2.	സെൻറ് മേരീസ് L.P.G. സ്കൂൾ		315	315		21	21
3.	ഹോലിക്രോസ് L.P. സ്കൂൾ കളത്തൂർ	53	51	104		2	2
4	ഗവ: യു. പി. സ്കൂൾ, കളത്തൂർ (L.P. വിഭാഗം)	56	42	98	2	7 9	
5.	ഡി. പോൾ ഇംഗ്ലീഷ് മിഡിയം സ്കൂൾ (L.P. വിഭാഗം)	230	207	437	1	1	
	ആകെ	599	615	1214	18	28	46

യു. പി. വിഭാഗത്തിന്റെ കുട്ടികളെ സംബന്ധിച്ച വിവിരങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ			SC/ST		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	സെൻറ് മേരീസ് ബോയ്സ് ഹൈസ്കൂൾ (യു. പി. വിഭാഗം)	257		257	12 12		
2.	സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ (യു. പി. വിഭാഗം)		417	417	26	26	
3.	ഗവ: യു. പി. സ്കൂൾ, കളത്തൂർ	64	44	108	6	5	11
4.	ഡി. പോൾ ഇംഗ്ലീഷ് മിഡിയം സ്കൂൾ (യു. പി. വിഭാഗം)	236	189	425	4	1	5
	ആകെ	557	650	1207	22	32	54

ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളെപ്പറ്റിയുള്ള വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ			SC/ST		
1.	സെൻറ് മേരീസ് ബോയ്സ് ഹൈസ്കൂൾ	340	340	10	10		
2.	സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ	668	668	26	26		
3.	ഡി. പോൾ ഇംഗ്ലീഷ് മിഡിയം സ്കൂൾ	219	150	369	2	3	5
	ആകെ	559	818	1377	12	29	41

S.S.L.C. വിജയശതമാനം

	9192	9293	9394	9495	9596
1. സെൻറ് മേരീസ് ബി.എച്ച്.എസ് കുറവിലങ്ങാട്	68	64	67	87	77
2. സെൻറ് മേരീസ് ജി.എച്ച്.എസ്	88.5	80	86	85	78.96
3. ഡി.പോൾ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ സസ്രത്തുഹിൽ	100	100	100	100	100

ദേവമാതാ കോളേജാണ് ഉന്നത വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രമുഖ സ്ഥാപനം. 1964-ൽ ആണ് ഈ കോളേജ് സ്ഥാപിതമായത്. അന്ന് കുറവിലങ്ങാട് പള്ളി വികാരിയായിരുന്ന റവ. ഫാദർ പോൾ ആലപ്പാട്ടിന്റേയും നാട്ടുകാരുടേയും അശ്രാന്ത പരിശ്രമഫലമായിട്ടാണ് ഈ കോളേജ് ജന്മം കൊണ്ടത്. പ്രൊ. ഏബ്രഹാം നിധീരിയും വെ. റവ. ഫാദർ ജോസഫ് കുരീത്തടവും ഇതിനുവേണ്ടി പ്രവർത്തിച്ചവരിൽ പ്രമുഖരാണ്. റവ. ഫാ. തോമസ് നങ്ങച്ചിവീടനായിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ.

ഒരു ഗ്രാമപഞ്ചായത്ത് ആരംഭിച്ച ആദ്യത്തെ കോളേജായിരുന്നു ഇത്. ഈ കോളേജ് ആരംഭിക്കുന്നതിനുമു മ്പ് പാലാ, മൂവാറ്റുപുഴ, കോട്ടയം എന്നീ സ്ഥലങ്ങളിലാണ് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഈ നാട്ടിലെ വിദ്യാർത്ഥികൾ പൊയ്ക്കൊണ്ടിരുന്നത്. തുടക്കം

ദേവമാതാ കോളേജ്, കുറവിലങ്ങാട്	ആകെ വിദ്യാർത്ഥികൾ			SC/ST		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
പ്രീഡിഗ്രി	664	830	1494	69	119	188
ഡിഗ്രി	344	602	946	38	54	102
പോസ്റ്റ് ഗ്രാജുവേഷൻ	15	13	28	1	2	3
ആകെ	1023	1445	2468	108	175	283

അദ്ധ്യാപകർ പുരുഷൻമാർ 74, സ്ത്രീകൾ 21 ആകെ 95

മുതൽക്കുതന്നെ അദ്ധ്യാപനത്തിലും ശിക്ഷണത്തിലും ഈ കോളേജ് ഉന്നതനിലവാരം പുലർത്തിയിരുന്നു. താമസിയാതെ തന്നെ ഈ സ്ഥാപനം ഒരു ഡിഗ്രി കോളേജായി ഉയർത്തി. ഇപ്പോൾ കൊമേഴ്സിന് പോസ്റ്റ് ഗ്രാജുവേഷനു വരെ പഠിക്കുന്നതിനുള്ള ഒരു സ്ഥാപനമായി ഇത് ഉയർന്നിരിക്കുന്നു.

ദേവമാതാ കോളേജിലെ അദ്ധ്യാപകവിദ്യാർത്ഥികളേ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു പ്രമുഖസ്ഥാപനമാണ് ശ്രീനാരായണ ഐ.റ്റി.സി. S.N.D.P. കളത്തൂർ ശാഖയുടെ ആഭിമുഖ്യത്തിലാണ് ഇത് സ്ഥാപിതമായത്. ഈ പഞ്ചായത്തിൽ സാങ്കേതികരംഗത്തുള്ള ഒരേ ഒരു അംഗീകൃതസ്ഥാപനമാണ് ഇത്.

ഇതു കൂടാതെ അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കു വേണ്ടി നടത്തുന്ന 3 ബാലവാടികളും 2 നേഴ്സറി സ്കൂളുകളും 7 നിലത്തെഴുത്ത് കളരികളും ഈ പഞ്ചായത്തിൽ ഉണ്ട്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കലാലയങ്ങൾ വിട്ടിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ക്ലർക്കു പണിയെ മാത്രം ആശ്രയിക്കേണ്ട ഗതികേടാണ് ഉള്ളത്.
2. കുട്ടികളുടെ രാഷ്ട്രീയത്തിലുള്ള ഇടപെടൽ പഠനത്തെ കാര്യമായി ബാധിക്കുന്നു.
3. വിദ്യാർത്ഥികൾ ലൈബ്രറി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.
4. ഇവിടുത്തെ വിദ്യാലയങ്ങൾ കായികരംഗത്ത് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കിയതായി അറിയില്ല.
5. S.S.L.C. യ്ക്ക് ഇംഗ്ലീഷ്, കണക്ക് ഈ വിഷയങ്ങളിൽ കൂടുതൽ കുട്ടികൾ തോൽക്കുന്നതായി കാണുന്നു.
6. ബാലവാടികളും നേഴ്സറിസ്കൂളുകളും വാർഡിൻെറ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേ ഉള്ളൂ.

സാദ്ധ്യതകൾ

1. കർഷക കേന്ദ്രമായ ഈ പഞ്ചായത്തിൽ ജില്ലാ കൃഷിത്തോട്ടം വക 100-ൽ പരം ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലം ഭൂരിഭാഗവും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവിടെ ഒരു കാർഷികയൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള എല്ലാ സൈകര്യങ്ങളും ഉണ്ട്.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ബോയ്സ് ബൈസ്കൂളിനോട് അനുബന്ധിച്ച് പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കാവുന്നതാണ്.
3. കോളെജിൽ ഡിഗ്രി തലത്തിൽ ഇലക്ട്രോണിക് കംപ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുക.
4. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
5. ഡിവിഷൻ നിലനിർത്തുന്നതിനുവേണ്ടിയുള്ള പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുക.
6. സ്കൂളുകളിൽ എല്ലാ രംഗത്തു നിന്നും രാഷ്ട്രീയം ഒഴിവാക്കുക.

7. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ കണക്ക്, സയൻസ് ഈ വിഷയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ ആദ്യകാലം മുതൽക്കുതന്നെ ശ്രദ്ധിച്ചാൽ വിദ്യാർത്ഥികളുടെ പരാജയം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. അതുപോലെ അദ്ധ്യാപകരക്ഷകർത്തൃസംഘടനകളിലൂടെ വിദ്യാർത്ഥികളുടെ കുറവുകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

8. എല്ലാ വാർഡുകളിലും ആളുകൾ കൂടുതലായി താമസിക്കുന്ന ഭാഗത്ത് ബാലപവാടികൾ സ്ഥാപിച്ചാൽ കൊച്ചുകുട്ടികളുടെ ആദ്യകാല വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാകും.

വിദ്യാഭ്യാസരംഗത്ത് സാമാന്യം പുരോഗതി നേടിയിട്ടുള്ള ഈ നാട്ടിൽ സാങ്കേതിക വിദ്യാഭ്യാസരംഗത്തുകൂടി പുരോഗതി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇനിയുള്ള നമ്മുടെ പരിശ്രമം സാങ്കേതികരംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ പ്രേരകമാകട്ടെ.



4 കുടിവെള്ളവും പൊതുജനാരോഗ്യവും



പഞ്ചഭൂതങ്ങളിൽ ഒന്നായ ജലം നിർവചിക്കാനാവാത്ത പ്രതിഭാസമാണ്. ജീവന്റെ ഉറവിടവും നിലനിൽപ്പും പ്രകൃതിയുടെ ഈ മഹാസ്രോതസ്സിനെ ആശ്രയിച്ചിരിക്കുന്നു. ഈ നിലയ്ക്കു നോക്കുമ്പോൾ കുടിവെള്ളത്തിനുള്ള സ്ഥാനം പ്രഥമമാണ്.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തു ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ്. പഞ്ചായത്തിലെ ഒട്ടുനിക്ക വാർഡുകളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനാശ്രയിക്കുന്നത് കിണറുകളെയാണ്. 3550 കുടുംബങ്ങളിൽ സ്വന്തമായി കിണറുകളുള്ളത് 2000-ൽ താഴെ കുടുംബങ്ങൾക്ക് മാത്രമാണ് മറ്റുള്ളവർ അയൽവീടുകളിലെ കിണറുകളെയാണാശ്രയിക്കുന്നത്. എന്നാൽ വേനൽക്കാലത്തിന്റെ ആരംബത്തോടു തന്നെ ഒട്ടു മിക്ക കുടിനീർസ്രോതസ്സുകളും വറ്റിവരളുകയായി. പിന്നീട് മഴക്കാലം തുടങ്ങുന്നതു വരെയുള്ള സമയം കുടിവെള്ളത്തിനു വേണ്ടി ബുദ്ധിമുട്ടി വലയുന്ന ജനസമൂഹത്തെയാണ് കാണാൻ കഴിയുന്നത്.

ഏകദേശം ഡിസംബർ അവസാനത്തോടെ കിണറുകളും പൊതുക്കുളങ്ങളും വറ്റിത്തുടങ്ങുന്നു. ആകെയുള്ള ഭൂവിസ്തൃതിയുടെ (20 ച.കി.മീ.) 90% പ്രദേശങ്ങളിലും ഡിസംബർ അവസാനം മുതൽ വരൾച്ച അനുഭവപ്പെടുന്നു. ജനുവരി പകുതിയോടെ ഇതു പൂർണ്ണമാവുകയും ചെയ്യുന്നു. അതിനു ശേഷമുള്ള സമയം കുടവും കൈകളിലേന്തി കിലോമീറ്ററുകൾ തന്നെ നടന്നു ചെന്നു വെള്ളമെടുക്കുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും മുഖം പഞ്ചായത്തിന്റെ തന്നെ ഒരു ദുരവസ്ഥയാണ്. പഞ്ചായത്തിൽ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന പൊതുജല - വിതരണ സംവിധാനങ്ങൾ നിലവിലില്ല. കാലവർഷം ആരംഭിക്കുന്നതുവരെയുള്ള കാലയളവിൽ പൊതുജനങ്ങൾക്ക് അത്യാവശ്യം ജലം ലഭിക്കുന്ന ഏഴോ എട്ടോ ടാപ്പുകൾ മാത്രമേ ഉള്ളൂ. അതികഠിനമായ ക്ഷാമം അനുഭവപ്പെട്ടുവരുന്ന സ്ഥലങ്ങളിൽ പഞ്ചായത്തിൽ നിന്നും ടാങ്കർ ലോറികളിൽ എത്തിച്ചു കൊടുക്കുന്ന നാമമാത്രമായ വെള്ളത്തിനെയും ജനങ്ങൾ കൂടുതലായി ആശ്രയിച്ചു വരുന്നു. ധാരാളം കുന്നുകളും മലകളും നിറഞ്ഞ പ്രദേശമായതിനാൽ വണ്ടിവെള്ളം എടുക്കുന്നതിന് ആളുകൾ കിലോമീറ്ററുകൾ തന്നെ നടന്നു വരേണ്ടി വരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ ഒരു ജല വിതരണപദ്ധതി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങൾക്കു ഉപകരിക്കുവാൻ സാധിക്കുന്നില്ല. കാരണം ജലസ്രോതസ്സിന്റെ അപര്യാപ്തത തന്നെയാണ്. കുറവിലങ്ങാട്ടു ഗ്രാമ പഞ്ചായത്തിന്റെ 9 വാർഡുകളിലും വാട്ടർ അതോരിറ്റി കിലോമീറ്ററു കണക്കിൽ പൈപ്പു ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മതിയായ ജലസ്രോതസ്സിന്റെ അഭാവം മൂലം ഇവയ്ക്കെല്ലാംതന്നെ നോക്കുകുത്തികളുടെ അവസ്ഥയാണുള്ളത്. ഇവയെല്ലാം സ്ഥാപിച്ചിട്ടു വർഷങ്ങളായെങ്കിൽ പോലും ഒരു തുള്ളി ജലം പോലും ഇവയിൽ കൂടി ഒഴുകിയിട്ടില്ല. G.W.A. യുടെ പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന കുഴൽകിണറുകൾ എല്ലാം തന്നെ പ്രവർത്തനയോഗ്യമല്ലാത്തതും ആവശ്യത്തിനു ജലം ലഭിക്കാത്തവയുമാണ്. ഗ്രാമപഞ്ചായത്തും ബ്ലോക്കും വഴി നിർമ്മിച്ചു കൊടുത്തിരിക്കുന്ന പൊതുക്കിണറുകളുടെയും, കുളങ്ങളുടെയും, അവസ്ഥയും വ്യത്യസ്തമല്ല.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിന്നും നിലവിലുള്ള പദ്ധതികളുടെ പോരായ്മ നമ്മളെ എത്രത്തോളം ബാധിക്കുന്നുണ്ടെന്നു മനസ്സിലാക്കാനാകും. ഇത്രയും അതിശക്തമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിനെ കുടിവെള്ളത്തിന്റെ ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിച്ച് പൊതുജനത്തിന് കുറെ ഏങ്കിലും ആശ്വാസം നൽകേണ്ടത് ആവശ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെയും, അവയ്ക്കാധാരമായി നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങളുടെയും അടിസ്ഥാനത്തിൽ കുറെ ചെറുകിട വൻകിട കുടിവെള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയുണ്ടായി. അത്തരത്തിലുള്ള ഏതാനും പദ്ധതികളുടെ വിശദമായ ചർച്ചകളിക്കും സൂക്ഷ്മവിശകലനത്തിനായും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

അതിനു മുൻപായി കുറവിലങ്ങാടു ഗ്രാമ പഞ്ചായത്തിലെ പൊതു ജലസ്രോതസ്സുകളുടെ ഒരു പട്ടിക താഴെ ചേർക്കുന്നു.

പൊതു ശുദ്ധജലസ്രോതസ്സുകൾ

പൊതു ടാപ്പുകൾ	പഞ്ചാ. കിണറുകൾ	പഞ്ചാ. കുളങ്ങൾ	കുഴൽ കിണറുകൾ	ചെറുകിട ജലസേചന പദ്ധതികൾ
45	20	8	10	ഇല്ല

ഇനി നമുക്കു നമ്മുടെ വാർഡുകളിലേയ്ക്കു കടന്നു ചെന്നു നടപ്പിൽ വരുത്തേണ്ട പദ്ധതികളിലേക്ക് ഒന്നു കണ്ണോടിക്കാം.

1-ാം വാർഡ്

വാർഡിന്റെ ഒട്ടു മിക്ക ഭാഗങ്ങലിലും കുടിവെള്ളക്ഷാമം അനുഭവപ്പെട്ടു വരുന്നു. 32 കുടുംബങ്ങൾ വരുന്ന ഇന്ദിരഗിരി കോളനി, കാളിയാർ തോട്ടം, പൊൻകുന്നേൽ, കുഴിന്തൊട്ടിമല, ചാലാശേരിമല, വള്ളിയാച്ചിറ, ഞരളംകുളം, പുന്നംകുരി, എളുക്കുന്നേൽ തുടങ്ങിയ പ്രദേശങ്ങളിലാണ് വെള്ളക്ഷാമത്തിന് രൂക്ഷത അനുഭവപ്പെട്ടുവരുന്നത്. ഇവയ്ക്കുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടരുമഠം പാടത്ത് കുളം കുഴിച്ച് 1-ാം വാർഡിലെ ചാലാശേരിമലയിൽ ടാങ്കുകെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. പള്ളിയമ്പു ഭാഗത്തു കുളം നിർമ്മിച്ച് ഞരളംകുളം ഭാഗത്ത് ടാങ്കു കെട്ടി വെള്ളമെത്തിക്കുക.
3. ഞരളംകുളം, വള്ളിയാഞ്ചിറ, കുഴിന്തൊട്ടിമല എന്നിവിടങ്ങളിൽ ഓരോ കുഴൽക്കിണറുകൾ സ്ഥാപിക്കുക.

4. വാട്ടർ അതോറിട്ടിയുടെ നിലവിലുള്ള ജലവിതരണലംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

5. ഇന്ദിരഗിരി കോളനി കേന്ദ്രമാക്കി ആവിഷ്ക്കരിച്ചിരിക്കുന്ന രാജീവ് വാട്ടർമിഷൻപദ്ധതി ഉടൻ നടപ്പിലാക്കുക.

6. ചാലാശ്ശേരിയിൽനിന്നും നിലവിലുള്ള പൈപ്പ് ലൈൻ വള്ളിയാച്ചിറ ഭാഗം വരെ നീട്ടി ജല വിതരണം നടപ്പാക്കുക. കോയിക്കൽ പടിയിൽനിന്നും പൈപ്പുലൈൻ നീട്ടി ഇന്ദിരഗിരി കോളമഅവഴഅ കുഴുംതൊട്ടിമലവരെ എത്തിക്കുക.

7. ആശുപത്രിയുടെ എതിർവശത്തുള്ള പാടത്ത് കുളം നിർമ്മിച്ച് കുഴിംതൊട്ടിമലയിൽ ടാങ്കു കെട്ടി വെള്ളം എത്തിച്ച് തടിയംതുരുത്തിമല, ഇന്ദിരഗിരി, കുഴിംതൊട്ടി എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുക.

8. പൊൻകുന്നേൽ ഭാഗത്തുനിന്നും പൈപ്പു ലൈൻ നീട്ടി പുന്നകുഴി ഭാഗത്തുള്ള ടാപ്പിട്ടു വെള്ളം എത്തിക്കുക

2-ാം വാർഡ്

ശക്തമായ കുടിവെള്ളക്ഷാമം വാർഡിൽ അനുഭവപ്പെട്ടു വരുന്നു. ടി വാർഡിൽ ചാമക്കാലാ ഓരം, മൈലക്കുഴി, കർമ്മലഗിരി, നരിവേലി എന്നിവിടങ്ങലിൽ കൂടുതൽ രൂക്ഷത ഉണ്ടാകുന്നു. ആളുകളിൽ ഭൂരിപക്ഷവും ദാരിദ്ര്യ രേഖയ്ക്കും താഴെയുള്ളവരാണ്. കരിങ്കൽ പാറ ധാരാളമായുള്ളതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ച് വെള്ളക്ഷാമം പരിഹരിക്കാനാവില്ല.

നിർദ്ദേശങ്ങൾ

1. നരിവേലി, മൈലക്കുഴി, കർമ്മലഗിരി, പാണ്ടംകുഴിനിരപ്പ് എന്നീ സ്ഥലങ്ങളിൽ ഓരോ കുഴൽകിണർ കുഴിയ്ക്കുക.

2. പകലോമറ്റം ഭാഗത്ത് തോടരിക് ചേർന്നുള്ള നിലത്തിൽ ഒരു കിണർ കുഴിച്ച് പാണ്ടം കുഴിനിരപ്പിൽ (ക്ലാരറ്റുഭവൻ) ഭാഗത്ത് ടാങ്കു കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക. 3, 9 മുതലായ വാർഡുകളിലെ ചില ഭാഗങ്ങളിൽ കൂടി ഇതിന്റെ ഗുണം ലഭിക്കും.

3-ാം വാർഡ്

കുടിവെള്ളക്ഷാമത്തിന്റെ തീവ്രത വാർഡിന്റെ ഒട്ടു മിക്ക ഭാഗങ്ങളിലും അനുഭവപ്പെടുന്നു. പള്ളിക്കുന്ന്, മമ്പള്ളിക്കുന്ന്, വട്ടക്കുന്ന്, പുളിയ്ക്കക്കുന്ന്, കാക്കനാട്ടു മല, ചെറുമല, നരിവേലിമല എന്നിവിടങ്ങലിൽ പ്രധാനമായും അനുഭവപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. സീഡ് ഫാം വക സ്ഥലത്തുള്ള ഇരിഞ്ഞേലി കുളം വലുതാക്കി ചെരുമലയിൽ ടാങ്കു കെട്ടി പുളിയ്ക്കക്കുന്നുഭാഗത്തും സമീപപ്രദേശങ്ങളിലും വെള്ളമെത്തിക്കുക.

2. പാവുത്തിഭാഗത്ത് കുളം തീർത്ത് കാക്കനാട്ടു മലയിൽ ടാങ്കുകെട്ടി വെള്ളമെത്തിച്ചാൽ ഈ ഭാഗത്തെ ഒട്ടു മിക്ക സ്ഥലങ്ങളിലെയും വെള്ളക്ഷാമം പരിഹരിക്കാനാവും.

3. ചെറുമല, പുളിയ്ക്കക്കുന്ന് പ്രദേശത്ത് ഓരോ കുഴൽകിണറുകൾ സ്ഥാപിക്കുക.

4. നിലവിലുള്ള വാട്ടർ അതോറിറ്റി ലൈനുകളിൽ കൂടി വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്.

4-ാം വാർഡ്

വാർഡിൽ പൊതുവേ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്നു. ആനക്കല്ല്, പുല്ലുകാല, മാണികാവ്, കൊല്ലക്കോട്ട്

മുതലായ ഭാഗങ്ങളിൽ ശക്തമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടു വരുന്നു. ഇവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. സീഡ് ഫാം വക കുളം ഉപയോഗയോഗ്യമാക്കി കണിയാംകുന്നിൽ ടാങ്ക് കെട്ടി വെള്ള വിതരണം നടത്തിയാൽ ഇവിടുത്തെയും സമീപ പ്രദേശങ്ങളിലെയും ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

2. കൊല്ലക്കോട്ട്, പുല്ലുകാല, മാണികാവ്, ആനക്കല്ല് മുതലായ സ്ഥലങ്ങളിൽ ഓരോ കുഴൽ കിണർ സ്ഥാപിക്കുക.

5-ാം വാർഡ്

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന വാർഡാണിത്. 72 വീടുകൾ ഉള്ള കാഞ്ഞിരം കുളം കോളനി, കുടുക്കമറ്റം, കൊച്ചുമല, മട്ടക്കണ്ടം ചിറയ്ക്കൽ, മുട്ടുങ്കൽ - മുക്കവലക്കുന്നു ഭാഗം പൂർണ്ണമായും മുട്ടുഹ്കൽ - കരോട്ടുംഭാഗം പ്രദേശം, കുറവിലങ്ങാടു - അരുണാശേരി ഭാഗം, ശ്രീമൂലം റോഡിനിരുവശവും അങ്ങനെ വാർഡിന്റെ മുഴുവൻ ഭാഗത്തും കനത്ത ക്ഷാമമനുഭവപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. ബസ്സ്റ്റാൻറിനോടു ചേർന്നുള്ള പാടത്ത് വലിയ കുളം കുഴിച്ച് അവിടെ നിന്നും കാഞ്ഞിരം കുളം കോളനി, മുട്ടുങ്കൽ -മുക്കവലക്കുന്നു റോഡിനിരുവശത്തും താമസിക്കുന്ന കുടുംബങ്ങൾ എന്നിവർക്കുപകരിക്കത്തക്ക തരത്തിൽ ഉയർന്ന പ്രദേശത്ത് ടാങ്കു കെട്ടി വെള്ളം വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിൽ വരുത്തുക.

2. കരോട്ടും ഭാഗത്തു മാപ്പിളപറമ്പിൽ പുരയിടത്തിൽ നിലവിലുള്ള മൂന്നു സെൻറു കുളം ആഴം വർദ്ധിപ്പിച്ച് ഉപയോഗ യോഗ്യമാക്കി കൂനമ്മാക്കി മലയിൽ ടാങ്കു കെട്ടി വെള്ളം വിതരണം ചെയ്താൽ ഈ പ്രദേശത്തും ഇതിനു സമീപമുള്ള സ്ഥലങ്ങളിലെയും വെള്ളക്ഷാമം മാറ്റുന്നതിനുപകരിക്കും.

3. ചിറയ്ക്കൽ - വട്ടക്കണ്ടം പ്രദേശത്തിനുപകരിക്കത്ത രീതിയിൽ നിലവിലുള്ള ചിറയ്ക്കൽ കുളം ആഴം വർദ്ധിപ്പിച്ച് കെട്ടി സംരക്ഷിച്ച് താഴത്തേൽ ഭാഗത്തു ടാങ്കു തീർത്ത് വെള്ളം എത്തിക്കുകയോ, താഴത്തു ഭാഗത്തുള്ള പാടത്തു കുളം കുഴിച്ച് ഉയർന്ന പ്രദേശത്തു ടാങ്കു തീർത്തു വെള്ള വിതരണം നടത്തുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. ചിറയ്ക്കൽ, കുറവിലങ്ങാട് - അരുണാശേരി റോഡ്, മുട്ടുങ്കൽ - മുക്കവലക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന K.W.A. പൈപ്പു ലൈനുകൾ വഴി വെള്ളമെത്തിയാൽ ഈ ഭാഗത്തുള്ള കുടിവെള്ളക്ഷാമത്തിന് ഒരു റുതി വരുത്തുവാൻ കഴിയും.

5. വട്ടക്കണ്ടം, ചിറയ്ക്കൽ, പോങ്ങാലി മുകൾ, കുടുക്കമറ്റം, കാരയ്ക്കൽപടി, ചീങ്കല്ലേൽ, കാളിയാർ തോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ കുഴൽക്കിണർ സ്ഥാപിക്കുക.

6. മുട്ടുങ്കൽ - കരോട്ടും ഭാഗം പ്രദേശത്തെ വെള്ളക്ഷാമം പരിഹരിക്കുന്നതിന് മുതുകാട്ടിൽതാഴെ പാടത്തു കുളം നിർമ്മിച്ച് പോങ്ങോലി ഭാഗത്തു ടാങ്കു തീർത്ത് വെള്ള മെത്തിച്ചാൽ ഇവിടങ്ങളിലെ പ്രശ്നത്തിനു പരിഹാരമാകും.

6-ാം വാർഡ്

വാർഡിലെ ചില സ്ഥലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. 20 വീടുകൾ വരുന്ന P.T. ചാക്കോ നഗർ കോളനി, ജയഗിരി, തെനംകുന്ന് പതിയാമറ്റം ഭാഗം എന്നീ പ്രദേശങ്ങളിലാണ് ശക്തമായ വരൾച്ച അനുഭവപ്പെടുന്നത്.

പ്രശ്നപരിഹാരങ്ങൾ

1. കാടംകുഴി ഭാഗത്തു കുളം കുഴിച്ച് ജയഗിരി ഭാഗത്തും കല്ലങ്കൂട്ടം ഭാഗത്തും ഓരോ ടാങ്കുകൾ തീർത്ത് ഇവയിൽ വെള്ളമെത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ ഈ ഭാഗത്തെ വെള്ളക്ഷാമത്തിന് അറുതി വരുത്തുവാൻ കഴിയും.

2. മാഞ്ചുവട്, ഉണ്ണിക്കുഴിയോരം, P.T. ചാക്കോ നഗർ, ജയ്ഗിരി, കൂവയ്ക്കമല, വളയനാനിജംഗ്ഷൻ, കൂവയ്ക്കമല, എന്നീ സ്ഥലങ്ങളിൽ ഓരോ കുഴൽകിണർ സ്ഥാപിക്കുക.

3. കടുക്കമറ്റം ഭാഗത്ത് കുളം കുഴിച്ച് തെനംകുന്ന് ഭാഗത്ത് ടാങ്കു കെട്ടി വെള്ളം വിതരണം ചെയ്താൽ തെനംകുന്ന് ഭാഗത്തെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

7-ാ വാർഡ

വാർഡിൽ പൊതുവെ കുടിവെള്ളക്ഷാമമനുഭവപ്പെട്ടുവരുന്നു. കോനാട്, നമ്പ്രത്തുഹിൽ, മുക്ക്, കുഴിക്കാട്, ഇരുവേലി, കുറിച്ചിക്കുന്ന്, അറയ്ക്കക്കുന്ന് എന്നിവിടങ്ങളിലാണ് വെള്ളക്ഷാമം അനുഭവപ്പെടുന്നത്.

നിർദ്ദേശങ്ങൾ

1. കുഴിക്കാട്, കോനാട്, അറയ്ക്കക്കുന്ന് എന്നീ സ്ഥലങ്ങളിൽ ഓരോ കുഴൽക്കിണർ സ്ഥാപിക്കുക.

2. കുളത്തിങ്കൽ കുളം വലുതാക്കി കുഴിക്കാട്ട് ഭാഗത്ത് ടാങ്കു കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക.

3. അമ്പലത്തിങ്കൽ കണ്ടത്തിൽ കുളം കുഴിച്ച് നമ്പ്രത്തു ഹിൽ ഭാഗത്ത് ടാങ്കു കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക.

8-ാം വാർഡ്

വാർഡിന്റെ ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം കണ്ടുവരുന്നു. അമ്പലക്കട്ട, വട്ടമറ്റം, മുതിരക്കാലാ, ഇലപ്പടി, അകലച്ചിറ എന്നിവടങ്ങളിൽ ആണ് കുടിവെള്ളത്തിന്റെ രൂക്ഷത അനുഭവപ്പെടുന്നത്.

നിർദ്ദേശങ്ങൾ

1. അകലഞ്ചിറ ഭാഗത്ത് കുളം നിർമ്മിച്ച് അമ്പലക്കട്ട ഭാഗത്ത് ടാങ്ക് കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. ഇലപ്പടി, വട്ടമറ്റം എന്നീ സ്ഥലങ്ങളിൽ ഓരോ കുഴൽക്കിണർ സ്ഥാപിക്കുക.

3. നിലവിൽ വാട്ടർ അതോറിറ്റി വാർഡിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പു ലൈൻ വഴി വെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9-ാം വാർഡ്

വാർഡിന്റെ എല്ലാ ഭാഗത്തും തന്നെ തീവ്രമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു. വാർഡിൽ കുടിവെള്ളത്തിന് ദൗർലഭ്യമനുഭവപ്പെടുന്ന രണ്ടു കോളനികളുണ്ട്. ഗോവിന്ദപുരം കോളനിയും, നസുശേരി കോളനിയും ഇതു കൂടാതെ കുരിക്കേറ്റിമല, പറച്ചാലിഭാഗം, ചാരപ്പുറം, താന്നിയ്ക്കൽഭാഗം, പുല്ലുകാലാ, വെട്ടുവേലിത്താഴം തറപ്പേൽഭാഗം എന്നീ സ്ഥലങ്ങളിലും അതിശക്തമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടു വരുന്നു.

നിർദ്ദേശങ്ങൾ

1. ചാരപ്പുറം കമ്മ്യൂണിറ്റ ഇറിഗേഷൻ പദ്ധതി എത്രയും വേഗന്നു പ്രവർത്തനയോഗ്യമാക്കിയാൽ ഈ പ്രദേശത്തെയും സമീപപ്രദേശങ്ങളിലെയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ സാധിയ്ക്കും.

2. വില്ലൂന്നിക്കുളത്തിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കി താന്നിയ്ക്ക മലയിലും, കുരിക്കുകറ്റിയിലും ടാങ്കുകൾ കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക.

3. പറച്ചാലിഭാഗത്തും താന്നിയ്ക്കൽ താഴത്തു ഭാഗത്തും ഓരോ കുഴൽ കിണർ കുഴിക്കുക.

4. താന്നിതാഴത്തുഭാഗത്ത് ഒരു കുളം നിർമ്മിച്ച് വെട്ടുവേലി, വരിക്കാനിഭാഗത്ത് ടാങ്ക് കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക.

മുകളിൽ നാം തയ്യാറാക്കിയിട്ടുള്ള പ്ലാനുകളും, സ്കീമുകളും കൂടാതെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ മുന്നോട്ടു വയ്ക്കുന്ന മറ്റു ചില നിർദ്ദേശങ്ങളും കൂടെയുണ്ട്.

കനാൽ പണി പൂർത്തീകരിക്കുക.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ കടന്നുപോകുന്ന തരത്തിൽ പ്ലാൻ ചെയ്തിരിക്കുന്നതും, പണികൾ തുടങ്ങിയിരിക്കുന്നതുമായ മൂവാറ്റുപുഴ നദീതട കനാൽപദ്ധതിയുടെ പണികൾ ചെറുകിട കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അപാകതകൾ ഒഴിവാക്കി പൂർത്തിയാക്കുക. കുന്നുകളും മലകളും ധാരാളമായുള്ള ഒരു പഞ്ചായത്താകയാൽ ഈ കനാലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ സാധിച്ചാൽ ടി പ്രദേശങ്ങളിലെ തീവ്രവരൾച്ചാമത്തിന് ഒരുരുതി ലഭിക്കും.

ഗ്രൂപ്പ് - ഇറിഗേഷൻ

ബ്ലോക്കു കൃഷിഭവൻ വഴി വ്യക്തിഗതമായി കിണറുകൾക്ക് കൊടുക്കുന്ന ധനസഹായം പത്തോ അതിലധികമോ കുടുംബങ്ങൾക്ക് ഉപകരിക്കത്തക്കരീതിയിൽ സാമ്പത്തികത്തോതുയർത്തി പൊതുവായ കുളമോ കിണറോ കുഴിച്ചുകൊണ്ടുള്ള ഗ്രൂപ്പ് - ഇറിഗേഷൻ പദ്ധതികളാക്കി മാറ്റുക.

കയ്യാലകളും തടയിണകളും

വർഷകാലത്ത് ധാരാളമായി ഒഴുകിപ്പോകുന്ന ജലം അതതു പുരയിടങ്ങളിൽ തടഞ്ഞു നിർത്തത്തക്കരീതിയിൽ തടയിണകളും, കയ്യാലകളും തീർക്കുന്നതിനും മറ്റുമുള്ള പദ്ധതികൾക്ക് ധനസഹായം നൽകുക. കൂടാതെ തോടുകളിൽ കൂടി ഒഴുകിപോകുന്ന ജലം തടഞ്ഞു നിർത്തുന്നതിന് ചെറിയ ചെറിയ ബണ്ടുകൾ നിർമ്മിക്കുന്നത് സമീപപ്രദേശത്തെ കിണറുകളിലെ വെള്ളം വറ്റാതെ ഉപകരിക്കും.

ജലശ്രോതസിന് കുറവു വന്നാൽ

ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്ന പദ്ധതികൾക്ക് ജലത്തിന്റെ അഭാവം മൂലം കോട്ടം നേരിട്ടാൽ ആ പദ്ധതിയുടെ വിജയത്തെക്കുറിച്ച് അസന്നിഗ്ദ്ധമായി പറയുവാൻ കഴിയുകയില്ല. ഇങ്ങനെ വരുന്ന സാഹചര്യങ്ങളിൽ കുറവിലങ്ങാടിനു വെളിയിൽ നിന്നും വെള്ളം ഇവിടെയെത്തിക്കേണ്ടതിനെക്കുരിച്ച് നമുക്ക് ആലോചിക്കേണ്ടിവരും. വൈക്കത്തു നിന്നോ പിറവത്തു നിന്നോ ഇവിടെ ജലം എത്തിച്ച് ഒൻപതു വാർഡുകളെയും വിവിധ യൂണിറ്റുകളാക്കി തരംതിരിച്ച് ഉയർന്നപ്രദേശങ്ങളിൽ ടാങ്കുകൾ കെട്ടി വെള്ളമെത്തിച്ച് അവിടെ നിന്നും ഗാർഹികകണക്ഷനുകൾ കൊടുക്കുക. ഇപ്രകാരം ചെയ്ത് ഓരോ വീടുകൾക്കും വാട്ടർമീറ്ററുകൾ കൂടി സ്ഥാപിച്ച് ചെറിയ രീതിയിൽ വെള്ളക്കരം ഈടാക്കിയാൽ ഇതിനു ചിലവാകുന്ന സാമ്പത്തികം തന്നെ പഞ്ചായത്തിന തിരിച്ചു ലഭിക്കുന്നതായിരിക്കും.

ഇങ്ങനെ ഏതു രീതിയൽ നോക്കിയാലും അതിശക്തമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കുറവിലങ്ങാട്ടു ഗ്രാമപഞ്ചായത്ത് അടിയന്തിരമായി പരിഹരിക്കേണ്ട ആദ്യത്തെ വിഷയം 'കുടിവെള്ളം' ആയിരിക്കണം. ഈ ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാലത്ത് നാം തിരഞ്ഞെടുത്ത പദ്ധതികൾ തയ്യാറാക്കി ജനങ്ങളുടെ മുൻപിൽ ചാരിതാർത്ഥ്യബോധത്തോടെ നിൽ

ക്കുവാൻ നമുക്കു സാദിക്കണം. അതിശക്തമായ സാമ്പത്തികമുടക്കു തന്നെ വേണ്ടി വരുന്ന പദ്ധതികൾ ജനകീയാസൂത്രണപ്രസ്ഥാനം വഴി നടത്തുന്നതിനുള്ള സാമ്പത്തിക ഉപാധികൾ നമുക്കു ലഭിച്ചാൽ പദ്ധതികളും പൂർത്തീകരിക്കുവാൻ നമുക്കു സാധിക്കും.

പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് കാര്യക്ഷമമായ പുരോഗതി പ്രാപിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ആരോഗ്യമുള്ള ജനതതിക്കേ നാടിന്റെ വിളക്കും വെളിച്ചവും ആയി നിന്നുകൊണ്ട് നാടിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിക്കുകയുള്ളൂ. ശുചിതബോധവും ഉണർവ്വുമുള്ള ഇന്നത്തെ തലമുറ വരും തലമുറയുടെ വഴികാട്ടിയായിരിക്കണം. പോളിയോ സ്മോൾപോക്സ് മുതലായ രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ ശാസ്ത്രബുദ്ധിക്ക് സാധിച്ചെങ്കിലും എയ്ഡ്സ് എന്ന ഭീകരൻ ഇന്ന് മനുഷ്യന്റെ ജീവനാശത്തിന് ഹേതുവായി നിൽക്കുന്നു. പുരാതനശിലായുഗത്തിൽ കാട്ടുചെടികളിൽനിന്ന് മരുന്നും ഔഷധങ്ങളും ഉണ്ടാക്കി ചികിത്സ ചെയ്തിരുന്ന കാലത്തു നിന്നും ആധുനികയുഗത്തിലെ റേഡിയേഷൻ സ്കാനിംഗ് മറ്റു മേജർ സർജറികൾ മുതലായ നൂതന ചികിത്സാ സമ്പ്രദായങ്ങളിൽ വൈദ്യശാസ്ത്രം എത്തിനിൽക്കുന്നു. ഈ അവസ്ഥയിൽ ലോകം മുന്നോട്ടുകുതിക്കുമ്പോൾ കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യരംഗം ശ്രദ്ധിക്കേണ്ടതും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ടതും നാം ഓരോരുത്തരുടെയും ആവശ്യമാണ്.

കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിൽ ആദ്യകാലത്ത് ജനങ്ങൾ ആശ്രയിച്ചിരുന്നത് പരമ്പരാഗതമായിട്ടുണ്ടായിരുന്ന നാട്ടുചികിത്സാ സമ്പ്രദായത്തെയായിരുന്നു. ഈ പാരമ്പര്യരീതിയിൽ ചികിത്സിച്ചിരുന്ന പല പ്രമുഖരും ഒരു കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്നു. ഒരു ശതാബ്ദം നിറഞ്ഞു നിന്നിരുന്ന ഇവരുടെ ചികിത്സാ സമ്പ്രദായം മുഖ്യമായും വിഷചികിത്സ കണ്ണു ചികിത്സ ബാലചചികിത്സ മുതലായവയിൽ ആയിരുന്നു. - കാലഘട്ടം വരെ ഇവരുടെ സേവനം ജനങ്ങൾ കൂടുതലായി ആശ്രയിച്ചുപോന്നിരുന്നു. - ൽ സർക്കാർ അലോപ്പതി ആശുപത്രി രൂപപ്പെടുന്നതോടെ ആധുനികചികിത്സാസമ്പ്രദായത്തിന്റെ ഗുണഫലങ്ങൾ മനസ്സിലാക്കുന്നതിന് ജനങ്ങൾ ഈ ആശുപത്രിയെ ആശ്രയിക്കാൻ തുടങ്ങി. ഇതു തുടക്കകാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്നത് നാലഞ്ചേരിക്കാരുടെ വക കെട്ടിടത്തിൽ ആയിരുന്നു. പിന്നീട് ജനസംഖ്യാ വർദ്ധനവും രോഗികളുടെ ക്രമാതീതമായ തള്ളൽ മൂലവും സ്ഥലപരിമിതി കാരണവും കുറവിലങ്ങാട് കുറുപ്പന്തററൂട്ടിലുള്ള പള്ളിവക സ്ഥലത്തേക്ക് മാറ്റുകയുണ്ടായി

ഇന്ന് കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ആതുരസേവനരംഗത്ത് ഒരു സർക്കാർ അലോപ്പതി ആശുപത്രിയും ഒരു സർക്കാർ ആയുർവേദ ഡിസ്പെൻസറിയും രണ്ടു സ്വകാര്യ ആശുപത്രികളും അടക്കം 16 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളും അടക്കം ഇത്രയേറെ ആരോഗ്യകേന്ദ്രങ്ങൾ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഇന്നും പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത് പഞ്ചായത്തിനു വെളിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളേയും കൂടാതെ ജില്ലാ മെഡിക്കൽ കോളെജ് എന്നിവയുമാണ്. ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ചർച്ചകൾ എല്ലാം തന്നെ ഇപ്പോൾ ഇവിടെ പ്രവർത്തിച്ചുവരുന്ന സർക്കാർ അലോപ്പൊതി, ആയുർവേദ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും പ്രവർത്തനരംഗം വിപുലീകരിക്കുന്നതിലും ആണ് ചെന്നവസാനിച്ചത്.

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ആരോഗ്യരംഗത്ത് പ്രവർത്തിച്ചുവരുന്ന സർക്കാർ സ്വകാര്യസ്ഥാപനങ്ങൾ

1. ഗവ: ആയുർവേധ ആശുപത്രി
2. ഗവ: അലോപ്പൊതി ആശുപത്രി
3. F.W.C. കുര്യം
4. F.W.C. നസ്രത്തു ഹിൽ

സ്വകാര്യാശുപത്രികൾ

1. സെൻറ് വിൻസൻറ് ഹോസ്പിറ്റൽ
2. ശുശ്രൂഷാ ഹോസ്പിറ്റൽ

കൂടാതെ 10 ക്ലീനിക്കുകളും ഈ പഞ്ചയാത്തിൽ പ്രവർത്തനം അനുഷ്ഠിച്ചുവരുന്നു ഇവയെല്ലാം തന്നെ അലോപ്പൊതി ആയുർവേദ ഹോമിയോചികിത്സകളിൽ പ്രാവീണ്യം നേടിയ ഡോക്ടർമാർ നടത്തിവരുന്നവയാണ്. ആശുപത്രികളിൽ ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉള്ളത് ഗവ: അലോപ്പൊതി ആശുപത്രിക്കു മാത്രമാണ്. ഇവിടെ പുരുഷ വനിതാ വാർഡുകളായി തരംതിരിച്ചു കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം നിലവിൽ ഉണ്ട്. ഇതുകൂടാതെ 8 മുറികൾ അടങ്ങുന്ന ഒരു പേവാർഡും ആശുപത്രിയോട് ചേർന്നുണ്ട്. ആയുർവേദ ആശുപത്രിയെക്കുറിച്ചു പറഞ്ഞാൽ ജനങ്ങൾക്ക് ഇവിടുത്തെ ചികിത്സയിലുള്ള വിശ്വാസം വലുതാണന്നുള്ളതാണ്. രാവിലെ മുതൽ നീളുന്ന രോഗികളുടെ നീണ്ട നിര ഉച്ച യ്ക്കു 12 മണി വരെ കാണുന്നു എന്നുള്ളത് സവിശേഷതായാണ്. ഈ പഞ്ചായത്തിൽ നിന്നുമാത്രമല്ല സമീപപഞ്ചായത്തുകളിൽനിന്നു കൂടി രോഗികൾ ഇവിടെ എത്തി ചികിത്സ തേടാ റുണ്ട്.

ആരോഗ്യരംഗത്ത് ഉപരിപ്ലവമായ വികസ നത്തിന് അത്യാവശ്യമായ ഘടകമാണ് ശുചിത്വം. ശുചിത്വരംഗം നല്ല രീതിയിൽ അഭിവൃദ്ധിപ്പെട്ടെ ങ്കിലേ ആരോഗ്യരംഗം ഫലസമാപ്തിയിൽ എത്തുകയുള്ളൂ. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ശുചിത്വരംഗത്ത് ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സ്വന്തമായി കക്കൂസില്ലാത്ത കുടുംബങ്ങളുടെ ശോചനീയാവസ്ഥയിലാണ്. പഞ്ചായത്ത് ഓരോ വാർഡ് മെമ്പർമാരേയും ഗ്രാമസേവകൻമാരേയും ഉൾപ്പെടുത്തി സർവ്വേ നടത്തിയതിൽ സ്വന്തമായി കക്കൂസില്ലാത്ത

പ്രശ്നങ്ങൾ	സാദ്ധ്യതകൾ
കക്കൂസില്ലാത്ത കുടുംബങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട്	പഞ്ചായത്തുകൾ മുൻകൈ എടുത്തും ജില്ലാ പഞ്ചായത്ത് നടത്തിവരുന്ന 'ർമ്മൽ 2000' പദ്ധതി പരമാവധി പ്രയോജനപ്പെടുത്തിയും
സ്ഥലപരിമിതി ഉള്ള കുടുംബങ്ങളുടെ	കൂടുതൽ വീടുകളെ ഉൾപ്പെടുത്തി വലുപ്പം കൂടിയ പൊതു ടാങ്കുകൾ നിർമ്മിക്കുക.
ആവശ്യകതയെക്കുറിച്ച് അറിയുവാൻ വയ്യാത്തവർ	ബോധവൽക്കരണക്ലാസ്സുകൾ ഇടക്കിടെ നടത്തുക

കുടുംബങ്ങൾ പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ 35% വരും.

പരിസരമലിനീകരണം കാതലായ ഭാഗം

പരിസരമലിനീകരണ് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ കൂടുതലായി ഉയർന്നുവരാറുള്ളത് വ്യവസായ സ്ഥാപനങ്ങളെ ആശ്രയിച്ചാണ് അങ്ങനെ കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉളവാക്കുന്ന വ്യവസായസ്ഥാപനങ്ങൾ കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിൽ കുറവാണെങ്കിലും ഗൈക്കോലാറ്റക്സ് ഫാക്ടറി മൂലം 7,1 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് വായു, ജലം, ശബ്ദമലിനീകരണം അനുഭവപ്പെടുന്നു എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നു. സത്വരനടപടികൾ അധികാരികൾ കൈക്കൊള്ളണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. ആരോഗ്യരംഗത്ത് കൂടുതൽ നാശം ഉളവാക്കുന്ന ജീവികളായ കൊതുക്, ഈച്ച എലി മുതലായവ കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്തിൽ പെരുകി വരുന്നു. നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു പ്രശ്നമല്ല ഇത്. മേൽ വിവരിച്ച പ്രശ്നങ്ങളേയും പ്രശ്നപരിഹാരങ്ങളേയും കുറിച്ച് വിശേഷാൽ ഗ്രാമസഭകളിൽ പൊന്തിവന്ന അഭിപ്രായങ്ങളിലേക്ക് നമുക്ക് ഒരു എത്തിനോട്ടം നടത്താം. എല്ലാ വാർഡുകളിലും തന്നെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ അടിസ്ഥാനത്തിൽ ഒന്നായിരുന്നു. വേനലാകുമ്പോൾ പഞ്ചായത്തിലെ ഒട്ടു മിക്ക കുളങ്ങളും, കിണറുകളും വറ്റുന്ന സ്ഥിതിയിലാണ്. ഇങ്ങനെ മലിനമായി കിടക്കുന്ന ജലത്തിൽനിന്നുമാണ് പകർച്ചവ്യാധികളുടെ ആവിർഭാവം ചർദ്ദി, അതിസാരം, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ചിക്കൻപോക്സ് മുതലായ രോഗങ്ങളാണ് പഞ്ചായത്തിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ. 5 കോളനികളും 10-ൽ കൂടുതൽ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പത്തോളം അംഗീകരിക്കാത്ത കോളനികളും പഞ്ചായത്തിലുണ്ട്. ഈ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതായിട്ടുണ്ട്. രോഗം വന്നതിനു ശേഷം ചികിത്സ തേടുന്നതിനേക്കാൾ മഹത്തരം രോഗം വരാതെ നോക്കുന്നതാണ്. കൊതുകുനശീകരണവും മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്താൽ മഞ്ഞപ്പിത്തം, വയറുകടി, ചർദ്ദി മുതലായ രോഗങ്ങളിൽ നിന്ന് ഒരു പരിധിവരെ മുക്തി നേടുവാൻ സാധിക്കും.

പരിസരശുചീകരണം ആരോഗ്യരംഗത്ത് നടത്തേണ്ട അനിവാര്യഘടകമാണ്. ഇതിന്റെ തുടക്കം ടൗണിൽ നിന്നു തുടങ്ങി, കോളനികളിലൂടെ, പഞ്ചായത്തിന്റെ എല്ലാ കോണുകളിലും എത്തേണ്ടതായിട്ടുണ്ട്. ടൗണിലുള്ള ഓടകൾ ചപ്പുചവറുകൾ നിറഞ്ഞും, മലിനജലം കെട്ടിക്കിടന്നും വൃത്തിഹീനമായ രീതിയിൽ കാണുന്നു. പഞ്ചായത്ത് ഇടയ്ക്കിടെ ഓട ക്ലീനിംഗ് നടത്തുന്നുണ്ടെങ്കിലും അവയൊന്നും പൂർണ്ണമാവുന്നില്ല. എന്നുള്ളത് ഒരു വസ്തുതയാണ്. ഓടകളുടെ വൃത്തിയാക്കൽ ഇവയ്ക്കു കുറുകെ സ്ഥാപിച്ചിരിക്കുന്ന സ്ലാബുകൾ മാറ്റിക്കൊണ്ടുള്ളതാകണം. ഓടകളിൽ ചപ്പുചവറുകളും മറ്റും വന്നു നിറയുവാൻ ചില വ്യാപാരികളും കാരണക്കാരാണ്. ഇങ്ങനെയുള്ള വ്യാപാരികളെ അതിൽനിന്നും പിന്തിരിപ്പിച്ച് കടകളിൽനിന്നും പുറത്തു കളയുന്ന പാഴ്വസ്തുക്കൾ ഒരിടത്തു ശേഖരിച്ച് നശിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഉണ്ടാകേണ്ടതായിട്ടുണ്ട്. മാർക്കറ്റിന്റെ പരിസരഭാഗങ്ങളും ഇനിയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിലെ ചില ഹോട്ടലുകളുടെയും, ഹോസ്റ്റലുകളുടെയും ഒക്കെ പരിസരങ്ങൾ കുറെക്കൂടി ശുചിയായി പരിപാലിക്കണമെന്ന ആവശ്യം പൊതുവെ ചർച്ചചെയ്യപ്പെട്ട ഒന്നാണ്. കുട്ടികൾ കൂടുതലായി താമസിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളിൽ അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലും പരിസരഭാഗങ്ങൾ

വൃത്തിയായി സൂക്ഷിക്കുന്നതിനും അധികൃതർ ശ്രദ്ധ ചെലുത്തണം. ഇത്തരം ഹോസ്റ്റലുകളുടെ പരിസരങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനജലം അയൽ വാസികൾ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നു എന്ന് മിക്ക ഗ്രാമസഭകളിലും ചൂണ്ടിക്കാണിക്കപ്പെട്ടു. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനിടയുള്ളതാണ്. അതൊഴിവാക്കാൻ ശരിയായ ശുചിത്വം, വൃത്തിയായ പരിസരം തുടങ്ങിയവ ആവശ്യമാണ്.

പോഷകാഹാരത്തിന്റെ കുറവുമൂലം കുട്ടികളിലും മുതിർന്നവരിലും ചില രോഗങ്ങൾ കണ്ടു വരുന്നുണ്ട്. അമ്മയുടെ ഗർഭപാത്രത്തിലായിരിക്കുമ്പോൾ മുതൽ വിറ്റാമിനുകൾ ഉള്ള ഭക്ഷണം അമ്മയ്ക്കു ലഭിച്ചെങ്കിലേ ആരോഗ്യമുള്ള കുട്ടിയ്ക്കു ജന്മം നൽകുവാൻ സാധിക്കുകയുള്ളൂ. ഇതിനു സാധിക്കാതെ വരുമ്പോഴാണു കുട്ടിയ്ക്കു വിളർച്ചയും അംഗവൈകല്യങ്ങളും മറ്റും ഉണ്ടാകുന്നത്. ഇങ്ങനെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കിടയിൽ പോഷകാഹാരക്കുറവനുഭവപ്പെടുന്നതിൽ അധികാരികൾ ശ്രദ്ധ ചെലുത്തുന്നത് നന്നായിരിക്കും.

പഞ്ചായത്തിന്റെ ആരോഗ്യരംഗത്തെ വാർഡു തിരിച്ചുള്ള സ്ഥിതിവിവരം

വാർഡ്	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ	കണ്ടുവരുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തന വിലയിരുത്തൽ
1.	ഇല്ല	3	ചിക്കൻപോക്സ്, വൈറൽഫിവർ, ചെങ്കണ്ണ്, വയറുകടി, മഞ്ഞപ്പിത്തം	കോളനിയെ കേന്ദ്രീകരിച്ച് ആരോഗ്യക്ലാസ്സുകൾ നടത്തുക ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടി കാണുന്നില്ല
2.	ഇല്ല	3	പനി, ചെങ്കണ്ണ്, മഞ്ഞപ്പിത്തം	പൊതുപ്രവർത്തനങ്ങൾ തൃപ്തികരമല്ല. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടി കാണുന്നില്ല.
3.	ഇല്ല	2	ചിക്കൻപോക്സ് വൈറൽഫിവർ, പനി	ആരോഗ്യക്ലാസുകൾ വാർഡുതലത്തിൽ നടത്തുക
4.	ഇല്ല	1	പനി, വയറുകടി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്	ആരോഗ്യക്ലാസ്സുകൾ നടത്തുക, പൊതു ആരോഗ്യ പ്രവർത്തനങ്ങൾ തൃപ്തികരമല്ല
5.	2	2	പനി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, വയറുകടി	ആരോഗ്യകേന്ദ്രത്തിൽ മരുന്നുകൾ കുറവാണ്.ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി വരുന്നതായി കാണുന്നില്ല. കോളനികളിൽ ആരോഗ്യക്ലാസ്സുകൾ നടത്തുക.
6.	ഇല്ല	1	ചെങ്കണ്ണ്, മഞ്ഞപ്പിത്തം, വയറുകടി, വൈറൽഫിവർ	കോളനിയിൽ ആരോഗ്യ ക്ലാസ്സുകൾ നടത്തുക. ആരോഗ്യപ്രവർത്തകരുടെ ഗൃഹ സന്ദർശനം കണ്ടുവരുന്നില്ല
7.	1	ഇല്ല	വയറുകടി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്	ആരോഗ്യരംഗം തൃപ്തികരമല്ല. ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
8.	ഇല്ല	ഇല്ല	പനി, ചെങ്കണ്ണ്, വയറുകടി	ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കണ്ടു വരുന്നില്ല.
9.	1	1	ചിക്കൻപോക്സ്, ചെങ്കണ്ണ്, മഞ്ഞപ്പിത്തം, വയറുകടി	കോളനികളിൽ ആരോഗ്യ ക്ലാസ്സുകൾ നടത്തുക. ആരോഗ്യരംഗം തൃപ്തികരമല്ല.

95-96 ൽ ചികിത്സ ലഭിച്ചവരുടെ കണക്ക്

പൊതുസ്ഥാപനങ്ങൾ	O.P.	I.P.
ഗവ: ഹോസ്പിറ്റൽ	41816	1870
ഗവ: ആയുർവ്വേദം	25706	ഇല്ല
സ്വകാര്യസ്ഥാപനങ്ങൾ		
സെൻറ് വിൻസൻറ് ഹോസ്പിറ്റൽ 96ൽ തുടങ്ങി	4286	765
ശുശ്രൂഷാ ഹോസ്പിറ്റൽ	14500	680

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ടൗണും പരിസരങ്ങളും ശുചിയായി സൂക്ഷിക്കുകയും ഓടകൾ മാസത്തിൽ ഒരിയ്ക്കൽ വൃത്തിയാക്കുകയും ചെയ്യുക.
2. വരൾച്ച ആരംഭിക്കുമ്പോൾ തന്നെ പൊതുകുളങ്ങളിലും കിണറുകളിലും ക്ലോറിനേഷൻ നടത്തുക.
3. മെറ്റേണിറ്റി ബനിഫിറ്റ് യഥാസമയങ്ങളിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. മാസത്തിലൊരിക്കൽ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിലും ടൗണിലും കോളനികളിലും ഫോഗിംഗ് നടത്തുന്നതിന് പഞ്ചായത്തും, ഹെൽത്തധികാരികളും ശ്രദ്ധിക്കുന്നത് നന്നായിരിക്കും.
5. കൊതുകുകളെയും എലികളെയും നശിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.
6. ഒരു ആധുനിക സ്ലോട്ടർ ഹൗസ് പഞ്ചായത്ത് വകയായി സ്ഥാപിക്കുക.
7. ഹോട്ടൽ, ഹോസ്റ്റൽ, പരിസരങ്ങൾ വൃത്തിയായി കിടക്കുന്നതിന് ശ്രദ്ധ ചെലുത്തണം.
8. പൊതു ശ്മശാനത്തിൻെറ ചുറ്റുപാടുകൾ കുറേക്കൂടി വെടിപ്പായി സൂക്ഷിക്കുക.
9. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള പേവിഷബാധയ്ക്കെതിരേ കുത്തിവെയ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളുടെ ഉന്നമനത്തിലുള്ള ചില നിർദ്ദേശങ്ങൾ

1. സർക്കാർ അലോപ്പതി ആശുപത്രി

ആശുപത്രിയുടെ നിലവിലുള്ള സ്ഥിതി അത്ര തൃപ്തികരമല്ല. ഉണ്ടായിരുന്ന പലതും ഇവിടെ നിന്നും ഇല്ലാതാവുകയാണുണ്ടായത്. സാധാരണക്കാരൻെറ ആശ്രയം എന്ന നിലയ്ക്ക് ആശുപത്രി വളരേണ്ടത് നമ്മുടെയാവശ്യമാണ്.

നിർദ്ദേശങ്ങൾ

1. പ്രസവവാർഡ് പുനസ്ഥാപിക്കുക
2. എക്സ്-റേ, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയറ്റർ തുടങ്ങിയവയുടെ യൂണിറ്റുകൾ ആരംഭിക്കുക.
3. നിലവിലുണ്ടായിരുന്ന പോസ്റ്റ് മോർട്ടം

സൗകര്യം പുനരാംരംഭിക്കുകയും മോർച്ചറി സൗകര്യം ലഭിക്കുകയും ചെയ്താൽ പഞ്ചായത്തിനെ സംബന്ധിച്ച് വലിയ നേട്ടമായിരിക്കും.

4. ഒരു ശിശുരോഗ വിദഗ്ദ്ധന്റെ സേവനം ആവശ്യമായിട്ടുണ്ട്.

5. മരുന്നുകളുടെയും മറ്റും ലഭ്യത ഉറപ്പു വരുത്തുക.

6. നിലവിലുള്ള ആശുപത്രികെട്ടിടം റീ പെയിൻറ് ചെയ്യുകയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

7. 1-ാം വാർഡിൽ പള്ളിയമ്പ് കേന്ദ്രമായി ഒരു കുടുംബ ക്ഷേമകേന്ദ്രവും സ്ഥാപിക്കുക.

II. ആയുർവ്വേദ ഡിസ്പെൻസറി

ആയുർവ്വേദ ഡിസ്പെൻസറിയിലെ ചികിത്സാരീതിയോട് ഈ പഞ്ചായത്തിലെയും സമീപപഞ്ചായത്തുകളിലെയും ജനങ്ങൾക്ക് പൊതുവെ താൽപര്യം കണ്ടു വരുന്നു. 51ന്മ2 ലക്ഷം രൂപാ മുടക്കിയുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ പഞ്ചായത്തു തുടങ്ങിവെച്ചിട്ടുണ്ടെങ്കിലും ഡിസ്പെൻസറിയുടെ ഉന്നമനത്തിനുള്ള കൂടുതൽ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നു.

പരിഹാരങ്ങൾ

1. സ്ഥാപനം ആശുപത്രിയാക്കി ഉയർത്തുക.


2. ആരോഗ്യരംഗത്ത് ആയുർവ്വേദനത്തിനുള്ള പ്രാധാന്യവും ആയതിന് ഇനിയും പുരോഗതിയുണ്ടാക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

3. ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുന്നതോടൊപ്പം പ്രത്യേക വിഭാഗങ്ങൾ (സ്ത്രീ, ബാലരോഗചികിത്സ, പഞ്ചകർമ്മചികിത്സ, ചർമ്മം, നേത്രം, വിഷം, സിദ്ധം, പ്രകൃതി ചികിത്സ, യൂനാനി ഇവ പ്രാവർത്തികമാക്കുന്നതിനു വേണ്ട ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുക.

4. പാതയോരങ്ങളിൽ പാഴ്മരങ്ങൾക്ക് പകരം പരിസര ശുചീകരണത്തിനും ഔഷധഗുണമുള്ളതുമായ ആര്യവേപ്പ്, അരയാൽ, അശോകം തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് നന്നായിരിക്കും.

മനുഷ്യമനസ്സുകളിൽ ഏറ്റവും ഉദാത്തമായ അനുഭൂതികൾ ജനിപ്പിക്കുന്നതും സ്ഥായിയായ മധുരസ്മരണകൾ അവശേഷിപ്പിക്കുന്നതും കുടുംബബന്ധങ്ങളാണ്. നിരാശബോധമില്ലാത്ത സമൂഹം ഈ നാടിന്റെ ഊടിനും പാവിനും ആവശ്യമാണ്. ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്ന ആശയം പ്രാവർത്തികമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ആരോഗ്യമുള്ള വ്യക്തികൾ ചേർന്ന കരുത്തുറ്റ സമൂഹത്തിനും പ്രത്യാശയുടെ കിരണങ്ങൾ കാത്തിരിക്കുന്നവരും പൊൻപുലരികൾക്കും അവസരമൊരുക്കട്ടെ. ഒൻപതാം പദ്ധതി ജനനന്മയ്ക്കു മാത്രമുള്ളതായിരിക്കട്ടെ.

5 വ്യവസായം



വ്യാവസായികമായി വളരെയേറെ പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശമാണ് കുറവിലങ്ങാട് പഞ്ചായത്ത്. വൻകിട വ്യവസായസംരഭങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവവും പ്രകൃതി വിഭവശേഷിയുടെ അപര്യാപ്തതയും നമ്മുടെ ഗ്രാമത്തിന്റെ വ്യവസായിക വളർച്ചയെ പിന്നോടടിക്കുന്നു. എന്നാൽ വളരെയേറെ സാദ്ധ്യതകളുള്ള മറ്റൊരു രംഗം നമുക്കുണ്ട്. മണ്ണിൽനിന്നും പൊന്നു വിളയിക്കുന്ന ഇവിടുത്തെ കൃഷിക്കാരുടെ കാർഷികോത്പന്നങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള കാർഷികാധിഷ്ഠിത വ്യവസായ സംരഭങ്ങൾക്ക് അനന്തമായ, സാദ്ധ്യതകൾ നമ്മുടെ പ്രദേശത്തുണ്ട്. കൃഷിയും വ്യവസായവും പരസ്പരം കൂട്ടിയിണക്കിഒരു വ്യവസായിക സംസ്ക്കാരത്തിന് കൃഷിക്കാനെയും തൊഴിൽ തേടി അലയുന്നവനെയും തമ്മിൽ ഒരുമിപിക്കുവാനും ഒരു പുതിയ വികസന പാതക്ക് രൂപം കൊടുക്കുവാനും കഴിയും.

മത്സരാധിഷ്ഠിതമായ കമ്പോളവ്യവസ്ഥിതിയുടെ പരിണിത ഫലമായി നമ്മുടെ പ്രദേശത്ത് നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും പാടെ തകർന്നു പോയിരിക്കുന്നു. കുട്ട,വട്ടി, നെയ്ത്ത് തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ഒറ്റപ്പെട്ടും മറ്റും വ്യക്തിഗതമായി പ്രവർത്തിക്കുന്നു എങ്കിലും അവക്കൊന്നും സംഘടിത രൂപത്തിലോ സഹകരണ രൂപത്തിലോ ഉള്ള കുടിൽ വ്യവസായിക ശാലകളായി രൂപം പ്രാപിക്കാൻ നമ്മുടെ പ്രദേശത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. കുടിൽ വ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും വളർത്തിയെടുക്കുന്നതിലുള്ള അനുകൂല സാഹചര്യം നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ട്.

പുത്തൻ വ്യവസായസംരഭകർക്ക് നേരിടേണ്ടി വരുന്ന പ്രധാന പ്രശ്നം ചുവപ്പു നാടയിൽ കുരുങ്ങിയുള്ള അധികാരികളുടെ സമീപനമാണെന്ന ഒരാക്ഷേപം പൊതുവേ ഉണ്ട്. ഇതിനുള്ള ഏക പരിഹാര മാർഗ്ഗം അധികാര വികേന്ദ്രീകരണം മാത്രമാണ്. ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതിയുടെ ആസൂത്രണവും അതിന്റെ നടത്തിപ്പും ജനങ്ങളിൽ പുത്തൻ വ്യാവസായികാപബോധം വളർത്തിയെടുക്കുവാൻ വളരെയേറെ സഹായകമാകും എന്നതാണ് നമ്മുടെ പ്രതീക്ഷ.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളും വിളിച്ചുകൂട്ടി അവിടെനിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദേശങ്ങളും കണക്കിലെടുത്താണ് ഈ വ്യവസായ റിപ്പോർട്ട് തയ്യാറാക്കിയുട്ടുള്ളത്.

A. എടുത്തു പറയാവുന്ന ചെറുതും വലുതുമായ വ്യവസായങ്ങൾ

(സഹകരണ മേഖലയിലും അല്ലാതെയും)

1. ഗൈക്കോൾ ലിമിറ്റഡ്
2. ഗാന്ധി ഗ്രാം റബ്ബേഴ്സ്.
3. പെൻറാടെക്

4. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
5. ഖാദി &വില്ലേജ് ഇൻഡസ്ട്രീസ്
6. മയൂരി ഹോളോ ബ്രിക്സ്
7. ഫ്ളൈവുഡ് ഷീറ്റ് നിർമാണ ഫാക്ടറി
8. അമൃതാ ഫ്രൂട്ടസ് പ്രോഡക്ടസ്
9. ഭാവനാ ഗാർമെൻറസ്
10. ബാത്ത് പൗഡർ നിർമാണ യൂണീറ്റ് ജയഗിരി
11. ജയഗിരി സ്വാശ്രയസംഘം (കൈത്തൊഴിൽ നിർമാണ യൂണീറ്റ്)
12. ബാത്ത് പൗഡർ നിർമാണ യൂണീറ്റ് നസ്രത്തുഹിൽ
13. ചപ്പൽ നിർമാണ യൂണീറ്റ് നസ്രത്തു ഹിൽ
14. ബേക്കിംഗ് യൂണീറ്റ് ഇന്ദിരഗിരി
15. മല്നാട് ജൈവവളം
16. ഒമേഗാ പ്രിൻറിംഗ്
17. നവോദയാ നോട്ടുബുക്ക് നിർമാണ യൂണീറ്റ് തോട്ടുവാ

B. നിലവിൽ പ്രവർത്തിക്കുന്നതും പരിപോഷിപ്പിക്കാവുന്നതും

1. സോമില്ലുകളോട് ചേർന്നുള്ള പാക്കിങ്ങ് കേസ് നിർമാണം
2. ഫ്ളവർ മില്ലുകളോടു ചേർന്നുള്ള കറി പൗഡർ ധാന്യപ്പൊടി നിർമാണം.
3. വർക്കുഷോപ്പുകളോടു ചേർന്നുള്ള യന്ത്രസാമഗ്രികളുടെ നിർമാണം.
4. വീടുകളോടു ചേർന്ന് ഹോളോ ബ്രിക്സുകളും മണൽ ഇഷ്ടികകളും വാർപ്പു സാധനങ്ങളും
5. റബ്ബർ സോളുകളുടെ അറപ്പു യൂണീറ്റുകൾ
6. വീടിനോടനുബന്ധിച്ചുള്ള ചെരിപ്പു നിർമാണം.

C. ഭാഗികമായി പ്രവർത്തിക്കുന്നവയും പ്രവർത്തനം നിലച്ചുപോയവയും

1. റബ്ബർ ബാൻറ് യൂണീറ്റ് I -ാം വാർഡ് ഒന്ന്
2. തീപ്പെട്ടി കൊള്ളി നിർമാണം VII വാർഡ് മൂന്ന്
3. തേനീച്ച വളർത്തൽ യൂണീറ്റ് (സഹകരണ സ്ഥാപനം)
4. സോമില്ലുകൾ 5, 6, 9, 11 വാർഡുകളിൽ നാലു യൂണീറ്റ്
5. ബീഡി നിർമാണ യൂണീറ്റ് iV വാർഡ് ഒന്ന്
6. മൂക്കുകയർ നിർമാണം 1-ാം വാർഡ് ഒന്ന്
7. സോപ്പ്, നീലം, സിന്തറ്റിക്സ് വിന്നാഗരി യൂണീറ്റ് ഒന്ന്

മേൽ സൂചിപ്പിച്ച പട്ടികയിൽ 'C' വിഭാഗത്തിൽ പറയുന്ന വ്യവസായ സംരഭങ്ങൾ പരാജയപ്പെടുന്നതിനുണ്ടായ പ്രധാന കാരണങ്ങൾ മതിയായ മൂലധനകുറവ്, നടത്തിപ്പിലെ കെട്ടുകാര്യസ്ഥതയും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും ഉല്പന്നങ്ങളിൽ കാലാനുസൃതമായ പരിഷ്ക്കരണം നടത്തുന്നതിലുണ്ടായ വീഴ്ചയുമാണ്.

D. തുടങ്ങാവുന്ന വ്യവസായങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായം

റബ്ബർ ബാൻറ്, റബ്ബർ ക്രംബ്, റബ്ബർ ത്രഡ്ഡ്, സ്പോഞ്ച്, റബ്ബർ ഉറകൾ, ബലൂൺ തുടങ്ങിയവയുടെ ചെറുകിട നിർമാണ യൂണീറ്റുകൾ കൂടാതെ അരിപ്പ, ചിരട്ട, കത്തി, റോളർ, റെയിൻഗാർഡ്, തുരിശ് തുടങ്ങിയവയുടെ നിർമാണ യൂണീറ്റുകൾ.

2. തെങ്ങ് കവുങ്ങ് അധിഷ്ഠിത വ്യവസായം

ഇവ ഉപയോഗിച്ചുള്ള കൈവേലകളും കൗതുക വസ്തുക്കളുടെ നിർമാണം നാളികേരം ഉപയോഗിച്ചുകൊണ്ടുള്ള ഭക്ഷണപാനീയ നിർമാണ യൂണീറ്റുകൾ, വെളിച്ചെണ്ണ

നിർമാണവും വിതരണവും, തെങ്ങിൻ തടി ഉപയോഗിച്ചുള്ള വിവിധയിനം ഫർണിച്ചറുകളുടെ നിർമാണം. അടയ്ക്കാ സംസ്ക്കരണ യൂണിറ്റ്.

3. വാഴകൃഷി

വാഴനാരും പിണ്ടിയും ഉപയോഗിച്ചുകൊണ്ടുള്ള കൗതുക വസ്തുക്കളുടെ നിർമാണം, വാഴപ്പഴം കൊണ്ടുള്ള ബേബിഫുഡ്, ചിപ്സ് യൂണിറ്റുകൾ,കാലിതീറ്റയുടെ നിർമാണം.

4. പൈനാപ്പിൾ

ഇവയുടെ വ്യാപകമായ കൃഷിയും, ജാം, സ്കാഷ് തുടങ്ങിയ സംസ്ക്കരണ യൂണിറ്റും.

5. അരി വ്യവസായം

നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുകയും ധാന്യപ്പൊടി നിർമിച്ച് വിപണി കണ്ടെത്തുകയും ചെയ്യുന്ന യൂണിറ്റുകൾ

6. അലക്കു സോപ്പ്- പൊടി, നിർമാണ യൂണിറ്റുകൾ
7. കാലിത്തീറ്റ, കോഴിത്തീറ്റ നിർമാണ യൂണിറ്റുകൾ
8. ചെരുപ്പ്, സ്ട്രാപ്പ്, സോൾ നിർമാണ യൂണിറ്റുകൾ
9. ബീഡി നിർമാണ വ്യവസായം
10. തീപ്പെട്ടികൊള്ളി നിർമാണ യൂണിറ്റ്
11. നോട്ടു ബുക്ക് നിർമാണം, പ്രിന്റെറിങ്ങ് &ബയന്റെറിങ്ങ് യൂണിറ്റുകൾ
12. ടൂത്ത് പൗഡർ, ബാത്ത് പൗഡർ നിർമാണ യൂണിറ്റുകൾ
13. ഹോളോ ബ്രിക്സ്, മണലിഷ്ടിക, മൊസൈക്, വാർപ്പ് നിർമാണ യൂണിറ്റുകൾ,
14. റെഡിമെയ്ഡ് വസ്ത്ര നിർമാണം
15. പപ്പടനിർമ്മാണ യൂണിറ്റുകൾ
16. മെഴുകുതിരി, തിരികൂട്, പേഷൻബാഗ്, പോളിത്തീൻബാഗ്, തുടങ്ങിയവയുടെ നിർമാണം
17. ഫർണിച്ചറുകൾ, തടി ഉരുപ്പടികൾ, തുടങ്ങിയവയുടെ നിർമാണം,
18. ചൂരൽ, ഈറ്റ, മുള, തുടങ്ങിയവയുടെ നിർമാണം
19. ദാരു ശില്പ നിർമാണം, കൊത്തുപണികൾ
20. പ്ളാസ്റ്റിക് ബാഗുകൾ, കൗതുകവസ്തു നിർമാണ യൂണിറ്റുകൾ
21. ജൈവവള നിർമാണം
22. ആയുർവേദ ഔഷധ നിർമാണം
23. ആണി, വിജാഗിരി,നട്ട്, ബോൾട്ട്, ക്ലാസ്, തുടങ്ങിയ ഇരുമ്പുസാധനങ്ങളുടെ ചെറുകിട നിർമാണ യൂണിറ്റുകൾ
24. അലൂമിനിയ പാത്ര പെട്ടി, നിർമാണം
25. മരച്ചീനി ഉപയോഗിച്ച് കൊണ്ടുള്ള ചെറുകിട സംസ്ക്കരണ യൂണിറ്റ്
26. ആർട്ട് വർക്കുകളും സ്ക്രീൻ പ്രിൻറിംങ്ങും
27. തീർത്ഥാടന സാദ്ധ്യത പ്രയോജനപ്പെടുത്തിയുള്ള ടൂറിസം വികസനം
28. പലഹാര നിർമാണ യൂണിറ്റുകൾ
29. കൂടുതൽ ഇന്ധന ക്ഷമതയുള്ള അടുപ്പു നിർമാണം.

E. അസംസ്കൃത വസ്തുക്കളുടെ ലഭ്യത

മേൽ സൂചിപ്പിച്ചുട്ടുള്ള ചെറകിട കുടിൽ വ്യവസായങ്ങൾക്കു ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ ബഹുഭൂരിപക്ഷവും നമ്മുടെ ഗ്രാമത്തിൽ തന്നെ ലഭ്യമാണ്. റബ്ബർ, നാളികേരം,

പഴവർഗ്ഗങ്ങൾ തുടങ്ങിയിട്ടുള്ള കാർഷികോത്പന്നങ്ങൾ നമ്മുടെ നാട്ടിൽ സുലഭമാണ്. ഇത്തരത്തിലുള്ള ഉല്പന്നങ്ങൾ വ്യവസായിക വളർച്ചയെ മുന്നിൽകണ്ട് സഹകരണസംഘങ്ങൾ വഴിയോ ,മറ്റു സർക്കാർ ഏജൻസികൾ വഴിയോ സംഭരിക്കുന്നതിന് ആവശ്യമായ ഒരു കേന്ദ്രം നമുക്ക് ഉണ്ടാവണം. കൃഷിക്കാരന് ന്യായമായ വില ലഭിക്കുന്നതിനും ഇത്തരത്തിലുള്ള ഒരു സംഭരണ കേന്ദ്രം വളരെയേറെ സഹായകരമാണ്. നമ്മുടെ നാട്ടിൽ ലഭ്യമല്ലാത്ത അസംസ്കൃത വസ്തുക്കൾ കുടിൽ വ്യവസായികൾക്ക് എടുക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ തലത്തിലോ പഞ്ചായത്തു രാജ് ഭരണതലത്തിലോ ഏറ്റെടുത്തെങ്കിൽ മാത്രമേ നാമാവിശേഷമായികൊണ്ടിരുക്കുന്ന ചെറുകിട കുടിൽ വ്യവസായങ്ങളെ നിലനിർത്തുന്നതിനും പരിഭോഷിപ്പിക്കുന്നതിനും നമുക്ക് കഴിയുകയുള്ളൂ. ഈ മേഖലയിൽ ഭരണ തലങ്ങളിൽ പുതിയൊരു പൊളിച്ചെഴുത്ത് അനിവാര്യമാണ്.

F. പ്രവർത്തന സ്വഭാവം

ഇന്നു പ്രവർത്തിച്ചുകൊണ്ടിരുക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും സ്വകാര്യ മേഖലയയിൽ പ്രവർത്തിക്കുന്നവയാണ്. പൊതുമേഖലയിലോ സഹകരണ മേഖലയിലോ പ്രവർത്തിക്കുന്ന നമ്മുടെ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. ഈ രംഗത്ത് കാതലായ മാറ്റം ആവശ്യമാണ്. സർക്കാർ ഉടമസ്ഥതയിലോ സഹകരണ മേഖലയിലോ പുതിയ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചെങ്കിൽ മാത്രമേ നമ്മുടെ പ്രദേശത്തെ വളർന്നു വരുന്ന തൊഴിലില്ലായ്മയ്ക്ക് പരിമിതമായ തോതിലെങ്കിലും പരിഹാരം കാണാൻ നമുക്ക് കഴിയുകയുള്ളൂ. ഉദാഹരണത്തിന് പൊതുമേഖലയിൽ റബറധിഷ്ഠിത വ്യവസായം തുടങ്ങിയാൽ നമ്മുടെ നാടിന്റെ വിവിധ മേഖലയിൽ ഉള്ള വികസനവുമായി ബന്ധപ്പെട്ട് വളരെയേറെ പുരോഗതി കൈവരിക്കാൻ കഴിയും എന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല.

G മൂലധനം

നമ്മുടെ നാട്ടിൽ നിലവിലുള്ള വ്യാവസായിക മൂലധനത്തിന്റെ ഏറിയ പങ്കും സ്വകാര്യ മേഖലയിനിന്നുമാണ്. സഹകരണ പൊതുമേഖലകളിലെ മൂലധനം വളരെ പലരിമിതമാണ്. സ്വകാര്യ മേഖലകളിലെ മൂലധനത്തിന്റെ വളരെ ചെറിയൊരു ശതമാനം ബാങ്കുകളിൽനിന്നുള്ള വായ്പയായി ലഭിച്ചിട്ടുണ്ട്. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ നിന്നുമുള്ള വായ്പാനിരക്ക് 40%ത്തിൽ താഴെമാത്രമാണ്.

കാർഷികാവശ്യങ്ങൾക്കും വ്യാവസായികാവശ്യങ്ങൾക്കും കൂടി ലഭിക്കുന്ന ആകെ വായ്പാനിരക്കാണ് മേൽ ഉദ്ധരിച്ചിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളുടെ ഇത്തരത്തിലുള്ള സമീപനം തീർച്ചയായും നമ്മുടെ വ്യവസായ സ്താപനങ്ങളുടെ വളർച്ചക്ക് സഹായകരമല്ല. ആകെയുള്ള ഡിപ്പോസിറ്റിന്റെ 70% എങ്കിലും ഇന്നാട്ടിലെ കൃഷിക്കാർക്കും വ്യവസായ സംരഭകർക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ വായ്പയായി ലഭിക്കുന്നതിന് ആവശ്യമായ ഉദാരമായ സമീപനം ബാങ്കിങ്ങ് മേഖലകളിൽനിന്നുമുണ്ടാകണം. വിവിധ രംഗങ്ങളിൽ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യ വിഭവശേഷി നമുക്കുണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണമെങ്കിൽ സഹകരണ മേഖലയിൽ നിന്നും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന തദ്ദേശിയരായ ആളുകളുടെ ഭാഗത്തുനിന്നും ഈ രംഗത്ത് ഉദാരമായ സഹായ സഹകരണങ്ങൾ ആവശ്യമാണ്.

H മാർക്കറ്റിങ്ങും മലിനീകരണവും

നമ്മുടെ നാട്ടിൽ ഉല്പാദിക്കപ്പെടുന്ന വ്യാവസായികോല്പന്നങ്ങളിൽ പ്രധാനം പങ്കും

നമ്മുടെ സമീപ പ്രദേശങ്ങളിൽ വിറ്റഴിക്കുവാൻ നമുക്ക് കഴിയും. ഉല്പന്നങ്ങൾ ഏറ്റെടുക്കുകയും മറ്റു പ്രദേശങ്ങളിൽ വിപണി കണ്ടെത്തുകയും ചെയ്യുന്നതിനുവേണ്ടി ഒരു വിപണന കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുകയാണെങ്കിൽ അത് വ്യവസായ സംഭരകരെ സംബന്ധിച്ചടത്തോളം വളരെയേറെ സഹായകരമായിരിക്കും. അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന ഭൗതിക സാഹചര്യങ്ങൾ നമ്മുടെ പ്രദേശത്തെ സംബന്ധിച്ചടത്തോളം വളരെ വിരളമാണ് . എന്നാലും പ്രകൃതിയുടെ സമസന്തുലിതാവസ്ഥ നിലനിർത്താൻ എല്ലാ വ്യവസായ സംഭരകരും അങ്ങേയറ്റം ശ്രമിക്കേണ്ടതാണ്.


1. ഊർജ്ജ പ്രതിസന്ധി

വൈദ്യുതിയുടെയും മറ്റു ഊർജ്ജ സ്രോതസ്സുകളുടെയും അപര്യാപ്തത നമ്മുടെ വ്യവസായ പുരോഗതിയെ പ്രതികൂലമായി ബാധിക്കും എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണ്. ഈരംഗത്ത് നമ്മുടെ പ്രദേശത്ത് സ്വയം പര്യാപ്ത രീതിയിൽ യാതൊന്നും തന്നെ ചെയ്യാനില്ല എന്നുള്ളതാണ് സത്യം. ഈ പ്രദേശത്തിന്റെ വ്യാവസായികവളർച്ചക്ക് ആവശ്യമായ വൈദ്യുതി വിതരണം സംബന്ധിച്ചുള്ള കാര്യങ്ങൾ സംസ്ഥാനതലത്തിലുള്ള വൈദ്യുതനയത്തിന്റെ ഭാഗമായി കാണുക എന്നതു മാത്രമേ കരണീയമായിട്ടുള്ളു. ചെറുകിട-കുടിൽ വ്യവസായ വളർച്ചക്ക് സൗജന്യ നിരക്കിൽ വൈദ്യുതി വിതരണം ചെയ്താൽ അത് വളരെയേറെ ആശ്വാസകരമായിരിക്കും.

പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവരെ അലട്ടുന്ന പ്രധാന പ്രശ്നം, അവയെ സംബന്ധിച്ചുള്ള ശാസ്ത്രീയ അവബോധം ഇല്ലായ്മയാണ്. പദ്ധതിയുടെ പ്ളാനിംഗ് കമ്മീഷനിങ്ങ് വരെയുള്ള വിവിധ ഘട്ടങ്ങളെ സംബന്ധിച്ച് വിശദീകരിക്കാൻ പര്യാപ്തരായ വിദഗ്ധന്മാരുടെ നേതൃത്വത്തിൽ പഞ്ചായത്തു തലത്തിൽതന്നെ ക്ളാസ്സുകൾ സംഘടിപ്പിക്കണം. അതുപോലെ പദ്ധതികൾ തയ്യാറാക്കുമ്പോൾ, പലപ്പോഴും വിലങ്ങുതടിയായി മാറാനുള്ള ലൈസൻസിങ്ങ് ചട്ടങ്ങളും മറ്റും ലഘൂകരിക്കേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ചെറുകിട കുടിൽ വ്യവസായങ്ങളുടെ പുരോഗതിയെകുറിച്ച് വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപീകരിച്ച് പ്രവർത്തിച്ചാൽ അത്തരം



6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



നമ്മുടെ നാടിന്റെ വികസന പ്രക്രീയയിൽ ഗതാഗത സൗകര്യങ്ങൾക്ക് വളരെ സുപ്രധാനമായ ഒരു സ്ഥാനമാണുള്ളത് . കരമാർഗ്ഗം ഉള്ള ഗതാഗതത്തെ മാത്രമാണ് ഈപഞ്ചായത്തിലെസാധാരണ ജനങ്ങൾ ആശ്രയിച്ചിരിക്കുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കരമാരഗ്ഗം ഉള്ള ഗതാഗതത്തിന് കാളവണ്ടി മാത്രമാണ് നാം ആശ്രയിച്ചിരിക്കുന്നത് 1916-ൽ ആണ്ആദ്യമായി പെട്രോൾ ബസ് സർവീസ് ആരംഭിച്ചത്. ആദ്യത്തെ ബസ് സർവീസ് കോട്ടയം ആലുവ റൂട്ടിലായിരുന്നു. കുറവിലങ്ങാടു വഴി ഓടികൊണ്ടിരുന്ന ആദ്യത്തെ ബസ് "ബിറ്റോൾ " എന്ന ബസ് ആയിരുന്നു. ഈ പഞ്ചായത്തിലെ പ്രധാന കയറ്റുമതി ഉല്പന്നങ്ങളയിരുന്ന നാളികേരം, അടയ്ക്കാ,മഞ്ഞൾ,ചുക്ക്,കുരുമുളക്,കച്ചോലം തുടങ്ങിയ മലഞ്ചരക്കുകൾ കാളവണ്ടി മാർഗ്ഗമാണ് കുറുപ്പുന്തറയിൽ എത്തിച്ചിരുന്നത്. അവിടെ നിന്നും ജലമാർഗ്ഗമാണ് ആലപ്പുഴയിൽ എത്തിച്ചിരുന്നത് ഇന്ന് ചരക്കുകൾ കൊണ്ടു പോകുന്നതിന് മുഖ്യമായും ലോറികളെയാണ് നാം ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഇതുവരെയും റെയിൽ ഗതാഗത സൗകര്യം ഉണ്ടായിട്ടില്ല. തൊട്ടടുത്ത റെയിൽവേ സ്റ്റേഷൻ കുറുപ്പുന്തറയാണ്. ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന വൈക്കം-പാലാ റോഡ് പഞ്ചായത്തിന്റെ ആരംഭം മുതൽ നിലവിൽ ഉണ്ടായിരുന്നെങ്കിലും ബസ് സർവീസ് ആരംഭിച്ചത് 1925ൽ ആണ് .

ഗ്രാമ വികസനത്തിൽ റോഡുകളുടെ പ്രാധാന്യം നമ്മുടെ പൂർവികർ മനസ്സിലാക്കിയിരുന്നു. ഈ പഞ്ചായത്തിലെ റോഡുകളിലധികവും ജനപങ്കാളിത്തത്തോടെ നിർമിക്കപ്പെട്ടവയാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാന റോഡായ M.C.റോഡിനും കുറുപ്പുന്തറ പാലാറോഡിനും നൂറ്റാണ്ടുകൾ പഴക്കമുണ്ട് .

റോഡുകളുടെ സ്ഥിതി

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമാണ് റോഡ്. അങ്കമാലി മുതൽ തിരുവന്തപുരം വരെ നീണ്ടു കിടക്കുന്ന എം.സി. റോഡ് ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടി കടന്നു പോകുന്നു. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന റോഡ് ഇതാണ്. അതുപോലെ തന്നെ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന പ്രധാനപ്പെട്ട മറ്റൊരു മറ്റൊരു റോഡാണ് വൈക്കം-പാലാ റോഡ്. കാർഷിക മേഖലയായ കുറവിലങ്ങാടിന്റെ

വാണിജ്യ വികസനം പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് റോഡു ഗതാഗതത്തെയാണ്. പഞ്ചായത്തിൽ ഗതാഗതയോഗ്യമായ 218 കി.മി. റോഡുകളുണ്ട്. ഇതിൽ 125 കി.മി. റോഡ് ടാറിട്ടതും 93 കി.മി. റോഡുകൾ ടാറിടാത്തമാണ്. പഞ്ചായത്തിലെ 9 വാർഡുകളിലെയും വഴികൾ ചിലതു പൂർണ്ണമായും കുറെ റോഡുകൾ ഭാഗികമായി ടാറു ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം റോഡുകളും മണ്ണു റോഡാണ്. ടാർ ചെയ്ത റോഡുകൾക്കൊന്നും ഓടകളും സൈഡുകെട്ടും ഇല്ലാത്തതിനാൽ റോഡുകൾ പെട്ടെന്ന് തകരുന്നു. എന്നുള്ളത് ഗൗരവമായ ഒരു കാര്യമാണ്. അതു പോലെതന്നെ പല റോഡുകൾക്കും കലുങ്ക്, പാലങ്ങൾ, വലിയ കയറ്റങ്ങൾ എന്നിവ മൂലം പൂർണമായും ഗതാഗത യോഗ്യമല്ല. പഞ്ചായത്തു റോഡുകൾക്കൊന്നും ആവശ്യമായ വീതി ഇല്ലാത്തതിനാൽ ഓവു ചാലുകൾ നിർമിക്കാൻ തടസ്സമാകുന്നു, എന്നുള്ളത് എടുത്തു പറയേണ്ടിയിരിക്കുന്നു. ജനങ്ങളുടെ യാത്രയുടെ ആവശ്യങ്ങളും വർദ്ധിച്ചുവരുന്നതനുസരിച്ച് റോഡുകളുടെ എണ്ണം കൂടി വരുന്നു. എന്നാൽ ഈ റോഡുകളെയെല്ലാം യഥാസമയം മെയിൻ റനൻസ് ചെയ്യുവാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. കാരണം സാമ്പത്തിക ബാധ്യതതന്നെ. എന്നാലും ബഹു: ഗവൺമെൻറിൽ നിന്നുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയും അൺടൈഡ്,J.R.Y ഫണ്ടുകളും പഞ്ചായത്തിൻെറ ഓൺ ഫണ്ടും ഉപയോഗിച്ച് പഞ്ചായത്തിൻെറ പുനർ നിർമാണ രംഗത്ത് ഒരളവുവരെ ആശ്വാസം നേടുവാൻ സാധിച്ചവെങ്കിലും അപര്യാപ്തതകൾ നിലനില്ക്കുകയാണ്.

അതുപോലെ തന്നെ ഇനിയും യാത്രാസൗകര്യങ്ങൾ നിലവിൽ എത്തിചേരേണ്ട പ്രദേശങ്ങൾ ഈ പഞ്ചായത്തിൻെറ 9 വാർഡുകളിലും നിലവിലുണ്ട്. ആളുകൾ പഴയകാലത്തെ അപേക്ഷിച്ച് യാത്രാസൗകര്യങ്ങൾ അത്യാവശ്യമാണെന്ന് ബോദ്ധ്യമായതോടെ പൊതു ജന പങ്കാളിത്തത്തോടെ വഴികൾ നിർമിച്ചുവരുന്നു. ഇനിയും ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വഴി സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിലെ P.W.D.റോഡുകളും 9 വാർഡുകളിലും ഉള്ള പഞ്ചായത്തു വഴികളുടെയും പട്ടികയും അവയുടെ പേരുകളും ചുവടെ ചേർക്കുന്നു.

P.W.D. റോഡുകൾ

ക്രമനമ്പർ	റോഡിൻെറ പേര്	
1	അങ്കമാലി-തിരുവന്തപുരം	M.C. റോഡ്
2	കോഴാ-പാലാ	P.W.D
3	കുറവിലങ്ങാട്-കുറുപ്പുന്തറ	"
4	തോട്ടുവാ-കാപ്പുംതല	"
5	തോട്ടുവാ-കാണകാരി	"
6	കുര്യം-ഓമല്ലൂർ	"
7	കുര്യം-മടേകുന്ന്	"
8	ശ്രീമൂലം-ഷഷ്ഠിപൂർത്തി	"
9	കോഴാ-ഞീഴൂർ	"
10	കുറവിലങ്ങാട്-അരുണാശേരി	

പ്രശ്നങ്ങൾ

പഞ്ചായത്തിൽ P.W.D.റോഡും M.C. റോഡും കടന്നു പോകുന്നു. ഈ റോഡുകളെല്ലാം ശരിയായ ട്രയിനേജ് സംവിധാനം ഇല്ലാത്തതുകൊണ്ട് മഴകാലത്ത് റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമല്ലാതാകുന്നു. മഴക്കാലത്ത് വെള്ളം കെട്ടി നില്ക്കുകയും, കുത്തി ഒഴുകുകയും ചെയ്യുന്നതുമൂലം റോഡുകൾ മിക്കതും തകരുന്നു. ആവശ്യമായ കലുങ്കുകളും, ഓടുകളും ഇല്ലാത്തതും മറ്റൊരു പ്രധാന കാരണമാണ്. വീതി കുറഞ്ഞ റോഡുകളും ഗതാഗതത്തിന് തടസ്സമായി റോഡിലേക്ക് കയറ്റി നില്ക്കുന്ന ഇലക്ട്രിക് ടെലഫോൺ പോസ്റ്റുകളും മരങ്ങളും, റോഡുഗതാഗതം, ദുർഘടമാക്കുകയും അപകടങ്ങൾ വിളിച്ചു വരുകയും ചെയ്യുന്നു.

ഈ പഞ്ചായത്തിന്റെ സിരാ കേന്ദ്രമായ കുറവിലങ്ങാട് ടൗണിൽ പള്ളിക്കവലയിലും,ട്രാഫിക് തടസ്സം എന്നും പ്രശ്നമായി നിലനില്ക്കുന്നു. സ്ഥിരമായതും ശാസ്ത്രീയ പരമായതുമായ ഒരു ട്രാഫിക് സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണ്. M.C.റോഡിലെ ഓട്ടോറിക്ഷാ പാർക്കിംഗ് ടൗണിലെ ടാക്സി പാർക്കിംഗ് എന്നിവ മാറ്റുവാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ ഉണ്ടാകണം. വർദ്ധിച്ചുവരുന്ന വാഹനങ്ങളും ജന തിരക്കും നിയന്ത്രിക്കാനുള്ള പോം വഴിയും ഉണ്ടാകണം. M.Cറോഡിലെ ലോറി പാർക്കിംഗ് പ്രൈവറ്റ് മാർക്കറ്റുകൾ ഇവയെ സൗകര്യപ്രദമായി മാറ്റേണ്ടതുണ്ട്.

അതുപോലെ യാത്രാ ക്ലേശം പരിഹരിക്കുവാൻ മുട്ടുങ്കൽ,മുക്കോലകുന്ന് റോഡിൽ നിലവിലുണ്ടായിരുന്ന ബസ് സർവീസ് പുനരാരംഭിക്കേണ്ടതാണ്. ഞരളംകുളം നസ്രത്തുഹിൽ റൂട്ടിലുണ്ടായിരുന്ന ബസ് സർവീസ് പുനരാരംഭിച്ചാൽ അവിടുത്തെ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കാവുന്നതാണ്. കുറവിലങ്ങാട് അരുണാശേരി റൂട്ടിൽ നിലവിലുണ്ടായിരുന്ന ആലപ്പുഴ ബസ് സർവീസ് പുനരാരംഭിക്കണം. അതുപോലെ തന്നെ തോട്ടവാ കാണക്കാരി തട്ടിൽ K.S.R.T.Cബസ് സർവീസ് ആരംഭിച്ചാൽ നസ്രത്തു ഹിൽ,കളത്തൂർ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കാവുന്നതാണ്

പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള 9 വാർഡുകളിലെയും വഴികളുടെയും അവയുടെ നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

Ward -I

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം	ടാർ
1	പട്ടൂർ മഠം തോടുവാ	3k.m.	1k.m
2	ഞരളം കളം നസ്രത്ത് ഹിൽ	2k.m	2k.m
3	താഴത്തേൽ പൊൻകുന്നേൽ	800m.	2k.m
4	ഇന്ദിരഗിരി കാളിയാർതോട്ടം	1k.m	മണ്ണ്
5	ഇന്ദിരഗിരി തോട്ടുവാ	2 k.m	മണ്ണ്
6	തുരുത്തിപ്പടി വള്ളിയാം ചിറ	1k.m	മണ്ണ്
7	പൊൻകുന്നേൽ വള്ളിയാംചിറ, പള്ളിയമ്പ്	2k.m	മണ്ണ്
8	കാരാംവേലി പൊൻകുന്നേൽ	1k.m.	മണ്ണ്
9	കാളിയാർതോട്ടം ഓണചാത്തൻ കുഴിമല	1k.m.	മണ്ണ്

1. പടൂർ മഠം തോട്ടുവാ റോഡ് നൂറ്റാണ്ടുകൾ പഴക്കം ചെന്ന റോഡാണ്. 8മീറ്റർ വീതി യുള്ള റോഡാണ് ഇത്. റോഡിന്റെ കുറേ ഭാഗം മാത്രമേ ടാറിംഗ് പൂർത്തിയാക്കിയിട്ടുള്ളൂ. വളരെ ജനത്തിരക്കുള്ള റോഡാണ് ഇത്. നസ്രത്ത് ഹിൽ പ്രദേശത്തുള്ളവരുടെയും പള്ളിയമ്പ പ്രദേശത്തുള്ളവരുടെയും ഏക ആശ്രയമാണ് പട്ടർ മഠം തോടുവാ റോഡ്. ഈ റോഡ് ഏറ്റവും മുൻഗണന കൊടുത്ത് പൂർത്തിയാക്കേണ്ടതാണ്. കോയിക്കൽ ഭാഗത്തും വെള്ളാക്കൽ ഭാഗത്തും സൈഡു കെട്ടിയും മാൻകൂട്ടം ഭാഗത്ത് ഒരു കലുങ്ക് തീർക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് കൂടാതെ തോട്ടുവാ ഭാഗത്ത് വീതി കുറവുള്ള 200മി.ദൂരം വീതി. കൂട്ടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്

2 ഞരളം കുളം നസ്രത്തു ഹിൽറോഡ് വളരെ പഴക്കം ചെന്ന റോഡാണ്. 8 മി.വിതിയുള്ള ഈ റോഡിന്റെ റീ ടാഡിംഗ് പണികൾ എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടതാണ്. മെറ്റൽ ഇളകി വഴി ഗതാഗതയോഗ്യമല്ലാതായി രിക്കുകയാണ് ഇപ്പോൾ.

3. ഇന്ദിരഗിരി കാളിയാർ തോട്ടം റോഡിന്റെ കയറ്റം കുറച്ച് സൈഡു കെട്ടി ടാർ ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇന്ദിരഗിരി കോളനിയിലെ ജനങ്ങളുടെ ഏകാശ്രയം ഈ റോഡാണ്.

4. ഇന്ദിരഗിരി തോടുവാ റോഡിന്റെ ഓണചാത്തൻ കുഴി ഭാഗത്ത് കയറ്റം കുറച്ച് സൈഡ് കെട്ടുകയും ഉന്നു കല്ലും തൊടിഭാ ഗത്ത് ഒരു കലുങ്ക് തീർക്കുകയും ചെയ്യണം.

5. ഉതത്തിപ്പടി വള്ളിയാം ചിറ റോഡിൽ കോഴാ-വെമ്പള്ളി തോഡിന്റെ കുറുകേ പാലം തീർ ക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ഈ വഴിയുടെ വീതി കൂട്ടി കയറ്റം കുറച്ച് ഓരത്തേൽ ഭാഗത്തും പാടത്തും സൈഡ് കെട്ടണം.

6. പൊൻകുന്നേൽ വള്ളിയാഞ്ചിറ പള്ളിയമ്പ് റോഡ് തീർത്തും ഗതാഗതയോഗ്യമല്ലാതായി രിക്കുകയാണ്. ടി റോഡിന്റെ ഓലിക്കൽ ഭാഗത്തും വള്ളിയാച്ചിറ ഭാഗത്തും ഓരോ കലുങ്കുകൾ തീർത്താൽ വെള്ളം കുത്തിയൊ ലിച്ച് പോകാതെയിരിക്കും. കൂടാതെ വള്ളിയാഞ്ചിറ കയറ്റം കുറച്ച് ചാലാശ്ശേരി ഭാഗം മുതൽ പള്ളിയമ്പു വരെ സൈഡ് കെട്ടിയാൽ മാത്രമേ വലിയ വാഹനങ്ങൾക്ക് പോകുവാൻ സാധിക്കുകയുള്ളൂ. ടി റോഡിന്റെ വീതി കൂട്ടി ഓട നിർമ്മി ക്കേണ്ടതു അത്യാവശ്യമാണ്.

7. കാരംവേലി പൊൻകുന്നേൽ റോഡിന്റെ പൊൻകുന്നേൽ ഭാഗത്ത് കറയറ്റം കുറയ്ക്കുകയും, സൈഡിൽ ഓടനി ർമ്മിക്കുകയും ചെയ്താൽ ടി റോഡ് ഗതാഗതയോഗ്യമാകും.

8. കാളിയാർ തോട്ടം ഓണചാത്തൻ കുഴിമല റോഡിന്റെ ഓമചാത്തൻ കുഴിമല ഭാഗത്ത് കയറ്റം കുറച്ച് സൈഡ് കെട്ടി ടി റോഡ് സംരക്ഷിക്കേണ്ടതാണ്. കൂടാതെ തുരുത്തിപ്പടി വള്ളിയാഞ്ചിറ റോഡിൽ വള്ളിയാഞ്ചിറ ഭാഗത്തുനിന്നും വഴി ഉണ്ടാക്കി ഞരളം കുളം സസ്രത്തുഹിൽ റോഡുമായി ബന്ധിപ്പിച്ചാൽ വള്ളിയാഞ്ചിറ മലയിലെ ജന ങ്ങൾക്ക് ഗതാഗത സൗകര്യം ഉണ്ടാകും.

അതുപോലെ തന്നെ പൊൻകുന്നേൽ വള്ളിയാഞ്ചിറ റോഡിൽ ഓലിക്കൽ ഭാഗത്തു നിലവിലുള്ള തൊണ്ടു നിരത്തി കാരാം വേലി റോഡുമായി മഠത്തിൽ കാവ് ക്ഷേത്രത്തിന്റെ ഭാഗത്തു യോജിപ്പിച്ചാൽ ടി പ്രദേശത്തു താമ സിക്കുന്ന നിരവധി കുടുംബങ്ങൾക്ക് വാഹന സൗകര്യം ഉണ്ടാകും. ആശുപത്രി ജംഗ്ഷനിൽ

നിന്നും നിലവിലുള്ള വഴി ഇന്ദിരഗിരി കോളനിയിലേക്ക് പൂർത്തിയാക്കി കാളിയാർ തോട്ടം ഇന്ദിരഗിരി റോഡുമായി യോജിപ്പിച്ചാൽ തടിയം തടത്തി മലയിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ഇന്ദിരഗിരി കോളനിയിലെ ജനങ്ങൾക്ക് കൂടുതൽ ഗതാഗത സൗകര്യം ഉണ്ടാകും.

പട്ടർ മഠം തോട്ടുവാ റോഡിൽ പുന്നക്കുഴി ഭാഗത്തുകൂടി കാരവേലി പൊൻകുന്നേൽ റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡ് ഉണ്ടായാൽ പുന്നക്കുഴി ഭാഗത്തുള്ള ജനങ്ങൾക്ക് യാത്രാസൗകര്യം ഉണ്ടാകും. കുറവിലങ്ങാട് കുറുപ്പന്തറ റോഡിൽ ബസ് സ്റ്റോപ്പിൽ നിന്നും പാടം വഴി പട്ടർമഠം തോട്ടുവാ റോഡുമായി ബന്ധിപ്പിച്ച് ഒരു ബൈപാസ് റോഡ് തീർത്താൽ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ

Ward II

	റോഡുകളുടെ പേര്	ദൂരം	ടാർ
1.	കുറവിലങ്ങാട് മണ്ണയ്ക്കനാട്	2 കി.മീ	800 മീ.
2.	പാറ്റാനി തീയേറ്റർ ക്ലാരറ്റു ഭവൻ	1.300 കി.മീ	മണ്ണ്
3.	കടുവാക്കുഴി നരിവേലി	1.80 മീ.	,,
4.	കുറവിലങ്ങാട് ഓരത്തേൻ	600 മീ.	,,
5.	ഞരള മറ്റം ക്ലാരറ്റു ഭവൻ	750 മീ.	,,
6.	ചൊള്ളനാൽ കുന്ന് തേനം മാക്കീൽ (ബാലഭവൻ)	450 മീ.	,,
7.	പുത്തൻ പുരയ്ക്കൽ ബാലഭവൻ	500 മീ	,,
8.	മൈലക്കഴി ക്ലാരറ്റ് ഭവൻ	450 മീ.	,,
9.	ഓരത്തേൽ കടുവാക്കുഴി	600 മീ.	,,
10.	ചൊള്ളനാൽ കർമ്മലഗിരി	1.300 മീ.	,,
11	മൈലക്കഴി ക്ലാരറ്റു ഭവൻ	250 മീ.	,,

സാധിക്കും.

1) കുറവിലങ്ങാട് മണ്ണയ്ക്കനാട് റോഡ് 8 മീറ്റർ വീതിയുള്ള ഈ റോഡിൽ 1.200 മീറ്റർ ടാർ ചെയ്യണം.

2. മൈലക്കഴി ക്ലാരറ്റ് ഭവൻ റോഡ് വെട്ടി പൂർത്തിയാക്കണം.

3. ഓരത്തേൽ കടുവാക്കഴി റോഡ് വെട്ടി പൂർത്തിയാക്കണം.

4. ചൊള്ളനാൽ കർമ്മഗിരി റോഡിൽ മൈലക്കുഴി ഭാഗത്ത് 150 മീറ്റർ നീളം സൈഡു കെട്ടുകയും 100 മീറ്റർ കയറ്റം കുറയ്ക്കുകയും വേണം.

വാർഡ് III

	നിലവിലുള്ള റോഡുകൾ	ആകെ നീളം	വീതി	ടാറിംഗ് നടന്നത്
1.	മഹാത്മാഗാന്ധി റോഡ്(മുട്ടുങ്കൻ കുരിശുങ്കൽ)	1.250 കി.മീ	3 മീ.	200 മീ.
2.	കോഴാ മണ്ണയ്ക്കനാടു റോഡ്	0.800 മീ.	8 മീ.	800 മീ.
3.	ഇടയാലി നരുവേലി റോഡ്	1.000 കി.മീ.	4 മീ.	200 മീ.
4.	കോഴാ പൈനാവള്ളി റോഡ്	0.719 മീ.	3 മീ.	340 മീ.
5.	കോഴാ നാടികുന്നു റോഡ്	1.160 കി.മീ	4 മീ.	ഇല്ല

പുതിയ റോഡുകൾ

1. ഓരത്ത് – മണമേൽ റോഡ്

കോഴാ നാടികുന്ന് റോഡിൽ ഓരത്തുനിന്നും ആരംഭിച്ച് കോഴാമണ്ണയ്ക്കനാട് റോഡിൽ മണമ്മേൽ ഭാഗത്ത് ചേരുന്ന,

2. കുഴിപ്പള്ളി മംഗടപ്രാറോഡ്

കോഴാ പാലാ റോഡിൽ കുഴിപ്പള്ളി ഭാഗത്തു നിന്ന് ആരംഭിച്ച് കോഴാ നാടിക്കുന്നു റോഡിൽ മംഗലാഭാഗത്ത് ചേരുന്ന

3. തീപ്പട്ടിക്കമ്പിനി പൈനാപ്പള്ളിൽ റോഡ്

മഹാത്മാഗാന്ധി റോഡിൽ തീപ്പട്ടിക്കമ്പനി ഭാഗത്തു നിന്നും ആരംഭിച്ച് പൈനാപ്പള്ളിൽ റോഡിൽ ചേരുന്നു.

4. നരുവേലി മറ്റുപിള്ളി റോഡ്

കുറവിലങ്ങാട് മണ്ണയ്ക്കനാടു റോഡിൽ നരുവേലി ഭാഗത്തുനിന്നും ആരംഭിച്ച് പുളിയ്ക്കകുന്ന് വള്ളിക്കയുന്നുവഴി കോഴാ പാലാറോഡിൽ മറ്റുപിള്ളി ഭാഗത്ത് ചേരുന്ന

5. കുട്ടിലാമ്പേൻ നാടികുന്നുറോഡ്

ഉടയാലി നരിവേലിറോഡിൻ കുട്ടിലാമ്പേൻ ഭാഗത്തുനിന്ന് ആരംഭിച്ച് കാക്കനാട്ടു മല വഴി നാടിക്കുന്നു ഭാഗത്ത് കോഴാ പാലാ റോഡിൽ ചേരുന്നു.

6. ഒറ്റക്കണ്ടം – തേക്കുകുടി റോഡ്

കുറവിലങ്ങാട് മണ്ണയ്ക്കനാടു റോഡിൽ ഒറ്റക്കണ്ടം ഭാഗത്തു നിന്നും ആരംഭിച്ച്

തേക്കുകുടി ഭാഗത്തു വച്ച് മണ്ണയ്ക്കനാട് റോഡുമായി ചേരുന്ന,

7. വലിയവീട്ടിൽക്കവല – നടുവിലേക്കുറ്റ് റോഡ്.

   വലിയവീട്ടിൽ കവലയിൽ നിന്നും ആരംഭിച്ച് വള്ളിപ്പാലവഴി നടുവിലേക്കുറ്റ് ഭാഗത്തുവച്ച് മഹാത്മാ ഗാന്ധി റോഡുമായി ചേരുന്നു.

8. വില്ലേജ് ആഫീസ് പൈനാപ്പിള്ളി റോഡ്

   വില്ലേജ് ആഫീസ് പടിക്കൽ നിന്നും ആരംഭിച്ച് മുല്ലപ്പള്ളിൽക്കാവ് നരസിംഹസ്വാമിക്ഷേത്രം വഴി പൈനാപ്പള്ളിൽ റോഡിൽ ചേരുന്നു.

1. മഹാത്മാഗാന്ധി റോഡ് ടാറു ചെയ്യുക.
2. ഇളയാലി നരുവേലി റോഡ് വേമ്പന മുതൽ കുടിലാമ്പേൻ വരെ ഭാഗം സൈഡ് കെട്ടി കുട്ടിലാമ്പേൻ ഭാഗം വീതി കൂട്ടുക – ടാർ ചെയ്യുക.
3. കോഴാനാടിക്കുന്നു റോഡ് കയറ്റം കുറച്ച് സൈഡ് കെട്ടി ടാറു ചെയ്യുക.
4. കോഴാ പൈനാപ്പള്ളിൽ റോഡ് സൈഡ് കെട്ടി കേറ്റം കുറയ്ക്കുക.

വാർഡ് 4

റോഡുകളുടെ പേര്	ദൂരം	ടാർ
1. ബംഗ്ലാറോഡ്	1 കി.മീ	200 മീ.
2. മൂലക്കുഴ വാക്കാട്	600 മീ.	200 മീ.
3. കോഴാ വാക്കാട്	1200 മീ.	മണ്ണ്
4. നെടിയാക്കൽ വാക്കാട്		200മീ.

1. കോഴാ നീഴൂർ റോഡിൽ നിന്നും ആനക്കല്ലുങ്കൽ ഭാഗത്തു നിന്നും തറപ്പുങ്കോട് ഭാഗത്തേയ്ക്ക് പുതിയവഴി വെട്ടുക.
2. മുട്ടുങ്കൽ മുക്കോലക്കുന്നു റോഡിൽ നിന്നും മുളങ്കുഴി ഭാഗത്തേക്ക് പുതിയ വഴി വെട്ടുക.
3. കോഴാ നീഴൂർ റോഡിൽ നിന്നും മുളങ്കുഴി ഭാഗത്തേക്ക് പുതിയ റോഡ് വെട്ടുക. കൂടാതെ ബംഗ്ലാറോഡിന്റെ ആരംഭം മുതൽ 200 മീ നീളത്തിലും കൊല്ലങ്കോട് റോഡും, നെടിയാക്കൽ റോഡും സൈഡു കെട്ടേണ്ടത് അത്യാവശ്യമാണ്.

വാർഡ് 5

	റോഡുകളുടെ പേര്	ദൂരം	ടാർ
1.	ചിറയ്ക്കൽ കോളനി റോഡ്	1.1/2 കി.മീ	
2.	മുട്ടുങ്കൽ കരോട്ടുഭാഗം	3.2 കി.മീ	2.85
3.	മുട്ടുങ്കൽ മുക്കവലക്കുന്ന്	4 കി.മീ	
4.	കുടുക്കമറ്റം കുമ്പളക്കുഴി	750 മീ.	കോൺക്രിറ്റ് 100 മീ.
5.	കുടുക്കമറ്റം കരോട്ടുഭാഗം	800	മണ്ണ്
6.	ആയുർവേദാശുപത്രി ചിറയ്ക്കൽ റോഡ്	750 മീ.	

പുതിയ വഴികൾ

1. ബസ്സ്റ്റാൻഡിൽ നിന്നും കുടുക്കമറ്റം വരെ പാടത്തുവഴി
2. വട്ടക്കണ്ടം ശ്രീമൂലം ചിറയ്ക്കൽ റോഡ് വെട്ടി പൂർത്തിയാക്കുക.
3. മുട്ടുങ്കൽ റോഡിന്റെ ചിറ്റം വേലിഭാഗത്തുനിന്നും കുറവിലങ്ങാട് അരുണാശ്ശേരി റോഡിൽ കൂനം മാക്കി ഭാഗത്തേക്ക്
4. ആയുർവേദ ആശുപത്രി ചിറയ്ക്കൽ റോഡ് പണി പൂർത്തിയാക്കുക.

ബൈപാസ്

1. മുട്ടുങ്കൽ ഭാഗത്തുനിന്നും ബസ്സ്റ്റാൻഡുവഴി കുറവിലങ്ങാട് കുറുപ്പന്തറ റോഡിലുള്ള മെയിൻ ബസ്സ്റ്റോപ്പ് ഭാഗത്തുകൂടി പാടം വഴി പട്ടർ മഠം തോട്ടുവാ റോഡിലേക്ക് ബന്ധിപ്പിക്കുക.
2. ചിറയ്ക്കൽ റോഡിന്റെ വണ്ടനാംതടം ഭാഗത്ത് കയറ്റം കുറച്ച് ആ ഭാഗത്ത് സൈഡുകെട്ടുകയും ചെയ്യുക.
3. മുട്ടുങ്കൽ കരോടു ഭാഗം റോഡിൽ പോങ്ങോലി ഭാഗത്തും കൊച്ചു മലഭാഗത്തും കയറ്റം കുറയ്ക്കുകയും, ചിറ്റംവേലി പോങ്ങോലി, വില്ലൂന്നി മുളകാട്ടിൽ ഭാഗത്ത്, കലുങ്കു നിർമ്മിക്കുകയും ചെയ്യുക.
4. കുടുക്കമറ്റം കരോട്ടുഭാഗം റോഡിൽ കൊള്ളി മാക്കീൽ ഭാഗം കയറ്റം കുറയ്ക്കുക.
5. മുട്ടുങ്കൽ കരോട്ടുഭാഗം റോഡിൽ മുളകാട്ടിൽ മുതൽ വില്ലൂന്നി വരെയും, ചീങ്കല്ലിൽ മുതൽ ചിറ്റം വേലി വരെയും, കാട്ടറപതി മുതൽ കൊച്ചുമല ഭാഗം വരെയും സൈഡ് കെടട്ടുക.
6. മുട്ടുങ്കൽ മുക്കവലക്കുന്ന് റോഡ് എത്രയും പെട്ടെന്ന് റീ ടാർ നടത്തുക.

വാർഡ്. 6

	റോഡുകളുടെ പേര്	ദൂരം	ടാർ
1.	തോട്ടുവാ ജയഗിരി	2.250 മീ. ”	
2.	ചിറത്തടം ജയഗിരിപള്ളി	1.25 മീ	100 മീ
3.	കുഴിക്കാട്ടിപ്പടി വേണത്താനം	1 കി.മീ.	”
4.	വെള്ളാരം കാലാ വളയം കോട്	750 മീ.	മണ്ണ്
5.	കല്ലുവേലി കുവയ്ക്കമല	950 മീ.	മണ്ണ്
6.	വലിയകണ്ടം കാഞ്ഞിരത്താനം	1.25	”
7.	പി.റ്റി ചാക്കോ നഗർ കോളനി	150 മീ.	”
8.	ബാലവാടി നെല്ലിക്കുന്ന്	650 മീ.	”
9.	ഈത്തുങ്കുഴി ചിറത്തടം	950 മീ.	”
10.	തോട്ടുവാ കന്നുതൊട്ടി	750മീ.	”
11.	മൂന്നുതൊട്ടിക്കവല മാഞ്ചോട്	750 മീ.	”
12.	പുളിക്കത്തൊട്ടി ചിറത്തടം	750	”

1. മാഞ്ചുവട് മൂന്നു തൊട്ടി റോഡിന്റെ പെൻറാടെക് ഭാഗത്ത് പാടം സൈഡു കെട്ടി കല്ലുംകൂടം ഭാഗത്ത് കയറ്റം കുറയ്ക്കുകയും ഒരു കലുങ്ക് നിർമ്മിക്കുകയും ചെയ്യുക.
2. കല്ലുവേലി-ബാലവാടി റോഡിന്റെ ജയഗിരി ഭാഗത്ത് കയറ്റം കുറയ്ക്കുക.
3. വലിയകണ്ടം, കാഞ്ഞിരത്താനം റോഡിൽ അവസാന ഭാഗത്ത് കയറ്റം കുറച്ച് ഗതാഗതയോഗ്യമാക്കുക.
4. തോട്ടുവാ കന്നുതൊട്ടി റോഡിൽ കുറുകെയുള്ള തോടിന് കലുങ്ക് ഉണ്ടാക്കി കയറ്റം കുറച്ച് ഗതാഗത യോഗ്യമാക്കുക.
5. പി.റ്റി.ചാലക്കാ നഗർ കോളനിയിലേക്കുള്ള വഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക.
6. ശ്രീ മൂലം ഷഷ്ഠി പൂർത്തി റോഡിലെ തെനംകുന്ന് ഭാഗത്ത് നിന്ന് അപ്പോർമറ്റം ഭാഗത്തേക്ക് വഴി വെട്ടുക.
7. കുടുക്കമറ്റം കുമ്പളക്കുഴി റോഡിന്റെ കുമ്പളക്കുഴി ഭാഗത്ത് കയറ്റം കുറച്ച് സഞ്ചാരയോഗ്യമാക്കുക.
8. തോട്ടുവാ ജയഗിരി റോഡ് റീടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക

വാർഡ് - 7

റോഡുകളുടെ പേര്	ദൂരം	ടാർ
1. നസ്രത്തു ഹിൽ പൊന്നമ്പേൽ പകലോമറ്റം	1 കി.മീ.	325 മീ.
2. നസ്രത്തു ഹിൽ ചങ്ങനാം തുണ്ടം.	1500 മീ.	മണ്ണ്
3. കരിങ്കുളം നെടുകണ്ടം	800 മീ.	
4. കുര്യം പെരിയലം കാട്	1.800 മീ.	100 മീ.
5. സുഭാഷ് റോഡ്	1 കി.മീ.	മണ്ണ്
6. കൂനാംപുറം മാഞ്ചുവട്	1.600 മീ.	,,
7. പൊന്നമ്പേൽ കുര്യം റോഡ്	1 കി.മീ.	,,
8. നസ്രത്തു ഹിൽ മാഞ്ചുവട്	1.500 മീ.	,,
9. നസ്രത്തു ഹിൽ മരോട്ടിത്തടം	1.600 മീ.	,,
10. എലിവാലി മുണ്ടവേലി	1.400 മീ	ടാറിംഗ

1. നസ്രത്തുഹിൽ മരോട്ടിത്തടം, കൂനാംപുറം മാഞ്ചുവട്, നസ്രത്തുഹിൽ ചങ്ങനാംതുണം, കരിംകുളം, നെടുകണം, പൊന്നമ്പേൽ കുര്യം എന്നീ റോഡുകളിൽ കലുങ്കു നിർമ്മിക്കുകയും, സൈഡു കെട്ടുകയും ചെയ്യുക.

വാർഡ് 8

	റോഡുകളുടെ എണ്ണം	ദൂരം	ടാർ
1.	പാറേകുന്നേൽ ചാലപ്പള്ളി	1.100 മീ.	മണ്ണ്
2.	കുര്യം ചെറുകര പ്ലാറ പെരികലം കാട് റോഡ്	1.500 മീ.	,,
3.	കാട്ടാമ്പള്ളി അമ്പലക്കട്ട	1. കി.മീ.	,,
4.	മുടവനാൽ ഭജനമഠം റോഡ്	1 കി.മീ.	,,
5.	ചാലപ്പള്ളി വേലത്ര റോഡ്	480 മീ.	,,
6.	വട്ടമറ്റം കൂനാംപുറം	600 മീ.	
7.	വട്ടമറ്റം മുതിരാക്കാലാ	855 മീ.	
8.	വാഴക്കാലാ കുറത്തിമല	610 മീ	

പുതിയ വഴികൾ

1. കരിപ്പുകാല – ചീരംചിറ വഴി
2. പാറെകുന്നേൽ ചാലപ്പള്ളി റോഡിൽ ഓടയും, കലുങ്കും നിർമ്മിക്കുക.
3. മുടവനാൽ ഭജനമഠം റോഡിൽ പാലം പണിയുക.
4. വടുമറ്റം മുതിരാക്കാലാറോഡിൽ പാലം, കലുങ്ക് എന്നിവ നിർമ്മിക്കുക.

വാർഡ് 9

	റോഡുകളുടെ എണ്ണം	ദൂരം	ടാർ
1.	കല്ലഞ്ചിറ വയലാ റോഡ്	1 കി.മീ.	മണ്ണ്
2.	കാളിക്കവ് വയലാ	500 മീ.	200 മീ. ടാറിംഗ്
3.	വാവാട്ടുതടം വയലാ	500 മീ.	,,
4.	കുര്യം വയലാ	500 മീ.	500 മീ.
5.	കുര്യം ക്ലാരറ്റു ഭവൻ	750 മീ.	,,
6.	പകലോമറ്റം ക്ലാരറ്റു ഭവൻ	1 കി.മീ.	,,
7.	ഗോവിന്ദപുരം കൊച്ചുപുരയ്ക്കൽ	300 മീ.	,,
8.	പകലോമറ്റം പാറയ്ക്കൽ	500 മീ.	,,
9.	ചെമ്പോത്തനാടി താന്നിമുക്ക്	800 മീ.	,,
10.	ഗോവിന്ദപുരം ചാമക്കാലാ റോഡ്	1 കി.മീ.	,,
11.	നമ്പുശ്ശേരി കോളനി റോഡ്	500 മീ.	,,

1. കല്ലഞ്ചിറ വയലാ റോഡിൽ 8 മീറ്റർ വീതിയിൽ വെട്ടി കളരിയ്ക്കൽ പാടത്ത് സൈഡു കെട്ടുകയും, കിണറ്റുകര തൊട്ടി ഭാഗത്ത് ഓട വെട്ടി ടാർ ചെയ്യുക.
2. കാളിക്കാവ് വയലാ റോഡിന്റെ 500 മീറ്റർ ഭാഗം ടാർ ചെയ്യാനുള്ളത് ടാർ ചെയ്യുക.
3. വാവാട്ടുതടം വയലാ റോഡ്, കുര്യം വയലാ റോഡ്, കുര്യം ക്ലാരറ്റ് ഭവൻ, പകലോമറ്റം ക്ലാരറ്റ് ഭവൻ, ചെമ്പോത്തന്നാടി താന്നിമുക്ക്, ഗോവിന്ദപുരം ചാമക്കാലാ റോഡ് എന്നിവ ടാർ ചെയ്യുക.

പുതിയ വഴികൾ

1. കാണക്കാരിത്തോട്ടം വില്ലൂന്നികൽ റോഡ് – തറപ്പേൽ, കുരിക്കെറ്റു വഴി വെട്ടി വില്ലൂന്നിക്കൽ റോഡിൽ ബന്ധിപ്പിക്കുക.
2. ചാരപ്പുറം കുര്യം റോഡ് പാറയ്ക്കൽ റോഡുമായി ബന്ധിപ്പിക്കുക.

3. ആനിക്കണ്ടം ചാമക്കാലാ റോഡ് പുല്ലാകാലാ റോഡുമായി ബന്ധിപ്പിക്കുക.

4. കുര്യം ഇലയ്ക്കാട് റോഡിൽ നിന്നും കല്ലുവെട്ടാംകുഴി ജംഗ്ഷനിൽ നിന്നുള്ള ലിങ്ക് റോഡ് കുര്യം വയലാ റോഡുമായി ബന്ധിപ്പിക്കുക.

1. ക്ലാരറ്റ് ഭവൻ മടേകുന്നു റോഡിൽ കലുങ്ക് തീർക്കുക.

2. കാളികാവ് വയലാ റോഡിൽ കുരിക്കകറ്റി താഴത്തു ഭാഗത്ത് ഓടയും, കലുങ്കും തീർക്കുക.

3. ചെമ്പോത്തന്നടി താന്നിമുക്ക് റോഡിൽ ചേരവേലി ഭാഗത്ത് ഓടവെട്ടി മാന്നടം കയറ്റം കുറയ്ക്കുകയും ചെയ്യുക.

4. പകലോമറ്റം പാറയ്ക്കൽ റോഡിൽ സൈഡു കെട്ടുക.

5. ഗോവിന്ദപുരം കൊച്ചുപുരയ്ക്കൽ റോഡിൽ പാടത്ത് സൈഡു കെട്ടി ടാർ ചെയ്യുക.

6. ഗോവിന്ദപുരം ലക്ഷം വീടു കോളനിയിലേയും നമ്പുശ്ശേരി സെറ്റിൽമെൻറു കോളനിയിലേയും റോഡുകൾ നന്നാക്കുക.

നിർദ്ദേശങ്ങൾ

1. റോഡ് സൈഡിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുക.

2. ശതാശതത്തിനു തടസ്സമായി നിൽക്കുന്ന പോസ്റ്റുകളും, മരങ്ങളും നീക്കം ചെയ്യുക.

3. താഴ്ന്ന ഭാഗങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുക, ഓടകളുടെ സൈഡ് കോൺക്രീറ്റ് ചെയ്യുക.

4. റോഡ് സൈഡിൽ കല്ല്, തടി എന്നിവ ഇറക്കി ഇടുന്നത് നിരോധിക്കുക.

5. സൈഡ് കട്ടിംഗ് കൂടി ഉൾപ്പെടുത്തി റോഡ് ടാർ ചെയ്യുക.

6. പ്രധാന ജംഗ്ഷനുകളിൽ ഡിവൈഡർ സ്ഥാപിച്ച് പരസ്യവേലകൾക്ക് കൊടുക്കുക.

7. ഫുഡ് പാത്ത് നിർമ്മിക്കുക.

8. വടക്കേ കവലയിൽ ട്രാഫിക് ഐലൻറ് സ്ഥാപിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കുക.

9. ഓട്ടോ, ടാക്സി മുതലായവയ്ക്ക് സൗകര്യപ്രദമായ സ്ഥലലത്തും സ്റ്റാൻറ് പണിയുക.

10. മുട്ടുങ്കൽ മുതൽ പാറ്റാനി ജംഗ്ഷൻ വരെ പാടത്തു കൂടി ബൈപാസ് നിർമ്മിച്ച് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുക.

11. പ്രൈവറ്റ് ബസ് സ്റ്റാൻറ് പണി ഉടൻ പൂർത്തീകരിക്കുക.

12. പഞ്ചായത്തിലെ പ്രധാന ഭാഗങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

13. പള്ളിക്കവലയിൽ മിനി ബസ്സ് സ്റ്റാൻറ്, കംഫർട്ട് സ്റ്റേഷൻ എന്നിവ തുടങ്ങുക.

14. വൈക്കം-പാലാ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസുകൾ പള്ളി കവലയിൽ എത്തി തിരിച്ചു പോകുക.

15. കെ.എസ്.ആർ.റ്റി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനസ്ഥാപിക്കുക.

16. സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുക പള്ളിക്കവലയും വലിയവീട്ടിൽ കവലയും ഒരേ ഫെയർസ്റ്റേജിൻ കീഴിൽ കൊണ്ടു വരുക.

ഊർജ്ജം

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ പ്രധാന ഊർജ്ജ ഉറവിടമാണ് വൈദ്യുതി. ഗാർഹിക ഉപയോഗത്തിനാണ് കൂടുതലായി വൈദ്യുതി ഉപയോഗിക്കുന്നത്. വ്യവസായ ആവശ്യത്തിനും വൈദ്യുതി ഉപയോഗിച്ചു വരുന്നു. പഞ്ചായത്തിലെ 2100 വീടുകൾ വൈദ്യുതീകരിച്ചതാണ്. എല്ലാഭാഗത്തും വോൾട്ടേജ് ക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു. ഗാർഹിക ആവശ്യത്തിനു കൂടാതെ 716 വ്യാപാര സ്ഥാപനങ്ങൾ 37 വ്യവസായ സ്ഥാപനങ്ങളും വൈദ്യുതി ഉപയോഗിക്കുന്നതാണ്. നിലവിൽ പഞ്ചായത്തു പരിധിയിലുള്ള എൽ.റ്റി ട്രാൻസ്ഫോർമറുകൾ താഴെ പറയുന്നവയാണ്.

1.	കുര്യം
2.	കുര്യം വെസ്റ്റ്
3.	കുര്യം നോർത്ത്
4.	ക്ലാരറ്റ് ഭവൻ
5.	ഗൈക്കോ
6.	നസ്രത്തൂഹിൽ
7.	നാട്ടാലി
8.	പാഷച്ചിപ്പീടിക
9.	തോട്ടുവാ
10.	പെൻറാ ടെക്സ്
11.	പാറ്റാനി
12.	അശോക തീയേറ്റർ
13.	കോഴാ ഈസ്റ്റ്
14.	കുടുക്കമറ്റം
15.	കോഴാ

നിലവിൽ 15 ട്രാൻസുഫോമറുകൾ ഉണ്ടെങ്കിലും പൂർണ്ണമായും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഞെരകുളം, തെനം കുന്ന് എന്നീ പ്രദേശങ്ങളിലുൾപ്പെടെ 4 ട്രാൻസുഫോർമറുകൾ കൂടി സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്. ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിന് മാണികാവിൽ അനുവദിച്ചിരിക്കുന്ന ഇലക്ട്രിക്ക് സബ് സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. കുറവിലങ്ങാട് പഞ്ചായത്ത് പ്രതിവർഷം 67000 രൂപയോളം വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിൽ അടയ്ക്കുന്നുണ്ടെങ്കിലും വഴി വിളക്കുകൾ മിക്കതും കത്തുന്നില്ല യെന്നുള്ളത് ഖേദകരമാണ്. പഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ

ബൾബ്	ട്യൂബ്	സോഡിയം പേഷൻ
493	86	5

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി ആകെ 584 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും ഇതിൽ മിക്കതും കത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. നമ്മുടെ പഞ്ചായത്തിലെ ഒരു വാർഡിൽ പോലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല. 1400 ഓളം വീടുകളിൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്നു. ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പല വൈദ്യുതി ഓഫീസുകളുടെയും പരിധിയിൽ ആയതുകൊണ്ട് ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിഷമതകൾ നേരിടുന്നു. പ്രസരണ-വിതരണ ശൃംഘലകളിൽ ജീവനക്കാരുടെ ശ്രദ്ധക്കുറവുമൂലം യഥാസമയം വൈദ്യുതി തകരാറുകൾ പരിഹരിക്കുവാൻ സാധിക്കുന്നില്ല. വൈദ്യുതി ലൈനുകളിൽ മുട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിക്കാനുള്ള കാലതാമസം മൂലവും വൈദ്യുതി തകരാറ് നിത്യസംഭവമായി മാറിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു.

2. മാണികാവിൽ സ്ഥാപിക്കുന്ന സബ് സ്റ്റേഷന്റെ പണി ഉടൻ തന്നെ ആരംഭിക്കുക.

3. വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. വൈദ്യുതി ലൈനുകളിൽ മുട്ടിനിൽക്കുന്ന മരച്ചില്ലുകൾ ഇലക്ട്രിസിറ്റി ജീവനക്കാരുടെയും, പൊതുജനങ്ങളുടെയും, സഹകരണത്തോടെ മുറിച്ചു മാറ്റുക.

5. പഞ്ചായത്ത്, പി.ഡബ്യൂ.ഡി റോഡിൽ ഉള്ള വഴിവിളക്കുകൾ തെളിക്കുന്നതിനും, കേടായവ മാറ്റിയിടുന്നതിനുമുള്ള താമസം ഒഴിവാക്കുക.

6. ഇലക്ട്രിസിറ്റി ലൈൻമാൻ മാരെ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുകയും, വഴി വിളക്കുകൾ ഇടുന്നതും, നന്നാക്കുന്നതും ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുകയും ചെയ്യുക. വഴി വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയും, റീഡിംഗ് അനുസരിച്ച് പണം ഈടാക്കുകയും ചെയ്യുക.

7. എല്ലാ കോളനികളിലും സൗജന്യമായി വൈദ്യുതി എത്തിക്കുക. ഫ്ലൂറസെന്റു ലാമ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക. സോളാർ വിളക്കുകൾ സ്ഥാപിക്കുക.

8. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ എത്രയും പെട്ടെന്ന് ഏർപ്പെടുത്തുക.

9. പുതിയ കണക്ഷനുള്ള അപേക്ഷകർക്ക് വൈദ്യുതി ഉടനെ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

10. ഉപഭോക്താകൾ വൈദ്യുതി ഉപയോഗത്തിൽ സ്വയം നിയന്ത്രണം ഏർപ്പെടുത്തുക.

പാചക ഇന്ധനം

നമ്മുടെ പഞ്ചായത്തിലെ 90% വീടുകളിലും പാചക ആവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. എൽ.പി.ജി. ഗ്യാസ്, മണ്ണെണ്ണ സ്റ്റൗവുകൾ, ഇലക്ട്രിക് സ്റ്റൗവുകൾ, ബയോഗ്യാസ് എന്നിവ ഉപയോഗിക്കുന്നവർ 10% ത്തിൽ താഴെയാണ്. വിറകു തന്നെയാണ് കൂടുതലും, പാചക ആവശ്യത്തിന് ഉപയോഗിക്കുന്നത്. പല വീടുകളിലും ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ പ്രചാരം നൽകേണ്ടിയിരിക്കുന്നു. കൂടാതെ, പല വീടുകളിലും റബ്ബർ ഷീറ്റ് ഉണക്കേണ്ടതിനാൽ വിറക് ഉപയോഗിക്കുന്ന ചിമ്മിനികളും അടുപ്പുകളും ഉപയോഗിക്കുന്നു. വിറകിന്റെ ക്ഷാമം ഭാവിയിൽ കൂടുതൽ രൂക്ഷമാകും എന്നതാണ് വസ്തുത. ഇതുകൂടി മുന്നിൽ കണ്ടുകൊണ്ട് ഭാവയിലെ വിറകിന്റെ ഉപയോഗം കൂടി കണക്കാക്കി വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

പാചക ഗ്യാസിന്റെ ഉപയോഗം സർവ്വസാധാരണമായിട്ടില്ല. ദിനംപ്രതിയുള്ള വിലവർദ്ധനവും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും പാചകവാതകരംഗത്തെ പ്രതിസന്ധികളാണ്. കൂടാതെ നിലവിൽ ഐ.ഒ.സിയുടെ (ഇൻഡ്യനാ) ഏജൻസി പഞ്ചായത്തിൽ നിലവിൽ ഇല്ലാത്തതു കാരണം പുതിയ ഗ്യാസ് കണക്ഷൻ കിട്ടുവാൻ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതിനാൽ കുറവിലങ്ങാട് കേന്ദ്രമായി ഐ.ഒ.സിയുടെ ഒരു ഏജൻസി ആരംഭിച്ചാൽ പാചകരംഗത്തെ ബുദ്ധിമുട്ട് ഒരു പരിധി വരെ

പരിഹരിക്കുവാൻ നമുക്ക് സാധിക്കും.

പാചക ആവശ്യത്തിനു ഉപയോഗിക്കുന്ന പുകയില്ലാത്ത അടുപ്പുകൾ, സോളാർ അടുപ്പുകൾ, ബയോഗ്യാസ് എന്നിവ പ്രചരിപ്പിക്കണം. അതുവഴി വായുമലിനീകരണം ഒഴിവാക്കാനും, അടുക്കളയിൽ ജോലി ചെയ്യുന്ന കുടുംബിനികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താനും, രോഗാതുരത കുറക്കാനും, ഇത്തരം അടുപ്പുകളുടെ പ്രചാരണവും ബോധവൽക്കരണവും ആവശ്യമാണ്.

മാർക്കറ്റ്

കാർഷിക മേഖലയായ കുറവിലങ്ങാട് പഞ്ചായത്തിലെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഈ പഞ്ചായത്തിൽ ഫലപ്രദമായ മാർക്കറ്റുകൾ ഒന്നും തന്നെയില്ല. പച്ചക്കറി സാധനങ്ങൾ, മറ്റു കാർഷിക ഉൽപ്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിന് ഇന്ന് കുറുപ്പന്തറയിലുള്ള മാർക്കറ്റിനെയാണ് കർഷകൻ ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പള്ളി വക മാർക്കറ്റും. മറ്റു പ്രൈവറ്റ് മാർക്കറ്റുകളും മാത്രമാണ് നിലവിലുള്ളത്.

1. കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പച്ചക്കറി ചന്ത പഞ്ചായത്ത് വക പ്രൈവറ്റ് ബസ് സ്റ്റാൻറിന് സമീപം തുടങ്ങുക.
2. ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ് നിർമ്മിക്കുക.
3. എല്ലാ ദിവസവും പ്രവർത്തിക്കുന്നതന മത്സ്യ മാർക്കറ്റ് തുടങ്ങുക.
4. നിലവിലുള്ള മാർക്കറ്റുകൾ ശുദ്ധി ആയി ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
5. വഴി ഓരങ്ങളിലെ മത്സ്യ മാംസ വിൽപ്പന നിയന്ത്രിക്കുക. ഇത് പരിസര മലിനീകരണം തടയുന്നതിനും, നായ്ക്കളുടെ അഴിഞ്ഞാട്ടം തടയുന്നതിനും, കൊതുകു നിവാരണത്തിനും ഉപകരിക്കും.

★★★

7 പാർപ്പിടവും സാമൂഹിക ക്ഷേമവും



അൻപതുവർഷം മുമ്പ് ദേവാലയങ്ങളും സർക്കാർ ആഫീസുകളും, ചുരുക്കം ചില നാട്ടു പ്രമാണിമാരുടെ ഭവനങ്ങളുംമൊഴിച്ചാൽ എല്ലാ കെട്ടിടങ്ങളും ഓലയോ പുല്ലോ ഉപയൊഗിച്ച് മേഞ്ഞതോ ആയിരുന്നു. അന്ന് പനയൊലയും, ഒരു തരം ചെറു പുല്ലും നാട്ടിൽ സുലഭമായി രുന്നു. പാവപ്പെട്ടവരിൽ ഭൂരിപക്ഷവും കുടികി ടപ്പുകാരോ കാണപ്പാട്ട വസ്തുവിൽ താമ സക്കാരോ ആയിരുന്നു. കുടികിടപ്പുകാരെ ഏതു സമയത്തും ഒഴിപ്പിക്കുന്നതിന് സ്ഥലമുടമക്ക് അധികാരമുണ്ടായിരുന്നു. അതിനാൽ സാധാരണ ജനങ്ങളുടെ ജീവിതത്തിന് സുരക്ഷിതത്വമില്ലാ യിരുന്നു. സ്വാതന്ത്ര്യലബ്ദിക്കുശേഷം പുതിയ ഭൂനിയമങ്ങൾ വന്നതോടുകൂടിയാണ് കുടികി ടപ്പുകാർക്കും കർഷകർക്കും സുരക്ഷിതത്വം ഉറപ്പായത്.

ഈ പഞ്ചായത്തിലെ 80% ജനങ്ങളും ഇടത്തരക്കാരോ കുറഞ്ഞ വരുമാനക്കാരോ ആണ്. പാവപ്പെട്ടവരിൽ ഭൂരിപക്ഷവും കുന്നുക ളുടെ മുകളിൽ കുറഞ്ഞവിലക്കു കിട്ടുന്ന ഭൂമി വാങ്ങിച്ച് അതിൽ വീടുവച്ച് കഴിയുന്നവരാണ്. തൻ മൂലം വേണ്ടത്ര യാത്രാസൗകര്യങ്ങളോ വൈദ്യുതിയോ കുടിവെള്ളമോ ഇല്ലാതെ ബുദ്ധിമുട്ടുന്നു. എല്ലാ കുടുംബങ്ങൾക്കും അത്യവശ്യ സൗകര്യ ങ്ങളോടുകൂടിയുള്ള പാർപ്പിടവും കക്കൂസും സൗകര്യവും ലഭ്യമാക്കേണ്ടതുണ്ട്.

1991-ലെ സെൻസസ് പ്രകാരം കുറവി ലങ്ങാട് പഞ്ചായത്തിൽ ആകെയുള്ള 3221 വീടുകളിലായി 3256കുടുംബങ്ങൾ താമസ്സി ക്കുന്നു. 552കുടുംബങ്ങൾക്ക് പുതുതായി പാർപ്പിടം ഉണ്ടാകേണ്ടിയിരിക്കുന്നു. 1001വീടുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. സ്വന്തം സ്ഥലം ഇല്ലാത്തവർ പുറമ്പോക്കിലും കടത്തിണ്ണകളിലുമായി കഴിഞ്ഞുകൂടുന്നു. നില വിലുള്ള വീടുകൾ ഓലമേഞ്ഞ്തും, പലക, മൺകട്ട, ഓലമുതലായവ ഉപയോഗിച്ച് മറച്ചിട്ടുള്ള വയുമാണ്. 360 വീടുകൾ ക്രോൺകീറ്റ് കെട്ടിട ങ്ങളാണ്. ഇതിൽ 90 എണ്ണം ബഹുനില കെട്ടി ടങ്ങളാണ്. പകുതി കെട്ടിടങ്ങളും 200ച:അടിക്കും, 500 ച.മീ.ക്കും മദ്ധ്യേ വിസ്തീർണ്ണമുള്ളവയാണ്. 200; ച:അടിയിൽ താഴെ വിസ്തീർണമുള്ള 600ൽ പരം വീടുകൾ ഉണ്ട്. 2110 വീടുകൾക്കു മാത്രമേ വൈദ്യുതി ലഭിച്ചിട്ടുള്ളൂ. ഈ പഞ്ചാ യത്തിൽ ലക്ഷംവീടു കോളനികളും സെറ്റിൽമെൻറ് കോളനികളും ഉൾപ്പെടെ 30കോള നികൾ ഉണ്ട്.

കിടങ്ങൂർ ഹൗസിംഗ് സൊസൈറ്റിയിൽനിന്നും പാലായിൽ ഉള്ള ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കുന്ന വായ്പകൾകൊണ്ടും, സൗജന്യ ഭവന നിർമാണ പദ്ധതിയനുസരിച്ച് വികസന ബ്ളോക്ക് പട്ടികജാതി വികസന വകുപ്പ് എന്നിവടങ്ങളിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ കൊണ്ടുമാണ് സാധാരണക്കാർ പാർപ്പിടം നിർമിക്കുന്നത്. സൗജന്യ ഭവന നിർമാണ പദ്ധതിയനുസരിച്ച് 1992-മുതൽ 45 വീടുകൾ ലഭിച്ചിട്ടുണ്ട്. 58 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായവും ലഭിച്ചിട്ടുണ്ട്.

വാർഡ് അടിസ്ഥാനത്തിൽ ആവശ്യമായ വീട് കക്കൂസുകളുടെ എണ്ണം

വാർഡ്	വീടുകളുടെ എണ്ണം	കക്കൂസുകളുടെ എണ്ണം	വാർഡ്	വീടുകളുടെ എണ്ണം	കക്കൂസുകളുടെ എണ്ണം
1	75	158	6	30	65
2	32	98	7	31	70
3	50	155	8	52	87
4	28	79	9	155	157
5	99	132	ആകെ	552	1001

പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലമില്ലാത്തതുമൂലം വീടു വച്ച് താമസ്സിക്കാൻ പറ്റാത്ത അനേകം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്.
2. വീട് പണിയുന്നതിനുള്ള സർക്കാർ സഹായം വളരെ ചുരുക്കം ആളുകൾക്കേ ലഭിക്കുന്നുള്ളൂ.
3. ഭവന നിർമാണ വായ്പ ലഭ്യമാക്കുന്നതിന് കിടങ്ങൂർ, പാല എന്നീ ദൂരസ്ഥലങ്ങളിൽ പോകേണ്ടതായി വരുന്നു.
4. കൂടിയ സ്ഥിരവരുമാനമുള്ളവർക്കുമാത്രമേ ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും വായ്പ ലഭിക്കുകയുള്ളൂ.
5. കെട്ടിട നിർമാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ് സാധാരണക്കാരന് താങ്ങാവുന്നതല്ല. കോളനികളിലെ വീടുകളുടെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ തീർക്കുന്നതിന് സ്ഥിരം സംവിധാനം ഇല്ല.

പരിഹാര മാർഗ്ഗങ്ങൾ

1. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് പഞ്ചായത്തിൽനനിന്നും സ്ഥലം വാങ്ങി സെറ്റിൽമെൻറ് കോളനി സ്ഥാപിച്ച് അർഹതയുള്ളവരെ പുനരധിവസിപ്പിക്കുക.
2. സാധുക്കൾക്ക് വീട് വയ്ക്കുന്നതിന് നല്കുന്നതുക വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
3. കുറവിലങ്ങാട് പഞ്ചായത്തിൽ ഒരു ഹൗസിംഗ് സോസൈറ്റിക്ക് രൂപം കൊടുക്കുക.
4. പഞ്ചായത്തിൽ ഒരു കെട്ടിട നിർമാണോപക

രണ യൂണീറ്റ് സ്ഥാപിച്ച് ദുർബല വിഭാഗക്കാർക്ക് കുറഞ്ഞ വിലക്ക് സാമഗ്രികൾ ലഭിക്കതുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5. ചിലവു കുറഞ്ഞ കക്കൂസിനും വീടിനും പ്രചാരം നല്കുക.
6. കെട്ടിട നിർനമാണ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തുക.
7. കോളനികളിലെ വീടുകളുടെ അറ്റകുറ്റ പണികൾ തീർക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക.

പ്രധാനപ്പെട്ട ഭവന പദ്ധതികൾ

ക്രമനമ്പർ	പദ്ധതിയുടെ പേര്	വകുപ്പ്
1.	പൊതു ഭവന നിർമാണ പദ്ധതി	ഹൗസിംഗ്ബോർഡ്
2.	ഭവന നിർമാണ ഗ്രാൻറ്	പട്ടികജാതി വികസന വകുപ്പ്
3.	ഭവന നിർമാണ വായ്പ	Do
4.	ഇന്ദിരാ പാർപ്പിട പദ്ധതി	ഗ്രാമവികസന വകുപ്പ്

ഈ പരിത:സ്ഥിതികൾ പരിഗണിച്ച് സത്യ സന്ധവും നീതി പൂർവ്വവുമായ പ്രവർത്തനം ജനങ്ങളുടെ സഹകരണതതോടും സഹായത്തോടും കൂടി നടപ്പിലാക്കാൻ കഴിഞ്ഞാൽ ഒരു അളവു വരെയെങ്കിലും പാർപ്പിടസൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല

സാമൂഹ്യക്ഷേമം

1991-ലെ സെൻസസ് പ്രകാരം കുറവിലങ്ങാട് പഞ്ചായത്തിലെ ജനസംഖ്യ 17359 ആണ്. 3269 കുടുംബങ്ങൾക്ക് മാത്രമേ റേഷൻകാർഡ് കിട്ടിയിട്ടുള്ളു. I R D P സർവ്വേ പ്രകാരം 722കുടുംബങ്ങ ൾ ദാദ്രരേഖക്ക് താഴെയാണ്. അതിൽ 41കുടുംബങ്ങൾ പട്ടികജാതി/ വർഗ്ഗത്തിൽപ്പെട്ടവരുടേതാണ്. ദാരിദ്രരേഖക്കു താഴെയുള്ളവർ, ഭൂരഹിതർ, നാമമാത്ര ഭൂമിയുള്ളവർ, കൂലിവേലക്കാർ എന്നീ തരത്തിൽ പ്പെട്ട വരാണ് ഭൂരിഭാഗം ആളുകളും. കാർഷിക മേഖലയിൽനിന്നോ തൊഴിൽമേഖലയിൽനിന്നോ മെച്ചപ്പെട്ട ജീവിതം കരു പിടിപ്പിക്കുവാൻ പര്യാപ്തമായ വരുമാനം ലഭ്യമല്ലാ എന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ ഇവർ അനുഭവിക്കുന്ന പ്രധാന പ്രതിസന്ധി. അതുപോലെ തന്നെ സാമൂഹ്യമായി കഷ്ടതയനുഭവിക്കുന്ന വികലാംഗർ വിധവകൾ, അഗതികൾ, നിത്യരോഗികൾ മുതലായവരുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്.

ദാരിദ്ര നിർമാജനം ആരോഗ്യകരമായ സമൂഹം ഉച്നീചത്വങ്ങൾ ഇല്ലായ്മ എല്ലാ ഉപഭോഗ വസ്തുക്കളുടെയും സന്തുലിതമായ വിതരണം, എന്നിവയാണ് സാമൂഹിക ക്ഷേമത്തിന്റെ അടിത്തറ ദാരിദ്രരേഖക്ക് താഴെയുള്ളവരുടെയും ഹരിജനങ്ങളെയും ദാരിദ്രരേഖ

രക്ക് മുകളിൽ കൊണ്ടു വരുന്നതിനും സാമൂഹികമായി അവശത അനുഭവിക്കുന്നവർക്ക് വേണ്ട സഹായം യഥാസമയം എത്തിക്കുന്നതിനും വേണ്ടി സർക്കാരിൽനിന്നും പല സാമൂഹിക ക്ഷേമപരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനു വേണ്ടി അംഗൻ വാടികളും ബാലവാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ രംഗത്ത് മുഖ്യകണ്ണി റേഷ്യൻ കടകളാണ്. അരിയുടെ വിലക്കയറ്റം അല്പമെങ്കിലും നിർത്തുന്നതും റേക്ഷൻ കടകളാണെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞു കൂടാ.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക.

2 ജോലിചെയ്തു ഉപജീവനം കഴിക്കാൻ പറ്റാത്തവിധം നിത്യരോഗികൾ, അഗതികൾ എന്നിവർക്കുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ വേണ്ടത്ര പ്രയോജനപ്രദമല്ല.

3 ട്രൈസം പ ദ്ധതിപ്രകാരം പരിശീലനം ലഭിക്കുനനവർക്ക് തൊഴിൽ ഉറപ്പില്ലാത്തനാൽ പലരും പരിശീലനത്തിനു മടിക്കുന്നു.

4. നിർദ്ധനരായ മാതാപിതാക്കൾ തങ്ങളുടെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നതിന് ബുദ്ധിമുട്ടുന്നതായി കാണുന്നു.

5. സർക്കാരിൽനിന്നും വിവിധ തരത്തിലുള്ള ലോൺ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് യഥാ സമയം ലഭിക്കുന്നില്ല.

6. പൊതു പ്രവർത്തന രംഗത്ത് നിസ്വാർത്ഥ സേവനം കാഴ്ചച്ച പലരും തങ്ങളുടെ ജീവിത സായാഹ്നത്തിൽ കഷ്ടപ്പാടിൽപ്പെട്ട് നട്ടം തിരിയുന്നതായി കാണുന്നു.

7. ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി സാധാരണ ജനങ്ങൾ ബോധവാന്മാരല്ല

8. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമല്ല.

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലെയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി ബാലവാടികളും, അംഗൻവാടികളും ഉണ്ടാക്കുക.

2. നിത്യരോഗികൾക്കും അഗതികൾക്കും സന്ന്ധസംഘടനകളുമായി സകരിച്ച് സായം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. ഓരെസ്ഥലത്തും അനുയോജ്യമായ വ്യവസായ യൂണീറ്റു മുന്നിൽകണ്ട് ട്രൈസം പദ്ധതി പ്രകാരം പരിശീലനം കൊടുക്കുകയും പരിശീലനം ലഭിക്കുന്നവർക്ക് ഉടൻതന്നെ ജോലിയിൽ പ്രവേശിക്കുന്നതിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

4. D.W.C.R.A യൂണീറ്റുകൾ ക്രഷുകൾ ഇവ കൂടുതലായി സ്ഥാപിക്കുക.

5. പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുകയും തെരെഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മാവേലി സ്റ്റോറുകൾ എന്നിവ വഴി അരി പഞ്ചസാര പാമോലിൻ, മറ്റു പരവ്യഞ്ജന സാധനങ്ങൾ എന്നിവ കുറഞ്ഞ വിലക്ക് സ്ഥിരമായി വിതരണം ചെയ്യുക.

I.R.D.P. പദ്ധതിപ്രകാരം ദാരിദ്ര്യ നിർമ്മാജന പദ്ധതിയുടെ രേഖ

വാർഡ്	സർവ്വേപ്രകാരംകണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്രരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖക്കുതാഴെയുള്ള ആകെ കുടുംബങ്ങൾ
1	2	3	4	5	6	7
1	111	10	21	8	15	96
2	106	4	18	4	15	91
3	148	1	19	16	16	132
4	76	3	20	5	14	62
5	108	6	18	6	15	99
6	79	6	20	5	17	62
7	74	5	20	4	16	58
8	62	4	19	4	15	47
9	100	4	18	4	15	75
ആകെ	864	43	173	41	138	722

സംയോജിത ഗ്രാമവികസന പരിപാടി IRDP

കുടുംബ വാർഷിക വരുമാനം ₹1000/- രൂപയിൽ താഴെയുള്ള ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള സ്വയം തൊഴിൽ പദ്ധതിയാണ്. ഇതിൽ ചിലവഴിക്കുന്ന തുകയുടെ 50% പട്ടികജാതികാർക്കും 40% വനികൾക്കും 3% വികലാംഗർക്കുമാണ്. 96-97 വർഷത്തിൽ 31 കുടുംബങ്ങളെ സഹായിക്കേണ്ടിയിരിക്കുന്നു.

ഫാമിലി ക്രഡിറ്റ് പ്ളാൻ(F.C.P)

I.R.D.P യുടെ കീഴിൽ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിൽ ഒന്നിൽ കൂടുതൽ ആളുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനും വേണ്ടിയാണ്. ഈ പദ്ധതി പ്രകാരം 30000 രൂപയുടെ വായ്പാ സൗകര്യം സബ്സിഡി ഉൾപ്പെടെ ലഭിക്കും 96-97 വരഷത്തിൽ പദ്ധയിൽ കീഴിൽ 7 പേർക്ക് സഹായം ലഭ്യമാക്കും.

D.W.C.R.A (ഗ്രാമീണ വനിതാ ശിശു വികസന പരിപാടി)

ഗ്രാമീണ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വാശ്രയത്വം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തയ്യാർ ആയി വരുന്ന ഒരു ഗ്രൂപ്പിനാണ് സഹായം ലഭിക്കുന്നത് കൂട്ടായി

തയ്യാറാക്കുന്ന പ്രോജക്ടിനാണ് സഹായം ലഭ്യമാക്കുന്നത് .

96-97 വർഷത്തിൽ കുറവിലങ്ങാട് സ്റ്റെയിറ്റു ബാങ്ക് വഴി D.W.C.R.A യൂണീറ്റ് പാസ്സാക്കിയിട്ടുണ്ട്.

TRYSM(ഗ്രാമീണ യുവതീയുവാക്കളുടെ തൊഴിൽ പരിശീലനം)

18-നും35-നും ഇടയ്ക്കു പ്രായമുള്ള ദരിദ്ര ഗ്രാമീണ യുവതി/യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന പദ്ധയാണിത്. പരിശീലന സ്ഥാപനത്തിന്റെ സ്വഭാവം അനുസരിച്ച് പ്രതിമാസ സ്റ്റൈഫൻഡ് ലഭിക്കുന്നതാണ്.

K.A.P.ഗ്രാമീണ കൈത്തൊഴിലുകൾക്ക് മെച്ചപ്പെട്ട തൊഴിലുപകരണ വിതരണ പദ്ധതി

ഗ്രാമീണരായ കൈത്തൊഴിലുകാർക്ക് മെച്ചപ്പെട്ട ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കി അവരുടെ ഉല്പാന ക്ഷമത വർദ്ധിപ്പിക്കുകയും ഗുണ നിലവാരം മെച്ചപ്പെടുത്തി വരുമാന വർദ്ധനവ് സാദ്ധ്യമാക്കുകയാണ് ലക്ഷ്യം.

C.R.S.P. കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതി

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമങ്ങളിലെ ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കുവാൻ പരിപാടി വഴി സഹായം ലഭിക്കും.

സഹായങ്ങൾ പെൻഷനുകൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി നടപ്പിലാകുന്ന വകുപ്പ്
1.	വാർദ്ധക്യ കാല പെൻഷൻ	റവന്യൂ വകുപ്പ്
2.	വിധവാ പെൻഷൻ	"
3.	വികലാംഗ പെൻഷൻ	"
4.	മിശ്ര വിവാഹിതർക്ക് ധനസഹായം പട്ടികജാതിവർഗ്ഗം അല്ലാത്തവർ	"
5	സാധുകകളായ വിധവകളുടെ പെൺമക്കളുടെ വിവാഹതതിന് ധനസഹായം	"
6.	മോട്ടോർ വാഹന അപകടങ്ങളിൽ പ്പെടുന്നവർക്ക് സഹായം	"
7.	ക്ഷയരോഗികൾകകുള്ള പെൻഷൻ	"
8.	കുഷ്ടരോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള ധനസഹായം	"
9.	വിവാഹത്തിനും വൈദ്യചിക്തസക്കും സഹായം	പട്ടിക ജാതി വർഗ്ഗ വികസന വകുപ്പ്
10.	മിശ്ര വിവാഹിതർക്ക് സഹായം	"
11.	തൊഴിലില്ലായ്മ വേതനം	എംപ്ലോയിമെന്റ് ആൻഡ് ട്രയിനിംഗ് വകുപ്പ് "
12	ഭൂരഹിത കർഷക തൊഴിലാളികകുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി	തൊഴിൽ വകുപ്പ്
13.	കർഷക തൊഴിലാളി പെൻഷൻ	Do
15	കുടിൽ ഇൻഷ്വറൻസ് പദ്ധതി	ജനൽ ഇൻഷുറൻസ്
16	ജനത വ്യക്തിഗത അപകട പോളിസി	Do
17.	സ്കൂൾ കുട്ടികൾക്കുള്ള ഇൻഷുറൻസ് പദ്ധതി	Do
18.	ദേശീയ സമ്പാദ്യ പദ്ധതി	പോസ്റ്റൽ ഡിപ്പാർട്ടിമെൻറ്0
19.	ഗ്രാമീണ ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ്	എൽ.ഐ.സി

8 സാംസ്ക്കാരിക രംഗം



ഒരു പ്രദേശത്തെ വേഷം, ഭാഷ, വിവിധ കലാരൂപങ്ങൾ മതപരമായ ആചാരാനുഷ്ഠാനുങ്ങൾ, ജീവിത നിലവാരവും ശൈലിയും, സാഹിത്യ സൃഷ്ടികൾ എന്നിവയെല്ലാം തന്നെ സാംസ്ക്കാരിക രംഗവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഘടകങ്ങളാണ്. മലയാള നാടിന് വളരെ ഉദാത്തമായ ഒരു സാംസ്ക്കാരിക പൈതൃകവും പാരമ്പര്യവും സ്വന്തമായിത്തന്നെ അവകാശപ്പെടാനുണ്ട്. കുറവിലങ്ങാടു ഗ്രാമത്തെ സംബന്ധിച്ചിടത്തോളം എടുത്തു പറയാൻ കഴിയുന്ന ഒരു പുരാതീന സാംസ്ക്കാരിക പൈതൃകം സ്വന്തമായി ഉണ്ട് എന്നവകാശപ്പെടാൻ കഴിയില്ല. എന്നാൽ കേരളത്തിന്റെ ആകമാനമുള്ള സാംസ്ക്കാരിക വളർച്ചയുടെ പ്രതിസ്ഫുരണങ്ങൾ നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചിട്ടുണ്ട്. പുരാതീന കേരളത്തിന്റെ നൊമ്പരങ്ങളായ കൊയ്ത്തു പാട്ട്, തോറ്റം പാട്ട്, മാർഗ്ഗംകളിപ്പാട്ട് തുടങ്ങിയ നാടൻ പാട്ടുകളുടെ ഈരടികൾ മനസ്സിൽ സൂക്ഷിക്കുന്നവരുണ്ടാകാം. അതുപോലെ തന്നെ കോൽകളി, കടുവാകളി, കളരിപ്പയറ്റ് തുടങ്ങിയ നാടൻ കലാരൂപങ്ങൾ അഭ്യസിച്ചവർ നമ്മുടെ ഗ്രാമത്തിൽ കണ്ടേക്കാം. പക്ഷെ അവയൊന്നും തന്നെ തലമുറകളിലേയ്ക്കു പകർന്നു കൊടുക്കുവാൻ പര്യാപ്തമായ കേന്ദ്രീകൃതമായ ഒരു സാംസ്ക്കാരിക സ്ഥാപനം ഇന്നു നമുക്കു നിലവിലില്ല. അതുകൊണ്ടുതന്നെ, പുരാതീനമായി നമുക്കു സ്വന്തമെന്ന് അവകാശപ്പെടാൻ കഴിയുന്ന ഇത്തരം ലളിതകലാരൂപങ്ങൾ നമുക്കു കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. ആ സ്ഥാനത്ത് പാശ്ചാത്യസംസ്ക്കാരത്തിന്റെ സംഭാവനകളായ ബ്രേക്ക് ഡാൻസും പോപ്പുസംഗീതവും ഉൾനാടൻ ഗ്രാമങ്ങളെപ്പോലും ഇന്ന് കീഴടക്കിക്കൊണ്ടിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പഞ്ചായത്തു സാംസ്ക്കാരിക നിലയം കേന്ദ്രീകരിച്ച് കലാസാംസ്ക്കാരിക പരിപാടികൾക്ക് പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കു കഴിയും. റ്റി. ഡി. ദേവസ്യാ മെമ്മോറിയൽ, കുറവിലങ്ങാട് പഞ്ചായത്ത് ലൈബ്രറി കളത്തൂരിൽ പ്രവർത്തിക്കുന്ന പഞ്ചായത്തു സാംസ്ക്കാരിക നിലയം എന്നീ രണ്ടു സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ രണ്ടു സ്ഥാപനങ്ങളിലും സാമാന്യം തൃപ്തികരമായ രീതിയിലുള്ള പുസ്തകശേഖരം നിലവിലുണ്ട്. പഞ്ചായത്തിന്റെ രണ്ടു ലൈബ്രറികളും ഇൻഫർമേഷൻ സെൻററുകളാക്കി ലൈബ്രേറിയൻമാർക്ക് ആവശ്യമായ പരിശീലനം കൊടുക്കുന്നത്

സാധാരണക്കാർക്ക് പ്രയോജനപ്രദമായരിക്കും എന്നാൽ ഈ സ്ഥാപനങ്ങൾ കേന്ദ്രമാക്കിയുള്ള കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ആശാവഹമായുള്ള പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തത്തോടുകൂടിയ ചിട്ടയായ പ്രവർത്തനങ്ങൾ ഈ രംഗത്ത് അനിവാര്യമാണ്. കുറവിലങ്ങാടിന്റെ കീർത്തിയും യശസ്സും ഉയർത്തിപ്പിടിക്കുന്ന ചരിത്രപ്രാധാന്യമുള്ള ഒരു തീർത്ഥാടനകേന്ദ്രമാണ് ഇവിടുത്തെ മാർത്ത മറിയം ഫെറോനാ ചർച്ച്. A.D. 345 ൽ സ്ഥാപിതമായ ഈ പള്ളിയിലെ മൂന്നു നോയമ്പു തിരുനാൾ വളരെയേറെ പ്രസിദ്ധമാണ്. ഈ തിരുനാൾ ആഘോഷത്തിന് ഏറ്റുമാനൂർ മഹാദേവക്ഷേത്രം വക ആനകളെ വിട്ടു കൊടുത്തിരുന്നതും, ഏറ്റുമാനൂർ തേവരുടെ ആറാട്ടിന് പള്ളിയിൽ നിന്നും മുത്തുക്കുടകൾ കൊടുത്തിരുന്നതും നമ്മുടെ സംസ്ക്കാരത്തിനും മതസൗഹാർദ്ദത്തിനും ഉത്തമമായ മാതൃകയാണ്. ഈ പള്ളിയിലെ വികാരിയായിരുന്ന റവ: ഫാദർ നിധീരിക്കൽ മാണിക്കത്തനാർ എന്ന മഹദ്വ്യക്തിയാണ് 'നസ്രാണി ദീപിക' എന്ന മലയാള ദിനപത്രത്തിന്റെ ആദ്യത്തെ ചീഫ് എഡിറ്റർ. വിദ്യാഭ്യാസ രംഗത്തും സാഹിത്യരംഗത്തും വിലയേറിയ പ്രവർത്തനങ്ങൾ കാഴ്ചവെച്ച റവ: ഫാദർ നിധീരിക്കൽ മാണിക്കത്തനാർ കുറവിലങ്ങാടിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ എന്നെന്നും അവിസ്മരണീയനാണ്.

കുറവിലങ്ങാടു പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റു ദേവാലയങ്ങളെ സംബന്ധിച്ചും അവയുടെ ആഘോഷ പരിപാടികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കാളികാവ് ദേവീക്ഷേത്രം - ഏകദേശം 2000 കൊല്ലത്തിനു മേൽ പഴക്കം ചെന്ന ക്ഷേത്രം. ഇപ്പോൾ ദേവസ്വം ബോർഡു വകയാണ്. എല്ലാ വർഷവും മീനപ്പൂരം വളരെ ആഘോഷമായി നടത്താറുണ്ട്.

2. കോഴാ നരസിംഗസ്വാമിക്ഷേത്രം - അതിപുരാതീനമായ ഒരു ക്ഷേത്രമാണ് ഇത്. ഇത് ഒരു ഊരാഴ്മ ക്ഷേത്രമാണ്. എന്നാൽ ഇപ്പോൾ ഒരു പൊതുകമ്മിറ്റി ഇതിന്റെ മേൽ നോട്ടം വഹിക്കുന്നു.

3. കോഴാ മല്ലപ്പള്ളിൽ കാവ് – പൊതു കമ്മിറ്റി ഭരണം – മീനഭരണി മഹോത്സവമാണ് പ്രധാന ആഘോഷം.

4. വേട്ടയ്ക്കൊരു മകൻ ക്ഷേത്രം – ഇത് വഴുതയ്ക്കാട് ഇല്ലം വക കുടുംബ ക്ഷേത്രമാണ് ഉത്സവാഘോഷമില്ല.

5. ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രം – ഇത് S.N.D.P. കളത്തൂർ ശാഖ വകയായുള്ള ഒരു ക്ഷേത്രമാണ്. ഉത്സവാഘോഷം മകരമാസത്തിൽ നടക്കുന്നു.

6. മഹാദേവർ ക്ഷേത്രം – അയ്യപ്പസേവാസംഘം വക ക്ഷേത്രമാണ്. എല്ലാ വർഷവും ധനുമാസത്തിൽ ആഘോഷം നടക്കുന്നു.

7. മഠത്തിക്കാവ് – പൊതിയിൽ ഇല്ലം കുടുംബ വകയിലുള്ളതാണ്.

8. ചാലപ്പള്ളി ശ്രീകൃഷ്ണസ്വാമിക്ഷേത്രം കളത്തൂർ. മീനമാസത്തിൽ ഉത്സവം ആഘോഷിക്കുന്നു.

9 അരീയ്ക്കൽ മഹാദേവക്ഷേത്രം കളത്തൂർ

10. ക്രിസ്തുരാജ് ചർച്ച ജയഗിരി – ഡിസംബർ അവസാനം തിരുനാൾ ആഘോഷിക്കുന്ന

11. നസ്രത്തുഹിൽ പള്ളി

രണ്ടാം വാർഡിൽ വൈദികവിദ്യാർത്ഥികൾക്കുള്ള ക്ലാരറ്റ്ഭവൻ എന്ന സെമിനാരി

ദശകങ്ങളായി പ്രവർത്തിക്കുന്നു 80-ൽ പരം വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നു.

അമനാകുഴി എന്ന സ്ഥലത്ത് 'മുനിയറ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഗുഹയുണ്ട്. യമുനാൻ ദീർഘദർശി എന്ന മുനി അവിടെത പസ്സു ചെയ്തിരുന്നതായി പഴമക്കാർ പറയുന്നു.

ഒൻപതാം വാർഡിൽ പകലോമറ്റം എന്ന സ്ഥലത്ത് അർക്കദിയാക്കോൻമാരുടെ ശവകുടീരങ്ങൾ ഇന്നും കാണുന്നുണ്ട്. വിദേശത്തുപോയിരിക്കുന്ന ശങ്കരപുരി കുടുംബക്കാർ ഈ ശവകുടീരങ്ങൾ സന്ദർശിക്കുന്നതിന് വന്നു ചേരാറുണ്ട്.

മുപ്പത്തോളം അനാഥക്കുട്ടികളെ സംരക്ഷിക്കുന്ന 'ബാലഭവൻ' എന്ന അനാഥാലയവും ഇവിടെ പ്രവർത്തിക്കുന്നു.

ഈ ക്ഷേത്രങ്ങളിലും മറ്റു ദേവാലയങ്ങളിൽ എല്ലാം തന്നെ ഉത്സവങ്ങളും മറ്റു തിരുനാളുകളും കലാപരിപാടികളോടുകൂടി വളരെ ആഘോഷമായി ത്തന്നെ നടത്താറുണ്ട്. സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ച് നടത്തുന്ന അനുഷ്ഠാനകലകളും കാവടിയാട്ടവും വളരെയേറെ ആകർഷകമാണ്. മുല്ലപ്പള്ളിക്കാവ് ക്ഷേത്രത്തോടനുബന്ധിച്ച് ഉടുക്കുപാട്ട് പഠിപ്പിക്കുന്ന ഒരു സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ നരസിംഹക്ഷേത്രത്തോടനുബന്ധിച്ച് ചെണ്ടമേളം പഠിപ്പിക്കുന്ന ഒരു സ്ഥാപനം നടത്തിവരുന്നുണ്ട്. ദേവാലയങ്ങളിലെ എല്ലാ ആഘോഷങ്ങളിലും ജനങ്ങൾ ജാതിമതഭേദമെന്യേ ഉൽസാഹപൂർവ്വം പങ്കെടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ അഞ്ചോളം പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറവിലങ്ങാട് പബ്ലിക് ലൈബ്രറി

ശ്രീ മാത്യു പാറ്റാനി, ശ്രീ ഏബ്രഹാം നിധീരിക്കൽ എന്നിവരായിരുന്നു ഈ സ്ഥാപനത്തിന്റെ ആദ്യകാലപ്രവർത്തകർ. കുറവിലങ്ങാട് പഞ്ചായത്തിൽ സ്ഥാപിതമാകുന്ന ആദ്യത്തെ ലൈബ്രറിയായിരുന്നു ഇത്. ശ്രീ മാത്യു പാറ്റാനിയുടെ മരണശേഷം മാത്യു പാറ്റാനി മെമ്മോറിയൽ പബ്ലിക് ലൈബ്രറി എന്ന പേരിൽ പ്രവർത്തിച്ചു. 1993-94 ൽ ഈ സ്ഥാപനത്തിന്റെ പുസ്തകങ്ങളും ഫർണിച്ചറുകളും അടക്കം പഞ്ചായത്തിനു വിട്ടു തരികയും പഞ്ചായത്തന്റെ ഷോപ്പിംഗ് കോപ്ലക്സിന്റെ രണ്ടാം നിലയിൽ റ്റി. ഡി. ദേവസ്യാ മെമ്മോറിയൽ ലൈബ്രറി എന്ന പേരിൽ ഇപ്പോൾ ഇതു പ്രവർത്തിച്ചു വരികയാണ്. ഏകദേശം 4000ത്തോളം പുസ്തകങ്ങൾ ഇപ്പോൾ ഇവിടെ വിതരണത്തിനുവേണ്ടിയുണ്ട്. വിലപിടിപ്പുള്ള ധാരാളം റഫറൻസ് ഗ്രന്ഥങ്ങളും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്.

2. കോഴാ പബ്ലിക് ലൈബ്രറി

1953-ൽ സ്ഥാപിതമായി. ആദ്യത്തെ പഞ്ചായത്തു മെമ്പർ ആയിരുന്ന ശ്രീ. കുര്യൻ ദേവസ്യാ ആറാക്കൻ അവർകളുടെ നേതൃത്വത്തിൽ ഈ സ്ഥാപനം ആരംഭിച്ചു. അദ്ദേഹം സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ ലൈബ്രറി പ്രവർത്തിക്കാൻ ഉള്ള സ്ഥലം വാടക കൂടാതെ വിട്ടു കൊടുത്തു. ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന റീഡിംഗ് റൂം. പ്രത്യേകമായുണ്ട് ലൈബ്രറിയോട് ചേർന്ന് കാൻഫെഡ് വിദ്യാഭവൻ പ്രവർത്തിക്കുന്നു.

3. കുര്യം പബ്ലിക് ലൈബ്രറി

കാളികാവ് പ്രദേശത്ത് ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചു. മൂലയിൽ ഇട്ടംപിള്ള സാറും തെങ്ങുംപള്ളിൽ നാരായണൻനായരും ആണ്

ഈ ലൈബ്രറിയുടെ സ്ഥാപകർ. തെങ്ങുംപള്ളിൽ ജയപ്രകാശ് നാരായണൻ സംഭാവന ചെയ്തതാണ് ഈ ലൈബ്രറിയുടെ സ്ഥലം. ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു ലൈബ്രറിയാണ് ഇത്. ഇതിൽ ജനങ്ങൾക്ക് സൗകര്യപ്രദമായി കാണുന്നതിന് ഒരു റ്റി. വി. സെറ്റും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

4. പഞ്ചായത്തു സാംസ്ക്കാരികനിലയം

കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച സാംസ്ക്കാരികനിലയത്തോടനുബന്ധിച്ച് രണ്ടായിരത്തോളം പുസ്തകങ്ങളോടുകൂടിയ ഒരു വായനശാലയും പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽനിന്നും ഈ സ്ഥാപനത്തിൽ ഒരു കളർ ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

5. തെനം കുന്ന് എൻ. എസ്. വായനശാല

6-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന എൻ. എസ്. വായനശാലയും ദർശനാ മഹിളാസമാജത്തിനും കൂടുതൽ പ്രോത്സാഹനം കൊടുത്ത് വിപുലീകരിച്ചാൽ ആ പ്രദേശത്തെ ജനങ്ങളുടെ വായനാശീലത്തിനും കലാസാംസ്ക്കാരിക രംഗങ്ങളിലെ വളർച്ചയ്ക്കും വഴി തെളിക്കും.

വായനശാലയിലുള്ള അംഗങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ സ്ത്രീകളുടെ സ്ഥാനം വളരെയേറെ പരിതാപകരമാണ്. എല്ലാ വായനശാലകളിലേയും കണക്കുകൾ ആകെയെടുത്തു പരിശോധിക്കുമ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യം പത്തു ശതമാനത്തിൽ താഴെയാണ്. ഗ്രന്ഥശാലാ പ്രവർത്തനങ്ങളുടെ കൂട്ടായ പ്രയത്നം കൊണ്ടു മാത്രമേ ഈ ഒരവസ്ഥയ്ക്ക് മാറ്റം വരികയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും പ്രചാരമുള്ള ദിനപ്പത്രങ്ങൾ മലയാള മനോരമ, ദീപിക, മാതൃഭൂമി, ദേശാഭിമാനി, കേരളാകൗമുദി, മംഗളം എന്നിങ്ങനെയാണ് മംഗളം, കേരളശബ്ദം, മലയാള മനോരമ തുടങ്ങിയ വാരികകളും പ്രചാരത്തിൽ ഉണ്ട്.

ദർശന കലാസാംസ്ക്കാരികവേദി കോഴ സർഗ്ഗശ്രീ നാടകഗ്രൂപ്പ് കോഴാ! മാതൃഭൂമി സ്റ്റഡി സർക്കിൾ കോഴ ഇടയാലി ബ്രദേഴ്സ് ക്ലബ് കോഴാ നവജ്യോതി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, സെൻറ് മേരീസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ഇന്ദിരഗിരി, സെൻറ് മേരീസ് ബാൻറ് മേള ട്രൂപ്പ് എന്നിവയാണ് നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കലാസാംസ്ക്കാരിക സംഘടനകൾ. സെൻറ് മേരീസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, ഇന്ദിരഗിരി കേന്ദ്രമാക്കി കോൽക്കളി പരിശീലനകേന്ദ്രവും തിരുവാതിര ട്രൂപ്പും നല്ലൊരു ഗാനമേളാ ട്രൂപ്പും പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര സാമ്പത്തികഭദ്രതയോ സ്വന്തമായ ആസ്ഥാനമോ ഇല്ലാത്തതിനാൽ ഇവയിൽ പലതും നിലവിൽ വളരെയേറെ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ട്. ജനങ്ങളുടെ കൂട്ടായ സഹകരണവും ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള പ്രോത്സാഹനവും മാത്രമാണ് ഇതിനുള്ള പോംവഴി. ആരതി, ചിത്രജ്യോതി എന്നീ ഫിലിം സൊസൈറ്റികൾ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരാധീനത മൂലം അവയുടെ പ്രവർത്തനം നിലച്ചു പോവുകയാണുണ്ടായത്. സജീവമായി പ്രവർത്തിക്കുന്ന വായനശാലകളുടെയും സാംസ്ക്കാരികസ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ കൈയെഴുത്തു മാസികകൾ ആരംഭിക്കാവുന്നതാണ്. തദ്ദേശീയരായ എഴുത്തുകാരുടേയും ചിത്രകാരൻമാരുടേയും സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാൻ അതു വളരെയേറെ സഹായകമായിരിക്കും.

1947-ൽ സെൻറ് മേരീസ് തീയേറ്റർ എന്ന പേരിൽ ഒരു സിനിമാതീയേറ്റർ പ്രവർത്തിച്ചിരുന്നു. എന്നാൽ കാലക്രമേണ ആ സ്ഥാപനം നിലച്ചുപോവുകയുണ്ടായി. അശോകാ തീയേറ്റർ അനശ്വരാ തീയേറ്റർ എന്നീ പേരുകളിൽ ഇപ്പോൾ രണ്ടു സിനിമാ തീയേറ്ററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 25 ശതമാനത്തിൽ

താഴെ വീടുകൾ ടെലിവിഷൻ സെറ്റ് സ്വന്തമായുള്ളവരാണ്. രണ്ടു തീയേറ്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുവെങ്കിലും കലാമൂല്യമുള്ള നല്ല സിനിമകൾ കാണാനുള്ള പ്രേക്ഷകന്റെ താൽപര്യം പലപ്പോഴും സാധിതമാകാറില്ല.

ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, ജേസീസ് ക്ലബ്ബ്, വൈസ്മെൻസ് ക്ലബ്ബ്, കുറവിലങ്ങാട് ക്ലബ്ബ് എന്നീ സംഘടനകൾ സജീവമായിത്തന്നെ സാമൂഹ്യ പുരോഗതിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്. ഇവകൂടാതെ വിവിധ സാമുദായിക സംഘടനകളും സജ്ജീവമായിത്തന്നെ പ്രവർത്തിക്കുന്നു. വിവിധ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിലുള്ള തൊഴിലാളി സംഘടനകളും, കർഷക സംഘടനകളും സാമൂഹ്യരംഗത്ത് പ്രവർത്തിച്ചു വരുന്നു.

നാടൻ പന്തുകളി, കോൽകളി, തിരുവാതിര, ഭരതനാട്യം തുടങ്ങിയ നാടൻ കായിക പരിപാടികൾ കുറവിലങ്ങാട് ഗ്രാമത്തിന്റെ എല്ലാ പ്രദേശത്തും തന്നെ പ്രചാരത്തിൽ ഉണ്ട്. 8-ാം വാർഡിൽ ഭരതനാട്യം വളരെ പരിമിതമായ തോതിൽ പഠിപ്പിക്കുന്നുണ്ട്. കൂടാതെ C.V.N. കളരി കുറവിലങ്ങാട് എന്ന പേരിൽ കുറവിലങ്ങാട്ടു പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇവയ്ക്കൊന്നും തന്നെ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നതിനുള്ള പൊതുസ്ഥലങ്ങളോ ഹാളുകളോ നമുക്ക് ഇല്ല എന്നുള്ളത് ഒരു ദു:ഖസത്യമാണ്. പഞ്ചായത്തുതലത്തിലും ബ്ലോക്ക് ജില്ലാതലങ്ങളിലും മറ്റും കേരളോത്സവം പോലുള്ള മത്സരപരിപാടികൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അവ വേണ്ട രീതിയിൽ ജനകീയമാക്കുവാൻ പലപ്പോഴും കഴിയാറില്ല. പഞ്ചായത്തിലെ കായികരംഗത്ത് വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള പൊതു കളിസ്ഥലങ്ങളും ജനങ്ങൾക്ക് കലാപരിപാടികൾ ആസ്വദിക്കാനും ആശയവിനിമയം നടത്തുവാനും ഉതകുന്ന തരത്തിലുള്ള കമ്മ്യൂണിറ്റി ഹാളുകളും നമുക്കുണ്ടാകണം. ഇതിനുവേണ്ടി സർക്കാരും തദ്ദേസസ്വയംഭരണസ്ഥാപനവും മനുഷ്യവിഭവ ശേഷിയും ഒരുമിച്ച് കൈകോർത്തു പിടിച്ച് മുന്നേറുന്ന പുതിയൊരു വികസന സംസ്ക്കാരം നമുക്കുണ്ടാകണം. ഇതിലേയ്ക്കായി താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതുണ്ട്.

1. ലൈബ്രറി ഇല്ലാത്ത എല്ലാ വാർഡുകളിലും ലൈബ്രറികൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

2. കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം ചെയ്യുക.

3. പഞ്ചായത്തിൽ നിന്നും പൊതുജനസഹകരണത്തോടെ ആണ്ടുതോറും കലാകായികമത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളാകുന്നവർക്ക് സമ്മാനം കൊടുക്കുക.

4. സാംസ്ക്കാരിക വിഷയങ്ങളിൽ താൽപര്യമുള്ളവരെ കണ്ടുപിടിച്ച് നാട്ടിലെ സാംസ്ക്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് അവസരമുണ്ടാക്കുകയും ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക. നാട്ടിൽ മുമ്പുണ്ടായിട്ടുള്ളതും ഇപ്പോൾ നഷ്ടമായിക്കൊണ്ടിരിക്കുന്നതുമായ പ്രാചീന കലകളേ നിലനിർത്തുന്നതിന് ഉതകുന്ന ഒരു സാംസ്ക്കാരിക സംഘടനയ്ക്ക് രൂപം നൽകാവുന്നതാണ്.

6. ഈ പഞ്ചായത്തിൽ യുവജനങ്ങൾ ഗ്രാമീണ കായികവിനോദമായി സ്വീകരിച്ചിരിക്കുന്ന നാടൻ പന്തുകളിക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

സാദ്ധ്യതകൾ

1. ഒന്നാം വാർഡിൽ പള്ളിയമ്പുഭാഗത്തുള്ള യുവജനങ്ങൾ ഒരു ലൈബ്രറി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ വർഷങ്ങൾക്കു

മുമ്പു തന്നെ ആരംഭിച്ചതാണ്. അവർക്ക് പ്രോത്സാഹനം കൊടുത്താൽ ലൈബ്രറി സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുകയില്ല. പള്ളിയമ്പിൽ സാംസ്ക്കാരികനിലയം സ്ഥാപിച്ചു. അതുപോലെതന്നെ ഇന്ദിരഗിരി കോളനിയിലെ സെൻറ് മേരീസ് സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിൻെറ നേതൃത്വത്തിൽ ഉള്ള കോൽക്കളിയും, തിരുവാതിര, ഗാനമേള ട്രൂപ്പ് എന്നിവ വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക. ഒരു റീഡിംഗ് സെൻററും T.V. സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.

2. രണ്ടാം വാർഡിൽ ലൈബ്രറിയോ മറ്റു സാംസ്ക്കാരിക കോന്ദ്രങ്ങളോ ഇല്ലാത്ത സ്ഥലമാണ്. അവിടെ ഈ ആവശ്യത്തിനുവേണ്ടി സ്ഥലം കൊടുക്കുന്നതിന് സന്നദ്ധതയുള്ള ആളുകളുമുണ്ട്. ഈ സാഹചര്യത്തിൽ അവിടെ ലൈബ്രറിയും T.V. അടക്കമുള്ള ഒരു സാംസ്ക്കാരിക നിലയവും കായികവിനോദത്തിനുള്ള ഒരു വേദിയും നിർമ്മിക്കാവുന്നതാണ്.

3. 3-ാം വാർഡിൽ ഇടയാലി ബ്രദേഴ്സ് ക്ലബ്ബിൻെറ സഹകരണത്തോടുകൂടി ഒരു സാംസ്ക്കാരികനിലയം സ്ഥാപിക്കാവുന്നതാണ്.

4. നാലാം വാർഡിൽ ഇപ്പോഴുള്ള ദർശനസാംസ്ക്കാരികനിലയം പ്രവർത്തനക്ഷമമാക്കുകയും കൊല്ലക്കോട്ടു ഭാഗത്തെ ഒരു ലൈബ്രറി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

5. അഞ്ചാം വാർഡിൽ കുടുക്കമറ്റ ഭാഗത്ത് ഒരു ലൈബ്രറി സ്ഥാപിക്കുന്നതിന് സൗകര്യമുണ്ട്. കൂടാതെ കാഞ്ഞിരംകുളം കോളനിയോട് ചേർന്ന് ഒരു സാംസ്ക്കാരിക നിലയവും സ്ഥാപിക്കേണ്ടതാണ്.

6. ആറാം വാർഡിൽ ജയഗിരി ഭാഗത്ത് ആരംഭിച്ചിരിക്കുന്ന ലൈബ്രറിക്ക് കെട്ടിടം പണിത് പൂർണ്ണതയിൽ എത്തിക്കുന്നതിന് സഹായം കൊടുക്കേണ്ടതാണ്. അതുപോലെ തന്നെ 1, 6, 7 വാർഡുകളുടെ സംഗമസ്ഥാനമായ തോട്ടുവായിൽ ഒരു സാംസ്ക്കാരിക നിലയം നിർമ്മിച്ചാൽ 3 വാർഡുകൾക്കും പ്രയോജനപ്പെടുന്നതാണ്.

7. ഏഴാം വാർഡിൽ നസ്രത്തുഹിൽ ഭാഗത്ത് ഒരു ലൈബ്രറിയും റീഡിംഗ് റൂമും T.V. സെൻററും സ്ഥാപിക്കേണ്ടതാണ്.

8. എട്ടാം വാർഡിലെ സാംസ്ക്കാരികനിലയം ആവശ്യമായ ഫർണിച്ചറുകൾ വാങ്ങി കൂടുതൽ സൗകര്യപ്രദമാക്കുകയും ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങി വായനയിൽ താൽപര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

9. 9-ാം വാർഡിൽ ഒരു സാംസ്ക്കാരികനിലയം സ്ഥാപിക്കേണ്ടതാണ്. കൂടാതെ അവിടെ നിലവിലുള്ള ബാൻറ് സെറ്റ്, ചെണ്ടമേളസെറ്റ് എന്നീ കലാരംഗങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം ചെയ്യേണ്ടതാണ്.

ഇപ്രകാരം ചുരുക്കം ചില സ്ഥാപനങ്ങൾ പുതുതായി ഉണ്ടാക്കുകയും ചിലതിനെ അത്യാവശ്യം വേണ്ട ധനസഹായം ചെയ്യുകയും സാംസ്ക്കാരികസംഘടനകൾക്ക് രൂപം കൊടുക്കുകയും ചെയ്താൽ ഈ പഞ്ചായത്തിൽ സാംസ്ക്കാരികരംഗത്തുള്ള പോരായ്മകൾ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

9 വനിതാ ക്ഷേമം



ലോകജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകൾ തങ്ങൾക്കു പുരുഷൻമാരോടൊപ്പം സ്ഥാനം ലഭിക്കേണ്ടതിലേക്കായി പരിശ്രമിച്ചു കൊണ്ടിരിക്കേ സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും ഇതേ ലക്ഷ്യത്തിനുവേണ്ടി പോരാടുന്നു. ഈ പ്രസ്ഥാനങ്ങളുടെ മാറ്റൊലി ദേശീയ തലത്തിലും സംസ്ഥാനതലത്തിലും എന്ന പോലെ കുറവിലങ്ങാടു പഞ്ചായത്തിലും എത്തിയിട്ടുണ്ട്.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് നാട്ടിൽ വിദ്യാഭ്യാസം എന്നത് സാമ്രാജ്യ ശക്തിക്ക് ആവശ്യമായ ഗുമസ്ഥൻമാരെ വാർത്തെടുക്കുക എന്ന പ്രത്യേകത മാത്രമായിരുന്നു. ഈ മേഖലയിൽ സ്ത്രീകൾ വളരെ വിരളമായേ എത്തപ്പെട്ടിരുന്നുള്ളൂ. സ്വാതന്ത്ര്യ ലബ്ധിക്കുശേഷവും ഈ നിലയ്ക്ക് കാര്യമായ മാറ്റം വന്നില്ല. സ്ത്രീകൾ സാക്ഷരരാകുന്നത് തങ്ങളുടെ ആധിപത്യത്തിന് ഹാനികരമാണന്നു കണ്ട പുരുഷൻമാർ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ സുകൃതക്ഷയമായാണു കരുതിയത്. ഈ കാരണങ്ങളാൽ ആദ്യകാല സാമൂഹ്യപ്രവർത്തനങ്ങളിലും പുരോഗമനപ്രസ്ഥാനങ്ങളിലും ജനാധിപത്യസംവിധാനത്തിലും സ്ത്രീകളുടെ പങ്കാളിത്വം നാമമാത്രമായിരുന്നു. സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സംസ്ക്കാരമാണ് ഭാരതത്തിൽ നിലനിന്നിരുന്നത്. എങ്കിലും സമൂഹത്തിൽ സ്ത്രീകൾക്ക് കൽപ്പിക്കപ്പെട്ടിരുന്ന വിലക്കുകളും അവരെ സാമൂഹ്യപ്രവർത്തനങ്ങളിൽനിന്നു മാറ്റി നിർത്തി ബന്ധനം കൂടുതൽ ശക്തമായപ്പോഴാണ് കുറെ സ്ത്രീകൾ എങ്കിലും പുറത്തു വന്നത്. സ്ത്രീ പീഡനങ്ങളും അവഗണനയും നിലനിൽക്കുന്ന ചില ദുരാചാരങ്ങളും നിലവിലുണ്ടായിരുന്നു. വനിതാസംഘടനകളുടെയും സ്ത്രീ വിമോചനപ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി നിയമം മൂലം സതി പോലുള്ള ദുരാചാരങ്ങൾ നിർത്തലാക്കാൻ കഴിഞ്ഞെങ്കിലും സ്ത്രീധനം പോലുള്ള വിവിധ കാരണങ്ങളാൽ സ്ത്രീകൾ ഇന്നും പീഡിപ്പിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നു. ആദ്യകാലത്ത് കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നാണ് സ്ത്രീകൾ അക്ഷരം അഭ്യസിച്ചിരുന്നത്. ഈ സ്ഥലങ്ങളിൽത്തന്നെ എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും പ്രവേശനം ലഭിച്ചിരുന്നില്ല. കൊച്ചുകുട്ടികൾക്കിടയിൽത്തന്നെ വർണ്ണ വിവേചനം പ്രകടമായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ശൈശവവിവാഹം സതി സ്ത്രീധന സമ്പ്രദായ തുടങ്ങിയ ദുരാചാരങ്ങൾ സ്ത്രീകളുടെ നില കൂടുതൽ വഷളാക്കി. പുരാണങ്ങളേയും മാമൂലുകളെയും അടിസ്ഥാനമാക്കിയുള്ള അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഇപ്പോഴും നമ്മുടെ സമൂഹത്തിൽനിന്ന് പിഴുതെ

റിയപ്പെട്ടിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. മാതൃത്വം ഒരളവുവരെ വനിതകളെ പൊതുരംഗങ്ങളിൽനിന്ന് ഒഴിച്ചു നിർത്തുന്ന ഒരു ഘടകമാണ് ഈ പ്രതിസന്ധി ഘട്ടങ്ങളിലും ആദ്യകാല ദേശീയ പ്രസ്ഥാനങ്ങളിലും പുരോഗമന സംഘടനകളിലും പുരുക്കം ചില സ്ത്രീകൾ പ്രവർത്തിച്ചിട്ടുണ്ട് എന്നുള്ളത് ആശ്വാസജനകമാണ്. ഒരു രാജ്യത്തിന്റെ സമഗ്രവികസനത്തിനും, ലോകത്തിന്റെ തന്നെ അഭിവൃദ്ധിക്കും സമാധാനത്തിനും, പുരുഷനോടു തുല്യമായ രീതിയിലുള്ള സ്ത്രീ പങ്കാളിത്തം എല്ലാ രംഗങ്ങളിലും ആവശ്യമാണ്. അവ ഗണിക്കപ്പെടുന്ന സ്ത്രീ നാടിന്റെ വികസനത്തെ ഏറെ ബാധിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. സ്ത്രീ പങ്കാളിത്തം എല്ലാ രംഗങ്ങളിലും ആവശ്യമാണ് എന്ന ഐക്യരാഷ്ട്രസഭയുടെ നിഗമനം പ്രായോഗികമാക്കുന്നതിൽ പല രംഗങ്ങളിലും നാം പരാജയപ്പെടുന്നു. സാമൂഹിക അസമത്വമാണ് ഇതിന് മുഖ്യകാരണം. സ്ത്രീധന സമ്പ്രദായം നിയമം മൂലം തടയപ്പെട്ടിട്ടുണ്ടെങ്കിലും വിവിധ സമൂഹങ്ങളിൽ ഇന്നും പ്രത്യക്ഷമായും, പരോക്ഷമായും നിലനിൽക്കുന്നു. അതു കാരണമായി സ്ത്രീ പീഡിപ്പിക്കപ്പെടുന്നു. ഭവനസംരക്ഷണത്തിന്റെയും കുട്ടികളുടെ സംരക്ഷണത്തിന്റെയും പൂർണ്ണ ചുമതല സ്ത്രീകൾ തന്നെ എറ്റെടുക്കേണ്ടി വരുന്ന സ്ഥിതിയും, പുരുഷൻമാരുടെ ആ രംഗത്തുള്ള മേൽക്കോയ്മയും, മറ്റ് രംഗങ്ങളിൽ കടന്നുവരുവാൻ സ്ത്രീകൾക്ക് സമയമില്ലാതാക്കുന്നു. സാമൂഹികരംഗത്ത് പ്രവർത്തിക്കുവാൻ താൽപര്യമുള്ള സ്ത്രീകൾക്കുപോലും വീട്ടിലും, സമൂഹത്തിലും ഒട്ടേറെ അപവാദപ്രചാരണങ്ങളേയും കുറ്റപ്പെടുത്തലുകളേയും നേരിടേണ്ടി വരുന്നതുകൊണ്ട് സാമൂഹികരംഗങ്ങളിൽ പ്രവർകത്തിക്കുവാൻ സ്ത്രീകൾ പൊതുവേ മടി കാണിക്കുന്നു. ഭൂരിപക്ഷം സ്ത്രീകളും തങ്ങളുടെ കുട്ടികൾ ഭർത്താവ്, വീട് എന്ന പഴയ സങ്കൽപ്പത്തിൽ ഒതുങ്ങി നിൽക്കുന്നു.

കുറവിലങ്ങാടു ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 50.21% സ്ത്രീകളാണ്. ഇവരിൽ 95% വനിതകളും സാമാന്യ വിദ്യാഭ്യാസം ഉള്ളവരാണ് ഇവിടുത്തെ വനിതകളിൽ ഭൂരിപക്ഷം പേരും ഉദ്യോഗസ്ഥരും കാർഷികമേഖലയിൽ പണി എടുക്കുന്നവരും കൂലിപ്പണിക്കാരുമാണ്. ഉദ്യോഗസ്തരായ സ്ത്രീകളിൽ കൂടുതലും അദ്ധ്യാപകവൃത്തിയിൽ പെടുന്നവരും ബാങ്കിംഗ് ജോലി ചെയ്യുന്നവരുമാണ്. മറ്റുള്ളവരിൽ ഭൂരിപക്ഷവും കൃഷിപ്പണിയുമായി ബന്ധപ്പെട്ടു കഴിയുന്നവരുമാണ്. കൂലിപ്പണി എടുക്കുന്ന വനിതകൾ കെട്ടിടം പണി റോഡു പണി തടിപ്പണി എന്നീ മേഖലകളിലും തയ്യൽ ജോലിയിലും ഏർപ്പെട്ടിരിക്കുന്നവരുമാണ്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയായ 17355 ൽ 8600 പുരുഷൻമാരും 8755 സ്ത്രീകളും ഉൾപ്പെടുന്നു. ഈ പഞ്ചായത്തിൽ സ്ത്രീകൾ പുരഷൻമാരേക്കാൾ താരതമ്യേന കൂടുതലാണ്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടികയാണ് താഴെ ചേർക്കുന്നത്. സർക്കാർ, അർദ്ധസർക്കാർ, സഹകരണമേഖല എന്നീ മേഖകലകൾ ഇതിൽ ഉൾപ്പെടുന്നു.

ആകെ എണ്ണം	2339
സ്ത്രീകൾ	858
പുരുഷൻമാർ	1451

തൊഴിൽ മേഖലയിൽ സ്ത്രീകൾ പുരുഷൻമാരോടൊപ്പം തുല്യപങ്കാളിത്തം കിട്ടുന്നില്ല എന്ന് പട്ടിക സൂചിപ്പിക്കുന്നു. എന്നാൽ അദ്ധ്യാപകവൃത്തിയിൽ സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കൂടുതൽ പങ്കാളിത്തം നൽകുന്നുവെന്നത് ആശാവഹമാണ്. നമ്മുടെ പഞ്ചായത്തിൽ വനിതകൾ മേലധികാരികളായിട്ടുള്ള പട്ടിക സ്ഥാപനങ്ങളുടെ പട്ടിക മറുപുറം ചേർക്കുന്നു.

	സ്ഥാപനങ്ങൾ	തസ്തിക
1.	സെൻറ് മേരീസ് G.H.S.	H.M.
2.	സെൻറ് മേരീസ് L.P.G.S.	H.M.
3.	വില്ലേജ് ആഫീസ്	ഓഫീസർ
4.	കൃഷിഭവൻ	ഓഫീസർ
5.	ആയുർവ്വേദ ആശുപത്രി	ഡോക്ടർ
6.	അസി.ഡയറക്ടർ ആഫീസർ	ആഫീസർ

വകുപ്പു മേധാവികൾക്കു പുറമേ കുറവിലങ്ങാട് സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂളിലും സംൻറ് മേരീസ് ലോവർ പ്രൈമറി ഗേൾസ് സ്കൂളിലും ബാങ്കിംഗ് സ്ഥാപനങ്ങൾ മറ്റു സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും കൂടുതലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. വനിതകൾ നടത്തുന്ന ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ബ്യൂട്ടി പാർലറുകളും ഏതാനും തയ്യൽ പരിശീലന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ പെൺകുട്ടികൾക്കു മാത്രമായി ഒരു ഹൈസ്ക്കൂളും ഒരു പ്രൈമറിസ്ക്കൂളും തയ്യൽ ക്കടകളും 8 ലബോറട്ടറി ടെക്നീഷ്യൻ പരിശീലനകേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

6 വനിതാസംഘടനകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇന്ദിരാ മഹിളാസമാജം ഇന്ദിരഗിരി, നവ ചൈതന്യ മഹിളാസമാജം, തോട്ടുവാ, ജ്യോതിർമയി മഹിളാസമാജം, കോവാ ദർശന മഹിളാസമാജം, S.N. വനിതാസംഘം കാളികാവ്. പ്രതിഭ മഹിളാസമാജം എന്നിവയും പ്രവർത്തിക്കുന്നു. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കുന്നതിനം രണ്ട് D.W.C.R.A. യൂണിറ്റുകൾ നിലവിലുണ്ട്. കുറവിലങ്ങാട് വിമൻസ് ഡവലപ്മെൻറ് സൊസൈറ്റിയുടെ കീഴിൽ തോട്ടുവായിൽ പ്രവർത്തിക്കുന്ന നവോദയ നോട്ടുബുക്ക് പ്രൊഡക്ഷൻസ് സെൻററും, ഭാവനാ റെഡിമെയ്ഡ് ഗാർമെൻറ്സ് കോഴായിലും ഒരു മിൽമാ ഡയറി കുര്യത്തും പ്രവർത്തിക്കുന്നു.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

പ്രത്യക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ ഒരു പ്രധാന പ്രശ്നമാണ്. ചെയ്യുന്ന തൊഴിലുകളിൽത്തന്നെ വേതനനിരക്ക് പുരുഷൻമാരുടേതിനേക്കാൾ താഴെയാണെന്ന് ഈ പട്ടിക വ്യക്തമാക്കുന്നു.

.	തൊഴിൽ മേഖല	സ്ത്രീ	പുരുഷൻ
1.	കെട്ടിടനിർമ്മാണം	75-80	100-150
2.	കാർഷിക മേഖല	60-80	80-100
3.	തടിലോഡിംഗ്	100-110	150-200
4.	ഹാൻഡിക്രാഫ്റ്റ്	30-40	50-70
5.	തയ്യൽ	25-35	60-80

1. കൂലിപ്പണി എടുക്കുന്ന സ്ത്രീകളാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉള്ളത്. അവരുടെ ജീവിതനിലവാരം വളരെ താഴെയാണ്.
2. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ സ്വയം പ്രവർത്തന സജ്ജരായി മുന്നോട്ട് വരുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ കൂടുതലായി ആകർഷിക്കപ്പെടുന്നില്ല.
4. സ്ത്രീകളിൽ വളരെ കുറച്ചുപേർ മാത്രമാണ് അനൗപചാരിക വിദ്യാഭ്യാസം ആർജ്ജിക്കുന്നത്.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്കു വേണ്ടത്ര പരിജ്ഞാനമില്ല. വനിതകളെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നില്ല.

6. സാമ്പത്തിക ഞരുക്കം സ്വയം തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള തടസ്സമായി നിലകൊള്ളുന്നു.

7. സർക്കാർ ധനസഹായ പദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടക്കാത്തതിനാൽ പല പദ്ധതികളും സ്ത്രീകൾ അറിയുന്നതേ ഇല്ല.

8. ഉയർന്ന വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം കുറവായതിനാൽ സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സുലഭമായുണ്ട്.

സാദ്ധ്യതകൾ

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കണമെങ്കിൽ അവർ സാമ്പത്തിക കാര്യങ്ങളിൽ പുരുഷനെ ആശ്രയിക്കാതെ ജീവിക്കാനുള്ള സ്വയം പര്യാപ്തത കൈവരിക്കണം. സ്വന്തമായി വരുമാനമുള്ള വനിതകളെ സമൂഹവും കുടുംബവും കൂടുതൽ മാനിക്കുന്നുണ്ട്. ഈ സ്ഥിതിവിശേഷം കൈവരിക്കാൻ സ്ത്രീകൾക്കായി ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്. പച്ചക്കറിത്തോട്ടം, കരകൗശല നിർമ്മാണ യൂണിറ്റ്, സോപ്പുനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ ഒറ്റയ്ക്കായോ കൂട്ടായോ നടപ്പിൽ വരുത്താവുന്നതാണ്.

ഇതിലേക്കായി പഞ്ചായത്തിൽനിന്നും സഹായസഹകരണങ്ങൾ ലഭ്യമാക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തിലെ മുഴുവൻ ബാലവാടികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം ബാലവാടികളിൽ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും ടീച്ചർമാർക്ക് അർഹമായ വേതനം ലഭ്യമാക്കുകയും ചേയ്യേണ്ടത് ആവശ്യമാണ്.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ഉൽപാദനപരമായ തൊഴിൽസംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ തുടങ്ങുവാൻ മുൻകൈ എടുക്കുക.

2. വിപണനസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും, അതിനുവേണ്ട പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

3. ചുരുങ്ങിയത് 10 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാകത്തക്കവണ്ണം ഓരോ വാർഡിലും എല്ലാ വർഷവും ഒരു വ്യവസായ യൂണിറ്റ് വീതം തുടങ്ങുക.

4. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

5. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക. ലോൺ കൊടുക്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന വിമുഖതകൾ മാറ്റാൻ ശ്രമിക്കുക.

6. വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ എല്ലാവർക്കും ലഭ്യമാക്കുക.

7. സ്കൂളുകളിലെ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുക.

8. സ്ത്രീകൾക്കിടയിൽ വായനാശീലം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണ് നടത്തുക.

9. ടി.വി. യിൽ പ്രക്ഷേപണം ചെയ്യുന്ന

നിലവാരം കുറഞ്ഞ പരിപാടികൾക്കെതിരേ പ്രതികരിക്കേണ്ടതാവശ്യമാണ്.

10. സ്ത്രീപീഡനങ്ങൾ നടക്കില്ലെന്ന് ഉറപ്പുവരുത്തുക

11. മദ്യപാനം തടയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഗ്രാമസഭകളിൽനിന്നും ഉയർന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് അനധികൃത മദ്യവ്യാപാരമെങ്കിലും ശക്തമായി തടയുക.

13. സ്ത്രീകൾക്കുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കൗൺസിലിംഗ് സെന്റർ ആരംഭിക്കണം.

14. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുട്ടികൾക്ക് വേണ്ട കായികകലാവിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുക.


15. തുല്യജോലികൾക്ക് തുല്യവേതനം ഉറപ്പുവരുത്തുക.

16. എല്ലാ വാർഡുകളിലും വനിതാസമാജങ്ങൾ രൂപീകരിക്കുക.

17. കുറവിലങ്ങാട് ഗവ: ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു പ്രസവവാർഡ് ഉണ്ടാക്കുക.



10 സഹകരണ രംഗം



സാമൂഹ്യ വികസന രംഗത്തും, തൊഴിൽ മേഖലയിലും ഒരു പോലെ അനന്തസാദ്ധ്യതകളുള്ള ഒരു രംഗമാണ് സഹകരണ മേഖല. കേരളത്തെ സംബന്ധിച്ചടത്തോളം മറ്റിതര സംസ്ഥാനങ്ങളെക്കാൾ ഈ രംഗത്ത് വളരെയേറെ പുരോഗതി കൈവരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളുടെ രംഗം മുതൽ വൻകിട ഉൽപാദന രംഗം വരെയുള്ള വിവിധ മേഖലകളിൽ ഇന്ന് സഹകരണ പ്രസ്ഥാനം വളരെ ആരോഗ്യകരമായ രീതിയിൽ തന്നെ പ്രവർത്തിക്കുന്നു. കേരള സംസ്ഥാനത്ത് സഹകരണ രംഗത്തെ പ്രവർത്തനം വളരെ ശാസ്ത്രീയമായിത്തന്നെയാണ് സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിങ്ങനെ തരംതിരിച്ച് സംസ്ഥാന ഭരണ രംഗവുമായി ബന്ധപ്പെടുത്തി ജനകീയ പ്രാതിനിധ്യ സ്വഭാവത്തോടു കൂടിത്തന്നെ പ്രവർത്തിച്ചു വരുകയാണ്.

കുറവിലങ്ങാട് പഞ്ചായത്തിന് അഭിമാനിക്കാവുന്ന തരത്തിലുള്ള ഒരു സഹകരണ സംഘ രൂപീകരണ ചരിത്രം തന്നെയുണ്ട്. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ച 1942-47 കാലത്ത് മറ്റിതര ഗ്രാമങ്ങളെപ്പോലെ തന്നെ കുറവിലങ്ങാടു പഞ്ചായത്തും പരിസരവും വമ്പിച്ച രീതിയിലുള്ള ഭക്ഷ്യക്ഷാമവും, മറ്റു നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വളരെ രൂക്ഷമായിത്തന്നെ അനുഭവിച്ചിരുന്നു. ഇതിനൊരു പരിഹാരം എന്ന നിലയ്ക്കാണ് 'കുറവിലങ്ങാട് പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണസ്ഥാപനം രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചത്. 1101 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ രൂപീകരണവും പ്രവർത്തനവും കുറവിലങ്ങാട് പഞ്ചായത്തിൽ അധിവസിച്ചിരുന്ന സമസ്ത മേഖലയിലുള്ള ജനവിഭാഗങ്ങൾക്ക് വളരെയേറെ സഹായകരമായിരുന്നു. കാർഷിക വായ്പകൾ വിതരണം ചെയ്യുക, വളം കീടനാസിനി മുതലായവ മിതമായ വിലയ്ക്കു വിതരണം ചെയ്യുക, ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, ജൗളിത്തരങ്ങൾ തുടങ്ങിയുള്ള നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കു വിൽപന നടത്തുക എന്നിവയായിരുന്നു ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തന ലക്ഷ്യങ്ങൾ. ശ്രീ V.U. ഉതുപ്പ് വെള്ളായിപ്പറമ്പിൽ, ജോസഫ് തെക്കേടത്ത്. ചാണ്ടി ചെറിയാൻ, ആശാരിപറമ്പിൽ തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തകർ. 'കുറവിലങ്ങാടു പരസ്പര സഹായ സഹകരണ സംഘത്തിന്റെ' നവീകരിക്കപ്പെട്ട രൂപമാണ് ഇന്നു നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 'കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്'

കുറവിലങ്ങാടിന്റെ സാമ്പത്തിക

സിരാകേന്ദ്രമായി മാറിയിരിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിൽ ഇപ്പോൾ 10587 അംഗങ്ങൾ ഉണ്ട്. സാമ്പത്തികനില ചുവടെ ചേർക്കുന്നു.

ഓഹരിമൂലധനം	33 ലക്ഷം
നിക്ഷേപങ്ങൾ	675 ലക്ഷം
നിൽപു വായ്പകൾ	402 ലക്ഷം
പ്രവർത്തന മൂലധനം	776 ലക്ഷം

ക്ഷീര സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ കുറവിലങ്ങാട്, തോട്ടുവാ, കുര്യം എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ക്ഷീരോൽപാദക സഹകരണസംഘങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു. ഈ സംഘങ്ങൾ വഴി ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. കൂടാതെ ക്ഷീര കർഷകർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ഈ സംഘങ്ങൾ വഴി ചെയ്തുകൊടുക്കുന്നു. ഈ പഞ്ചായത്തിലെ വളരെയധികം കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ഈ സംഘങ്ങളുടെ പ്രവർത്തനം സഹായകമായിട്ടുണ്ട്.

ഗൈക്കോ ലിമിറ്റഡ്

എസ്. ഇൻഡ് (കെ) 191-ാം നമ്പർ ഗാന്ധിഗ്രാം അഗ്രോ ബെസ്ഡ് ഇൻഡസ്ട്രിയൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു വ്യവസായ സഹകരണസംഘമാണ്. ഈ സംഘത്തിൽ ഇപ്പോൾ 651 അംഗങ്ങളും 80.61 ലക്ഷം രൂപ ഓഹരി മൂലധനവുമുണ്ട്. ഈ സംഘത്തിന്റെ കീഴിൽ 65 R.P.S. കളും 100 കളക്ഷൻ സെന്ററുകളും ഉണ്ട്. വിറ്റുവരവ് 15 കോടി രൂപ ആണ്. കർഷകരിൽ നിന്നും റബ്ബർ പാൽ സംഭരിച്ച് സംസ്ക്കരിച്ച് MTDRC സെനക്സ് ഉതപാദിപ്പിച്ച് വിറ്റഴിക്കുകയാണ് സംഘത്തിന്റെ പ്രവർത്തനം.

ജില്ലാ കോ - ഓപ്പറേറ്റീവ് ബാങ്ക് (ബ്രാഞ്ച്)

ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ കുറവിലങ്ങാട് പള്ളിക്കവലയിൽ പ്രവർത്തിച്ചു വരുന്നു. കാർഷിക, വ്യവസായിക, ഗാർഹിക ലോണുകൾ പൊതുജനങ്ങൾക്ക് നൽകി വരുന്നു.

അർബൻ ബാങ്ക് (ബ്രാഞ്ച്)

പാലാ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ കുറവിലങ്ങാടു പള്ളി വക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. വ്യവസായം, ഹൗസിംഗ്, ലോണുകൾ നൽകി വരുന്നു.

ദേവമാതാ കോളേജ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

ദേവമാതാ കോളേജ് അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ ക്ഷേമത്തിനായി ഇത് പ്രവർത്തിക്കുന്നു. നിക്ഷേപങ്ങൾ സ്വീകരിക്കുകയും അംഗങ്ങൾക്ക് വിവിധയിനം വായ്പകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ദേവമാതാ കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സെൻറ് മേരീസ് ബോയ്സ് ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സെൻറ്മേരീസ് ഗേൾസ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഡി പോൾ ഇംഗ്ലീഷ് മിഡിയം ഹൈസ്ക്കൂൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തുടങ്ങിയ സ്ഥാപനങ്ങൾ, കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നു.

കുറവിലങ്ങാട് കോ-ഓപ്പറേറ്റീവ് കോളേജ് : പാരലൽ വിദ്യാഭ്യാസരംഗത്ത് വളരെ സജീവമായി പ്രവർത്തിക്കുന്ന ഒരു സഹകരണ

വിദ്യാഭ്യാസ സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് കോളേജ്.

ഖാദി - വില്ലേജ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി :

ഖാദി ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് ഖാദി & വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. ഈ സൊസൈറ്റിയിൽ ഖാദി വസ്ത്രോൽപാദനവും തീപ്പെട്ടിനിർമ്മാണവും നടത്തി വരുന്നു. കുറവിലങ്ങാട് വലിയ വീട്ടിൽ കവലയിൽ പ്രവർത്തിച്ചുവരുന്ന ഖാദി ഷോറൂമിൽക്കൂടി വിവിധയിനം ഖാദി ഉൽപന്നങ്ങൾ വിറ്റഴിച്ചുവരുന്നു.

ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ

1. പഴം പച്ചക്കറി ഇവയുടെ ഉൽപാദനത്തിനും വിപണനത്തിനുമായി സഹകരണ സംഘം ഉണ്ടാക്കുക.
2. സഹകരണമേഖലയിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സൈസൈറ്റി സ്ഥാപിക്കുക.
2. കോഴിവളർത്തൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കോഴി വളളർത്തൽ മുട്ട വിപണനം ഇവ പ്രോത്സാഹിപ്പിക്കുക, വനിതകൾക്കായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ പായകൾ, ഫുഡ്സ് ഇവയുടെ നിർമ്മാണവും വിപണനവും നടത്തുക.
5. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
6. സഹകരണ സംഘങ്ങളിലെ വായ്പാ സമ്പ്രദായം ലളിതമാക്കുക.

   കുറവിലങ്ങാട് സഹകരണ സംഘത്തിന്റെ കീഴിൽ ഒരു ന്യായവില ഹോട്ടൽ ആരംഭിക്കുക.
7. സഹകരണസംഘങ്ങളിൽ മെമ്പറൻമാരുടെ ഓഹരിക്ക് പലിശ ഏർപ്പെടുത്തുക.



11 പട്ടികജാതി പട്ടികവർഗ്ഗം



ഇന്ത്യൻ ഭരണഘടനയുടെ 3410ം ഖണ്ഡിക അനുസരിച്ച് നിർദേശിക്കപ്പെട്ടിട്ടുള്ള പട്ടികയിൽപെടുന്ന സമുദായങ്ങളെ പട്ടിക ജാതിക്കാരെന്നും ,3420ം ഖണ്ഡിക പ്രകാരമുള്ള വരെ പട്ടിക വർഗ്ഗമെന്നും പറയുന്നു. ഈ പട്ടിക യിൽ പെടുത്തിയിട്ടുള്ള സമുദായങ്ങളുടെ സാമൂ ഹികവും,സാമ്പത്തികവും,വിദ്യാഭ്യാസപരവുമായ പുരോഗതിക്കുതകുന്ന ഏതു പദ്ധതിയും പരിപാടിയും നടപ്പിലാക്കാൻ ഭരണഘടന സംസ്ഥാന സർക്കാരുകൾക്ക് അതിർത്തി യില്ലാത്ത അംഗീകാരം നല്കിയിട്ടുണ്ട്.

ഭാരതത്തിൽ കേരളത്തിലാണ് 195 7-മുത ൽസമഗ്രമായ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. നാളിതു വരെ മണ്ണിന് അടിമകളായിരുന്നവർ 3 സെൻ റിൻെറയും 5 സെൻറിൻെറയും ആണെങ്കിൽ പോലും മണ്ണിനുടമകളായി തീർന്നു. മനുഷ്യ പുരുരോഗതിയുടെ അടിസ്ഥാന ഘടകം വിദ്യാഭ്യാ സമാണല്ലോ. തലമുറകളായി വിദ്യാഭ്യാസം നിക്ഷേധിക്കപ്പെട്ട ഒരു ജനവിഭാഗമാണ് പട്ടികജാതി പട്ടിക വർഗ്ഗം.

കുറവിലങ്ങാട് പഞ്ചായത്തിൽ 1991-ലെ സെൻസസ് അനുസരിച് ജനസംഖ്യയുടെ 2 .9% പട്ടികജാതി വരഗ്ഗത്തിൽ പെടുന്നവരാണ്. പഞ്ചാ യത്തിൽ 474 പട്ടിക ജാതികാരും,82 പട്ടികവർഗ്ഗ കാരുഉൾപ്പടെ 556 പേർ 167 കുടുംബങ്ങളിലായി കഴിയുന്നു. 10% വർജ്ധവന് ഇപ്പോൾ ഉണ്ടാ യിട്ടുണ്ട്. വീടും കക്കൂസും ഇല്ലാത്തവർ 31 കുടുംബവും കക്കൂസ് ഇല്ലാത്തവർ 31 കുടുംബ വുമുണ്ട്. 9 കുടുംബങ്ങൾ പുറം പോക്കു ഭൂമി യിൽ കഴിയുന്നു.

ഇന്ദിരഗിരി ലക്ഷം വീടു കോളനി, പി.ടി. ചാക്കോനഗർ ലക്ഷം വീടു കോളനി, കാഞ്ഞിരം കുളം കോളനി, ഗോവിന്ദപുരം കോളനി, നമ്പുശ്ശേരി കോളനി, എന്നിവയാണ് പ്രധാനപെട്ട കോളനികൾ.

അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വീട്. കക്കൂസ്, കുടിവെള്ളം, കറണ്ട്, എന്നിവ ഇന്നും പല കോളനിയിലും എത്തി നോക്കി യിട്ടില്ല. ഇത് പല ആരോഗ്യ പ്രശ്നങ്ങൾക്കും ഇടവരുത്തുന്നുണ്ട്.

SC/ST വീട്, കക്കൂസ്, ഇല്ലാത്തവരുടെ ലിസ്റ്റ്.

വാർഡ്	ആകെ പട്ടികജാതി വർഗ്ഗ വീടുകൾ	വീടും കക്കൂസും ഇല്ലാത്തവർ	കക്കൂസ് ഇല്ലാത്തവർ
1	30	5	4
2	20	2	2
3	1		1
4	6		
5	15	4	3
6	14	6	6
7	15	1	5
8	15	5	5
9	30	8	7
ആകെ	146	31	33

തൊഴിലില്ലായ്മ

പൊതുവിൽ തൊഴിലില്ലായ്മ ഒരു സാമൂഹിക പ്രസ്നമാണ്.

എന്നാൽ ഈ വിഷയത്തിൽ കൂടുതൽ പ്രയാസം അനുഭവിക്കുന്നത് പട്ടികജാതി പട്ടിക വർഗ്ഗക്കാരായ തൊഴിൽ രഹിതരാണ്. ഭൂരിപക്ഷം പേരും കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്നു. വ്യാവസായിക മേഖലയിൽ ആരും തന്നെയില്ല. ജന്മസിദ്ധമായ അദ്ധ്വാനശേഷിയെ എങ്ങനെ പരിപോഷിപ്പിക്കണം എന്ന് അവർ തന്നെ ചിന്തിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. ഇന്ദിരഗിരി, കർമ്മലഗിരി, കാഞ്ഞിക്കുളം, ഗോവിന്ദപുരം, നമ്പുശേരി എന്നീ കോളനികളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടു വരുന്നു.
2. ഒറ്റപ്പെട്ടു കഴിയുന്ന കുടുംബങ്ങൾ അധികവും ഉയർന്ന സ്ഥലങ്ങളിലാണ്. അതുകൊണ്ട് ജല സേചന പദ്ധതികൾ വിജയിപ്പിക്കാൻ കഴിയാതെ വരുന്നു.
3. ഉൾപ്രദേശങ്ങളിലൂടെ കടന്നു പോകുന്ന റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തതിനാൽ കുടിവെള്ളം ലോറിയിൽ എത്തിക്കാൻ പോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
4. വളരെ കുറച്ചു വീടുകൾ മാത്രമേ സുരക്ഷി

തമായിട്ടുള്ളൂ. ഭൂരിപക്ഷം വീടുകളും കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലും, നാമമാത്രമായി കൂരയിൽ കഴിയുന്നവരുമാണ്.

5. കക്കൂസ്, കറണ്ട് ഇവ വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമാണ് ഇപ്പോൾ ഉള്ളത്.

6. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്നു ഭൂരിഭാഗം പേരും S.S.L.C. പ്രീ-ഡിഗ്രി വെച്ച് പരാജിതരായി തുടർന്ന് പഠനം മുടങ്ങിപോകുന്നതായി കാണാം. സാങ്കേതിക മേഖലയിൽ ആരും തന്നെയില്ല.

7. പുറംപോക്കു ഭൂമികളിൽ കഴിയുന്നവർക്ക് പട്ടയവും, റേഷൻകാർഡും ഇല്ലാത്തതുകൊണ്ട് എല്ലാവിധ ക്ഷേമപ്രവർത്തനവും ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

8. പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന തുക അപര്യാപ്തമായതിനാൽ ക്ഷേമപ്രവർത്തനങ്ങൾ ഇടയ്ക്കുവച്ചു നിന്നു പോകുന്നു. അല്ലെങ്കിൽ കാലതാമസം നേരിടുന്നു.

9. ലക്ഷ്യബോധം ഉൾക്കൊള്ളാതെയാണ് പല പദ്ധതികളും ഇപ്പോഴും നടപ്പിലായിവരുന്നത്. ആയതുകൊണ്ട് പ്രതീക്ഷിച്ച രൂതിയിൽ ഗുണം കിട്ടുന്നില്ല.

10. പദ്ധതി വിഹിതം ദുർവിനിയോഗം ചെയ്യുന്ന പ്രവണത ഈ രംഗത്തും കൂടുതലാണ്.

11. അനർഹരായവർ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന പ്രവണത വിരളമല്ല

12. ചിന്നിചിതറിയുള്ള ജീവിതവും പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും പദ്ധതിയുടെ നടത്തിപ്പിന് തടസം നിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. കൂടുതൽ ജനസാന്ദ്രതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ കുളം - കിണർ സ്ഥാപിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് ജലസേചന/കുടിവെള്ളപ്രശ്നം പരിഹരിക്കാം.

2. ഭൂമിയുടെ അളവിന് പരിധി നിശ്ചയിക്കാതെ കിണർ പദ്ധതി നടപ്പിലാക്കാനുള്ള നിയമ നടപടി സ്വീകരിക്കുക. ഇത് ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് പ്രയോജനപ്രദമാണ്.

3. പട്ടികജാതി സങ്കേതങ്ങൾക്ക് മുൻഗണന നൽകി റോഡുപണി ത്വരിതപ്പെടുത്തുക.

4. ദുരപരിധി ഒഴിവാക്കി വൈദ്യുതി കണക്ഷൻ നൽകുക.

5. കൂട്ടുകുടംബങ്ങളെ മാറ്റിപ്പാർപ്പിക്കാനും, പുറമ്പോക്കു നിവാസികളെ പുനരധിവസിപ്പിക്കാനും പദ്ധതി ഉണ്ടാക്കുക.

6. വീട്, കക്കൂസ് എന്നിവയ്ക്ക് ഇപ്പോൾ ലഭ്യമാക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക. ഒപ്പം പുതുക്കുപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിത വായ്പകൾ ലളിത വ്യവസ്ഥയിൽ നൽകുക.

7. ഹെൽത്ത് സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി മാസത്തിൽ ഒരിക്കൽ ഡോക്ടർ കോളനികൾ സന്ദർശിച്ച് ആതുര സേവനം ഉറപ്പു വരുത്തുക.

8. സാങ്കേതികവൈദഗ്ദ്ധം ആവശ്യമുള്ള തൊഴിൽ മേഖല കണ്ടെത്തുന്നതിനും ട്രൈസം പരിശീലനം. വ്യവസായ പരിശീലനം എന്നിവ പട്ടികജാതി വർഗ്ഗത്തിനു മാത്രമായി പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.

9. സ്ത്രീകൾക്കായി ക്ഷീരവികസനമേഖല, പുഷ്പകൃഷി, ഔഷധസസ്യകൃഷി എന്നിവ

സംഘടിതമായി ഉൽപാദിപ്പിക്കുക. അതിനുള്ള മാർക്കറ്റിംഗ് കണ്ടുപിടിക്കാൻ പറ്റുന്ന സംവിധാനം ഉണ്ടാക്കുക. അതിനു സർക്കാരിന്റെയോ ധനകാര്യസ്ഥാപനങ്ങളുടെയോ സഹായം ലഭ്യമാക്കുക.

10. മേൽ കാര്യങ്ങൾക്കായി ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

11. കോളനികളിൽ കമ്മ്യൂണിറ്റി ഹാൾ വായനശാല T.V. സെന്റർ എന്നിവ നിർമ്മിക്കുക.

12. വിദ്യ അഭ്യസിക്കാൻ ചെറുപ്രായത്തിൽതന്നെ ആഭിമുഖ്യം വളർത്താൻ സഹായകരമായ തരത്തിൽ എല്ലാ പട്ടികജാതി വർഗ്ഗ സങ്കേതങ്ങളിലും ആധുനികസൗകര്യങ്ങളോടുകൂടിയ നേഴ്സറികളും ബാലവാടികളും ഏർപ്പെടുത്തുക.

13. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളായ സ്കോളർഷിപ്പ്, സ്റ്റൈഫൻഡ് എന്നിവ വർദ്ധിപ്പിക്കുക. പരമാവധി വിദ്യാർത്ഥികളെ ഹൈസ്കൂൾ തലം മുതൽത്തന്നെ ഹോസ്റ്റലുകളിലേക്ക് ആകർഷിക്കണം. അതിന് ഹരിജൻ കുട്ടികൾക്കായി ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് ഒരു ഹോസ്റ്റൽ പണിയുക.

14. എല്ലാ സ്കൂളുകളിലും പട്ടികജാതി/വർഗ്ഗക്കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തി പഠനനിലവാരം മെച്ചപ്പെടുത്തി എടുക്കാൻ കർശനനിയമനടപടികൾ ഉണ്ടാകണം.

15. പട്ടികജാതി/വർഗ്ഗവിഭാഗത്തിന്റെ തനതു കലകളെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ഉള്ള നടപടി സ്വീകരിക്കുക.

16. പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗുണഭോക്താക്കളേയും സാമൂഹ്യപ്രവർത്തകരേയും പങ്കെടുപ്പിച്ച് ബോധവൽക്കരണ സെമിനാർ നടത്തുക.

17. പട്ടികജാതി/വർഗ്ഗ പദ്ധതിയെക്കുറിച്ച് വിശദമായ ആസൂത്രണവും പ്ലാനിംഗും നടത്തുവാനുള്ള ഗവേണിംഗ് ബോഡികൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.



12 വിഭവ സമ്പത്ത്



ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ സ്റ്റേറ്റ് ലവലിൽ ചെലവാകുന്ന പണത്തിന്റെ ഏകദേശം 35-40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് നേരിട്ട് നല്കുമെന്നാണ് ധാരണ ആയിട്ടുള്ളത്. കുറവിലങ്ങാട് പഞ്ചായത്തിന്റെ വാർഷിക വരുമാനം പഞ്ചായത്തിന്റെ എക്സാറ്റാബ്ളിഷ്മെൻറ് ചെലവുകൾക്കും ശുചീകരണം, ഗ്രാമീണറോഡുകൾ, കുടിവെള്ളം മുതലായ പദ്ധതിയെതര ചെലവുകൾക്കും പോലും തികയാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. അപ്പോൾ പദ്ധതി ചെലവുകൾക്ക് വേണ്ടി വരുന്ന പണം മുഴുവൻ ഗവൺമെന്റിൽനിന്നും നേരിട്ട് ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. തികയാതെ വരുന്ന തുക പഞ്ചായത്തിൽനിന്നും തദ്ദേശിയമായി സമാഹരിക്കേണ്ടിയിരിക്കുന്നു.

കർഷകരും കർഷക തൊഴിലാളികളും അധികമായിട്ടുള്ള പ്രദേശമാണ് കുറവിലങ്ങാട് പഞ്ചായത്ത്. ആളോരി വരുമാനത്തിൽ പുരോഗതി ഉണ്ടായെങ്കിലും ജീവിത നിലവാരം ഉയർത്തുവാൻ ഭൂരിപക്ഷത്തിനും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ വരുമാനം വർഷം തോറും ചിലവുകൾക്ക് മതിയാകാത്തതാണ്. പഞ്ചായത്തിന്റെ തന്നെ വരുമാനം ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നാമമാത്രമായി മാത്രമേ നടപാക്കാൻ സാധിക്കുകയുള്ളു.

നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കുകയും ചിലവ് നിയന്ത്രിക്കുകയും ചെയ്താൽ പോലും വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കുകയില്ല.

പഞ്ചായത്തിന്റെ വരുമാനത്തിന്റെയും ചിലവിന്റെയും ഒരു ഏകദേശ രൂപം താഴെ ചേർക്കുന്നു.

പട്ടിക I

വരവിനങ്ങൾ

വർഷം	കെട്ടിട നികുതി	വസ്തുകൈമാറ്റ നികുതി	തൊഴിൽ	ലൈസൻസ്	കെട്ടിടവാടക	മാർക്കറ്റ്
1991-92	2018924	113222	197487	7307	41600	12800
92-93	210873	108824	192445	5729	101535	13000
93-94	312679	98453	275664	6099	199394	13667
94-95	304459	102209	266671	6539	134351	23333
95-96	306429	29033	283145	8296	206349	17168

പട്ടിക II

ഗ്രാൻറുകൾ

വർഷം	എസ്റ്റാബ്ളിഷ് മെൻറ്ഗ്രാൻറ്	അടിസ്ഥാന നികുതി ഗ്രാൻറ്	അൺടൈസ് ഗ്രാൻറ്	വില്ലേജ്റോഡ് മെയിൻറനൻസ്	മൈനർഇറിഗേഷൻ ഗ്രാൻറ്
1991-92	Nil	36687	128290	17929	5000
92-93	"	36789	131100	19234	5000
93-94	"	36339	125300	18836	5000
94-95	"	43547	190100	18426	5000
95-96	:	44836	170840	19224	5000

പട്ടിക III

ചെലവിനങ്ങൾ

വർഷം	എസ്റാബ്ളിഷ്മെൻറ് മറ്റിനങ്ങൾ	മരാമത്ത്	കറൻറുചാർജ് സ്ട്രീറ്റ് ലൈറ്റ് ഉൾപ്പെടെ
1991-92	176526.00	108462.50	51276.00
92-93	188387.00	216573.00	69264.00
93-94	238894.00	218705.00	66780.00
94-95	274108.00	121663.00	66780.00
95-96	290389.00	277407.00	68339.00

ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയാണ്. മൃഗസംരക്ഷണം കോഴി വളർത്തൽ തുടങ്ങിയ ഉപതൊഴിലുകളിലും മിക്കവാറും എല്ലാവരും തന്നെ ഏർപ്പെട്ടിരിക്കുന്നു. ഇവയ്ക്കാവശ്യമായ ഫൈനാൻസ് ഇപ്പോൾ ഏർപ്പെടുത്തുന്നത് ഈ പഞ്ചായത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന സർവീസ് സഹകരണ ബാങ്ക്, ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കുറവിലങ്ങാട് ശാഖ, മറ്റു കൊമേർഷ്യൽ ബാങ്കുകളായ സ്റ്റേറ്റു ബാങ്ക് ഓഫ് ട്രാവൻകൂർ,സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയും കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസും മറ്റു സഹകാര്യബാങ്കുകളുമാണ്. കൂടാതെ കൃഷിഭവൻവഴി കൃഷി ഡിപ്പാർട്ടുമെൻറും കാര്യമായ സഹായം കൃഷികാർക്ക് നല്കുന്നുണ്ട്.

ഈ ബാങ്കുകളുടെ നിക്ഷേപ വായ്പ തീർത്തും അപര്യപ്തമാണ്.

ഈ പഞ്ചായത്തിൽ ഏകദേശം 250 പേർ ഗൾഫു നാടുകളിലും 125 പേർ അമേരിക്കയിലും, മറ്റു യൂറോപ്യൻ രാജ്യങ്ങളിലും ജോലിചെയ്യുന്നുണ്ട്. ഇവർ വഴിയായി ലഭിക്കുന്ന വിദേശപണം ഈ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ഒരളവുവരെ പ്രയോജനപ്പെടുത്തുവാൻ സാധിക്കും. കൂടാതെ, ഈ പഞ്ചായത്തിന്റെ മുഖ്യവിഭവം അസംസ്കൃതറബ്ബർ ആണ്. ഇതിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ ഒരംശവും വികസന പ്രവർത്തങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രാദേശിക വിഭവസമാഹരണം

ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഗവൺമെൻറ് അനുവദിച്ചു തരുന്ന തുകയുടെ ഏകദേശം 10% താഴെപറയുന്ന രീതിയിൽ പ്രാദേശികമായി സമാഹരിക്കാവുന്നതാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടി വ്യാപകമായ ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു.

1. പഞ്ചായത്തുതലത്തിൽ ഒരു വികസന പ്രവർത്തന ഫണ്ട് സ്വരൂപിക്കുകയും അതിലേക്ക് ജനങ്ങളിൽ നിന്നും പണമായും ഉല്പന്നങ്ങളായും സംഭാവന സ്വീകരിക്കുകയും ചെയ്യുക. പ്രതീക്ഷിക്കുന്ന തുക പ്രതിവർഷം	2ലക്ഷം രൂപ.
2. ഗതാഗതം,ജലസേചനം, പൊതുജനാരോഗ്യം, വിദ്യാഭ്യസം മുതലായ കാര്യങ്ങൾക്കായി ശ്രമദാനം വഴി സമാഹരിക്കാവുന്ന അദ്ധ്വാനത്തിന്റെ മൂല്യം പ്രതിവർഷം	2-50 ലക്ഷം രൂപ.
3. കോളേജുകളിലെ N.S.S, N.C.Cമുതലായ വകുപ്പുകളുടെ ക്യമ്പുകൾ നടത്തി അവ വഴിയായി സമാഹരിക്കാവുന്ന അദ്ധ്വാനത്തിന്റെ മൂല്യം പ്രതിവർഷം	2-50 ലക്ഷം രൂപ.
4. റോട്ടറി ക്ളബ്, വൈസ്മെൻസ് ക്ളെബ്, മുതലായ സന്നദ്ധ സംഘടനകളിൽനിന്നും കെട്ടിടം, ഫർണീച്ചർ, മറ്റുപകരണങ്ങൾ എന്നിവക്ക് സംഭാവന സമാഹരിക്കാവുന്നതാണ്.	1.00 ലക്ഷം രൂപ
5. എം.പി. മാരുടെ വികസന ഫണ്ടിൽ നിന്നും പ്രതിവർഷം പ്രതീക്ഷിക്കുന്ന തുക.	5.00 ലക്ഷം രൂപ
മൊത്തം തുക - പ്രതിവർഷം	13.00 ലക്ഷം രൂപ


ഗവൺമെൻറിന് ഒരു വർഷം ഈ പഞ്ചായത്തിൽ ഒരു കോടി രൂപാ പദ്ധതി ചെലവുകൾക്കായി അനുവദിക്കുന്നു. എന്നു സങ്കൽപ്പിച്ചാൽ അതിൻെറ പതതുശതമാനമായ പത്തുലക്ഷം രൂപാ പ്രാദേശികമായി സമാരിക്കാവുന്നതാണ്. ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാവുന്ന സഹായത്തിന് പുറമേയാണിത്.

ഉപസംഹാരം

ഇന്ത്യ സ്വാതന്ത്രം പ്രാപിച്ചിട്ട് ഇപ്പോൾ അര നൂറ്റാണ്ടായിരിക്കുന്നു. പഞ്ചവത്സര പദ്ധതികൾ രൂപം പ്രാപിച്ചിട്ട് 45 വർഷങ്ങളും ആയി. ഇതിനോടകം ഏഴു പഞ്ചവത്സര പദ്ധതികൾ പൂർത്തിയായി. എട്ടാം പദ്ധതി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു.

ഇത്രയും കാലം പദ്ധതികൾ നടപ്പിലാക്കിയിരുന്നത് തലസ്ഥാന നഗരികളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സാമ്പത്തിക വിദഗ്ദരും ഉയർന്ന ഗവ: ഉദ്യോഗസ്ഥന്മാർക്കായിരുന്നു. പദ്ധതി നടത്തിപ്പിൻെറ മുഴുവൻ ചുമതലയും ഗവ : ഉദ്യോഗത്ഥൻമാരായിരുന്നു. അതിൻേറ തായ പോരായ്മകൾ പദ്ധതി ആവിഷ്ക്കരണത്തിലും നടത്തിപ്പിലും പ്രകടമാകുകയും ചെയ്തിരുന്നു. എന്നാൽ 1997 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന ഒൻപതാം പദ്ധതിയുടെ രൂപീകരണവും നടത്തിപ്പും പ്രധാനമായും ത്രിതല പഞ്ചായത്തുകൾക്ക് നല്കുന്ന ഒരു സംവിധാനമാണ് ഗവ: ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ചുരുക്കത്തിൽ ഓരോ പഞ്ചായത്തിലേയും സാമാന്യ ജനങ്ങളും അവരുടെ തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഇതുവരെയും ഇവർക്ക് അന്യമായിരുന്ന ഒരു പുതിയ സരണിയിൽകൂടി സഞ്ചരിക്കേണ്ടി യിരിക്കുന്നു. അതിന് ആദ്യമായി വേണ്ടത് സാമാന്യ ജനങ്ങളുടെ ഇടയിൽ ഒരു പുതിയ വികസനം, സംസ്ക്കാരം രൂപപ്പെടുത്തുക എന്നുള്ളതാണ്. പൗരാണികതകൊണ്ടും ദേശീയ പ്രസ്ഥാനങ്ങളിലെ സജീവമായ പങ്കാളിത്തംകൊണ്ടും പ്രസിദ്ധമായ കുറവിങ്ങാട്ടെ പ്രബുദ്ധരായ പൗരാവലി അവസരത്തിനൊത്തുയരുക തന്നെ ചെയ്യും.

കുറവിലങ്ങാട് വില്ലേജ് ഭൂപടം



1. G.U.P.S. കുളത്തൂർ
2. D. Paul.E.M. Schoor നസ്രത്തുഹിൽ
3. നസ്രത്തു ഹിൽ പള്ളി
4. P.W.D. ആഫീസ് ബിൽഡിത്തഗ്, കുറവിലങ്ങാട്
5. ജില്ലാ സഹകരണ ബാങ്ക് ”
6. K.S.R.T.C സ്റ്റേഷൻ മാസ്റ്റർ ആഫീസ് ”
7. P.W.D ആഫീസ് റോഡ് ”
8. സിൻഡിക്കേറ്റ് ബാങ്ക് ”
9. പഞ്ചായത്ത്, റീസർവ്വെ, റബർ ബോർഡ് ”
10. ഗവ: ആശുപത്രി ”
11. ഗവ: ആയുർവേദ ആശുപത്രി ”
12. വേങ്ങത്താനം പള്ളി ”
13. K.S.E.B ആഫീസ് ”
14. മൃഗാശുപത്രി കോഴി
15. പോസ്റ്റാഫീസ് ”
16. N.E.S. ബ്ലോക്ക് കോഴി (ഉഴവൂർ)
17. D.A.F. കോഴി
18. സ്റ്റേറ്റ് സീഡ് ഫാം ”
19. കൃഷി വികസന ആഫീസ് ”
20. വില്ലേജ് ആഫീസ് ”
21. മുല്ലപ്പള്ളി കാവ് അമ്പലം ”
22. സ്റ്റേറ്റ് ബാങ്ക് കോഴി
23. സബ് രജിസ്ട്രാർ ആഫീസ് കുറവിലങ്ങാട്
24. എക്സൈസ് റേഞ്ച് ആഫീസ് ”
25. A.E.O ആഫീസ് ”
26. K.S.F.E ” ”
27. St. Mary's BHS ”
28. ദേവമാതാ കോളേജ് ”
29. പോസ്റ്റാഫീസ് ”
30. സെൻറ് മേരീസ് G.H.S. ”
31. സെൻറ് മേരീസ് G.L.P.S
32. സെൻറ് മേരീസ് ചർച്ച്
33. സെൻറ് മേരീസ് B.L.P.S
34. സർവീസ് സഹകരണ ബാങ്ക്
35. ഫെഡറൽ ബാങ്ക്
36. പോലീസ് സ്റ്റേഷൻ
37. കാളിക്കാവ് ഭഗവതി ക്ഷേത്രം
38. പോസ്റ്റ് ആഫീസ് പകലോമറ്റം
39. എസ്.എൻ.ഡി.പി. ക്ഷേത്രത്ത കാളികാവ്
40. എസ്.എൻ.ഐ.റ്റി.സി കാളികാവ്
41. നരസിംഹ സ്വാമി ക്ഷേത്രം കോഴ





അധികാരം ജനങ്ങളിലേക്ക്

ടൈപ്പ് സെറ്റിംഗ് & പേജ് ലേ ഔട്ട് : കമ്പ്യൂട്ടർ ചേമ്പർ, കോട്ടയം PH: 561493

പ്രിൻറിംഗ് : ലേണേഴ്സ് ഓഫ് സെറ്റ് പ്രിൻറേഴ്സ്, കോട്ടയം PH: 567438